ബൈസൈക്കിൾ തീഫ്

കരുണാകരൻ

ബൈസൈക്കിൾ തീഫ്

കരുണാകരൻ

Bicycle Thief (ബൈസൈക്കിൾ തീഫ്)
(Malayalam: Novel)
Karunakaran

Sayahna digital edition published in 2021.

Copyright © 2021, Karunakaran.

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *The Dancer in a Café* (1912), an oil on canvas painting by Jean Metzinger (1883–1956). The images has been taken from Wikimedia Foundation and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കഥ, ആമുഖം, എന്റെ കൂട്ടിച്ചേർക്കൽ

'രക്തമുഖനെന്ന കുരങ്ങന്റെയും കരാളമുഖനെന്ന മുതലയുടെയും സൌഹൃദത്തിന്റെ കഥ ഓർമ്മവരും ഈ കഥ പറയുമ്പോൾ. ചതിയിൽ നിന്നും മരണത്തിൽ നിന്നും മനഃസാന്നിധ്യം കൊണ്ടുമാത്രം രക്ഷപ്പെട്ടതാണ് ആ കുരങ്ങൻ. എന്നാൽ, വീണ്ടും അത്തി മരത്തിൽ ഉയരത്തിൽ കയറിയിരുന്ന രക്തമുഖൻ പേടി തീർന്നപ്പോൾ, മരത്തിൽ എവിടെയും സൂക്ഷിച്ചിട്ടില്ലായിരുന്നെങ്കിലും, തന്റെ ശരീരത്തിൽത്തന്നെ ഉണ്ടായിരുന്നിട്ടും, സ്വന്തം ഹൃദയം തേടി കൊമ്പുകൾതോറും ചാടിയിട്ടുണ്ടാകും. ഒരു മരത്തിൽ നിന്ന് വേറൊരു മരത്തിലേക്ക്. ഒരു നദിക്കരയിൽ നിന്ന് വേറൊരു നദിക്കരയിലേക്ക്. സ്വന്തം ഹൃദയത്തെക്കുറിച്ച് അവൻ പറഞ്ഞ നുണ, നുണ തന്നെയോ എന്നു കണ്ടുപിടിക്കാൻ. എനിക്കു തീർച്ചയാണ്. കരാളമുഖൻ, മുതല, അവന്റെ ഭാര്യയോട് എന്തും പറയട്ടെ; കുരങ്ങൻ ഹൃദയമില്ലെന്നോ, തന്നെ പറ്റിച്ചെന്നോ, പുഴയിൽ വീണു ചത്തുപോയെന്നോ. അവൾ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യട്ടെ. എനിക്ക് തീർച്ചയാണ്, പുഴയിൽ ഉടൽ നനഞ്ഞുള്ള യാത്ര സൌഹൃദത്തെപ്പറ്റി ഒരു കഥ ആ മുതലയോടും പറഞ്ഞിരുന്നു...'

ഷീലയ്ക്ക് ചിരി വന്നു.

അവൾ കളിത്തോക്കെടുത്തു. എന്റെ നെഞ്ചിനും വയറിനുമിടയിൽ അമർത്തി, 'ഠോ' എന്ന് പൊട്ടിച്ചു...

ഒന്ന്

ഒരു നാട്ടുമ്പുറം. അവിടെ ഒരു മന്ത്രവാദി ഉണ്ടായിരുന്നു. അയാളുടെ ഭാര്യയും. അദ്ഭുതങ്ങൾകൊണ്ടും വശീകരണശേഷികൊണ്ടും പ്രസിദ്ധനായിരുന്ന മന്ത്രവാദി നിഗൂഢങ്ങളായ ആഗ്രഹങ്ങൾ ഉള്ളവനുമായിരുന്നു. ആ കാലത്ത്, മറ്റു പല നാട്ടിലുമെന്നപോലെ ആ നാട്ടിലും ആദ്യത്തെ സിനിമാടാക്കീസ് വന്നു. പുഴയുടെ കരയിൽ. വളരെയധികം മരങ്ങളും മരങ്ങളിൽ വളരെയധികം പക്ഷികളും ഉണ്ടായിരുന്ന സ്ഥലത്തായിരുന്നു ടാക്കീസ്. ഓലകൊണ്ടും വൈക്കോൽ കൊണ്ടും മേഞ്ഞ പുര, വൈകുന്നേരമാകുന്നതോടെ, മരങ്ങളിലെ പക്ഷികൾ നിശ്ശബ്ദമാകുന്നതോടെ അക്കാലത്തെ പ്രചാരമുള്ള തമിഴ്-മലയാളം സിനിമാ ഗാനങ്ങൾ കേൾപ്പിക്കാൻ തുടങ്ങും. ടാക്കീസിന്റെ പുറത്തു നിന്നാൽ അപ്പോൾ കളിക്കുന്ന സിനിമയുടെ മുഴുവൻ കഥയും, അന്നത്തെ അഭിനേതാക്കളുടെ ശബ്ദത്തിൽ, അവരോടൊപ്പമുള്ള സംഗീതത്തോടെ കേൾക്കാൻ തുടങ്ങും. വൈകുന്നേരമാകുന്നതോടെതന്നെ സിനിമ കാണാൻ ഇഷ്ടമില്ലാത്തവർപോലും ടാക്കീസിനു പുറത്ത് ടാക്കീസ് പറയുന്നത് കേൾക്കാൻ വന്നു നില്ക്കും. വളരെ പെട്ടെന്നുതന്നെ തന്നേക്കാൾ വശീകരണശക്തിയുള്ള 'ഒരാളാ'യി സിനിമാ ടാക്കീസ് മാറിയത് അറിഞ്ഞ് മന്ത്രവാദി ഒരു ദിവസം ആരുമറിയാതെ, ഭാര്യയോടുപോലും പറയാതെ, ഇരുട്ടിൽ ഇരുന്ന് സിനിമ കണ്ടു. പിന്നൊരു ദിവസം അയാൾ ഭാര്യയുമായി മന്ത്രവാദിയായിത്തന്നെ വന്ന് അതേ സിനിമ കണ്ടു. തിരശ്ശീലയിലെ പ്രധാന നായികയിൽ, ആ നിമിഷം മുതൽ, അയാൾക്ക് ഭ്രമമായി. അടുത്തിരുന്ന് സിനിമ കാണുന്ന ഭാര്യയോട്, 'നിനക്ക് ആ പെണ്ണിനെപ്പോലെ എന്തേ ഭംഗിയില്ല' എന്ന് സ്വകാര്യമായി ചോദിച്ചു.

'നിങ്ങൾ മന്ത്രം ജപിച്ച് എന്നെയും അതുപോലെ സുന്ദരിയാക്കിൻ' എന്ന് ഭാര്യ സ്വകാര്യമായിത്തന്നെ മറുപടി പറഞ്ഞു. തീർച്ചയായും അത് അയാൾക്ക് ചെയ്യാൻ പറ്റുമെന്നു തന്നെ അവൾക്ക് ഉറപ്പുണ്ടായിരുന്നു. എന്നാൽ, ആ രാത്രിയിൽത്തന്നെ അയാളുടെ മനസ്സിൽ വേറൊരു ആശയം മുളച്ചു; അഭിനേത്രിയെ സിനിമയിൽ നിന്നു തന്നെ തട്ടിക്കൊണ്ടു വരുക. പിറ്റേന്നു തന്നെ മന്ത്രവാദി അതു ചെയ്യുകയും ഉണ്ടായി. സിനിമയിൽ, ഒരു സമയം, ഒറ്റയ്ക്ക് നടന്നു പോയിരുന്ന നായികയെ, ആ പകൽ നേരത്തും ഇരുട്ടുണ്ടാക്കി അയാൾ കാണാതാക്കി. എന്നിട്ട് അവൾക്കു ചുറ്റും ആരുമറിയാതെ ഒരു കാറ്റ് വിതച്ചു. ആരുമറിയാതെതന്നെ അവളുടെ കൈപിടിച്ച് സിനിമയിൽ നിന്നും പുറത്തു കടന്നു. കൊട്ടകയുടെ വാതില്ക്കൽ നിന്ന് തിരശ്ശീലയിലേക്ക് ഒരു തവണകൂടി നോക്കിയ അവളോട് അവളുടെ കണ്ണുകൾ പൊത്തി, മന്ത്രവാദി പറഞ്ഞു; 'രണ്ടും മന്ത്രവാദം തന്നെ. സിനിമയും ഞാനും. ഇന്നു മുതൽ നീ സിനിമയോടൊപ്പമല്ല, എന്നോടൊപ്പം...'

സിനിമാ ടാക്കീസിനു പുറത്ത് മരങ്ങളിൽ പാർത്തിരുന്ന പക്ഷികൾ മാത്രം ആ രാത്രിയിലും ഈ ഒളിച്ചോട്ടം കണ്ടുപിടിച്ചു. അവ കൂട്ടത്തോടെ ഒച്ചവെച്ചു. 'ഇയാ

ളെ വിശ്വസിക്കരുതേ' എന്നു പറഞ്ഞുനോക്കി. മന്ത്രവാദി അവയുടെ ശബ്ദം ഒരൊറ്റ നോട്ടംകൊണ്ട് മായ്ച്ചുകളഞ്ഞു. ആ പ്രദേശം തന്നെ നിശ്ശബ്ദമായി. എന്നാൽ, ഒരു ദിവസം, മന്ത്രവാദിയോടൊപ്പമുള്ള തന്റെ പതിമൂന്നാമത്തെ ദിവസം, അഭിനേത്രി അവിടെ നിന്നും രക്ഷപ്പെട്ടു. അതിനിടയിൽ കഠിനങ്ങളായ പല പരീക്ഷണങ്ങളും മനോവേദനകളും ഉണ്ടായിരുന്നെങ്കിലും സിനിമാ ടാക്കീസിൽത്തന്നെ തിരിച്ചെത്തിയതിൽ അഭിനേത്രി അതിയായി സന്തോഷിച്ചു. വെള്ളിത്തിരയിൽ കണ്ട ആദ്യത്തെ വലിയ മരത്തിനു പിറകെ അവൾ വന്നു നിന്നതും, സിനിമയിലും ടാക്കീസിനു പുറത്തെ മരക്കൊമ്പിലും കിളികൾ ചിലച്ചു. മധുരമായി തുടങ്ങിയ സംഗീതത്തോടൊപ്പം അഭിനേത്രി തന്നെ കാത്തിരുന്നവരെ, ഓരോരുത്തരെയും, മാറി മാറി നോക്കി...

ഒരു സിനിമാനടിയെ സിനിമയിൽ കളിച്ചുകൊണ്ടിരുന്നപ്പോൾ ടാക്കീസിലെ ആരുമറിയാതെ തട്ടിക്കൊണ്ടു വന്ന് തന്റെ വീട്ടിൽ, ആരുമറിയാതെതന്നെ, പാർപ്പിച്ച മന്ത്രവാദിയുടെ കഥ ജോൺ പറയുമ്പോൾ എനിക്കും അവന്റെ പ്രായമാണ്. ഇപ്പോൾ അറുപത്തിയൊമ്പത്. വൃദ്ധനായിരിക്കുന്നു. കണ്ണുകൾ നിഴലുകളിൽ നില്ക്കുന്നു. അന്ന് ജോണിനും എനിക്കും ഒരേ വയസ്സ്, മുപ്പത്തിയൊന്നോ മുപ്പത്തിരണ്ടോ.

'അച്ഛാ, ഇന്ന് എനിക്ക് ആ കഥ കേൾക്കണം', ഷീല പറഞ്ഞു. 'ഇന്നുതന്നെ, ഇപ്പോൾ.'

ഇന്നുതന്നെ പറയണം, ഇപ്പോൾത്തന്നെ പറയണമെന്നു പറഞ്ഞ ദിവസം എന്തുകൊണ്ടും പ്രധാനപ്പെട്ടതുതന്നെ. അവൾക്ക് വിശേഷിച്ചും. ഷീലയ്ക്ക് ഇപ്പോൾ മുപ്പത്തിയൊന്നോ മുപ്പത്തിരണ്ടോ വയസ്സുകാണും. ശരിക്കും അവളുടെ പേർ ഉമ എന്നാണ്. ഉമ ശ്രീപാർവതിയുടെ പേരാണ്. പക്ഷേ, ഞങ്ങൾ, ജോണാണ് ഈ പേരു വിളിക്കാൻ തുടങ്ങിയത്. ഞാനും തങ്കവും പിന്നീട് ജോൺ ഇട്ട പേരുതന്നെ അവളെ വിളിക്കാൻ തുടങ്ങി: ഷീല. ആ പേരിൽ പ്രശസ്തയായ ഒരു സിനിമാനടിയും ഉണ്ടായിരുന്നു. സ്കൂളിൽ ചേർത്ത ദിവസം, അന്നാണ് ഷീല അവളുടെ സ്വന്തം പേർ ആദ്യമായി കേട്ടത് എന്നു പറഞ്ഞു: ഉമ, ഇ. പി. അവൾ ആശ്ചര്യത്തോടെ എന്നെയും തങ്കത്തിനെയും മാറി മാറി നോക്കി.

'ആ കഥ, ആരാ അതൊക്കെ ഓർക്കുന്നേ,' ഞാൻ പറഞ്ഞു; 'നീ കല്യാണം കഴിക്കാൻ പോകുന്ന ആൾ ഒരു മന്ത്രവാദി ആവരുതെന്നേ ഞാൻ പറഞ്ഞുള്ളൂ.'

ജോൺ പറഞ്ഞത്, 'എല്ലാ മന്ത്രവാദികളും ദൈവത്തിന്റെ നിഴലായതു കൊണ്ട്, നിഴൽ എപ്പോഴും അതിന്റെ ഉടമയോടൊപ്പമായതുകൊണ്ട് മനുഷ്യരെ പറ്റിക്കുന്നു, നമ്മൾ അറിയില്ല' എന്നാണ്. അവനോടൊപ്പം ഉള്ളപ്പോഴും ജോൺ ഞങ്ങൾക്ക് അധികവും ഒരു കേട്ടുകേൾവിയായതുകൊണ്ട് എന്റെ തോന്നലുകൾപോലും അവന്റെ അഭിപ്രായങ്ങളാകുന്നു.

ഞാൻ മകളോട് പറഞ്ഞു; 'ഇനി അഥവാ ആ കഥ ഇപ്പോൾ ഓർത്തു പറയുകയാണെങ്കിൽ അവന്റെ കഥതന്നെ ആവണമെന്നുമില്ല.

മകൾ പറഞ്ഞു; 'സാരമില്ല.'

അവൾ എന്നെ ഇരിപ്പുമുറിയിലേക്ക് കൊണ്ടുവന്നു. കൈപിടിച്ച് പതുക്കെ. ഇപ്പോഴും 'ഇതാ അച്ഛനെ വീഴ്ത്താൻ പോകുന്നേ എന്ന് ഒരു ഭാഗത്തേക്ക് എന്നെ ചരിച്ചു. ഞാൻ അവളെ നോക്കി ഇപ്പോഴും ചിരിച്ചു.

'അച്ഛൻ വീണാൽ, ഞാൻ അറിയാത്ത മട്ടിൽ വീടുപൂട്ടി പുറത്തേക്കു പോയാൽ, പിന്നെ വരാതിരുന്നാൽ എന്തു ചെയ്യും?''

ഞാൻ അങ്ങനെ ഉണ്ടാവില്ല എന്ന് അന്നും പറഞ്ഞു. അഥവാ, അങ്ങനെ ഉണ്ടായാൽ എന്തു ചെയ്യുമെന്ന് ഓർത്തു.

'എന്റെ മകൾ അത് ചെയ്യില്ല.'

'എന്തുകൊണ്ട്?

'ചെയ്യില്ല, അതുതന്നെ.'

പതിവിനു വിപരീതമായി അവൾ ബാൽക്കണിയിലേക്കുള്ള വാതിൽ തുറന്ന് എന്നെ അവിടെ ഒരു കസേരയിൽ ഇരുത്തി. ഏഴാമത്തെ നിലയിൽ നിന്ന് മങ്ങിയ കാഴ്ചയോടെ ഞാൻ പുറത്തെ കാഴ്ചകൾ ശ്രദ്ധിച്ചു. ഭൂമിക്കടിയിൽ നിന്നും വരുന്ന ശബ്ദങ്ങൾ ശ്രദ്ധിച്ചു. 'ഭൂമിയിലെ നേർ നമ്മൾ ആകാശത്തു ജീവിക്കുന്നു' എന്നാണ്. 'ഇത്രയും ഉയരത്തിൽ എന്തിനാ മോളേ നീ താമസിക്കുന്നത്'' എന്ന് ചോദിച്ചപ്പോൾ, ഒരിക്കൽ ഷീല പറഞ്ഞത്, 'ഫ്ളാറ്റുകൾ അങ്ങനെയാണ്, അച്ഛാ.'

മുംബൈയിലെ 'അണുശക്തി നഗറി'ലെ 'സരയു' എന്നു പേരുള്ള ഒരു കെട്ടിടമായിരുന്നു അത്. ഇന്ത്യയുടെ അണുശക്തിക്കുവേണ്ടി പ്രവർത്തിക്കുന്ന ആളുകൾ, അവരുടെ കുടുംബങ്ങൾ താമസിക്കുന്ന ഇടം, മുംബൈയിലെ തിരക്കില്ലാത്തതാണ്. ശാന്തരായി പ്രഭാതസവാരിക്ക് ഇറങ്ങുന്ന ആളുകളെ ഞാൻ ആദ്യം മുംബൈയിൽ കാണുന്നത് ഇവിടെ വെച്ചാണ്. അതുകൊണ്ട് കഴിഞ്ഞ ചില ദിവസങ്ങളിലൊക്കെ

യും രാവിലെ സമയമുണ്ടാക്കി അങ്ങനെ ചിലരെയെങ്കിലും കാണാൻ ഞാൻ ഈ ബാൽക്കണിയിൽ വന്നു നില്ക്കും. ഇപ്പോഴും നോക്കി.

ഞങ്ങൾക്കു രണ്ടുപേർക്കുമുള്ള ചായ ഒരു ടീപോയിൽവെച്ച് ഷീല കഥ കേൾക്കാൻ ഇരുന്നു. കഥ പറയുന്നു എന്ന ഉറപ്പിൽ ഞാനും. അല്ലെങ്കിൽ ഇതെല്ലാം നേരത്തേ നിശ്ചയിച്ചതായതുകൊണ്ട് ഇപ്പോൾ ഞങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രങ്ങളും ഞങ്ങളിരിക്കുന്ന രീതിയുംവരെ എനിക്കു മുൻപേ പരിചയമുള്ളതുപോലെയുമായിരുന്നു. അതിനാൽ, ആദ്യത്തെ മുപ്പത് മിനിറ്റുകൊണ്ടു തന്നെ ഞാൻ ആ കഥ പറഞ്ഞു. പണ്ട് ജോൺ പറഞ്ഞതുപോലെത്തന്നെ. പൊടിപ്പും തൊങ്ങലുംവെച്ച്. പൊടിപ്പും തൊങ്ങലും വേണ്ടെന്നുവെച്ച്.

കഥ പറഞ്ഞു കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും അന്നത്തെ, ഓർമ്മയിലേക്കു തന്നെ മടങ്ങിവന്നു.

'ഇനി ഷീല പറയു, ഈ പുരോഹിതനെ നീ വിശ്വസിക്കുന്നുണ്ടോ?' ഞാൻ ചോദിച്ചു.

'തീർച്ചയായും,' ഷീല പറഞ്ഞു.

ഷീല ഉറപ്പായും കണ്ടുപിടിച്ചിട്ടുണ്ട്, ഞാൻ പറഞ്ഞ കഥയിൽ ഇപ്പോൾ ഒരു പ്രധാന മാറ്റം വരുത്തിയിരിക്കുന്നു. ജോൺ പറഞ്ഞ കഥയിൽ നായകൻ ഒരു മന്ത്രവാദിയാണ്. ഒരു മന്ത്രവാദി എന്നാൽ ജോണിന്റെ കഥയിൽ ദൈവത്തിന്റെ നിഴലിൽ

കഴിയുന്ന ആൾ മാത്രമല്ല, ജീവിതത്തിൽനിന്ന് ഏതു സമയവും മരണത്തിലേക്ക് ഓടിവന്ന് കാര്യങ്ങൾ കണ്ട് തിരിച്ച് ജീവിതത്തിലേക്കുതന്നെ ഓടിവരാനുള്ള സൂത്രം അറിയുന്ന ആൾകൂടിയാണ്. മരണം കലയുടെ ദൈവമായതുകൊണ്ട് കലയ്ക്കു ചില പ്പോൾ ചെകുത്താന്റെ ചുവയുമുണ്ട്' എന്ന് ഇപ്പോൾ എനിക്ക് തോന്നിയതാണെങ്കി ലും ജോൺ അന്നു പറഞ്ഞിരിക്കണം. ജോൺ പറഞ്ഞു: 'ഞാനും ചെകുത്താനാ ണ്.' ഞാനും. അതുകൊണ്ട് ഞാൻ ഇപ്പോൾ നായകനെ, 'പുരോഹിതൻ' എന്ന് മാറ്റിപ്പറഞ്ഞു.

ഷീലയ്ക്ക് അറിയാം, ഞാൻ പറയുന്നത് മറ്റേ ജോണിനെപ്പറ്റിത്തന്നെ. അവളുടെ സുഹൃത്തിനെപ്പറ്റി. അവളോടൊപ്പം അയാൾ ഇവിടെ വന്നിട്ടുണ്ട്. അങ്ങനെ വന്ന ഒരു ദിവസം അയാൾ, ഷീലയുടെ സുഹൃത്ത്, ജോൺ, എന്നോടു പറഞ്ഞു; 'ഞാൻ ഷീലയെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നു.' ഷീല പറഞ്ഞു; 'അച്ഛൻ അദ്ഭുതപ്പെ ടേണ്ട, ഒരു പുരോഹിതൻ അതും ഒരു കത്തോലിക്കൻ എങ്ങനെ വിവാഹിതനാകും എന്ന്.' അയാൾ, ഷീലയുടെ സുഹൃത്ത്, ജോൺ പറഞ്ഞു; 'ഷീലയുടെ അച്ഛാ ഞാൻ സെമിനാരിയിലെ പഠനവും പട്ടവും ഒക്കെ മറ്റന്നാൾ മുതൽ ഉപേക്ഷിക്കുകയാണ്.'

ഞാൻ അയാളോട്, ഷീലയുടെ സുഹൃത്തിനോട്, അതിനേക്കാൾ എന്നോടും, ചോദിച്ചു:

'എന്നിട്ടോ?' 'നാലാംനാൾ കല്യാണം?'

ഇതു കേട്ടതും ഷീല പറഞ്ഞു. അഥവാ അവളുടെ നാവിൽ ഗ്ലിഗൻ നൃത്തം വെ ച്ചു. മരിച്ചവരുടെ മീതെനിന്ന് മരിച്ചവർ നടത്തുന്ന നൃത്തംപോലെ. കടലിനു മീതെ നടന്നു കാണിക്കാമെന്നു പറഞ്ഞ ആൾ പിന്നെ കടലിൽ കാണാതായതു പോലെ. അവൾ പറയേണ്ടതു മറന്നു. അവൾ പറഞ്ഞത് ഇതും: 'എന്നിട്ട് ഏഴാം നാൾ ഞാൻ ഒരു പന്നിയെ പ്രസവിക്കും.'

അവിടെ തെറ്റി. അവളുടെ സുഹൃത്ത്, ജോൺ, സെമിനാരിയിൽ അച്ചൻ പട്ട ത്തിന് പഠിക്കുന്ന മംഗലാപുരത്തുകാരനായ സുന്ദരനായ ചെറുപ്പക്കാരൻ, ഷീലയെ ക്കാൾ ആറു വയസ്സിനു മൂപ്പുകുറഞ്ഞവൻ, ആദ്യം സോഫയിൽ കൈകാലുകൾ തളർ ന്നതുപോലെ ഇരുന്നു. പിന്നെ അവന്റെ സുഹൃത്ത് ഷീലയെയും അവളുടെ അച്ഛൻ എന്നെയും നോക്കാതെ വാതിൽ തുറന്ന് ലിഫ്റ്റിനരികിലേക്ക് നടന്നു. ഏഴാംനില യിൽ ലിഫ്റ്റ് എത്തുന്നതിനു മുൻപ് ഷീല അയാളെ തിരികെ വിളിച്ചുകൊണ്ടുവരുമെ ന്നുതന്നെ ഞാൻ വിചാരിച്ചു. അവൾ ചെയ്തില്ല. ഞാൻ ലിഫ്റ്റിനരികിലേക്ക് ഓടിച്ചെ ന്ന് ജോണിനെ തടഞ്ഞ്, ജോൺ പോകല്ലേ' എന്നു പറഞ്ഞു, അവൾ വെറുതേ പറ ഞ്ഞതാണ് എന്നു പറഞ്ഞു, 'അവൾ കഥകൾ കേട്ടുവളർന്നതുകൊണ്ടാണ്' എന്നു പറഞ്ഞു.

ജോൺ വിസമ്മതിച്ചു. ഞാൻ അയാളോടൊപ്പം ലിഫ്റ്റിൽ കയറി. 'ഞാൻ നി ങ്ങളുടെ വിവാഹം നടത്തിത്തരും' എന്നു പറഞ്ഞു. ജോൺ വിസമ്മതിച്ചു. ലിഫ്റ്റ് ഗ്രൗണ്ട് ഫ്ളോറിൽ എത്തി. ഞാൻ ജോണിന്റെ കഴുത്തിൽ പിടിച്ചു, 'ഇല്ലെങ്കിൽ നിന്നെ കൊന്നുകളയും' എന്നു പറഞ്ഞു.

ജോൺ, എന്റെ പിടിവിടുവിച്ച്, നിരത്തിലേക്കു നടന്നുപോയി.

അന്ന് വളരെ വൈകി ഞാൻ ഫ്ളാറ്റിൽ തിരിച്ചെത്തി. മാത്രമല്ല, ഏഴാമത്തെ നിലയിലേക്ക്, ലിഫ്റ്റിനു പകരം, കോണി ഉപയോഗിച്ചു. കിതയ്ക്കുകയും കാലുകൾ കു ഴയുകയും ചെയ്തപ്പോൾ, കോണിപ്പടികളിൽ, ഇരുട്ടിന്റെ നിഴലിൽ, ഒരു പട്ടിയെപ്പോ



ലെ നിന്നു. വീട്ടുവാതില്ക്കൽ എത്തുമ്പോൾ ആ പകൽ മുഴുവനും ഞാൻ ഇറങ്ങിപ്പോയ ആ സമയം മുതൽ വാതിൽ തുറന്നുതന്നെ കിടക്കുകയായിരുന്നു എന്നു കണ്ടു. വാതിക്കൽ ഒരു നിമിഷം ഞാൻ നിന്നു. ഷീല അതേപോലെ ആ പകൽ മുഴുവനും, അതേ സ്ഥലത്ത്, ഇരിക്കുകയായിരുന്നിരിക്കണം. എന്നെ കണ്ടപ്പോൾ, ഒരു തവണ മാത്രം നോക്കി, അവൾ കിടപ്പുമുറിയിലേക്കും പോയി...

പിറ്റേന്നാണ് അവൾ ഈ കഥ പറയാൻ പറഞ്ഞത്. ജോൺ പറഞ്ഞ അവന്റെ പതിമൂന്നാമത്തെ സിനിമാക്കഥ. ഒരു സിനിമാനടിയെ സിനിമയിൽ കളിച്ചു കൊണ്ടിരുന്നപ്പോൾ ടാക്കീസിലെ ആരുമറിയാതെ തട്ടിക്കൊണ്ടുവന്ന് തന്റെ വീട്ടിൽ, ആരുമറിയാതെതന്നെ, പാർപ്പിച്ച മന്ത്രവാദിയുടെ കഥ ജോൺ പറയുമ്പോൾ അവനും എനിക്കും ഒരേ വയസ്സാണ്. മുപ്പത്തിയൊന്നോ മുപ്പത്തിരണ്ടോ. ഇപ്പോൾ അറുപത്തിയൊമ്പത് വയസ്സ്. വൃദ്ധനായിരിക്കുന്നു. കണ്ണുകൾ നിഴലുകളിൽ നില്ക്കുന്നു.

'അച്ഛാ, ഇന്ന് എനിക്ക് ആ കഥ കേൾക്കണം, ഷീല പറഞ്ഞു; 'ഇന്നുതന്നെ, ഇപ്പോൾ.'

രണ്ട്

ആ രാത്രി ഞാൻ ഷീലയുടെ വാക്കുകളിൽ വീണ്ടും വന്നു. അല്ലെങ്കിൽ ആ ദിവസം മുഴുവനും ആ വാക്കുകളിൽത്തന്നെയായിരുന്നു. ഏഴാംനാൾ ഒരു പന്നിയെ പ്രസവിക്കും. ഞാൻ തങ്കത്തിനെ, എന്റെ ഭാര്യയെ ഓർത്തു. 'ഞാൻ പ്രസവിക്കുക ഒരു പന്നിയെ ആയിരിക്കും, അതുകൊണ്ട് ഞാൻ പ്രസവിക്കില്ല,' തങ്കം പറഞ്ഞു; 'ഒരു പന്നിയെയും, ആണായോ പെണ്ണായോ.'

ഞാൻ തങ്കത്തിന്റെ അരികിലിരുന്നു.

'നീ പഴയതൊക്കെ ആലോചിക്കുന്നു. അല്ലെങ്കിലും കഥയല്ലല്ലോ ജീവിതം.' തങ്കം എന്നെ നോക്കി അവളോടുതന്നെ പറയുന്നതുപോലെ പറഞ്ഞു;

'ഞാനിപ്പോൾ നിങ്ങളെ തൊടുന്നില്ല. ഇനി ഒരിക്കലും തൊടുകയുമില്ല. പക്ഷേ, നിങ്ങളുടെ ശബ്ദം ഞാൻ വെറുത്തിട്ടില്ല, ഇതുവരെ.'

തങ്കം രണ്ടാമത്ത് ഗർഭം ധരിച്ച നാളുകളായിരുന്നു. ആ നാളുകളിൽ അവൾ അവളെത്തന്നെ വെറുത്തു. ഒരു മാസം ആവുന്നതേയുള്ളൂ. വയറ്റിൽ ഒരു പന്നിയാണ് വളരുന്നതെന്ന് അവൾ പറഞ്ഞു. വാസ്തവത്തിൽ, വയറ്റിൽ വളരുന്ന പന്നിയെപ്പറ്റി അവൾ ഒരു കെട്ടുകഥ ഉണ്ടാക്കുകയായിരുന്നു. അത് എന്താണെന്ന് ഞാൻ ആലോചിച്ചിരുന്നു. ഒരുപക്ഷേ, എനിക്ക് ബൈബിൾ അത്ര പരിചയമില്ലാത്തതുകൊണ്ടും പന്നിയെ കൊന്ന് അതിന്റെ മാംസം പാചകം ചെയ്ത് കഴിക്കാത്തതുകൊണ്ടും പന്നി എന്നത് ചീത്ത വിളിക്കാനുള്ള ഒരു പേരു മാത്രമായിരുന്നു. തങ്കം, പക്ഷേ, ബൈബിൾ പ്രകാരം, പന്നികളെ പാപത്തിന്റെയും ശാപത്തിന്റെയും ഓർമ്മകളിൽ കണ്ടു. അവൾ ക്രിസ്ത്യാനിയും ഞാൻ ഹിന്ദുവും ഞങ്ങളുടെ മകൾ ക്രിസ്ത്യാനിയും ഹിന്ദുവും ആകാത്തതുകൊണ്ടും അവളുടെ രണ്ടാമത്തെ ഗർഭം ഒരു പന്നിയെ അല്ല പ്രസവിക്കുക എന്ന് എനിക്ക് ഉറപ്പായിരുന്നു. അഥവാ, കഥകളിൽ ഞാൻ ചിലപ്പോൾ എന്നെയും തനിച്ച നിറുത്തി. അതിനാൽ ബൈബിൾ ഓർമ്മിച്ച് 'അവർ കടലിന്റെ അക്കരെ ഗദരദേശത്ത് എത്തി. പടകിൽനിന്നും ഇറങ്ങിയ ഉടനെ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറയിൽനിന്നു വന്ന് അവനെ എതിരേറ്റു' എന്ന് തങ്കം ആ വരികൾ ചൂണ്ടാണിവിരൽകൊണ്ട് അടയാളപ്പെടുത്തി. എന്നെ നോക്കുമ്പോൾ ഞാൻ അവളെ ഭയത്തോടെ നോക്കി; 'അശുദ്ധാത്മാക്കൾ പുറപ്പെട്ട് പന്നികളിൽ കടന്നിട്ടു കൂട്ടം കടുന്തൂക്കത്തുടെ കടലിലേക്ക് പാഞ്ഞു വീർപ്പുമുട്ടി ചത്തു. അവ ഏകദേശം രണ്ടായിരമായിരുന്നു...'

'നീ ഇപ്പോഴും ബൈബിൾ വായിക്കാറുണ്ടോ?'

'ഇല്ല, പക്ഷേ, ഓർക്കാറുണ്ട്.'

ഞാൻ തങ്കത്തിന്റെ വയറ്റിൽ കൈവെച്ചു, അവളെ ചേർത്തുപിടിച്ചു.

മുറ്റത്ത് ജോൺ അവനോടൊപ്പം ഉണ്ടായിരുന്ന അഞ്ചുപേരോടൊപ്പം നിന്നു. എല്ലാവരും കിഴക്കോട്ടു നോക്കി സൂര്യനെപ്പറ്റി ജോൺ വർണ്ണിക്കുന്നത് കേൾക്കു

കയായിരുന്നു. ജോൺ പറഞ്ഞു; 'അതായത് സൂര്യൻ ഭൂമി തന്നെ കൈയിൽപ്പിടിച്ച് വട്ടംകറങ്ങുന്ന ഒരു കണ്ണാടി മാത്രം. അഥവാ പകൽ കണ്ണാടിയിലെ വെളിച്ചം മാത്രം.' ജോണിനെ നോക്കാതെ ഞാൻ മകളെ അന്വേഷിച്ച് മുറ്റത്തേക്കിറങ്ങി. അത്രയുംനേരം അവൾ തങ്കത്തിന്റെ അടുത്തായിരുന്നു. മുറിയിലേക്ക് ഞാൻ ചെന്നപ്പോൾ, അവൾ പേടിയോടെ പതുക്കെ പിറകോട്ടു നടന്ന് പുറത്തേക്കിറങ്ങി. ജോണും എന്റെ പിറകെ വന്നു, തൊടിയിലേക്ക്. അപ്പോഴും അവൻ പന്നികളെപ്പറ്റി ഓർത്തതിനും പന്നിയിറച്ചി കഴിക്കാൻ നിർബന്ധിച്ചതിനും മാപ്പു പറഞ്ഞു; 'തങ്കം, പന്നികളെ എന്തിനു വെറുക്കണം എന്നുമാത്രം എനിക്കറിയില്ല.'

എന്നാൽ, തലേന്നു രാത്രി തൊടിയിൽ പന്നിയിറച്ചി പാകംചെയ്തു കഴിക്കുന്നത് തങ്കം വിലക്കിയതും ജോൺ അവളോട് കുപിതനായി. അവൻ ഒരു പന്നിയെ

പ്പോലെ നാലുകാലിൽ പന്നിയിറച്ചി പാകം ചെയ്യുന്ന തീയ്യ്ക്കു ചുറ്റും നടന്നു. മറ്റ് അഞ്ചു പേരും തീയ്യ്ക്കു ചുറ്റും പന്നികളായി വട്ടംചുറ്റി. തങ്കം എന്നെ നോക്കി, 'എന്തുകൊണ്ട് ഗുരുവിനെ അനുസരിക്കുന്നില്ല' എന്നു ചോദിച്ചു. അതിന്, 'അവൻ യൂദാസ് അല്ലേ' എന്ന് ജോൺ പറഞ്ഞു. അവൻ എന്നെ 'യൂദാസേ' എന്നു പിന്നെയും വിളിച്ചു. പെട്ടെന്ന് തങ്കം അവനോട് 'നീ യേശു ചമയല്ലേ, പന്നി മാത്രം ആയാൽ മതി' എന്നു പറഞ്ഞു. ജോൺ നിവർന്നു നിന്നു, മറ്റ് അഞ്ചുപേരും. തങ്കം അവിടെ വെച്ചിരുന്ന വെള്ളമെടുത്ത് തീയിലേക്ക് ഒഴിച്ച്, പാത്രം എറിഞ്ഞ്, അകത്തേക്കു പോയി...

തൊടിയിൽ, ഒരിടത്ത്, ഒറ്റയ്ക്കിരിക്കുകയായിരുന്നു മകൾ. എനിക്കു മുൻപേ ജോൺ അവളെ എടുത്ത് ഉമ്മവെച്ച് എനിക്കു നേരെ നീട്ടി. മകളെ വാങ്ങി ഞാൻ വീട്ടിലേക്കുതന്നെ മടങ്ങി.

'ക്ഷമിക്കണം, രാമ,' ജോൺ പറഞ്ഞു; 'ഇങ്ങനെ ഒന്നും ഉണ്ടാവില്ല ഇനി.'

അവൻ തിരിച്ചു നടന്നു. പിന്നെ ഓടാൻ തുടങ്ങി. പടി കടക്കുന്നതിനു മുൻപേ മറ്റ് അഞ്ചുപേരെയും കണ്ടു. ഏഴാമത്തെയോ ആറാമത്തെയോ ആളായിരുന്നു ഞാൻ.

അന്നും ജോൺ കഥ പറഞ്ഞു. ജോൺ പറഞ്ഞ കഥ അവൻ എടുക്കാൻ പോകുന്ന അല്ലെങ്കിൽ ഒരിക്കലും എടുക്കാൻ പോകാത്ത പതിമൂന്നാമത്തെ സിനിമയുടേതായിരുന്നു. അതിന്റെ ഇടയിൽ ചിലപ്പോൾ സിനിമകളേ ഉണ്ടായിരുന്നില്ല. അഥവാ, 1, 2, 3 കഴിഞ്ഞാൽ 4, 5, 6, 7, 8 വെറുതേ ഇട്ടു. 9, 10, 11, 12 വ്യത്യസ്തങ്ങളായ കഥകൾക്കായിരുന്നു. ഒൻപത് ഒരു പ്രണയകഥയായിരുന്നു. പത്ത്, ഒരു കൊലപാതകം. പതിനൊന്ന് ഒരു പ്രതികാരകഥയായിരുന്നു. പന്ത്രണ്ട്, രണ്ടാംലോകമഹായുദ്ധത്തിന്റെ കാലത്ത് ബർമയിൽ ജോലി ചെയ്തിരുന്ന ഒരു മലയാളി നഴ്സിന്റെ കഥയായിരുന്നു. നഴ്സ് അവന്റെ ബന്ധു കൂടിയായിരുന്നതുകൊണ്ട് ആ കഥ അവനു മാത്രമായി പറഞ്ഞുവെച്ചിരുന്നു. പതിമൂന്ന് ഒരു ചീത്ത അക്കം ആയതുകൊണ്ടാണ് തന്റെ കഥ മന്ത്രവാദത്തെക്കുറിച്ചും ചെകുത്താനെക്കുറിച്ചും ആയത് എന്ന് ജോൺ വിശ്വസിച്ചു.

'13' ചീത്ത അക്കമായിരുന്നു അവനും. ആ അക്കത്തിനു പിറകിൽ 'വിശ്വാസഹത്യയുടെ കൊടുംസത്യങ്ങൾ ഒളിച്ചിരിപ്പുണ്ട്' എന്ന് അവൻ പറഞ്ഞു.

വിശ്വാസഹത്യ എനിക്കും പരിചയമുള്ള പദംതന്നെ. പക്ഷേ, '13' ഒരു ചിത്ത അക്കമല്ല എന്ന് ഞാൻ അവനോട് തർക്കിച്ചു.

1963 മുതൽ 1968 വരെ ഒരു ഗ്രാമത്തിൽ ഉണ്ടായിരുന്ന ഒരു സിനിമാടാക്കീസിനെപ്പറ്റിയാണ് ജോണിന്റെ കഥ. ആ കൊട്ടക ഓലമേഞ്ഞ മേൽപ്പുരയോടെ, പകൽ, മാനത്തേക്കു തുറക്കുന്ന അനേകം ചെവികളോടെ ഒച്ചയുണ്ടാക്കാതെ നിന്നു. വൈകുന്നേരം ആ ചെവികളിലൂടെ തമിഴിലും ഹിന്ദിയിലും മലയാളത്തിലും ഉള്ള പാട്ടുകൾ മാനത്തേക്ക് പറന്നു. രണ്ടു ചെവികൾ മാത്രം ഉണ്ടായിരുന്ന മനുഷ്യർ പാതി തുറന്ന ആശ്ചര്യത്തിന്റെ വായകളോടെ കേട്ടു; 'സോജാ രാജകുമാരീ, സോജാ.'

കൊട്ടകയുടെ ഓലകൾ, കടലിനടിയിലെ ഓളങ്ങൾപോലെ, മൂളുന്ന ചുണ്ടുകൾപോലെ, ഇളകിക്കൊണ്ടിരുന്നു. പിന്നെ ഓലകൾ ഉച്ചത്തിൽ പാടാൻ തുടങ്ങി. സിനിമാടാക്കീസ് മുഴുവനും പാടാൻ തുടങ്ങി.

ജോൺ ആ സിനിമാക്കൊട്ടകയ്ക്കു മീതെ രാത്രികളിൽ കണ്ണുകളും മൂക്കും ചെവികളുമുള്ള ഒരു മേഘമായി വന്നുനില്ക്കാറുണ്ട് എന്നു പറഞ്ഞു. അത് അവൻ തന്റെ



മെലിഞ്ഞ കൈകൾ ഇരുവശങ്ങളിലേക്കും ഉയർത്തി പക്ഷിയെപ്പോലെ പറക്കുന്നു എന്ന് നടിച്ചുകൊണ്ടു പറഞ്ഞു;

'വായ ഇല്ല.'

ജോൺ അവന്റെ മേഘജീവിതത്തിലെ സാരവത്തായ അംഗഭംഗം പറഞ്ഞു; എന്തെന്നാൽ, കഥ കേൾക്കുന്നവരും കഥ പറയുന്നവരും വായ ഉപേക്ഷിച്ചവരാണ്. എന്തെന്നാൽ, വായ കണ്ടതുമാത്രം പറയാനുള്ള ഒരു അവയവം എന്ന നിലയ്ക്ക് അതിന്റെ പ്രാചീനമായ ധർമ്മം ഇതിനകം ജീവിച്ചു കഴിഞ്ഞിരുന്നു.

അവന്റെ കഥ കേൾക്കുന്ന ആരും ചിരിക്കും ഇപ്പോൾ ജോണിനെ കണ്ടാൽ. അവൻ മുഖം ഒരു കുരങ്ങിനെപ്പോലെ പിടിച്ചിരിക്കും. ആ ശബ്ദത്തിലാണ് പിന്നെ പറയുക: കുരങ്ങൻ മനുഷ്യനായ നാളുമുതൽ വായ നുണ പറയാനുള്ളതാണ്. എല്ലാ നുണകളും കഥകളുമാണ്.

ശ്രദ്ധിച്ചുവോ, 'എന്തെന്നാൽ' എന്നത് അവന്റെയും എന്റെയും ഞങ്ങൾക്ക് പരിചയമുള്ള മറ്റെല്ലാവരുടെയും 'ആധുനിക'മായ ഒരു പ്രയോഗമായിരുന്നു. വ്യാകരണം ഭാഷയെ സത്യസന്ധമാക്കുന്നു. എങ്കിൽ ഭാവനയിലും അങ്ങനെയാണ്. അതുകൊണ്ട് ജോൺ പറഞ്ഞ എല്ലാ 'എന്തെന്നാൽ' പ്രയോഗങ്ങളും ശരിയായിരുന്നു. എല്ലാം ആധുനികവുമായിരുന്നു. മേഘം വായ ഇല്ലാതെ ആകാശത്തു വന്നുനിന്നു. അതിന്റെ മൂക്കിനു താഴെ ഒരു സിനിമാടാക്കീസ് വന്നു. സിനിമ ആധുനികകലയും.

ആദ്യത്തെ അരമണിക്കൂറിൽത്തന്നെ ജോൺ കഥ പറഞ്ഞിരുന്നു. പിന്നീടും, അന്നും, പറഞ്ഞപ്പോഴൊക്കെയും ആ അരമണിക്കൂറിനെ ഛിന്നഭിന്നമാക്കിയും കഥ പറഞ്ഞു; 'ഒരു മന്ത്രവാദി ഉണ്ടായിരുന്നു' എന്ന ആദ്യത്തെ അരമണിക്കൂറിലെ ആദ്യത്തെ വാചകം തന്നെ ഛിന്നഭിന്നമായി; അയാളുടെ ഏറ്റവും വലിയ വിനോദം ചുമരിനോടു ചേർന്ന് നിലത്ത് തലകുത്തി കാലുകൾ മേല്പോട്ടുയർത്തി കണ്ണുകളടച്ച്

മണിക്കൂറുകളോളം നില്ക്കുകയായിരുന്നു. അയാൾ മന്ത്രവാദിയായതുകൊണ്ടു മാത്ര മല്ല ഇത്. അങ്ങനെ നിന്നാണ് ആ വീട്ടിലും പരിസരത്തുമുള്ള അയാളുടെ ഭാര്യയുടെ എല്ലാ വേഗങ്ങളും എല്ലാ മോഹങ്ങളും മന്ത്രവാദി കണ്ടുപിടിച്ചത്.'

'അയാളുടെ അടഞ്ഞുകിടന്ന കണ്ണുകളിലെ കൃഷ്ണമണികൾക്കുള്ളിൽ ആദ്യം അവളുടെ കാൽപാദങ്ങൾ തെളിഞ്ഞു. വെളുത്തുമെലിഞ്ഞ് സുന്ദരമായ കാൽപാദ ങ്ങൾ തെളിയുന്നു, അവയുടെ അരികുകളിലെ റോസാനിറം, പൊടിയോ ചളിയോ പറ്റാത്തവ, കാണും. അല്ലെങ്കിൽ ഉറക്കത്തിൽനിന്നും ഒഴുകിവന്ന ഒരു കടലിൽ കാൽപാദങ്ങൾ കഴുകി വൃത്തിയാക്കിയിരുന്നു.'

'രണ്ടു കാൽപാദങ്ങൾ. മന്ത്രവാദിയുടെ കൃഷ്ണമണികൾ ക്ഷീണിതരാകാൻ തുട ങ്ങും. എന്തുകൊണ്ടാണ് ആ കാൽപാദങ്ങൾ തുടുത്തിരിക്കുന്നത് എന്ന് ആലോചി ക്കും.'

ആ ദിവസം, പക്ഷേ, കഥ പറയുമ്പോൾ ജോൺ തന്നെ കണ്ണുകളടച്ച്, ഉറ ങ്ങാൻ തുടങ്ങി. അതിനാൽ വിലാപത്തിന്റെ സ്വരമുള്ള വാചകങ്ങളിൽ കഥ അവ സാനിക്കുകയും ചെയ്തു.

ജോണിന്റെ കഥകൾ അങ്ങനെയാണ്. പാതി ഉറക്കത്തിലാണ് അവ. മുന്ന റിയിപ്പുകളില്ലാതെ അവ ഉറങ്ങാൻ പോയി. അല്ലെങ്കിൽ എപ്പോഴും എന്തോ ബാ ക്കിവെച്ച് അവൻ ഉറക്കത്തിലേക്കു പോയി. ഉറക്കത്തിൽ അവ സിനിമകളാക്കി തനിച്ചിരുന്നു കണ്ടു. പിറ്റേന്ന് ആ കഥ വീണ്ടും പറഞ്ഞു;

'സുന്ദരിയും സുചരിതയുമായിരുന്ന അവൾ, മന്ത്രവാദിയുടെ ഭാര്യ, അന്ന് പ്രഭാ തത്തിൽ മുറ്റത്തേക്കിറങ്ങുമ്പോൾ അവളുടെ കാലടികൾ ഭൂമിയെ സ്പർശിക്കുന്നില്ല. ഒരുപക്ഷേ, ഒരു ദിവസവും ആ കാലടികൾ ഭൂമിയെ സ്പർശിച്ചില്ല. അവൾ ഭൂമിയിൽ വന്നുപാർക്കുന്ന ദേവതയായിരുന്നിരിക്കണം.'

'എന്നാൽ അന്ന് മുറ്റത്തേക്കിറങ്ങിയതിന്റെ മൂന്നാമത്തെ നിമിഷം അവളുടെ കാലടികൾ നിലംതൊട്ടു. അവൾ ആദ്യമായി തന്നേക്കാൾ സുന്ദരിയായ ഒരു സ്ത്രീ യെ തനിക്ക് സമാസമമായി കണ്ടു. മന്ത്രവാദി തട്ടിക്കൊണ്ടുവന്ന സിനിമാനടിയാ യിരുന്നു അത്.'

വാസ്തവത്തിൽ, അത് അങ്ങനെ ആവാൻ പാടില്ലായിരുന്നു. മന്ത്രവാദി തന്റെ ദിവ്യപ്രവൃത്തികൊണ്ട് ഒളിപ്പിച്ചുവെച്ച നടിയെ, മറ്റൊരാൾ കാണുന്നത് എങ്ങനെ? ജോൺ അതിന്റെ കാരണങ്ങൾ അടുത്തുവരാനിരിക്കുന്ന ഉറക്കങ്ങളിൽ കണ്ടുപിടി ക്കുമെന്ന് പറഞ്ഞു.

'എന്തെന്നാൽ (ആധുനികതയുടെ പ്രയോഗം) ഞാനാണ് എന്റെ കഥയിലെ മന്ത്രവാദി.'

ഞാൻ എന്റെ സിനിമയുടെ സ്വേച്ഛാധിപതിയാകുന്നു.

മൂന്ന്

ഒരു മരം. മരത്തിന്റെ പടിഞ്ഞാറെ ചരിവിലായി സൂര്യൻ. ഒരു പക്ഷി പറക്കുന്നതു കണ്ടു. പിന്നെ കാണുന്നത് ഒരു പുഴയുടെ കരയാണ്. പുഴയുടെ തീരത്ത് ഞാൻ കാത്തുനില്ക്കുന്നു. പതുക്കെ ഞാൻ വെള്ളത്തിലേക്കിറങ്ങി. പുഴയിലെ മീനുകൾ എന്റെ കാലിന്നടിയിൽ ഇക്കിളികൂട്ടി. നോക്കിനില്ക്കെ, പുഴയിൽ നിന്ന് ഒരു ആമ പൊന്തി വന്നു. അതിന്റെ ശിരസ്സിൽ ഒരുകെട്ടു കടലാസുകളും. വെള്ളം തൊടാതെ ആമ എന്റെ അരികിലേക്ക് വന്നു;

'ജോണേ, എബ്രഹാമിന്റെ മകനേ, ഇതാ നിന്റെ സിനിമാക്കഥ, എടുത്തു കൊണ്ടുപോ.'

ഞാൻ ഭക്തിപുരസ്സരം കൂർമ്മാവതാരത്തിങ്കൽനിന്നും സിനിമാക്കഥ വാങ്ങി, കരയിലേക്കു മടങ്ങി. മരത്തിന്റെ ചോട്ടിലിരുന്നു. മരക്കൊമ്പിൽ ഒരു കിളി ഇരിക്കുന്നുണ്ടാകും. ഞാൻ സിനിമാക്കഥ വായിക്കാൻ തുടങ്ങി...

ഒന്നും എഴുതാത്ത കടലാസിൽ എന്തെങ്കിലും കണ്ടെത്തി വായിക്കുക ജോണിന് പ്രിയപ്പെട്ട പ്രവൃത്തിയായിരുന്നു. അങ്ങനെയാണ് പാതി നുണയായും പാതി സത്യമായും ജോൺ തന്റെ സിനിമാജീവിതത്തെപ്പറ്റി പറയുക.

ഒരു ആമ നല്കിയതുകൊണ്ട് അവന്റെ സിനിമ പതുക്കെ നിർമ്മിക്കപ്പെട്ടും, പാതി സത്യം അതായിരുന്നു. ബാക്കി പാതി നുണ അവർ പറഞ്ഞില്ല. പക്ഷേ, ഞങ്ങൾ അവന്റെ ശിഷ്യന്മാരും സുഹൃത്തുക്കളും ഊഹിച്ചു. അത് അവന്റെ മടിയായിരുന്നു. അവന്റെ ഭാവനയിലും അവൻ കാത്തിരുന്നു, മീനുകൾ കാലുകൾക്കടിയിൽ ഇക്കിളികൂട്ടുമ്പോഴും.

എങ്കിലും അവന്റെ പതിമൂന്നാമത്തെ സിനിമാക്കഥയിലെ സിനിമാനടി എന്റെയും മനസ്സിൽ ഒരു താമരക്കുളത്തിൽ എന്നപോലെ പ്രത്യക്ഷപ്പെട്ടു; ചിലപ്പോൾ പൂക്കളുടെ ജന്മസഹജമായ ജാഗ്രതയിൽ കാറ്റിനോടൊപ്പം നില്ക്കുമ്പോൾ, അവൾ, കൈവെള്ളകൾ വെള്ളത്തുള്ളികൾകൊണ്ട് തുടച്ചുകൊണ്ട് കുളത്തിൽ മലർന്നുകിടന്നു.

അങ്ങനെ മാത്രം അവൾ പ്രത്യക്ഷപ്പെട്ടു. താമരക്കുളവും ആകാശവും പൂക്കളും കാറ്റും ഓർക്കുന്ന ഓരോ സമയത്തെയും വെളിച്ചവും അവളെ സുന്ദരിയാക്കി. അടിമുടി അവൾ സിനിമാനടിയായി.

ജോൺ പറഞ്ഞ കഥയുടെ ആദ്യം കാണുക മന്ത്രവാദിയുടെ ഒരുക്കങ്ങളാണ്. തന്റെ വീട്ടിലെ മച്ചിലെ ദേവിക്കു മുന്നിലും തന്റെ വീട്ടുമുറ്റത്തു നില്ക്കുന്ന ഭാര്യയ്ക്കു മുന്നിലും തന്റെ മനസ്സ് പിടികൊടുക്കാതെ സിനിമാക്കൊട്ടകയിലേക്കു പുറപ്പെടുന്ന മന്ത്രവാദി ഒരേസമയം കഥയിലെ നായകനും പ്രതിനായകനുമായിരുന്നു. മന്ത്രവാദി മച്ചിലേക്കു നോക്കി പതുക്കെ പറഞ്ഞു: 'ദേവീ, എന്നെ നീ നോക്കരുതേ, നീ ഇരുട്ടാക്കിയ വഴിയിലൂടെ ഞാൻ ഓടിപ്പോകുന്നു.'

പക്ഷേ, എന്തുകൊണ്ടായിരുന്നു ജോണിന്റെ കഥയിലെ മന്ത്രവാദിക്കു പിറകിൽ ഞാൻ പോകാതിരുന്നത് എന്ന് ആ കഥ കേട്ട നാൾ മുതൽ ഞാൻ ആലോചിക്കുമായിരുന്നു. കാറ്റിൽ ജാഗ്രതയോടെ നില്ക്കുന്ന പൂക്കൾ അപ്പോഴൊക്കെയും ഓർമ്മ വന്നു. ഒരു ഓർമ്മ മാത്രം, വിവരിക്കാനാവാത്ത ഒരു വാചകം പോലെ, പൂർണ്ണമായും പറഞ്ഞുതീർത്തതുപോലെ എന്ന് അപ്പോഴൊക്കെയും തോന്നി. മന്ത്രവാദി, ഒരുപക്ഷേ, ഞാൻ തന്നെയായിരിക്കണം. അതുകൊണ്ടു മാത്രം ഞാൻ അയാളെ കണ്ടതേയില്ല. ജോണിന്റെ കഥയിലെ മന്ത്രവാദി സുന്ദരനായ, ആകർഷകങ്ങളായ

കണ്ണുകളുള്ള പ്രസന്നമായ മുഖമുള്ള ഒരാളായിരുന്നു. ജോൺ, മന്ത്രവാദിയുടെ നാവിന്റെ റോസുനിറത്തെപ്പറ്റി പറഞ്ഞപ്പോൾ ഇതിനൊക്കെയും വിപരീതമായ എന്റെ മുഖം ഞാൻ ഓർമ്മിച്ചു. എന്താണ് ഒരു പുരുഷനെ ആകർഷകനാക്കുന്നതെന്ന് ആലോചിച്ചിരുന്ന ആ കാലം, ആധുനികതയുടെ കാലംതന്നെ, പതുക്കെ എനിക്കു മുന്നിൽ നരയ്ക്കാൻ തുടങ്ങുമ്പോഴും ഞാൻ സംശയങ്ങളുള്ള ഉത്തരങ്ങളോടെ നിന്നു. ജോൺ മന്ത്രവാദിയെ തന്റെ ഏറ്റവും സുന്ദരനായ പുരുഷകഥാപാത്രം എന്നു പരിചയപ്പെടുത്തി. സിനിമയിലെ ഷോട്ടുകൾ അവൻ പറഞ്ഞു;

1. പുഴയിൽ മുങ്ങിക്കുളിച്ചു നിവരുന്ന അയാളുടെ മുഖം. ഉടൽ സൂര്യന് അഭിമുഖമായി പിടിച്ച് പ്രാർത്ഥന.
2. തന്റെ വീട്ടിലെ മച്ചിലെ ഭഗവതിക്കു മുന്നിൽ കണ്ണുകൾ അടച്ചിരിക്കുന്ന മന്ത്രവാദി. വിളക്കിന്റെ വെളിച്ചത്തിലുള്ള മുഖം. ഉടൽ.
3. വീട്ടുമുറ്റത്തെ ഉച്ചവെയിലിലേക്ക് അയാൾ ഇറങ്ങിവരുമ്പോൾ എവിടെ നിന്നൊക്കെയോ ശബ്ദത്തോടെ പറന്നുവരുന്ന കോഴികളുടെ ഇടയിൽ രണ്ടു കൈവെള്ളകളിൽനിന്നും അരിമണികൾ വീഴ്ത്തിക്കൊണ്ട് വെയിലിൽ തിളങ്ങുന്ന പൂർണ്ണകായം.

സുന്ദരൻതന്നെ. ഏതു നിഴലിലുംനിന്ന്, വാക്കിൽനിന്ന് ഓർമ്മയെ നുള്ളിയെടുത്ത് പുറത്തുവെക്കാൻ പ്രാപ്തനായ ആൾ. ദൈവത്തിനും ചെകുത്താനുമൊപ്പം ജീവിക്കുന്ന ആൾ. ജോൺ കഥ കേട്ടിരുന്ന ഞങ്ങളെ നോക്കി പറഞ്ഞു; 'നമ്മൾ എല്ലാ പുരുഷന്മാരുടെയും അതിമനോഹരവും അപകടകരവും അവസാനത്തേതുമായ അഹന്ത.'

കുടിച്ചിരുന്ന മദ്യം, ഒരു നിമിഷം, ജോണിന്റെ മുഖത്തെ ലഹരിയെ ഉത്സവ തുല്യമാക്കുന്ന നിമിഷങ്ങൾ കൂടിയായിരുന്നു അത്. കഥയിൽ മാത്രം നില്ക്കുന്ന അവൻ, മന്ത്രവാദം എന്നാൽ ഭാവനയുടെ സംക്ഷിപ്തങ്ങളായ അറിയിപ്പുകളെ ഓരോന്നായി തുറക്കുന്ന ആഖ്യാനം എന്നു വിശ്വസിച്ചതുകൊണ്ടുകൂടിയാകണം, ഞാൻ കഥ കേട്ട് ഇരിക്കുമ്പോഴും, ജോണിന്റെ മന്ത്രവാദിയെ കനമില്ലാതെ എടുത്തു. ജോൺ പറഞ്ഞ മൂന്നു ഷോട്ടുകളും ഞാൻ അപ്പോൾത്തന്നെ കണ്ടിരുന്നു. 'നീ കഥ പറയ്,' ഞാൻ ജോണിനോട് പറഞ്ഞു;

'ആ ടാക്കീസിന്റെ കഥ.'

ജീവിതംപോലെ ഓർമ്മിക്കാൻ ചലച്ചിത്രങ്ങൾ ബാക്കിവെക്കുന്നത് എന്തെല്ലാമെന്ന് അന്നും എനിക്ക് തീർച്ചയില്ല. എന്നാൽ, വെള്ളിത്തിരയിലെ ശൂന്യതയിലേക്ക് ശബ്ദത്തോടെയും നിശ്ശബ്ദതയോടെയും കതിക്കുന്ന നിഴലുകൾ ഭൂമിയിൽ എനിക്ക് പരിചയമുള്ള എല്ലാറ്റിനേയും അതേ പരിചയത്തിൽ ത്തന്നെ അസാധാരണവുമാക്കി. നിഴലുകൾക്കു ചുറ്റും പകലും രാത്രിയുമായി ഒരുകഥ നടന്നു. കൊട്ടകയിലെ തിരശ്ശീലയിൽ പ്രത്യക്ഷപ്പെട്ട സിനിമാനടിയുടെ നിഴലിനു മുന്നിൽ തിരശ്ശീലയിൽ ഒരിക്കലും പെടില്ലെന്ന ഉറപ്പോടെ നില്ക്കുന്ന മന്ത്രവാദിയുടെ ഒരു ലോങ്ഷോട്ട് ജോൺ പറഞ്ഞു. അദ്ഭുതങ്ങളോടെ മിഴിച്ചു നില്ക്കുന്ന കണ്ണുകളുള്ള തലയ്ക്കു മുകളിലൂടെ തിരശ്ശീലയിലേക്കു പായുന്ന വെളിച്ചം ഒടുവിൽ സുന്ദരനായ മന്ത്രവാദിക്കുമേൽ മുട്ടിനിന്നു.

ജോൺ തന്നെയായിരുന്നു മന്ത്രവാദി. തന്റെ മുഷിഞ്ഞ രൂപം സുന്ദരനായ മന്ത്രവാദിയുടേതാണെന്നുതന്നെ അവൻ വിശ്വസിച്ചു. സുന്ദരനായ മന്ത്രവാദിക്കു പി

റകെ വെള്ളിത്തിരയിൽനിന്ന് ഇറങ്ങിവന്ന സുന്ദരിയായ നടി നടന്നു പോയത് തനിക്കു മാത്രം അറിയുന്ന രഹസ്യം എന്ന് അവൻ വിശ്വസിച്ചു:

'വെള്ളിത്തിരയിൽനിന്നും അപ്രത്യക്ഷയായ നടി കഥ തെറ്റിച്ച് കൊട്ടകയെ ഒരു നിമിഷം നിശബ്ദമാക്കി. കാണികൾ ബഹളംവെച്ചു. ചിലർ വിഷണ്ണരായി ഇറങ്ങിപ്പോന്നു. ടാക്കീസിന്റെ ഫിലിംറൂമിനു മുന്നിൽ തടിച്ചുനിന്ന ആൾക്കൂട്ടത്തെ നേരിടാൻ ഒരു പൊലീസുമാത്രം കൈയിൽ മുളവടിയുമായി നിന്നു.'

പൊലീസുകാരൻ പറഞ്ഞു; 'ദയവായി എല്ലാവരും പിരിഞ്ഞുപോകണം.'

ജോൺ ഞങ്ങളെ മാറി മാറി നോക്കി. അവന്റെ കഥയിൽ ഒളിച്ചിരിക്കുന്ന നടിയെ ആർക്കും വിട്ടുതരില്ലെന്ന ഉറപ്പോടെ. അവളാകട്ടെ, എനിക്കു തോന്നി, അവന്റെ കൺപോള മറവിലാണ് നിന്നതെന്നും.

എന്നാൽ, പിന്നീടൊരു രാത്രി സിനിമാടാക്കീസ് കത്തിത്തീർന്നു. ഒരുപക്ഷേ, ഇനി ഒരിക്കലും ഒരാളും ഒരു സിനിമയും കാണില്ലെന്ന ഉറപ്പോടെ — അവ്യക്തമായ വാക്കുകളോടെ ജോൺ ആ തീയിനെപ്പറ്റിയും പറഞ്ഞു. പക്ഷേ, ആ തീയിനെ അവൻ ഉപനിഷത്തിലെ ഭാഷയിൽ അഗ്നി എന്ന് സംസ്കൃതത്തിൽ പറഞ്ഞു. വിശ്വ

ദ്ധമായിരുന്നു അവനും അഗ്നി; തർക്കോവ്സ്കിയുടെ ചലച്ചിത്രത്തിലെന്നപോലെ. പക്ഷേ, ആ വിശുദ്ധിയും അടുത്ത നിമിഷം അവൻ കെടുത്തി: 'തീകൊണ്ടു കളിക്കരുത്.'

തന്റെ സിനിമാക്കഥയിലെ ആ ദൃശ്യം ജോൺ വിവരിച്ചുതീർന്നതും കഥ കേട്ടിരുന്ന ഞങ്ങൾ കഥയുടെ ബാക്കിഭാഗത്തേക്കു നീങ്ങി. അത് കഥയുടെ അന്ത്യമായിരുന്നില്ല. എന്നാൽ, ജോൺ സിനിമാടാക്കീസ് കത്തിയമർന്നു എന്നു പറഞ്ഞ് ഏറെ വൈകാതെ ബാക്കി പറഞ്ഞു; പിറ്റേന്ന് കത്തിയമർന്ന സിനിമാകൊട്ടകയുടെ ഓർമ്മ കറുത്ത കുന്നുപോലെ നിന്നു. വെളിച്ചം ചുറ്റുമുണ്ട്. ആ പ്രഭാതത്തിന്റെ തണുപ്പം. ആ കറുത്ത കുന്നിന്റെ ഒത്തനടുവിൽനിന്ന്, അഥവാ ആ കറുത്ത കുന്നിന്റെ യോനിയിൽനിന്ന്, പതുക്കെ വളരെ പതുക്കെ ഒരുകൂട്ടം പന്നിക്കുട്ടികൾ നിലത്തേക്ക് ഉരുണ്ടുവീണു... ഒരുവേള, ആ ദൃശ്യത്തിനു മുന്നിൽ ഞാൻ പേടിയോടെ ഇരുന്നു. പന്നികളുടെ ഉടലുകളുടെ നിശ്ശബ്ദമായ ചലനങ്ങൾ വെള്ളിത്തിരയിൽ ഞാൻ പേടിയോടെ കണ്ടു.

'ഏഴാംനാൾ ഞാൻ ഒരു പന്നിയെ പ്രസവിക്കും' എന്നു പറഞ്ഞതുകൊണ്ടാണ് ഷീലയെ അവളുടെ കാമുകൻ ഉപേക്ഷിച്ചുപോയത്. നാലു വർഷത്തെ അവരുടെ പ്രണയം നോക്കിനിന്നതും അതേ പന്നിയെ — തീർച്ചയായും ഞാൻ ഭയപ്പെട്ടു. അഥവാ, ആമകൾ സമ്മാനിക്കുന്ന സിനിമാക്കഥകളിൽ മനുഷ്യരുടെ ജീവിതം അവരൊക്കെയും പറഞ്ഞുകേട്ട ഒരു കഥയുടെ ഇതിവൃത്തമെന്നാകും. എനിക്ക് ജോണിനെ അവൻ നിന്നിടത്തുനിന്നും തള്ളിയിടാൻ തോന്നി.

നാല്

തങ്കം വീട്ടുവളപ്പിൽ, തെക്കുഭാഗത്ത്, പുല്ലുകൾ മുളച്ചിരുന്ന സ്ഥലമായിരുന്നു അത്, ആയിടെ ഞങ്ങൾ വാങ്ങിച്ച ആടുമായി നിന്നു. ആടിന് അവൾ പേരിട്ടിരുന്നു. 'അമ്മുവിന്റെ ആട്ടിൻകുട്ടി' എന്ന കഥയിലെപ്പോലെ 'അമ്മു' എന്നോ, 'ആട്ടിൻകുട്ടി' എന്നോ പിരിക്കാതെ.

ആ ആട്ട്, വാസ്തവത്തിൽ, ഞങ്ങളുടെ വീട്ടിൽ വന്നതുതന്നെ സന്തോഷം തരാനാണെന്ന് തങ്കം വിശ്വസിച്ചു. ഞാനും അതെ. അങ്ങനെയായിരുന്നു ആട്ട് ഞങ്ങളുടെ വീട്ടിൽ വന്നത്.

ഒരു രാവിലെ ഞങ്ങളുടെ വീട്ടുപടിക്കൽ അപരിചിതനായ ഒരാൾ ആടുമായി പ്രത്യക്ഷപ്പെടുകയായിരുന്നു. അയാൾ, വെളുത്തു, മെലിഞ്ഞ്, ആർദ്രങ്ങളായ കണ്ണുകളുള്ള ആടിനെ ആദ്യം ഞങ്ങൾക്ക് പരിചയപ്പെടുത്തി; അനുസരണയുള്ളവളാണ്. ഗർഭിണിയാണ്. ഒരു ആട്ടിൻകുട്ടിയെ പ്രസവിക്കും. പാൽ തരും. പാൽ വിറ്റ് നിങ്ങൾ പണക്കാരാകും.

അയാൾ എവിടെനിന്നാണ് വരുന്നതെന്ന് തങ്കം ചോദിച്ചു; 'ഇവിടെ ഒന്നും കണ്ടിട്ടില്ലാത്തതുകൊണ്ടാണ്.' പകരം അയാൾ അവളെ കൂടുതൽ സന്തോഷിപ്പിക്കാനെന്നോണം പറഞ്ഞു, 'ഇന്നലെ രാത്രി ഞാനീ വീട് സ്വപ്നം കണ്ടു. ഈ വഴി സ്വപ്നം കണ്ടു. നിങ്ങളെയും സ്വപ്നം കണ്ടു. ഞാൻ അതിരാവിലെത്തന്നെ സ്വപ്നത്തിൽ കണ്ട വഴിയിലൂടെ വന്നു. ഇവിടെ എത്തി. ഈ ആടിനെ നിങ്ങൾക്ക് തരുന്നു.'

ആടിന്റെ വില പറയുമ്പോൾ അയാൾ വില കുറച്ചില്ല. ഇതൊരിക്കലും ഒരു ദാനമായി തോന്നാതിരിക്കാനാണെന്നു പറഞ്ഞു. ഇരുന്നൂറു രൂപയാണ് ആടിന് അയാൾ വില പറഞ്ഞത്. ഇരുന്നൂറു രൂപ ഞങ്ങളുടെ കൈയിൽ ആ സമയം ഉണ്ടായിരുന്നു. ഒരുപക്ഷേ, അതും അയാളുടെ സ്വപ്നത്തിൽ ഉണ്ടായിരുന്നു.

ആ ആടുവില്പനക്കാരൻ അവിശ്വാസിയായിരുന്ന എന്നെ ദൈവത്തെക്കുറിച്ച് ഓർക്കാൻ പ്രേരിപ്പിച്ചു. ഞങ്ങളുടെ ആധുനികതയുടെ കാലത്ത് ഫ്രെഡറിക് നീച്ചെയുടെ ആവശ്യപ്രകാരം കൊന്ന ദൈവത്തെ ഞാൻ വീണ്ടും കാണുകയായിരുന്നു. ആ സമയം ജോൺ വീട്ടുപടിക്കൽ പ്രത്യക്ഷപ്പെട്ടു. മുഷിഞ്ഞും മദ്യപിച്ചും അവൻ ഞങ്ങൾ മൂന്നു പേരുടെയും പേരുകൾ മാറി മാറി വിളിച്ചു. മുറ്റത്തെ ആടിനെ കണ്ട് 'ഈ രാവിലെ ഇവൾ എനിക്ക് ഒരു മുത്തം തരട്ടെ' എന്ന് അഭ്യർഥിച്ചു. അവൻ മുറ്റത്തുതന്നെ ആടിനോടൊപ്പം ഇരുന്നു. അതിന്റെ മുഖത്ത് ചുംബിച്ചു; 'പ്രിയപ്പെട്ടവളേ നീ എവിടെയായിരുന്നു' എന്ന് ആദ്യം കഥയായും പിന്നെ കരച്ചിലായും ചോദിച്ചു. തങ്കം ജോണിനോട് ആടിനെ വിടാൻ പറഞ്ഞു. ഒരുപക്ഷേ, എനിക്കോ ജോണിനോ ഇഷ്ടമില്ലാത്ത സ്വരത്തിൽ തങ്കം പറഞ്ഞു; 'ജോൺ, ആ പാവം മൃഗത്തെ വിട്.' എന്നെ നോക്കി, 'നീ ജോൺ പറയുന്ന കഥ കേൾക്ക്' എന്നു പറഞ്ഞു.

ആ പകൽ ഞങ്ങൾക്ക് സൗഭാഗ്യങ്ങളായാണ് വന്നതെങ്കിൽ അത് കഴിഞ്ഞിരുന്നു. പകരം നീരസങ്ങളുടെ പകൽ ആരംഭിച്ചിരുന്നു. ജോൺ ആടിന്റെ നെറുകിൽ ഒരു തവണകൂടി തലോടി എഴുന്നേറ്റ്, തങ്കത്തിനെ നോക്കി പറഞ്ഞു, 'തങ്കം, നീ ആടിന്റെ ഉടമ. നിനക്ക് എന്തറിയാം മനുഷ്യരേയും മൃഗങ്ങളേയും പറ്റി, ജോണിനേയും ആടിനേയും പറ്റി!'

ആ പകൽ മുഴുവൻ ബൈബിളിന്റെ രീതിയിൽ ഇങ്ങനെ താരതമ്യവാചകങ്ങൾ ജോൺ പറയുമെന്ന് ഉറപ്പായിരുന്നു. ഇതുപോലെ 'നിനക്ക് അല്ലെങ്കിൽ എന്തറിയാം, ആടുകളുടെ സ്വപ്നത്തെപ്പറ്റി. ഞാനോ, ജോൺ, കഴുതയുടെ കഥ പറഞ്ഞവൻ.'

അവൻ ആടിനെ തങ്കത്തിന്റെ മുന്നിലേക്ക് തള്ളി, കൈകൾ കൂപ്പി ദൈവത്തെ കാണാനെന്നോണം ആകാശത്തിലേക്കു നോക്കി, 'എങ്കിലും ഞാൻ പറയുന്നു ഇന്നു രാത്രി മുതൽ മഴ പെയ്തു തുടങ്ങും. നിന്റെ വീട് ചോരാൻ തുടങ്ങും. ആട് നിറുത്താതെ കരയാൻ തുടങ്ങും. നീ മഴയെ എന്നപോലെ എന്നെ ശപിക്കാൻ തുടങ്ങും...'

അഭിനയത്തിന്റെ ഒരു ചെറിയ മുഹൂർത്തം മതി ആഹ്ലാദത്തിലേക്ക് ഇപ്പോൾ തിരിച്ചുവരാൻ എന്നെനിക്കു തോന്നി. ജോൺ സംഭാഷണങ്ങളുടെ നായകനുമായിരുന്നു. ഒരാടിനും ഒരു സ്ത്രീക്കും ഇടയിൽ അവന്റെ ഏകാഭിനയം ദൈവത്തിന്റെ മഹത്ത്വം വരച്ചു. എന്നാൽ, എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ടും സങ്കടപ്പെടുത്തിക്കൊ

ണ്ടും തങ്കം പെട്ടെന്ന് പൊട്ടിക്കരഞ്ഞു. ഭീതി തരുന്ന എന്തോ ഒന്ന് കണ്ടുമുട്ടിയതു പോലെ ഞാൻ ആ നിമിഷം സ്തബ്ധനായി. ജോൺ വീണ്ടും ഒരു തവണ ഞങ്ങളെ നോക്കാതെതന്നെ വീട്ടിലേക്ക് കയറാതെ മടങ്ങിപ്പോവുകയും ചെയ്തു. ഞാൻ അവനെ തിരിച്ചുവിളിക്കുമെന്നുതന്നെ തോന്നി. പക്ഷേ, ചെയ്തില്ല. മാത്രമല്ല, ഞങ്ങളുടെ വീട്ടിൽ വന്ന ആടിനെ പ്രതി, അതിന്റെ ഓർമ്മയെ പ്രതി, ആശങ്കപൂണ്ടു; എന്താണ് മനുഷ്യരും മൃഗങ്ങളും തമ്മിൽ, സ്നേഹമോ വൈരമോ — ഇപ്പോഴും തീർച്ചയില്ല.

ഞാൻ, പക്ഷേ, മൃഗങ്ങളിൽനിന്നും അകന്നുകഴിഞ്ഞു. പൂച്ചയെ എനിക്കു പേടിയാണ്. പശുവിനെ ഞാൻ പൂജിച്ചിട്ടില്ല. കുതിരപ്പുറത്ത് കയറിയിട്ടില്ല. ആടിനെ തൊട്ടിട്ടുണ്ടെങ്കിലും പരിചയമില്ല. ആനയെ പേടിച്ചു. കാളപ്പോര് വെറുത്തു. പറയാവുന്നത് കഴുതയെപ്പറ്റിയുള്ള ഒരു കഥയാണ്. അതാകട്ടെ ജോൺ പറഞ്ഞതും.

തൊടിയിൽ ആടിനോടൊപ്പം ഒരു മൃഗത്തോടൊപ്പം ഒരു മനുഷ്യൻ നിൽക്കുന്നു എന്നപോലെ, തങ്കം നിന്നു. ഞാൻ അവളുടെ കൈ പിടിച്ചു. ഇപ്പോൾ ഒരു മൃഗവും രണ്ടു മനുഷ്യരും. തങ്കം പറഞ്ഞു; 'മൂന്നുനാലു ദിവസങ്ങളായി ഇതൊന്നും തിന്നുന്നില്ല. കുടിക്കുന്നുമില്ല. പക്ഷേ, ഇത് നമ്മുടെ വീട്ടിൽവെച്ച് മരിക്കാൻ വന്നതാണ്.'

'തീർച്ചയായും അല്ല,' ഞാൻ പറഞ്ഞു. ' നീ ഓരോന്ന് ഓർത്തുപറയുന്നു.'

തങ്കം ജോണിനെപ്പറ്റി ചോദിക്കുമെന്നെനിക്കു തോന്നി. അടുത്ത നാല്പതു ദിവസത്തേക്ക് അവൻ വരുകയേ ഇല്ല എന്നായിരുന്നു എന്റെ മനസ്സിൽ. ശരിയായിരുന്നു. അവൻ വന്നില്ല, നാല്പത്തിയൊന്നാമത്തെ ദിവസം അവന്റെ ഒരു കത്തു വന്നു. ചെറുതും ഭംഗിയില്ലാത്തതുമായ കൈപ്പടയിൽ. ആ വരികൾ, പക്ഷേ, അവന്റെ പതിമൂന്നാമത്തെ സിനിമാക്കഥയുടെ വിശേഷണങ്ങളായിരുന്നു. അവനെഴുതി: ഞാനിത് ഷൂട്ട് ചെയ്തുകഴിഞ്ഞു. ഫിലിം റോൾ അടങ്ങിയ പെട്ടി ഇന്നലെ രാത്രി ആരും കാണാതെ കടലിലുമൊഴുക്കി. എനിക്കുതന്നെ തീർച്ചയില്ലാത്ത എന്റെതന്നെ മേൽവിലാസത്തിൽ. ഒരുപക്ഷേ, മേൽവിലാസക്കാരനുതന്നെ അതു കിട്ടും. കിട്ടിയാലുടൻ വിവരമറിയിക്കാം...

ആ കത്ത്, അതിലെ വിശേഷങ്ങൾ ഞാനിപ്പോഴും ഓർക്കുന്നു. പക്ഷേ, കത്ത് നഷ്ടപ്പെട്ടു. ഒരുപക്ഷേ, നഷ്ടപ്പെടട്ടെ എന്ന് കരുതിത്തന്നെ. എന്നാൽ, ഒൻപതു മാസം കഴിഞ്ഞ് ഷീലയുടെ സ്കൂൾപാഠപുസ്തകത്തിൽനിന്ന് അതേ കത്ത് കണ്ടെടുത്തപ്പോൾ തങ്കം അരിശംകൊണ്ടു. മകളെ ചീത്തപറഞ്ഞു. കത്ത്, ഒരു ഭ്രാന്തിയെപ്പോലെ, കീറിക്കളഞ്ഞു. ഇതു ഞാൻ കണ്ടതല്ല. ഷീല പറഞ്ഞതാണ്. ഷീല പറഞ്ഞു, 'ജോൺ അങ്കിൾ എഴുതിയ കഥ അമ്മ കീറിക്കളഞ്ഞു. ഭ്രാന്തു വന്നു അമ്മയ്ക്ക്. ചീത്ത വാക്കുകൾ പറഞ്ഞു...'

ജീവിതത്തിനുമേൽ കഥയ്ക്കുള്ളത്ര പിടി മറ്റെന്തിനുണ്ട്! ജീവിതത്തിനോ! എന്തായാലും ജോൺ എഴുതിയ ആ വരികൾ ഓർക്കുമ്പോഴൊക്കെയും മുഷിഞ്ഞ, നീലനിറമുള്ള ആ ഇൻലന്റും ഓർമ്മവന്നു. ഇന്ത്യയുടെ അത്ഭുതകരമായ ആത്മാംശമുള്ള ഒരു കടലാസായിരുന്നു അഥവാ ഇൻലന്റ്: അതിൽ പച്ച നിറമുള്ള മഷികൊണ്ടാണ് ജോൺ കത്തുകൾ എഴുതുക. എന്നാൽ, ആദ്യമായി ജോൺ ആ കത്തിൽ കറുപ്പ മഷികൊണ്ടാണെഴുതിയത്; 'പുഴയുടെ കരയിലെ വീടായിരുന്നു, അത്.' ജോണിന്റെ കത്തിലെ ആദ്യത്തെ വരിതന്നെ ഞങ്ങൾക്കുണ്ടെന്നു കരുതിയ വീടിനെപ്പ

റ്റിയായിരുന്നു. 'അവിടെ ഒരു ഗൃഹനാഥനും അയാളുടെ പ്രിയപത്നിയും അവരുടെ അഞ്ചു വയസ്സുള്ള മകളും പാർത്തിരുന്നു.'

'പുഴയുടെ കരയിൽത്തന്നെയായിരുന്നു സിനിമാടാക്കീസും. സിനിമാടാക്കീസിലേക്കു വരുകയും സിനിമാടാക്കീസിൽനിന്ന് പുറപ്പെട്ടുപോവുകയും ചെയ്യുന്ന ഒരു സൈക്കിൾക്കാരൻ പയ്യനും, ഇരുപത്തിയൊന്നു വയസ്സുള്ളവൻ, ഉണ്ടായിരുന്നു. അവനെ 'ബൈസിക്കിൾ തീഫ്' എന്നാണ് പേരു വിളിച്ചിരുന്നത്. അങ്ങനെയാണ് ആ ഗൃഹനാഥനും ഭാര്യയും പരസ്പരം അവനെപ്പറ്റി പറയുമ്പോൾ വിളിച്ചത്.'

ജോൺ തന്റെ സിനിമ ചിത്രീകരിച്ചിരുന്നില്ലെങ്കിലും ചിത്രീകരിച്ചു എന്നെഴുതിയത് നുണയായിത്തന്നെ ഞങ്ങൾ വായിക്കും എന്ന് അവൻ അറിയുമായിരുന്നു. അതുകൊണ്ടാണ് 'ഞാനിത് ഷൂട്ട് ചെയ്തുകഴിഞ്ഞു. ഫിലിംറോൾ അടങ്ങിയ പെട്ടി ഇന്നലെ രാത്രി ആരും കാണാതെ കടലിലുമൊഴുക്കി' എന്നെഴുതിയതും. പക്ഷേ, അങ്ങനെയാണെങ്കിൽ, അവൻ കുറിച്ചിട്ടു എന്നു പറഞ്ഞ മേൽവിലാസം എനിക്കും തങ്കത്തിനും അറിയില്ലായിരുന്നു. അവന്റെ വീട്? അവന്റെ മുത്തച്ഛന്റെ വീട്? അവൻ ജോലി ചെയ്തിരുന്ന സ്ഥലം?

അവൻ ചിലപ്പോൾ താമസിച്ചിരുന്ന ലോഡ്ജ്? തങ്കം പകുതി കളിയായി പറഞ്ഞു: ആ പെട്ടിയുമായി അതേ ചെക്കൻ സൈക്കിളിൽ കറങ്ങുന്നുണ്ടാകും. ഒരുപക്ഷേ, ഈ രാത്രി ഇവിടെ എത്താനും മതി.

കടലിലെ ആമയെപ്പറ്റി അവൾ പറഞ്ഞില്ല.

അഞ്ച്

1970-ലാണ് പുഴയുടെ കരയിലെ വീട് ഞങ്ങൾ വാങ്ങിക്കുന്നത്. ആ സമയം ഞാൻ തങ്കത്തിനെ പരിചയപ്പെട്ടിരുന്നു. വിവാഹിതരാകുന്നു എന്നതിന് ഉറപ്പു കിട്ടിയതു പോലെയാണ് ആ വീട് ഞങ്ങൾ വാങ്ങിച്ചത്. ഇരുപത്തിനാലു വയസ്സുള്ള ഞാനും ഇരുപത്തിമൂന്നു വയസ്സുള്ള അവളും, ഞങ്ങൾ രണ്ടുപേരുടെയും വീട് ഉപേക്ഷിച്ച്, ഇങ്ങനെ ഈ വീട്ടിൽ താമസം തുടങ്ങാൻതന്നെ കാരണം ആ വീടും ആ പുഴയുമാണെന്ന് വിശ്വസിച്ചു: ഈ വീട്ടിൽ നമ്മൾ ഇപ്പോൾ താമസം തുടങ്ങിയില്ലെങ്കിൽ ഇനി ഒരിക്കലും ഒരു വീട്ടിലും നമ്മൾ താമസിക്കുകയില്ല.

നമുക്കു പഠിക്കേണ്ട.

നമുക്കു ജോലി വേണ്ട.

നമുക്ക് സുഖമായി കഴിയേണ്ട.

നമുക്കു ഭാഗ്യശാലികളാവേണ്ട.

ഞാൻ തങ്കത്തിന്റെ വായ പൊത്തി.

പുഴയുടെ തീരത്ത്, അന്ന് ആദ്യമായി ഞങ്ങൾ എത്തിയതായിരുന്നു. ഒരു വലിയ മാവ് ഉണ്ടായിരുന്നു അവിടെ. മാവിന്റെ ചോട്ടിലായിരുന്നു ഞങ്ങൾ ഇരുന്നിരുന്നത്. അങ്ങനെ ഇരിക്കുമ്പോഴാണ് ഞങ്ങൾ ആ വീട് കാണുന്നത്.

അങ്ങനെയല്ല.

കണ്ണുകളടച്ച്, ദീർഘമായി, പരസ്പരം ഉമ്മവെച്ച്, കണ്ണുകൾ മിഴിച്ചതും ഞങ്ങൾ രണ്ടുപേരും ആ വീട് കാണുകയായിരുന്നു.

തങ്കം പറഞ്ഞു, 'രാമൂ, എനിക്കാ വീട്ടിൽ താമസിക്കണം, നിന്നോടൊപ്പം. ഇതാ ഇന്നു മുതൽ.'

ഞങ്ങൾ കൈകൾ കോർത്തുപിടിച്ച് മാഞ്ചോട്ടിൽനിന്ന് പുഴയുടെ തീരത്തെ വീട്ടിലേക്കു നടന്നു.

ചിലപ്പോൾ ഓടി.

വഴിയിൽ ചപ്പിലകളുടെ മീതെ അതുവരെയും ഉറങ്ങിക്കിടന്നിരുന്ന കാറ്റ് ഞങ്ങളെ കൂട്ടി. പുഴയിലേക്കു പറന്നു. ഞങ്ങൾക്ക് കുളിരു തോന്നി, ആ ഉച്ചയ്ക്കും.

വെയിൽ കാറ്റിന് പുറത്തായിരുന്നു. കാറ്റാകട്ടെ പുഴയോടൊപ്പവും. വഴിയിൽ പൂമ്പാറ്റകളുണ്ടായിരുന്നു. ഒരു അരണയെ കണ്ടു. ഒരു പൂച്ചയെ കണ്ടു.

വീട്ടുമുറ്റത്ത് ഞങ്ങളെത്തുമ്പോൾ അവിടെ എന്റെ അച്ഛനും അമ്മയും സഹോദരങ്ങളും ഉണ്ടായിരുന്നു. തങ്കത്തിന്റെ അച്ഛനും അമ്മയും സഹോദരങ്ങളും ഉണ്ടായിരുന്നു. അവർ ഞങ്ങളെ എതിരേറ്റു. എന്റെ അമ്മയും അവളുടെ അമ്മയും, 'ഈ രാത്രി മുതൽ നിങ്ങൾ ഇവിടെ താമസിച്ചോളൂ' എന്നു പറഞ്ഞു. 'ഭാര്യയും ഭർത്താവുമായി.'

എനിക്കും അദ്ഭുതം തോന്നുന്നു, എത്ര എളുപ്പമാണ് ജീവിതമെന്ന്. അതും എഴുപതുകളിലെ യുവാക്കളുടെ ജീവിതം. നല്ല വരികൾകൊണ്ടു മാത്രം പറയുന്ന ജീവിതം, അതും അത്ഭുതപ്പെടുത്തും. പക്ഷേ, ഇത്രയും വാക്കുകളിലേക്ക് നോക്കൂ; പുഴ, വീട്, മാവ്, മാഞ്ചോട്ട്, ചപ്പിലകൾ, വഴി, പൂമ്പാറ്റ, അരണ, പൂച്ച, വീട്ടുമുറ്റം, വീട്ടുമുറ്റത്തെ ബന്ധുക്കൾ, ഞാൻ, തങ്കം... എല്ലാം സന്തോഷമുള്ള വാക്കുകൾതന്നെ. ഞങ്ങൾ വിശ്വസിക്കാനാകാതെ പരസ്പരം നോക്കി. തങ്കത്തിന് സന്തോഷംകൊണ്ട് കരച്ചിൽ വന്നു. അവളുടെ കണ്ണുകൾ എന്നെ വെള്ളത്തുള്ളികൾകൊണ്ട് വട്ടമിടുന്നതുപോലെ തോന്നി. ഞാനും ഒന്നും വിശ്വസിക്കാനാകാതെ അവളെ നോക്കി... എന്തായാലും രാത്രിയാകുമായിരുന്നു. ആ രാത്രി മുതൽ ഞങ്ങൾ ഭാര്യാഭർത്താക്കന്മാരായി കഴിയുമെന്നും. തീർച്ചയായും ഇത് ഞങ്ങളുടെ ജീവിതമായിരുന്നു. എന്നാൽ, പറഞ്ഞതെന്തോ അതും ജോണിന്റെ കഥയും. അവന്റെ പതിമൂന്നാമത്തെ സിനിമയുടെ കഥ, അതിലെ ഒരു ഭാഗം, നായികയുടെയും നായകന്റെയും കഥ.

കോഴിക്കോട്ടെ ഞങ്ങളുടെ വാടകവീടിന് ഒരു മുറിയെ ഉണ്ടായിരുന്നുള്ളൂ. ഒരു ഉമ്മറം. അവിടെ തിണ്ണയിലാണ് ജോൺ ഇരിക്കുക. കിടക്കുക. ചിലപ്പോൾ നൃത്തം ചവിട്ടുക. ഒരു രാത്രിയാണ് അവൻ തന്റെ കഥയിലെ ഈ ഭാഗം പറഞ്ഞത്. ആ വരികളൊക്കെയും ഞങ്ങൾക്കിഷ്ടപ്പെട്ടു. തങ്കം ചോദിച്ചു; 'ഒരു കവിതപോലെയാണ് ജീവിതം ജോണിന്' അല്ലേ?

ജോൺ പറഞ്ഞു; 'അറിയില്ല, കവിതയാണോ ജീവിതമാണോ സത്യം എന്ന്.'

തങ്കം ചോദിച്ചു; 'ജോണിന് രണ്ടുമറിയാം. സത്യവും നുണയും. കവിതയും ജീവിതവും. അതുകൊണ്ട് ചോദിക്കട്ടെ, ഇങ്ങനെ ജീവിച്ച ആരെങ്കിലും ഉണ്ടാകുമോ?'

ജോൺ ഞങ്ങളെ നോക്കി. ഉമ്മറത്തു കത്തിച്ചുവെച്ച റാന്തൽവിളക്കിന്റെ കൂടെ, അവൻ വരുന്ന ദിവസം ചിലപ്പോൾ തങ്കം ഒരു മെഴുകുതിരിയുംകൂടി കത്തിച്ചുവെക്കും. കേരളത്തിൽ വൈദ്യുതി വ്യാപകമാവാത്ത കാലമാണതെന്ന് ഓർക്കണം. ആ വെളിച്ചത്തിൽ അവന്റെ കണ്ണുകൾ തിളങ്ങി;

'എനിക്കറിയാം. നിങ്ങൾതന്നെ. നിങ്ങളുടെ കഥയാണ് ഇത്.'

കലയും ജീവിതവും. ജീവിക്കാൻ ഞങ്ങൾ തുടങ്ങിയിരുന്നു. തങ്കം സ്ത്രീകൾ നടത്തുന്ന ഒരു തുന്നൽക്കടയിൽ പോയി തുന്നൽ പഠിക്കാനും പതുക്കെ തുന്നൽ ജീവിതമാർഗ്ഗമാക്കുകയും ചെയ്തിരുന്നു. ഞാൻ ഒരു സ്കൂളിൽ, സ്ഥിരമല്ലെങ്കിലും അധ്യാപകനായി പോകാൻ തുടങ്ങിയിരുന്നു. ഞങ്ങൾ തിരഞ്ഞെടുത്ത രണ്ടു ജോലികളും അക്കാലത്ത് വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ യുവാക്കൾ തിരഞ്ഞെടുക്കുന്ന ജോലിയുമായിരുന്നു.

ഞാനെന്റെ ആദ്യത്തെ ക്ലാസ് സ്കൂളിൽ ഒരു മാഞ്ചോട്ടിൽവെച്ചു തുടങ്ങി. തലേന്നു രാത്രി ഞാൻ തങ്കത്തിനോട് പറഞ്ഞു: 'നാളെ ഞാൻ ടാഗോറിന്റെ ഗീതാഞ്ജലിയായിരിക്കും ക്ലാസ്സിൽ പറയുക.' തങ്കം പറഞ്ഞു; 'എനിക്ക് ഊഹിക്കാൻ പറ്റും. മാഞ്ചോട്ടിൽ രാമു ശാന്തിനികേതൻ തുടങ്ങാൻ പോകുന്നു.' എനിക്ക് ചിരിപൊട്ടി. ജീവിതം ലളിതമായ നുണയാണെന്ന് ഏതുറക്കത്തിലും കണ്ടുപിടിക്കുന്ന ഒരാൾ, അല്ലെങ്കിൽ, എപ്പോഴും എന്റെ കൂടെയുണ്ടായിരുന്നു. പക്ഷേ, നുണ ജീവിക്കുക എന്നതായിരുന്നു ജീവിതത്തെപ്പറ്റിയുള്ള ഏറ്റവും ഖേദകരമായ പ്രസ്താവം. അക്കാലത്ത് ഞാൻ ജീൻപോൾ സാർത്രിനെ വായിച്ചിട്ടില്ല. വാസ്തവത്തിൽ സാർത്രിനെ പരിചയപ്പെടുത്തിത്തന്നത് ഒരിക്കൽ ജോണിനോടൊപ്പം ഞങ്ങളുടെ വീട്ടിൽ വന്ന ഒരു യുവാവായിരുന്നു. ഒരു കവി. അതിനേക്കാൾ അസ്തിത്വവാദി.

'അസ്തിത്വവാദി' എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തു മനസ്സിലാക്കുന്നതിനേക്കാൾ ഞാനതിന്റെ ഇംഗ്ലീഷിൽനിന്നു; exit എന്ന പദം, പുറത്തേക്കുള്ള ഒരു വഴി, ആ വാക്കിലും ആ ജീവിതത്തിലും ഉണ്ടായിരുന്നു. യുവാവ് ആ രാത്രി ഞങ്ങളോടൊപ്പം താമസിച്ചു. കവിതകൾ ചൊല്ലി. കവിതയെപ്പറ്റി പറഞ്ഞു. ഒരു ഘട്ടത്തിൽ, ജോൺ അവൻ വരുമ്പോൾ മാത്രം തങ്കം കത്തിച്ചുവെക്കാറുള്ള മെഴുകുതിരി എടുത്തു മുറ്റത്തേക്കിറങ്ങി. മുറ്റത്തായിരുന്നു യുവകവി ഇരുന്നത്. ജോൺ കവിയെ വട്ടമിട്ടു, അവനും കവിത ചൊല്ലി. ഞാനും മുറ്റത്തേക്കിറങ്ങി...

കെ. സച്ചിദാനന്ദൻ എന്നായിരുന്നു ആ യുവാവിന്റെ പേര് പിന്നീട് പ്രശസ്തനാകുന്ന കവി. സച്ചിദാനന്ദൻ, പക്ഷേ, ഒരു സന്ന്യാസിയുടെ പേരായിരുന്നു. ജോൺ പറഞ്ഞു, സന്ന്യാസി സച്ചിദാനന്ദൻ.' 'എസ്. സച്ചിദാനന്ദനല്ലെ.' ഇയാൾ 'കവി സച്ചിദാനന്ദൻ, 'അതുകൊണ്ട് കെ. സച്ചിദാനന്ദൻ.'

യുവാവ് പറഞ്ഞു; എന്റെ അച്ഛനും അമ്മയും ഞാൻ ഒരു സന്ന്യാസിയാകുമെന്ന് ഭയക്കുന്നു. എന്റെ ജാതകത്തിലുണ്ടത്രേ.

ജോൺ പറഞ്ഞു: അതിനാൽ അങ്ങനെ സന്ന്യാസിയാകുന്ന കാലത്ത് അവൻ ഒരു പേരില്ലാതെ സന്ന്യാസിയായി കഴിയേണ്ടിവരുമല്ലോ എന്നോർത്ത് അവന്റെ അച്ഛനും അമ്മയും അവൻ സച്ചിദാനന്ദൻ എന്നു പേരിട്ടു.

ജോൺ ഞങ്ങളോട് ചോദിച്ചു: എന്താ പേര് മാറ്റണോ?

തങ്കം സച്ചിദാനന്ദനോട്ട് പറഞ്ഞു; മാറ്റണം. ഒരു പേരുമില്ലാതെ കുറേക്കാലം നടക്കണം.

ആ ദിവസത്തെ ആപ്തവാക്യം ഇതാണെന്ന് ജോൺ പ്രഖ്യാപിച്ചു. അവൻ തങ്കത്തിനെ നോക്കി കൈകൾ കൂപ്പി. ഉമ്മറത്തേക്കു കയറി അവന്റെ സഞ്ചി എടുത്ത് ആ രാത്രിയിൽത്തന്നെ പോവുകയാണെന്നു പറഞ്ഞു; 'പേരില്ലാതെ പതിനാലു നാളുകൾ അലയാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു.'

ആ രാത്രിതന്നെ അവനെ ഒരു പാമ്പു കടിക്കുമെന്നും അവൻ മരിക്കുമെന്നും ഞാൻ ഭയപ്പെട്ടു. അത്രമാത്രം അവന്റെ ജീവിതം കഥയായിരുന്നു. കഥ പുരണ്ട മനസ്സുമായി അവൻ ഞങ്ങളുടെ ജീവിതത്തിൽ ഓരോരോ കഥകളിൽ സന്ദർശനത്തിനെത്തി. അതുകൊണ്ടുതന്നെ ഞാൻ ജോണിനെ അവന്റെ കഥയിലെ മന്ത്രവാദിക്ക് ഒറ്റുകൊടുക്കാൻ തീരുമാനിച്ചു. അവന്റെ പതിമൂന്നാമത്തെ കഥ നടക്കാതെ പോകട്ടെ എന്ന് പ്രാർത്ഥിച്ചു. എങ്കിലും, കഥയുടെ ഒരു കോണിൽ, അതിനുമാത്രം ഉണ്ടാക്കിയ ഇരുട്ടിൽ, പാമ്പ് പാതി തുറന്ന കണ്ണുകളുമായി കിടക്കുന്നത് ഞാൻ വീണ്ടും കണ്ടു.

സിനിമാടാക്കീസിൽ രഹസ്യമായി സിനിമ കാണാനെത്തിയ മന്ത്രവാദിയെ അതിനുംമുൻപ് രഹസ്യമായി അവിടെ എത്തിയ ഒരു പാമ്പ്, ടാക്കീസിന്റെ ഇരുട്ടിൽ കിടന്നുകൊണ്ടുതന്നെ, മന്ത്രവാദിയുടെ കാലിൽ കൊത്തി... ആരും അറിഞ്ഞില്ല. ആദ്യം അയാൾ പോലും... വെള്ളിത്തിരയിലെ വെളിച്ചം അയാൾക്ക് നഷ്ടപ്പെട്ടു. പിന്നെ ജീവനും. പാമ്പ് ടാക്കീസിന് പുറത്തേക്കിഴഞ്ഞു... ജോൺ എന്നെ കഠിനമായി നോക്കി; 'ഇത് നീ പറഞ്ഞ കഥ. എന്റെ കഥയല്ല. പിന്നെ ഞാനാണ് ഞാൻ മാത്രമാണ് എന്റെ സിനിമയുടെ സ്വേച്ഛാധിപതി...

ആ വാചകം പിന്നീട് വളരെ പ്രശസ്തമായി, അവനെപ്പറ്റി പറയുന്നവരുടെ ഇടയിൽ.

'ഞാൻ എന്റെ സിനിമയുടെ സ്വേച്ഛാധിപതിയാകുന്നു'...

ഇനി ഞാൻ എങ്ങനെ ആകാശം നോക്കും?

നക്ഷത്രങ്ങൾ കാണും...?

ആറ്

എങ്ങനെയാണ് സിനിമ ഉണ്ടായത്? സിനിമയ്ക്ക് ഒരു കഥ ഉണ്ടായതുകൊണ്ട്. എന്താണ് സിനിമയുടെ കഥ എന്നാൽ? സിനിമയുടെ കഥ എന്നാൽ നമ്മൾ പ്രേക്ഷകർക്കു നേരെ മുന്നിൽ വന്ന് ഒരുകൂട്ടം ആണുങ്ങളും ഒരുകൂട്ടം പെണ്ണുങ്ങളും പറയുന്നതെന്തോ, അത് സിനിമയുടെ കഥ. ഇതു നിന്നോട് ആരു പറഞ്ഞു? തന്തയ്ക്കു പിറക്കാത്ത ഒരുവൻ. ആരും മിണ്ടുന്നില്ല. എന്താണ് തന്തയ്ക്കു പിറക്കാത്തവൻ എന്നാൽ എന്ന് ആരെങ്കിലും ചോദിക്കുമായിരുന്നു. ആ സമയം, ദൂരെ പാടവരമ്പിലൂടെ ഒരു തെരുവുനായ ഓടിപ്പോകുന്നതു കണ്ടു. നായയെ എവിടെനിന്ന് കിട്ടും? നിന്റെ അപ്പൻ സമ്മാനിക്കും. അപ്പന് നായയെ എവിടെനിന്നു കിട്ടും? നിന്റെ അമ്മ സമ്മാനിക്കും. ആരും മിണ്ടുന്നില്ല. എന്താണ് ഒരു തെരുവുനായ എന്നാൽ ആരെങ്കിലും ചോദിക്കുമായിരുന്നു. ആ സമയം, വീടിന്റെ കോലായിൽ കുന്തിച്ചിരിക്കുന്ന നായകനെ കാണും... സിനിമ ആഗ്രഹിക്കുന്നതിലും അധികം ജീവിതത്തെ പുല്കുന്നു എന്ന ഒരു കാരണംകൊണ്ടുതന്നെ അത് കലയിൽനിന്ന് അകന്നു കഴിഞ്ഞിരുന്നു എന്ന് എനിക്ക് തോന്നുന്നത് ജോണിനോടൊപ്പമുള്ള സമയങ്ങളിലാണ്. അഥവാ, ജീവിതം സിനിമയാക്കാനുള്ള സംഭാഷണങ്ങളിൽ അവൻ കാണിച്ച കൌതുകം തന്നെ. 'നായകനും നായയും' എന്ന ഒരു സിനിമ ഈ സംഭാഷണത്തിലും കഥയിലും ഉണ്ടെന്ന് ജോൺ പറഞ്ഞു.

ഒരു തെരുവുനായയും ഒരു നായകനും അനാഥത്വത്തിന്റെ ഒരു പോള ജീവിതം ഹൃദയംഗമമായി കാണിക്കാനുള്ള വെമ്പൽ എന്നെ കുപിതനാക്കിയെങ്കിലും ഞാൻ പറഞ്ഞില്ല. കാരണം, ജോൺ ജീവിതത്തെ സിനിമയാക്കിയും, സിനിമയെ കലയിൽനിന്ന് മാറ്റിപ്പിടിച്ചിരുന്നു. അത് ഒരുപക്ഷേ, അക്കാലത്തെ new wave സിനിമകളുടെ പ്രഖ്യാപിതമായ പാപവുമായിരുന്നു. ഞാൻ പാപം മറ്റു പലവിധത്തിലും ചെയ്യാനുണ്ടെന്ന് വിശ്വസിച്ചു: ഏതു സിനിമാടാക്കീസിനും എപ്പോൾ വേണമെങ്കിലും തീപിടിക്കാമെന്നു വിശ്വസിച്ചു. സിനിമ ഓടുമ്പോൾ സിനിമാടാക്കീസിനു തീപിടിക്കുന്നു...

അന്ന് പതിമൂന്നു പേജുള്ള തന്റെ പതിമൂന്നാമത്തെ തിരക്കഥ അവൻ നിലത്തു വിരിച്ചു. ഏതു വേണമെങ്കിലും എടുത്തു വായിക്കാം' എന്നു പറഞ്ഞു. വീണ്ടും ഒരു രാത്രി. തങ്കം അന്നും ജോൺ വന്നത് പ്രമാണിച്ച് ഒരു മെഴുകുതിരി കത്തിച്ചുവെച്ചു. അന്നും ഷീല ഉമ്മറത്ത് ഞങ്ങളുടെ അടുത്തു കിടന്നുറങ്ങി.

ജോൺ മുറ്റത്തുനിന്ന് ആകാശത്തെ നക്ഷത്രങ്ങൾ, അവയുടെ പ്രകൃതം, അവയുടെ ജീവിതം, സ്ഥലം ഒക്കെ പ്രവചിക്കാൻ തുടങ്ങി. കടലാസുകളിലൊന്ന് ഞാനെടുത്തു; മറ്റൊന്ന് തങ്കവും. ബാക്കി പതിനൊന്നു പേജുകളും അതേപോലെ ഞാൻ കമിഴ്ത്തിവെച്ചു. ഞാൻ എനിക്കു കിട്ടിയ കടലാസിലെ കഥ വായിക്കാൻ തുടങ്ങി... പക്ഷേ, ഇപ്പോൾ ആദ്യം ഞാൻ തങ്കത്തിനു കിട്ടിയ കടലാസിലെ കഥ പറയാം:

പുഴയുടെ സമീപമുള്ള വീട്ടിൽ നിന്ന് ഒരു രാവിലെ കരഞ്ഞുകൊണ്ടും പേടിച്ചും ഓടിവരുന്ന ഒരു സ്ത്രീ, അവളുടെ വീട്ടുമുറ്റത്തുനിന്ന് ചുറ്റും നോക്കി. പകലാണ്. വീട്ടുമുറ്റത്തെ മരക്കൊമ്പിൽ കണ്ട ഒരു കാക്കയെ അവൾ കല്ലെടുത്തെറിയുന്നതായി കാണിച്ചു. കാക്ക മേല്പോട്ടുയർന്ന് ആകാശത്തിൽ വേഗം അപ്രത്യക്ഷമായി. പിന്നെ കാണുന്നത് വീടിന്റെ അകം. അവിടെ ചോരയിൽ കുളിച്ച് മരിച്ചുകിടക്കുന്ന ഒരു പുരുഷനെ കാണാം. കത്തുന്ന നിലവിളക്കിൽ കാണാൻ കിട്ടുന്ന മുഖം, കണ്ണുകൾ, ചുണ്ടുകൾ, മരിക്കുന്നതേയുള്ളൂ — ഒരു ഞരക്കത്തോടെ അയാൾ എഴുന്നേറ്റിരിക്കാൻ ശ്രമിക്കുന്നുണ്ട്; കൈകൂപ്പി പ്രാർത്ഥിക്കാനും — പക്ഷേ, ഇതൊന്നും നമ്മെ ഭയപ്പെടുത്തുന്നില്ല. കാരണം, അനുഷ്ഠാനപരമായ പ്രവൃത്തികളുടെ നിരന്തരമായ ചില കാഴ്ചകൾ നമ്മൾ ഇതിനു മുൻപ് കാണുന്നുണ്ട്. ഉദാഹരണത്തിന്, അയാൾ ഒരു കോഴിയെ പിടിച്ച് ജീവനോടെ കൊല്ലുന്നത്. അതിന്റെ ഭീതിജനകവും ദുഃഖപൂർണ്ണവുമായ നിലവിളികൾ കേൾക്കുന്നുണ്ട്. ഒടുവിൽ തൂവലുകൾ, ഒരു കൊടുങ്കാറ്റിലെന്നോണം, തൂവലുകൾ എന്നാൽ ഒരു പത്തു കിലോ തൂവലുകൾ, മുറ്റത്തു വന്നുവീഴുന്നതു കാണുന്നുണ്ട്... ഇപ്പോൾ അയാൾ വേദനയോടെ ദേവിയെ സ്തുതിക്കുന്നുണ്ട്; തന്റെ കാമനയുടെ ലോകത്തെ പലതരം സ്ത്രീകളെപ്പറ്റി, പ്രണയിയും ശക്തിമതിയും ശാന്തയുമായ ദേവിയെപ്പറ്റിയൊക്കെ. എന്നാൽ, വിളക്ക് അണയുമ്പോൾ കാണുന്നത് വേറൊന്ന്: ഇപ്പോൾ അതേ പുരുഷശരീരം മുറ്റത്തേക്ക് വലിച്ചിടുന്നത് വേറൊരു ആൾ. അതുവരെയും കാണാത്ത ആൾ...

വാസ്തവത്തിൽ ആരാണ് മന്ത്രവാദി മരിച്ചുകഴിഞ്ഞ ആളോ അതോ ശവം വലിച്ചു പുറത്തുകൊണ്ടുവന്നിടുന്ന ആളോ എന്നു തീർച്ചയില്ല. എന്നാൽ, കരഞ്ഞുകൊണ്ട് മുറ്റത്തേക്കോടിയ സ്ത്രീയാണ് അഭിനേത്രി. മന്ത്രവാദി സിനിമാ ടാക്കീസിൽനിന്നും ആടിക്കൊണ്ടിരുന്ന കഥയിൽനിന്നും ആരുമറിയാതെ, പിടിച്ചുകൊണ്ടുവന്നവൾ.

അവൾ മുറ്റത്തുനിന്ന് തന്റെ വസ്ത്രങ്ങളിൽ പുരണ്ട പൊടിയും ചളിയും തുടച്ചുകളഞ്ഞു. മുടി അഴിച്ചുകെട്ടി. തീർച്ചയായും അതീവ സുന്ദരിയായിരുന്നു, അവൾ.

തങ്കം കഥയുടെ ആ പേജിൽനിന്നും മറ്റേതെങ്കിലും പേജിലേക്ക് ബാക്കി ഭാഗം തിരഞ്ഞുകൊണ്ട് എത്തുമെന്ന് ഞാൻ കരുതിയതാണ്. പക്ഷേ, പിന്നീടൊന്നും വായിക്കാതെ അവിടെത്തന്നെ ഇരുന്നു.

എനിക്കു കിട്ടിയ കഥാഭാഗവും ഞാൻ വായിച്ചുകഴിഞ്ഞിരുന്നു. അത് എന്താണെന്ന് തങ്കം ചോദിച്ചില്ല. ഞാൻ പറഞ്ഞുമില്ല. ജോൺ ആകട്ടെ, നക്ഷത്രങ്ങളുള്ള ആകാശം ഉപേക്ഷിച്ച് ഇപ്പോൾ മുറ്റത്ത്, നന്ത്യാർവട്ടത്തിനു താഴെ, വിരിയാനിരുന്ന പൂവിനെയും നോക്കിയിരിക്കുകയായിരുന്നു.

എല്ലാം അവന്റെ ശീലങ്ങൾ പോലെതന്നെ. പാതി ഉപേക്ഷിക്കുന്ന കഥ, പാതി പറയുന്ന സംഭാഷണം, വിരിയുമോ എന്നറിയാത്ത പൂവിനെ നോക്കി ഇരിപ്പ്, ജീവിതം ഒരു ദ്രാവകം പോലെയായിരുന്നു. എവിടെയാണോ അതായി ആകൃതിയും പ്രകൃതിയും; തളംകെട്ടി നില്ക്കുമ്പോഴും തുടർച്ചയായി പെയ്യുമ്പോഴും. പക്ഷേ, ആ സമയം എവിടെനിന്നോ വന്ന് ഞങ്ങൾക്കുമേൽ നിശ്ശബ്ദതയും പെയ്യാൻ തുടങ്ങി.

അത്രയും നിശ്ശബ്ദത, അത്രയും കഥ എന്റെയോ തങ്കത്തിന്റെയോ ജീവിതത്തിൽ പിന്നീടും വന്നിട്ടുണ്ട്. എന്നാൽ, അന്നത്തെ നിശ്ശബ്ദത, അതിനു മുൻപ് നടന്ന പ്രവൃത്തികൾ, അതായത് ജോൺ എത്തിയത്, തന്റെ കഥ എഴുതിയ കടലാസുകൾ നിലത്തു വിതറിയിട്ടത്, ഞാനും തങ്കവും ഓരോ പേജുകൾ എടുത്തു വായിക്കു

ന്നത്, മന്ത്രവാദി മരിച്ചുകിടക്കുന്നത്, സിനിമാനടിയെ മുറ്റത്തു കാണുന്നത്, മരക്കൊമ്പിലെ കാക്ക ആകാശത്ത് അപ്രത്യക്ഷമാകുന്നത്, നിലവിളക്ക് കത്തിനില്ക്കുന്നത്, ഒരാൾ ശവം വലിച്ചുകൊണ്ട് പുറത്തുകൊണ്ടു വന്നിടുന്നത്, മന്ത്രവാദി ഇടയ്ക്ക് ദേവിയെ സ്തുതിക്കുന്നത്, ജോൺ മുറ്റത്ത് പൂവിരിയുന്നത് കാത്തിരിക്കുന്നത്—എല്ലാം പിന്നീടു വന്ന നിശ്ശബ്ദതയുടെ പെട്ടിയിൽ സൂക്ഷിക്കാൻവെച്ച വസ്തുക്കൾ പോലെയായി.

ഒരു പെട്ടി, കറുത്തതും തോൽകൊണ്ട് ഉണ്ടാക്കിയതും, മദിരാശിയിൽ നിർമ്മിച്ചത്, ഞങ്ങളുടെ കൂടെയുണ്ടായിരുന്നു; വീടുമാറ്റങ്ങൾക്കൊപ്പം. ചിലപ്പോൾ പഴയതും പുതിയതും വസ്ത്രങ്ങൾ സൂക്ഷിക്കാൻ, ചിലപ്പോൾ ഞങ്ങളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സൂക്ഷിക്കാൻ, ചിലപ്പോൾ മിച്ചംവന്ന പൈസ സൂക്ഷിക്കാൻ. ഒരു ദിവസം ഷീലയെ ആ പെട്ടി കാണിക്കാൻ ഞാൻ നിശ്ചയിച്ചു. ഞങ്ങളുടെ പഴയ വീട്ടിൽ, അല്ലെങ്കിൽ അവസാനത്തെ വീട്ടിൽ, ഞാൻ ഒറ്റയ്ക്കായിരുന്നു അപ്പോൾ. ഷീല എന്നെ കാണാൻ വന്നതാണ്. അവൾ എനിക്ക് കൊണ്ടുവ

ന്ന ഒരു ജോടി വസ്ത്രങ്ങൾ — കള്ളികളുള്ള ഷർട്ട്, കോട്ടൺ പാന്റ്, തവിട്ടുനിറം — വെക്കാൻ ഓർമ്മിച്ചപ്പോൾ.

'പെട്ടി ഞാനെടുത്തു തരാം, അച്ഛാ,' ഷീല പറഞ്ഞു; 'വേണമെങ്കിൽ അതു തുറക്കാതെതന്നെ അതിലെ സാധനങ്ങളും ഞാൻ പറയാം.'

ഞങ്ങൾ ഇരുന്നിരുന്ന മുറിയിൽ, ഒരു മൂലയിൽ, പഴയൊരു തുണികൊണ്ട് മൂടിയിട്ട 'വസ്തു' ആ പെട്ടിയായിരുന്നു. ഷീല തുണിയോടെ വലിച്ച് പെട്ടി എന്റെ മുന്നിലേക്കു നീക്കി. ഞാൻ ഷീലയെ നോക്കി ചിരിച്ചു. 'പെട്ടിക്കുള്ളിലെന്താണെന്നു പറയട്ടെ' എന്ന് അവൾ ചോദിച്ചു. ഞാൻ പെട്ടിയെ മൂടിയിരുന്ന തുണിയെടുത്ത് ആദ്യം പുതച്ചു. തങ്കത്തിന്റെ പഴയ സാരിയായിരുന്നു അത്. വസ്തുങ്ങളും സ്മാരകങ്ങൾ തന്നെ. ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും മണങ്ങൾ ഉള്ളവ.

സാരിയുടെ ഒരറ്റം, എന്റെ കൈയിൽ കൊള്ളാവുന്നത്ര, എന്റെ കണ്ണുകളിൽ വെച്ചു... ഷീല എന്റെ അരികിൽ ഇരുന്നു, എന്നെ ഒരു കൈകൊണ്ടു പുണർന്നു, 'അമ്മയെ ഓർമ്മ വന്നുവല്ലേ?'' എന്നു ചോദിച്ചു. പിന്നെ അവൾ പെട്ടിക്കുള്ളിലെ സാധനങ്ങൾ എന്തൊക്കെയെന്നു പറഞ്ഞു;

ഒന്ന്: അച്ഛനും അമ്മയും കല്യാണം കഴിക്കാൻ രജിസ്ട്രാപ്പീസിൽ പോയ ദിവസം ധരിച്ച വസ്ത്രങ്ങൾ, ഒരു വെളുത്ത ഷർട്ട്, ഒരു ഡബിൾ മുണ്ട്, ചന്ദന നിറമുള്ള ഒരു സാരി, അതേ നിറത്തിൽ ബ്ലൌസ്, ഒരു കല്യാണക്കുറി — ഇവ കല്യാണത്തിന്റെ ഓർമ്മ.'

'രണ്ട്: പഴയ മൂന്നു മലയാളം മാസികകൾ. ഇപ്പോൾ പ്രസിദ്ധീകരിക്കാത്തവ. അക്കാലത്തെ എല്ലാ ഇടതുതീവ്രവാദി ബുദ്ധിജീവികളും ഇപ്പോഴും സൂക്ഷിക്കുന്നവ: യെനാൻ, പ്രസക്തി, പ്രേരണ.'

'മൂന്ന്: അമ്മ തല ചീകാൻ, പേനുകൾ എടുക്കാനും, ഉപയോഗിച്ച ഒരു പഴയ ചീർപ്പ്,'

'നാല്: ഒരു തുവാല, അത് ആരുടേതാണെന്ന് എനിക്കറിയില്ല. അതിൽ ചുവപ്പു നൂലിൽ തുന്നിച്ചേർത്ത ഒരു റോസാപ്പൂ — ഹി ഹി ഹി...'

'അഞ്ച്: ഒരു പഴയ ഫോട്ടോ; അച്ഛൻ, അമ്മ, ജോൺ അങ്കിൾ. അച്ഛനും അമ്മയും ഇരിക്കുന്നു. ജോൺ അങ്കിൾ നിങ്ങൾക്കു പിറകെ നില്ക്കുന്നു...'

'ആറ്: ഇനി രണ്ടു വസ്ത്രങ്ങൾകൂടി; ഒരു ജുബ്ബ, തവിട്ടുനിറം. അച്ഛന്റെയോ ജോൺ അങ്കിളിന്റെയോ. ഇതുവരെയും ആരും ധരിച്ചിട്ടില്ല എന്നു തോന്നും. ഇനി ഒരു കുഞ്ഞുടുപ്പ്, എന്റെ. ഞാനാദ്യം ധരിച്ച വസ്ത്രം...'

'ഏഴ്: കടലാസുകൾ, കടലാസുകൾ... എഴുതിയവ. അച്ചടിച്ചവ... കഴിഞ്ഞു...'

കഴിഞ്ഞുവോ?

ഒരുപക്ഷേ,

ആ പെട്ടിയെപ്പറ്റി ഷീല പറഞ്ഞില്ല. അത് ഓർമ്മിപ്പിച്ചപ്പോൾ ഷീല ചിരിച്ചു; 'മറന്നുപോയി, പാവത്തെ...'

ജോണിന്റെ തിരക്കഥയിൽ പ്രതേകിച്ച് കഥയൊന്നുമില്ലാത്തൊരാളുടെ ദൃശ്യം കടന്നുവരും: ഒരു തെരുവിൽ, അല്ലെങ്കിൽ പുഴക്കരയിൽ, അല്ലെങ്കിൽ സിനിമാ കൊട്ടകയ്ക്കു പുറത്ത്, ഒരു പെട്ടിയുടെ മീതെ ഇരിക്കുന്ന ആൾ; ഭ്രാന്തനാകണം. പലപ്പോഴും അത് വിദൂരദൃശ്യമാണ്. ഒടുവിൽ അയാളെ കാണില്ല. പെട്ടി മാത്രം കാണും. പെട്ടിയുടെ അടുത്ത് അത് തുറന്നുനോക്കാൻ ശ്രമിക്കുന്ന ഒരു സ്ത്രീയെ കാണും. അയാളുടെ ആരെങ്കിലുമാകണം. ഭ്രാന്തിയാകണം. പെട്ടി തുറക്കാൻ അവൾക്കാവില്ല. സമീപദൃശ്യമായിരുന്നു ആ കാഴ്ച; 'പെട്ടി തുറക്കാൻ അവൾ പലതവണ ശ്രമിക്കുന്നുണ്ട്. ഒപ്പം അവളുടെ നനയുന്ന കണ്ണുകളും...' കഥയിലെ 'ബ്ലാക് ബോക്സ്' എന്നാണ് ജോൺ ആ പെട്ടിക്ക് പേരിട്ടിരുന്നത്. ഒരുപക്ഷേ, കഥ മുഴുവനും ആ പെട്ടിക്കുള്ളിലായിരുന്നു.

(തുടരും...)

ഏഴ്

ഞങ്ങളുടെ നാട്ടിൽ ആദ്യത്തെ സിനിമാടാക്കീസ്, 'വിജയ,' വരുന്നത് 1968-ലാണ്. ആ കാലം, അറുപതുകൾ, ലോകത്തെ പലയിടത്തും പ്രധാന വർഷങ്ങൾ തന്നെയായിരുന്നു. വിയറ്റ്നാമിൽ ഒരുസംഘം കമ്യൂണിസ്റ്റ് വിപ്ലവകാരികൾ അമേരിക്കയുടെ സ്ഥാനപതികാര്യാലയം പിടിച്ചുവെച്ചു, മാവോ പീക്കിങ്ങിലുണ്ട്, സാർത്ര് പാരിസിലുണ്ട്, ഇന്ത്യയിൽ പലയിടത്തും നക്സലൈറ്റുകളുമുണ്ട്. പക്ഷേ, ഞാൻ കണ്ടത് വിജയാ ടാക്കീസിലെ ഷീലയെയും ശാരദയെയുമായിരുന്നു. അക്കാലത്ത് അവരോളം സുന്ദരികളായ സ്ത്രീകൾ ഉണ്ടായിരുന്നില്ല. ആ കാലത്ത് അവരെ ഓർത്ത് പകൽ എനിക്ക് പനി വന്നിരുന്നു. രാത്രിയിൽ സിനിമയ്ക്കു പോകാൻ പറ്റാത്ത ദിവസങ്ങളിൽ രാത്രി മാത്രം വരുന്ന പനിയുണ്ടാകും. സിനിമയ്ക്കു പോകുന്ന രാത്രി, പകൽ മുഴുവൻ ഉണ്ടായിരുന്ന പനി, ടാക്കീസിലേക്കുള്ള യാത്രയിൽ, കൂടാൻ തുടങ്ങും: ഒരു വലിയ വയ്ക്കോൽപ്പുര, സിനിമാ ടാക്കീസ്, അത്ര കഠിനമായി എന്റെ ഓർമ്മയിൽ ദൈവങ്ങളേക്കാളും അവരുടെ അമ്പലങ്ങളേക്കാളും ഉണ്ടായിരുന്നു. അങ്ങനെയായിരുന്നു, അത്. കരുണാമയരായ ദൈവങ്ങൾ, നടിമാരുടെയും നടന്മാരുടെയും രൂപത്തിൽ കരഞ്ഞും ചിരിച്ചും ആ വയ്ക്കോൽപ്പുരയിൽ താമസിച്ചു. അതാകട്ടെ, എപ്പോൾ വേണമെങ്കിലും തീപിടിക്കും. അല്ലെങ്കിൽ മഴയിൽ തകർന്നടിഞ്ഞ് പുഴയിലേക്കും അവിടെനിന്ന് കടലിലേക്കും അത് ഒലിച്ചുപോകും. രണ്ടു ദുരന്തങ്ങളിലും ആ വയ്ക്കോൽപ്പുരയ്ക്കുള്ളിൽ ഞാനുണ്ടാകും — കഥയില്ലെങ്കിലും.

ജോൺ പറഞ്ഞ സന്ദർഭം ഇങ്ങനെയായിരുന്നു; തന്റെ ഭർത്താവിനെ, മന്ത്രവാദിയെത്തന്നെ, സിനിമാടാക്കീസിന്റെ വെള്ളിത്തിരയിൽനിന്നും തട്ടിക്കൊണ്ടുവന്ന നടിയുമായി അവരുടെ വീട്ടിലെ കിടപ്പുമുറിയിൽ കണ്ട രാത്രി, കലിയും സങ്കടവുമായി അയാളുടെ ഭാര്യ അടുപ്പിൽനിന്നും എടുത്ത കത്തുന്ന ഒരു തീക്കൊള്ളിയുമായി സിനിമാടാക്കീസിലേക്ക് ഓടി. അവൾ ആരുമറിയാതെ ആ വയ്ക്കോൽപ്പുരയുടെ ഒരു മൂലയിൽ നിന്നു, തന്റെ ചുണ്ടിലെ കൊടുങ്കാറ്റിൽ നിന്നും തീക്കൊള്ളിയിൽ തീപാറിച്ച് വയ്ക്കോൽപ്പുരയ്ക്ക് തീവെച്ചു.

'തീ,' ജോൺ പറഞ്ഞു: 'തീ കത്തുന്ന ടാക്കീസ് ഒരു ദേവതയെപ്പോലെ. പുകപടലങ്ങളുടെ ആകാശത്ത് രത്നപ്രഭയോടെ നില്ക്കുന്ന ദേവത.'

ജോൺ, തങ്കം കത്തിച്ചുവെച്ച മെഴുകുതിരിക്കു മുന്നിൽ കൈകൾ കൂപ്പി, കണ്ണുകളടച്ചു നിന്നു.

അവൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും കഥയായിരുന്നു. അതെല്ലാം ഭാവനയിലെ തിരകൾ എന്നപോലെ വരുകയും ഒടുങ്ങുകയും ചെയ്തു.

കത്തുന്ന സിനിമാടാക്കീസ് പുകച്ചുരുളുകളായി, തീപടർത്തി, ആകാശത്തു തന്നെ നഷ്ടപ്പെട്ടു; 'അവൾ തീക്കൊള്ളി ഉപേക്ഷിച്ച് വീട്ടിലേക്ക് ശാന്തയായി നടന്നു.' ജോൺ മന്ത്രവാദിയുടെ ഭാര്യയെപ്പറ്റി പറഞ്ഞു;

'ഒരുപക്ഷേ, എന്റെ സിനിമയിലെ അതുവരെയുള്ള നടത്തത്തിൽ ഇത്രയും ശാന്തവും ഭംഗിയുമുള്ള സ്ത്രീചലനമില്ല. കാരണം, അവൾ സിനിമ ഉപേക്ഷിച്ചിരുന്നു. ജീവിതത്തെ കഥയാക്കില്ല എന്ന് നിശ്ചയിച്ചിരുന്നു.'

ജോൺ എന്നെ നോക്കി പറഞ്ഞു: 'എന്റെ ചങ്ങാതീ, എനിക്കും നിനക്കും പറഞ്ഞിട്ടില്ലാത്ത പ്രവൃത്തിയാണത്.'

എന്നാൽ, കഥ ജീവിതംതന്നെ എന്ന് ആ രാത്രിയിൽത്തന്നെ ഞാൻ വിശ്വസിച്ചു. തങ്കം പതുക്കെ എഴുന്നേറ്റ് മുറ്റത്തെ കിണറ്റിൻകരയിലേക്ക് നടന്നു. കിണറ്റിൽനിന്നും വെള്ളം കോരി വസ്ത്രങ്ങളോടെതന്നെ നിന്ന് ശിരസ്സിലൂടെ ഒഴിച്ചു, ഒരുപക്ഷേ, അങ്ങനെ മൂന്നു തവണ. ഞാൻ കിണറ്റിൻകരയിലേക്ക് ഓടിച്ചെന്നു. അവളെ എന്നോടു ചേർത്തുപിടിച്ചു. അവൾക്ക് അത്രയും ചുട്ടുപൊള്ളുന്നുണ്ടാകുമോ എന്ന് ഭയന്നു. ആ നിമിഷംതന്നെ തണുത്ത ഒരു ലോഹവിഗ്രഹത്തിലാണ് ഞാൻ തൊട്ടത് എന്ന് എനിക്കു തോന്നി... ജോൺ ഈ സമയം അവളുടെ തല തുടയ്ക്കാനായി ഒരു തോർത്തുമുണ്ട് എനിക്കെറിഞ്ഞു തന്നു. ഞങ്ങളുടെ മകൾ, ഷീല ഇതെല്ലാം കണ്ട് വീട്ടുമുറ്റത്ത് നില്പുണ്ടായിരുന്നു. കഥയിൽ മറന്നുപോയ ആളെപ്പോലെ... അവളാകട്ടെ ഞങ്ങളുടെ കഥയിൽ ചുറ്റി നടക്കുന്നപോലെയും. അല്ലെങ്കിൽ ഇങ്ങനെ സ്തംഭിച്ചുനിന്നവൾ.

'ജോൺ അങ്കിൾ', ഷീല ജോണിനോട് ചോദിച്ചു;

'അമ്മക്ക് എന്താ?'

ജോൺ അവളുടെ അരികിൽ കൈകൾ പിടിച്ച് കുനിഞ്ഞിരുന്നു.

'അങ്കിൾ ഒരു കഥ പറയുകയാണ്, അമ്മ അതിൽ അഭിനയിക്കുകയും ചെയ്യുന്നു.

ഷീല ചിരിച്ചു.

'എന്തു കഥ?'

ജോൺ കഥ മാറ്റിപ്പറഞ്ഞു;

'കിണറ്റിൽ ഒരു സിംഹം വേറൊരു സിംഹത്തിനെ കണ്ടത്.'

പഴയ കഥ. കാടും മൃഗങ്ങളും മൃഗരാജാവുമുള്ള കഥ ജോൺ നീട്ടിയും കുറുക്കിയും ഒച്ചയുണ്ടാക്കിയും പറയുമ്പോൾ ഞാൻ തങ്കവുമായി കിടപ്പുമുറിയിൽ ഇരുന്നു. ഒരു സമയം ഞാൻ അവളെ നെറുകിൽ ഉമ്മവെച്ചു...

ഉമ്മറത്ത് ജോൺ സിംഹമോ കുറുക്കനോ ആയി. അല്ലെങ്കിൽ ഒരു കാട്ടുമൈന. കുറെ കഴിഞ്ഞു് രാത്രിയിലെപ്പോഴോ ഞാൻ ഉമ്മറത്തേക്ക് ചെന്നു. വരാന്തയിൽത്തന്നെ ജോൺ കിടന്നിരുന്നു. അവന്റെ നെഞ്ചിൽ കഥകളിൽത്തന്നെ എന്നപോലെ മകളും... ഞാൻ ഷീലയെ അവന്റെ നെഞ്ചിൽനിന്നുമെടുത്ത് കിടപ്പുമുറിയിലേക്കു ചെന്നു. തങ്കം ചുവരിലേക്ക് നോക്കി ചരിഞ്ഞു കിടക്കുകയായിരുന്നു. അവൾ, തിരിഞ്ഞ്, ഞങ്ങളെ നോക്കി പുഞ്ചിരിച്ചു... ആ സമയം മുതൽ ശാന്തമാകാൻ തുടങ്ങിയ എന്റെ മനസ്സിനെ ഞാൻ മറച്ചുപിടിച്ചു. 'മോൾ ഉറങ്ങിയിരുന്നു.' ഞാൻ ഷീലയെ തങ്കത്തിന്റെ അരികിൽ കിടത്തി, കട്ടിലിൽ ഇരുന്നു. തങ്കം ചോദിച്ചു; 'ജോൺ പോയോ?' 'ഇല്ല,' ഞാൻ പറഞ്ഞു; 'നല്ല ഉറക്കമാണ്.' തങ്കം കട്ടിലിൽ നിന്നെഴുന്നേറ്റു; 'ജോണിനോട് പോകാൻ പറയണം, ഇനി ഇവിടെ വരരുതെന്നും...

ഞാൻ തങ്കത്തെ നോക്കി. അവളുടെ കണ്ണുകളിൽ അലിവിന്റെയോ മടുപ്പിന്റെയോ നനവു പടർന്നിരുന്നു. ഞാൻ അവളോട് 'കണ്ണുകളടച്ച് ഉറങ്ങിക്കോളൂ' എന്നു

പറഞ്ഞു. എന്നാൽ, 'ഈ രാത്രിതന്നെ ജോണിനെ പറഞ്ഞയയ്ക്കണം' എന്ന് അവൾ ശഠിച്ചു. അവൻ ഒരു മന്ത്രവാദി മാത്രമാണെന്നും സിനിമക്കാരനല്ലെന്നും പറഞ്ഞു.

'രാമു പറയുന്നില്ലെങ്കിൽ ഞാൻ പോയി പറയാം.'

തങ്കം കട്ടിലിൽ നിന്നെഴുന്നേറ്റ് മുറിയുടെ പുറത്തേക്കിറങ്ങി. ഞാൻ തടഞ്ഞില്ല. അവൾക്കു പിറകെ ഉമ്മറത്തേക്ക് ചെന്നു. എനിക്കറിയാമായിരുന്നു, ജോൺ ഇതിനകം അപ്രത്യക്ഷനായിരിക്കുമെന്ന്. രണ്ടാമതൊന്നുകൂടി എനിക്കറിയാമായിരുന്നു, ഇപ്പോൾ ജോൺ തെരുവിലെ ഏതെങ്കിലും കടത്തിണ്ണയിലായിരിക്കുമെന്നും.

ഉറങ്ങാതിരിക്കുന്ന ഒരു യാചകിയോട് തന്റെ സിനിമാക്കഥ പറയുകയായിരിക്കുമെന്നും.

ഞാൻ സങ്കല്പിച്ചതെല്ലാം ശരി; ജോൺ അപ്രത്യക്ഷനായിരുന്നു. തെരുവിലെത്തിയിരുന്നു. ഉറങ്ങാതിരുന്ന യാചകിയോട് സിനിമാക്കഥ പറയുകയായിരുന്നു... ഇതൊന്നും അവൻ എന്നോട് പറഞ്ഞതല്ല. ഞങ്ങളുടെ ഒരു സുഹൃത്തിനോട് പറഞ്ഞതാണ്. ജോൺ പറഞ്ഞു; 'ആ രാത്രി രാമു എന്റെ നെഞ്ചിൽ നിന്നും ഷീലയെ എടുത്തുകൊണ്ടുപോയി. തങ്കം എന്റെ കഥ വെറുത്തു. ഞാൻ തെരുവിലേക്ക് ഓടി. അവിടെ കടത്തിണ്ണയിൽ ഒരു യാചകിയോടൊപ്പം ഇരുന്നു. അവൾക്ക് നക്ഷത്രങ്ങൾ വിരിഞ്ഞ ആകാശം വർണ്ണിച്ചുകൊടുത്തു. അവൾ മുത്തുകൾ പൊഴിക്കുന്നതുപോലെ ചിരിച്ചു...'

പിന്നെ ജോൺ പൊട്ടിക്കരഞ്ഞുവത്രേ, ഒരു കുട്ടിയെപ്പോലെ.

'അന്ധയായിരുന്ന ആ യാചകി എന്നോട് അവളുടെ മടിയിൽ കിടക്കാൻ പറഞ്ഞു, ഉറങ്ങാനും. ഇനി മുതൽ ആകാശത്തേക്ക് നോക്കില്ല എന്ന് അവൾ എന്നെക്കൊണ്ട് ശപഥം ചെയ്യിച്ചു...'

ജോൺ വിലപിച്ചു; 'ഇനി ഞാൻ എങ്ങനെ ആകാശം നോക്കും? നക്ഷത്രങ്ങൾ കാണും?...'

സുഹൃത്ത് ഇതെല്ലാം ഞങ്ങളോടു പറയുമ്പോൾ ഞാൻ തങ്കത്തിനെ നോക്കുകയായിരുന്നു. അവൾ, പകരം, കഥ കേൾക്കുന്നപോലെയും. ഷീല ജോൺ അങ്കിളിനെ വിളിക്കണമെന്ന് ശാഠ്യം പിടിച്ചു. തീർച്ചയായും' എന്ന് ഞാനവൾക്ക് വാക്കു കൊടുത്തു. സുഹൃത്ത് പറഞ്ഞു;

'ആ രാത്രിതന്നെ ജോൺ അവന്റെ പതിമൂന്നാമത്തെ സിനിമാക്കഥ കത്തിച്ചുകളഞ്ഞു. യാചകിയെ ഉമ്മവെച്ച് യാത്ര പറഞ്ഞു. ആദ്യം വന്ന ബസ്സിൽ കയറിപ്പോയി...'

തങ്കത്തിന്റെ കണ്ണുകൾ നിറഞ്ഞു. കുറച്ചുനേരം അങ്ങനെ ഇരുന്ന് അവൾ കിണറ്റിൻകരയിലേക്ക് പതുക്കെ നടന്നു... ആ രാത്രിയിലും അവൾ, വസ്ത്രങ്ങളോടെ, തലയിൽ വെള്ളം കോരി ഒഴിക്കുവാൻ പോകുകയാണെന്ന് എനിക്കറിയാമായിരുന്നു...

ഇപ്പോൾ ആകാശത്തേക്കു നോക്കാൻ ഞാനാണ് ഭയപ്പെട്ടത്.

എട്ട്

ഒരു ഉച്ചയ്ക്ക് കോട്ടയം റെയിൽവേസ്റ്റേഷനിൽ ഒരു മതിലിനോടു ചേർന്ന് കാലുകൾ നീട്ടിയിരിക്കുന്ന ജോണിനെ ഞങ്ങൾ, ഞാനും സത്യനും ഷാജിയും, കണ്ടുപിടിക്കുമ്പോൾ മുപ്പത്തിമൂന്നു ദിവസങ്ങൾ കഴിഞ്ഞിരുന്നു. മുപ്പത്തിമൂന്നു ദിവസവും അവൻ ആകാശം നോക്കാതെയും കഴിഞ്ഞിരിക്കണം, കണ്ണുകൾ പാതി അടഞ്ഞുതന്നെ കിടന്നു.

അവൻ നാടകീയമായ തിരോധാനത്തെ ആദ്യം വാഴ്ത്തി; 'എല്ലാ തെണ്ടികളെയും ഉപേക്ഷിച്ച്, അല്ലെങ്കിൽ എല്ലാ തെണ്ടികളെയും സമ്പന്നരും സൽസ്വഭാവികളുമാക്കി തെണ്ടിയുടെ രാജാവ് മൺമറഞ്ഞു.'

'അങ്ങനെയല്ലേ പറയുക?' ജോൺ ഞങ്ങളോട് ചോദിച്ചു; 'രാജാക്കന്മാരുടെ മരണത്തെപ്പറ്റി.'

ഷാജി പറഞ്ഞു; 'ജോണിന് തെറ്റി, തീപ്പെട്ടു എന്നാണ് പറയുക.'

ജോൺ തീപ്പെട്ടി ചോദിച്ചു.

ആ പകൽ പക്ഷികളുടെ കൂടെ കഴിയണമെന്നു പറഞ്ഞ് അവനോടൊപ്പം ഞങ്ങൾ കുമരകത്തു പോയി. വൃദ്ധയായ യാചകിക്കു കൊടുത്ത വാക്ക് തെറ്റിക്കാൻ തീരുമാനിച്ചു എന്നു പറഞ്ഞു. ആകാശം ശൂന്യമായതുകൊണ്ടും ദൈവം ഇല്ലാത്തതുകൊണ്ടും ശപഥം പാലിക്കേണ്ടതില്ല എന്നു പറഞ്ഞു. കായലിൽ വെയിൽ വീഴുന്നത്, ഒരു തോണി ആരുമില്ലാതെ നീങ്ങുന്നത്, ഒരു വലിയ മരത്തിൽ ഏകാകിയായി കഴിയുന്ന ഒരു പക്ഷിയുണ്ടെന്ന് കണ്ടെത്തുന്നത്, ഒക്കെ അവൻ തന്റെ സിനിമയിലേക്കെന്നപോലെ പകർത്തി; സിനിമ മനുഷ്യരുടെ കലയാണെങ്കിലും അതിൽ മറ്റു ജീവജാലങ്ങളും വന്നുപെടുന്നത് അവയുടെ കാരണങ്ങൾകൂടി തന്നുകൊണ്ടാണെന്ന് എനിക്ക് തോന്നുകയായിരുന്നു. കായലിലൂടെ ഞങ്ങളുടെ അരികിലേക്ക് പതുക്കെ ഒഴുകിവന്ന ആരുമില്ലാത്ത തോണി ജോൺ പിടിച്ചടക്കുമ്പോൾ, നീണ്ട ഒരു കൂവലോടെ അതിൽ കയറി കായലിനു നടുവിലേക്ക് അതിവേഗം തുഴഞ്ഞു നീങ്ങുമ്പോൾ, പെട്ടെന്ന് മരങ്ങളിൽ ഉണ്ടായിരുന്ന പക്ഷികളെല്ലാം അപകടസൂചനപോലെ ഉറക്കെ ചിലയ്ക്കാൻ തുടങ്ങിയത് എന്നെ സ്തബ്ധനാക്കി.

ജോൺ മരിക്കാൻ തീരുമാനിച്ചതുപോലെ തോന്നി. അവൻ കായലിൽ മുങ്ങിമരിക്കും. ഞാൻ സത്യനെയും ഷാജിയെയും നോക്കി. അവരും പക്ഷികളുടെ കൂട്ടനിലവിളിയിൽ സ്തബ്ധരായിത്തന്നെ നില്ക്കുകയായിരുന്നു. ഞാൻ പറഞ്ഞു: 'സത്യാ, ജോൺ മരിക്കാൻ പോവുകയാണ്.' ജോൺ കായലിന്റെ നടുവിൽനിന്ന് ഞങ്ങളെ നോക്കി കൈവീശി... ഷാജി കായലിലേക്ക് ചാടി അവനു നേരെ നീന്താൻ തുടങ്ങി. പിന്നെ അതേ വഴിയിൽ തുഴഞ്ഞുനിന്നു; 'എന്റെ കാലുകളും കൈകളും തളരുന്നു.' എനിക്ക് പേടി വർദ്ധിച്ചു. പക്ഷികൾ ഇപ്പോൾ നിശ്ശബ്ദരായിരിക്കുന്നു. ആകാശം നീലനിറത്തിലായിരിക്കുന്നു... ഇപ്പോൾ സത്യൻ വെള്ളത്തിൽ മുങ്ങിമരിക്കാൻ പോകു

ന്ന ഷാജിക്കു നേരെ നീന്താൻ തുടങ്ങിയിരുന്നു... ഇനി എന്റെ ഊഴമാണ്... ഞാൻ അരയോളം വെള്ളത്തിൽ മരണഭയത്തോടെ നിന്നു... ആ സമയം ഞങ്ങളെയൊക്കെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരാൾ കായലിൽ വേറൊരിടത്ത് പ്രത്യക്ഷപ്പെട്ടു. അഥവാ, അയാൾ അത്രയും സമയം വെള്ളത്തിനടിയിലോ ആകാശത്തോ വെയിലിലോ ഉണ്ടായിരുന്നു.

ആദ്യം അയാൾ ജോണിനു നേരെ തുഴഞ്ഞുചെന്നു. തോണിയോടൊപ്പം വെള്ളത്തിലേക്ക് മുങ്ങിപ്പോയ അവൻ ഇപ്പോൾ കായലിൽ അവന്റെ മരണത്തോടൊപ്പമായിരുന്നു. അവനെ അയാൾ തോണിയിലേക്ക് എടുത്തിട്ടു ഷാജിയുടെ അരികിലേക്ക് തോണിയുമായെത്തി. അവനെയും രക്ഷിച്ച അയാൾ സത്യനു നേരെ കൈ നീട്ടി അവനെയും തോണിയിലിരുത്തി കരയിലേക്ക് തുഴഞ്ഞു. ഓരോരുത്തരെയും കരയിലിറക്കി അയാൾ ഞങ്ങളെ കൌതുകത്തോടെ നോക്കി അതേ തോണിയിൽ കായലിലേക്കുതന്നെ മടങ്ങി... മടക്കത്തിൽ കായലിലൊരിടത്ത് തോണി ഉപേക്ഷിച്ച് അയാൾ വെള്ളത്തിൽ അപ്രത്യക്ഷനായി... ഒരുപക്ഷേ, കടലിൽ പൊന്താൻ എന്നോണം. ഒരു കഥയിലോ സിനിമയിലോ എന്നപോലെ ഈ സംഭവം പിന്നീട് പലപ്പോഴും ഞാൻ ഓർത്തു, വർണ്ണിച്ചു. എന്റെ അത്രയും ജീവിതത്തിൽ ഞാൻ കണ്ട ഏകാന്തവും ധീരവുമായ രക്ഷാപ്രവർത്തനമായിരുന്നു അത്. ഇപ്പോഴും അങ്ങനെ വിശ്വസിച്ചു.

ഞങ്ങൾ കായൽക്കരയിൽ, ഇപ്പോൾ, പതുക്കെ വീണ്ടും ചിലയ്ക്കാൻ തുടങ്ങിയ പക്ഷികളുടെ ഒച്ച കേട്ട് നിശ്ശബ്ദരായി ഇരുന്നു. അവയുടെ ശബ്ദത്തിലെ സ്വരവ്യത്യാസം കേട്ടു. കുറേക്കഴിഞ്ഞ് ജോൺ ഒരു പ്രാർത്ഥനപോലെ പറഞ്ഞു; 'സങ്കടങ്ങളുടെ കായലിൽനിന്ന് നീ എന്തിനെന്നെ രക്ഷപ്പെടുത്തി എന്ന് ഞാൻ ചോദിക്കുന്നില്ല. നീ ഞങ്ങൾക്കുവേണ്ടി കാണിച്ചതന്ന രക്ഷാപ്രവർത്തനം ഞാനും എന്റെ ഈ ചങ്ങാതികളും ഈ മരക്കൊമ്പുകളിലെ പക്ഷികളും അല്ലാതെ എത്രപേർ ഇതിനകം കണ്ടിട്ടുണ്ടാകും എന്നും ഞാൻ ചോദിക്കുന്നില്ല. പകരം ഒന്നു മാത്രം ചോദിക്കുന്നു; എന്റെ പതിമൂന്നാമത്തെ സിനിമാക്കഥയിലേക്ക് ഇത്രയും കാഴ്ച പകർത്താൻ നീ അനുവാദം തരണം...'

ജോൺ കണ്ണുകളടച്ച്, ചെവി കൂർപ്പിച്ച് പിന്നെയും പലതും പറഞ്ഞു. എനിക്ക് അവന്റെ കഥയിലെ മന്ത്രവാദിയെ ഓർമ്മ വന്നു.

രാത്രി കോട്ടയത്ത് ആർപ്പൂക്കരയിലെ ലോഡ്ജിൽ, നക്സലൈറ്റുകൾ താമസിച്ചിരുന്ന മുറിയിൽ ഞങ്ങൾ അന്തിയുറങ്ങി. അതിരാവിലെ ആരോടും യാത്ര പറയാതെ ഞാൻ റെയിൽവേസ്റ്റേഷനിലേക്ക് നടക്കാൻ തുടങ്ങി. വഴിയിൽ വെച്ച് രണ്ടു പൊലീസുകാർ എന്നെ പിടിച്ചു. അതിനും ഏതാനും മണിക്കൂറുകൾക്കു മുൻപ് ഇന്ത്യയിൽ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു. ഞാൻ, അല്ലെങ്കിൽ ഞങ്ങളാരും അറിഞ്ഞിരുന്നില്ല. ഒരു ബാത്ത്ടബ്ബിൽ കിടന്നുകൊണ്ട് വാതിലിലൂടെ നീണ്ട കൈകളിലേക്ക് ഒരു കടലാസ് നല്കിക്കൊണ്ട് ഇനി എന്തെങ്കിലും ഒപ്പിടേണ്ടതുണ്ടോ എന്നു ചോദിക്കുന്ന രാഷ്ട്രപതിയെ വരച്ച അബു എബ്രഹാമിന്റെ കാർട്ടൂൺ പിന്നീടെപ്പോഴോ കാണുകയും ചിരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ആ രാവിലെ രണ്ടു പൊലീസുകാരോടൊപ്പം നില്ക്കുമ്പോൾ എനിക്ക് ചിരി വന്നു. ഞാൻ നുണ പറയുമെന്ന് എനിക്ക് ഉറപ്പായിരുന്നു. ഞാൻ പറഞ്ഞു; 'വീട്ടിൽനിന്നും വരുന്നു. അടുത്തുള്ള ശിവക്ഷേത്രത്തിലേക്ക് പോവുകയാണ്. അവിടത്തെ മാലകെട്ടുന്ന ആളാണ്.'

പൊലീസുകാരിലൊരാൾ എന്റെ കൈപിടിച്ച് കൈപ്പത്തി മലർത്തിനോക്കി; 'ഒരു ദിവസം എത്ര മാലകൾ കെട്ടുമെടാ' എന്ന് ചോദിച്ചു. 'ഇന്നു മുതൽ അടിയന്തരാവസ്ഥയാണ്' എന്നു പറഞ്ഞു. 'അതിനാൽ കൈകൾ തലയിൽ കെട്ടി റോഡ് മുറിച്ചുകടന്ന് വേഗം അമ്പലത്തിലെത്താൻ നോക്ക്, തിരിഞ്ഞുനോക്കരുത്' എന്നു പറഞ്ഞു.

ഞാൻ കൈകൾ തലയിൽ കെട്ടി റോഡ് മുറിച്ചുകടന്നു, തിരിഞ്ഞുനോക്കാതെ.

ദൈവം നുണകളുടെയും ഉടമയാകുന്നു. വേറൊരു വഴിയിലൂടെ ഞാൻ ജോണും സുഹൃത്തുക്കളും താമസിച്ചിരുന്ന മുറിയിൽ വീണ്ടുമെത്തി. ജോൺ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൻ എന്നെ കണ്ടതും ഓടി വന്നു. കെട്ടിപ്പിടിച്ചു. 'നീയും എന്നെ കൈവിട്ടുവോ' എന്നു ചോദിച്ചു. ജോൺ ഭയന്നിരുന്നു എന്നു തോന്നി.

'എന്തുപറ്റി ജോൺ?'

'എല്ലാവരും ഒളിച്ചുകഴിഞ്ഞു. ഇന്ദിരാഗാന്ധിയെ പേടിച്ച്, പൊലീസിനെ പേടിച്ച്.'

'നീയോ ജോൺ?'

'ഞാൻ നക്സലൈറ്റല്ലല്ലോ.'

'എന്നെ പൊലീസുകാർ തടഞ്ഞു. ഒരുപക്ഷേ, അവർ ഈ മുറിയിലെത്തും.'

'നമ്മൾ നക്സലൈറ്റുകളല്ല, ഞാൻ ഇന്ദിരാഗാന്ധിയുടെ കൂടെയാണ്.'

'ഈ സമയത്തോ?'

'ഈ സമയം മുതൽ.'

ജോൺ മുറി വിട്ട് വരാന്തയിലെത്തി, റോഡിലേക്കു നോക്കി. എട്ടു മണിയായിക്കാണും, റോഡിൽ അപ്പോഴും ആരും ഉണ്ടായിരുന്നില്ല. എങ്കിലും ജനസമുദ്രമായ ഒരു സ്ഥലമാണതെന്ന വിധത്തിൽ ജോൺ അങ്ങനെ വരാന്തയിൽ നിന്ന് 'ഇന്ദിരാഗാന്ധി നീണാൾ വാഴട്ടെ!' എന്ന് ഉറക്കെ പറഞ്ഞു: 'അച്ചടക്കം വളരെ പ്രധാനമാണ്. നാവ് അടക്കണം. സ്വാതന്ത്ര്യം എന്നാൽ മിണ്ടാതിരിക്കലാണ്.'

ആരും കേൾക്കാനില്ല. ഞാൻ ജോണിനെ നോക്കി. അവൻ വാസ്തവത്തിൽ കരയുകയായിരുന്നു. രണ്ടാമതും അവൻ ഇന്ദിരാഗാന്ധിക്ക് ജയ് വിളിക്കാൻ തുടങ്ങിയതും ഞാൻ അവനെ കടന്നുപിടിച്ചു. വായ പൊത്തി. അവൻ നിയന്ത്രണംവിട്ട് പൊട്ടിക്കരഞ്ഞു...

ജോൺ കരഞ്ഞത് പുലർച്ചെതന്നെ അവന്റെ കൂടെ ഉണ്ടായിരുന്ന മൂന്നു പേരെ (രവി, ചന്ദ്രൻ, ഹംസ), നക്സലൈറ്റുകളായിരുന്നു അവർ മൂന്നു പേരും, മഫ്തിയിൽ വന്ന പൊലീസുകാരായിരിക്കണം, രണ്ടു പേർ വന്ന് പിടിച്ചുകൊണ്ടുപോയിരുന്നു.

'നിന്നെ അവർ കണ്ടില്ലേ?

'എനിക്കറിയില്ല.'

'നീ എവിടെയായിരുന്നു?'

'എനിക്കറിയില്ല.'

ആ മൂന്നു പേരെയും കൊന്ന് കായലിൽ താഴ്ത്തിയിട്ടുണ്ടാകും എന്ന് ജോൺ പറഞ്ഞു. ഞാൻ ജോണുമായി, മുറി പൂട്ടി, താക്കോൽ ലോഡ്ജിന്റെ സൂക്ഷിപ്പുകാരനായ വേലായുധനെ ഏല്പിക്കാനെത്തി. വേലായുധൻ പറഞ്ഞു: 'ഈ കത്ത് നിങ്ങളെ ആരെയെങ്കിലും കാണിക്കണമെന്നു പറഞ്ഞ് ഹംസ തന്നതാണ്.' ആ കത്ത് വാങ്ങിക്കരുത് എന്ന് ജോൺ എന്നെ വിലക്കി.

'അത് മരണത്തിന്റെ മുന്നറിയിപ്പാണ്.'

വേലായുധൻ കത്ത് എനിക്ക് തന്നു; 'എങ്കിൽ നിങ്ങൾ വായിക്കു.'

ഞാൻ ജോൺ കേൾക്കാൻകൂടി കത്ത് ഉറക്കെ വായിച്ചു; 'അറിയാമല്ലോ, കാര്യങ്ങൾ. ഞങ്ങൾ രക്ഷപ്പെടുകയാണ്. നാട്ടിലില്ല, ഇനി. ജോണിനോട് പറഞ്ഞിട്ടില്ല. വിപ്ലവം ജയിക്കട്ടെ.'

എനിക്ക് അത്ഭുതമായി. ഞാൻ വേലായുധനോട് ചോദിച്ചു; 'അപ്പോൾ വന്നതു പൊലീസുകാരല്ലേ?' വേലായുധൻ പറഞ്ഞു: 'അല്ല, സഖാക്കൾ.'

ജോൺ ആർത്തുചിരിച്ചുകൊണ്ട് വേലായുധനെ കെട്ടിപ്പിടിച്ചു. 'എന്തുകൊണ്ട് എന്നോടിതു പറഞ്ഞില്ല, സഖാക്കളെ കാണാൻ ഞാൻ ഉറങ്ങാതെ ഇരിക്കുമായിരുന്നല്ലോ' എന്നു പറഞ്ഞു. 'ജോൺ പോയാൽ ആരു സിനിമയെടുക്കും' എന്നാണ് ഹംസ പറഞ്ഞത്, 'അവൻ ഉറങ്ങിക്കോട്ടെ' എന്ന്.

ജോൺ അവിടെ ഒരു കളം സങ്കല്പിച്ച് ചുവടുകൾ വെച്ചു. പ്രസിദ്ധമാകാവുന്ന ഒരു വരികൂടി വീണ്ടും പറഞ്ഞു: 'ഒരു സിനിമ തരു, എനിക്ക് ഒളിച്ചിരിക്കാനാണ്...' എന്നാൽ, ആ നിമിഷം അവൻ പടച്ചുണ്ടാക്കിയ പാട്ട് ഇടയ്ക്കൊക്കെയും ഞാൻ ഓർക്കുമായിരുന്നു. ഇങ്ങനെയാണ് അത്;

'ഹംസംപോൽ വന്ന ഹംസയ്ക്കൊപ്പം
രവിചന്ദ്രന്മാർ മാഞ്ഞു, കിഴക്കേ മാനത്ത് മാഞ്ഞു കിഴക്കേ മാനത്ത്...
ഓ, നാവടക്കു നാവടക്കു കണ്ടതുപോലും
മിണ്ടാതെ, മിണ്ടാതെ
പണിയെടുക്കു പണിയെടുക്കു, അവരെ
ഓർത്ത്, അവരെ ഓർത്ത്...'

ഒൻപത്

കഥയിലെ സിനിമാടാക്കീസിന് തെക്കു-കിഴക്കു ഭാഗത്ത് ഒരു വലിയ ആൽമരവും ഉണ്ടായിരുന്നു. ആ ആൽമരം കൊണ്ടുതന്നെ തന്റെ സിനിമാടാക്കീസ് വിശുദ്ധമോ പ്രബുദ്ധമോ ആയ ഒരു സ്ഥാപനം കൂടിയാകുന്നുവെന്ന് ജോൺ പറഞ്ഞു. ആൽമരം കഥയിലെ മാറുന്ന കാലങ്ങളും കാണിച്ചു; വെയിൽ പരന്നു, മഴ പെയ്തു എന്നൊക്കെ. പക്ഷികളും ആൽമരത്തിലാണ്. എങ്കിലും മരത്തിൽ കുരങ്ങുകൾകൂടി വേണമെന്ന് ജോൺ ആഗ്രഹിച്ചു: സിനിമ നടക്കുമ്പോൾ ചിലപ്പോൾ അവ സ്ക്രീനിന് തൊട്ടുതാഴെ പ്രത്യക്ഷപ്പെടും. അവിടെ ഇരുന്ന് സിനിമ കാണും.

വിചിത്രമായിരുന്നു, ആ വിവരണം. ഇത് ആദ്യം കേൾക്കുമ്പോൾ ഞാനും തങ്കവും കുറെ ചിരിച്ചു. സിനിമയിലെ നായിക സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടതും അതുവരെയും ഹാളിൽ എവിടെയോ ഉണ്ടായിരുന്ന ഒരു കുരങ്ങനുമെത്തി. കുരങ്ങൻ സ്ക്രീനിലെ നായികയെ നോക്കി തൊഴുകൈയോടെ ഇരുന്നു...

'സാക്ഷാൽ ഹനുമാനെ ഓർമ്മവരും, ജോൺ ഞങ്ങളെ നോക്കി പറഞ്ഞു.

അവന്റെ മുഖത്തെ ഭക്തി എന്നെ രസിപ്പിച്ചു. പതുക്കെ അവൻ ഒരു കുരങ്ങനെപ്പോലെയായി, കുരങ്ങനെപ്പോലെത്തന്നെ നടന്നുവന്നു, തങ്കത്തിന്റെ കാല്ക്കൽ ഇരുന്നു, 'ദേവീ, മോതിരം കാണിക്കട്ടെ എന്നു ചോദിച്ചു. തങ്കം പൊട്ടിച്ചിരിച്ചു. അവന്റെ തലമുടി വാത്സല്യത്തോടെ തലോടി.

'ജോൺ ബാക്കി പറയൂ, കേൾക്കട്ടെ.'

ഞാൻ തങ്കത്തിനെ ശ്രദ്ധിച്ചു. അവൾ ആ നിമിഷം മുതൽ, അല്ലെങ്കിൽ അതിനും മുൻപ്, അവന്റെ കഥയിലെ നായികയായിരുന്നു. ജോൺ പറഞ്ഞു; 'ഒന്നും നടന്നില്ല. അത്ര മാത്രം.'

'എന്തേ?' തങ്കം ചോദിച്ചു.

'ആ സമയത്തുതന്നെ ടാക്കീസിന്റെ ഉടമസ്ഥൻ വന്ന് ഒരു ചൂരലെടുത്ത് കുരങ്ങനെ ഓടിച്ചു.'

'അതു വേണ്ടായിരുന്നു, ഞാൻ പറഞ്ഞു: 'അത്രയും നർമ്മമുണ്ട് ആ സന്ദർഭത്തിന്.'

'പറ്റില്ല,' ജോൺ പറഞ്ഞു; 'കാരണം നമ്മൾ ഇതിനൊക്കെ എത്രയോ മുമ്പ് കുരങ്ങന്മാരിൽനിന്നും മനുഷ്യരായി കഴിഞ്ഞിരുന്നുവല്ലോ...'

ഒരുപക്ഷേ, എല്ലാ കാല്പനികതയോടെയും ഒരു യുക്തിവാദിയായിരുന്നു ജോൺ, അവൻ പറഞ്ഞ സിനിമാക്കഥയാകട്ടെ യുക്തിയുടെ അകമഴിഞ്ഞ അനുഗ്രഹം കിട്ടിയ ഭ്രമകല്പനയുമായിരുന്നു. അവന്റെ പ്രശസ്തമായ സിനിമയിലെ കഴുതയെ ഓർത്തുനോക്കൂ; കഴുത മരിച്ചിട്ടും വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ടു. കഴുത ജീവിച്ചതും വളർന്നതും കഥയിൽ മാത്രവും. കഥയിലായിരുന്നു ജോൺ ജീവിക്കാൻ ഇഷ്ടപ്പെട്ടത്.

മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച. രാത്രിയിൽ ഉറങ്ങാതെയിരുന്നു. ഓർമ്മ പോകും വരെ മദ്യപിച്ച. ഉറക്കെ പാട്ടുപാടി. ചിലപ്പോൾ പകൽ മുഴുവൻ ഉറങ്ങി. കഴുതയുടെ പിന്നാലെ പോയി. മരത്തിനു മുകളിൽ നായകനെ ഇരുത്തി നിരാലംബനാക്കി. സിനിമയുടെ കഥകൾ പറഞ്ഞു. അങ്ങനെയൊക്കെ അവന്റെ ജീവിതത്തെ ജോൺ കഥയാക്കി. എന്തെന്നാൽ (ആധുനികതയുടെ പ്രശസ്തമായ പ്രയോഗം തന്നെ) ജീവിതത്തെ ആത്രമേൽ ഭയപ്പെട്ടു.

എന്തുകൊണ്ട്?

ഇതിന് ഉത്തരങ്ങൾ ഞാൻ ആലോചിക്കാറുണ്ട്. ചിലപ്പോൾ അവനോടൊപ്പം. ഒരിക്കൽ ഞങ്ങൾ എത്തിച്ചേർന്ന ഉത്തരം, ജീവിതത്തെ പരാജയപ്പെടുത്താൻ കലയിൽ പ്രവർത്തിക്കുന്നു' എന്നായിരുന്നു. അഥവാ, കല ഭീരുവിന്റെ താവളമാണ്.'

ഇന്ത്യയിൽ 'അടിയന്തരാവസ്ഥ' തുടരുകയാണ്. ഞങ്ങളുടെ നക്സലൈറ്റ് സുഹൃത്തുക്കൾ പലരും ജയിലിലാണ്. ഞങ്ങൾ — ജോൺ, ഷാജി, സത്യൻ, ജോഷി, ഞാൻ — കോഴിക്കോട്ടെ എന്റെ വീട്ടുമുറ്റത്തിരിക്കുകയായിരുന്നു. പകലായിരുന്നു. തങ്കവും ഷീലയും പുറത്തുപോയിരുന്നു. ജോൺ, 'തങ്കം വന്നാൽ മാത്രമേ ചായ കിട്ടൂ' എന്ന് ഇടയ്ക്കൊക്കെ തെറ്റാതെ ചോദിക്കുന്നുണ്ടായിരുന്നു. പിന്നെ അങ്ങനെ മടുത്തതുകൊണ്ടാകണം, അപ്പോൾ വീട്ടിനു മുന്നിലെ ഇടവഴിയിൽക്കൂടി പോയ ഒരു പോത്തിനു പിന്നാലെ പോയി; 'ഞാനും പോത്തും ചായ കുടിക്കാൻ പോകുന്നു.'

ഞാൻ പറഞ്ഞു സത്യനോട്; 'കല ഭീരുക്കളുടെ താവളമാകുമ്പോൾ ജീവിതം ഉപ്പിട്ടോ മുളകിട്ടോ അവിടെ സൂക്ഷിക്കാൻ തുടങ്ങും. ജീവിതഗന്ധി എന്നു നമ്മൾ പറഞ്ഞ എല്ലാ കലകളും അങ്ങനെ സൂക്ഷിക്കപ്പെട്ടതാണ്.

ആരും ഒന്നും മിണ്ടിയില്ല.

ഞാൻ തുടർന്നു; അതിനാൽ നമ്മൾ ഈ കാലം കഴിയുന്നതുവരെയും മിണ്ടാതിരിക്കുന്നു.'

സത്യൻ ചോദിച്ചു; 'നിനക്ക് പേടിയുണ്ട്, അല്ലേ?'

ഞാൻ പറഞ്ഞു: 'ഉണ്ട്.'

സത്യൻ ചോദിച്ചു; 'ഇന്ദിരഗാന്ധിയെ?'

ഞാൻ പറഞ്ഞു; 'എന്നെയും.'

സത്യൻ ചോദിച്ചു; 'എന്തുകൊണ്ട്?'

ഞാൻ പറഞ്ഞു; 'ഭീരുവായതുകൊണ്ടുതന്നെ.'

ആ സമയം ഇടവഴിയിൽനിന്നും ജോണിന്റെ കരച്ചിൽ കേട്ടു. അവൻ പടികടന്ന് ഞങ്ങളുടെ അടുത്തേക്ക് ഓടിവന്നു. അവന്റെ വസ്ത്രത്തിൽ ചോരത്തുള്ളികൾ കണ്ടു. നെറ്റി പൊട്ടിയിരുന്നു; കൈമുട്ടുകളും. ഇടത്തെ കാലിലും മുറിവുണ്ടായിരുന്നു. ഞങ്ങളുടെ അരികിലെത്തിയതും ജോൺ വീണു.

അവനെ പോത്ത് കുത്തിയതാണ്. പോത്ത് അവനെ ശരിക്കും ഭയപ്പെടുത്തി.

പിന്നീടുള്ള പല ദിവസങ്ങളിലും ജോൺ തന്റെ ഓരോ യാത തുടങ്ങുമ്പോഴും പടിക്കൽ, അല്ലെങ്കിൽ വഴിയിൽ എവിടെയോ, ആ പോത്ത് നില്ക്കുന്നു എന്ന് ഭയപ്പെട്ടു.

വാസ്തവത്തിൽ ജോണിനു കിട്ടിയ അനേകം മരണസൂചനകളിൽ ഈ പോത്ത് പിന്നെയും വന്നു. 'ആ പോത്ത് കാലന്റെ വാഹനം തന്നെ.'

പക്ഷേ, പോത്തിന്റെ ചെവിയിൽനിന്ന് ചെള്ളുകൾ എടുത്തുകൂട്ടുന്ന നിർമമനായ ഒരു കാക്കയെ ജോൺ അവന്റെ തിരക്കഥയിൽ എഴുതിവെച്ചിരുന്നു; നീല പടർന്ന ആകാശത്തിനു താഴെ മനുഷ്യരുടെ വരാനിരുന്ന മരണങ്ങളുടെ ഒരു സൂചനയായിട്ട്. പിന്നെയും കാക്കകൾ അവന്റെ കഥയിലുണ്ട്. ആകാശത്തേക്ക് ഉയരുന്നത്, കടലിനു മീതെ പറക്കുന്നത്, നഗരത്തിലെ വൈദ്യുതിക്കമ്പിയിൽ തൂങ്ങിമരിച്ചത്.

അന്ന് മുറിവേറ്റ ശരീരത്തോടെ മരണക്കിണറിന്റെ വക്കിലിരിക്കുന്ന കളിക്കാരനെപ്പോലെ ജോൺ ഞങ്ങളുടെ കൂടെ ഇരുന്നു. ഞങ്ങൾ അവനെ ശുശ്രൂഷിച്ചു. ഒരു സമയം അതൊരു കോമാളിക്കാഴ്ചയായി തോന്നി, പിന്നെ പ്രവചിക്കപ്പെട്ട ഒരു മരണവും.

മരിച്ചു കിടക്കുന്ന
ആടിന്റെ കാലടികൾ.

(തുടരും...)

പത്ത്

ഷീല, വലിയ കുട്ടിയായി, സ്ത്രീയായി, ഒറ്റയ്ക്ക് ഒരു ഫ്ളാറ്റിൽ താമസിക്കുന്ന കാലത്ത്, അവൾ എന്നെ മറന്നുപോയിരിക്കും എന്ന സമയത്താണ്, അവൾ വിളിച്ചത്; 'അച്ഛൻ മുംബൈയിലേക്ക് വരുന്നു. കൊച്ചിയിൽ പോയി ഇന്ത്യൻ എയർലൈൻസിന്റെ ഓഫിസിൽ പോയി ടിക്കറ്റ് വാങ്ങിച്ചാൽ മതി — ജൂൺ 24. മുംബൈ എയർപോർട്ടിൽ ഞാൻ അച്ഛനെ കാത്തുനില്ലും. എനിക്ക് അച്ഛനെ കാണാൻ തോന്നുന്നില്ലെങ്കിലും അച്ഛന് എന്നെ കാണാൻ തോന്നുന്നു എന്ന് ഇന്നലെ അമ്മ പറഞ്ഞു.'

എനിക്ക് സങ്കടം വന്നു. അവളുടെ അമ്മ എന്നെ ഓർത്തിരിക്കുന്നു. എന്നെ ഓർക്കാൻ മകളോട് പറഞ്ഞിരിക്കുന്നു.

മുംബൈ എയർപോർട്ടിൽ ഷീല എന്നെ കാത്തുനിന്നു; ചുവപ്പിൽ വെള്ളപുള്ളികളുള്ള സൽവാർ കമ്മീസിൽ. വാത്സല്യം ഓർത്തുവെച്ച മുഖത്തോടെ എന്നെ കണ്ടതും ഓടിവന്ന് കെട്ടിപ്പിടിച്ചു. എനിക്ക് ഉമ്മ തന്നു. ഞാൻ പെട്ടെന്ന് വിതുമ്മി; വിമാനത്താവളത്തിലെ ആളുകൾ ശ്രദ്ധിച്ചുവോ എന്നറിയില്ല. അപ്പോഴാണ് അവൾക്കു പിറകെ നിന്നിരുന്ന പുരുഷൻ എനിക്കു നേരെ കൈ നീട്ടിയത്.

'ഹലോ അങ്കിൾ,' അയാൾ എന്റെ കൈ ബലമായി പിടിച്ചുകുലുക്കി. ഞാൻ അയാളെ നോക്കി പുഞ്ചിരിച്ചു. 'അച്ഛാ,' ഷീല പറഞ്ഞു; ഇതു ജോൺ, എന്റെ സുഹൃത്ത്.' ഞാൻ അയാളോട് 'ഹലോ' പറഞ്ഞു.

ഷീല പെട്ടെന്ന് എന്റെ കൂടെനിന്ന് എന്നെ ചേർത്തുപിടിച്ച് അയാളോട് ചോദിച്ചു; 'ജോൺ പറയൂ, ഞങ്ങൾക്ക് ഒരേ ഛായയല്ലേ?'

അല്ലാതിരുന്നിട്ടും അയാൾ 'അതെ' എന്നു പറഞ്ഞതും ഞാൻ അയാളെ അവിശ്വസിക്കാൻ തുടങ്ങി.

'തീർച്ചയായും നല്ല ഛായ അച്ഛനും മകളും' — ജോൺ പറഞ്ഞു. അയാൾ മൊബൈൽ ഫോണിൽ ഞങ്ങളുടെ ഫോട്ടോ എടുത്തു. എന്റെ വാർദ്ധക്യത്തെ ഞാൻ നേരിട്ടു. എന്റെ യുവത്വം മധ്യവയസ്സിലേക്ക് നടന്നതും പിന്നെ വാർദ്ധക്യത്തിലേക്ക് ഓടിയെത്തുകയായിരുന്നുവെന്നും തോന്നി. ഷീലയുടെ സുഹൃത്ത്, ജോൺ, എടുത്ത ഫോട്ടോയിൽ ഷീല കുഞ്ഞും ഞാൻ ചെറുപ്പക്കാരനുമായി പതിയുകയായിരുന്നു എന്നും തോന്നി. അല്ലെങ്കിൽ അങ്ങനെയൊരു ഫോട്ടോ പതിഞ്ഞിട്ടില്ല.

സിനിമാക്കാരനായ ജോൺ മരിക്കുന്നത് അവന്റെ നാല്പത്തിയൊമ്പതാമത്തെ വയസ്സിലാണ്. അതേ വയസ്സ് അതേ സംഖ്യയിൽ അവന്റെ എല്ലാ സുഹൃത്തുകൾക്കും വീതം വെച്ചുവെന്ന് ഷാജി പറയും, 'അന്നുമുതൽ നമ്മളുടെ മധ്യവയസ്സ് മാഞ്ഞുപോയി. സ്വപ്നങ്ങൾ ഇല്ലാത്തവരായി. കലാപങ്ങൾ ഇല്ലാത്തവരുമായി. കാറ്റ് നമ്മളെ കൊണ്ടു പോയില്ല. കടൽ നമ്മളെ കൊണ്ടു പോയില്ല. സേതുബന്ധനം കഴിഞ്ഞു വന്ന അണ്ണാറക്കണ്ണന്മാരെപ്പോലെ കൈവെള്ളയിൽ പതിഞ്ഞ മണ

ൽത്തരികളുടെ ഓർമ്മ നമ്മൾ വെയിലിൽ വന്നിരുന്നു കണ്ടു.' വാസ്തവത്തിൽ ജോൺ മരിച്ചനാളുകളിൽ ഞാൻ ഓർത്തത് ജോണിന്റെ സിനിമാക്കഥയിലെ അഭിനേത്രിയെയായിരുന്നു. ഒരുപക്ഷേ, ആഗ്രഹങ്ങളുടെ മനസ്സുമായി പാഞ്ഞു നടന്ന മന്ത്രവാദിയേക്കാൾ.

വല്ലാത്തൊരു സ്ത്രീയായിരുന്നു അവൾ. അല്ലെങ്കിൽ ജീവിച്ചുകൊണ്ടിരുന്ന കഥയിൽ നിന്നും ജീവിതത്തിൽനിന്നും തന്നെ, അവൾക്ക് അറിയാത്ത ഒരാളുടെ കൂടെ അവൾ എന്തുകൊണ്ടിറങ്ങിപ്പോന്നു, അതും സുന്ദരനായ, അക്കാലത്തെ പ്രശസ്തനായ, നായകനെ, ഉപേക്ഷിച്ച്—അങ്ങനെ ഞങ്ങൾ ആഘോഷിച്ചിരുന്ന ആധുനികതയുടെ തലച്ചോറിൽ' അവൾ ഒരു മുദ്രാവാക്യമെഴുതി; 'കല ജീവിതത്തിലേക്ക് ഒളിച്ചു കടക്കാനുള്ള ആരുമറിയാത്ത ഇടവഴിയാകുന്നു.' അങ്ങനെ തിരശ്ശീലയിലെ ആദ്യമധ്യാന്തമുള്ള കഥ അസ്ഥിരപ്പെടുത്തി. മന്ത്രവാദിയുടെ വീട്ടിലെത്തുമ്പോൾ അയാളുടെ ഭാര്യ അവളുടെ അഴകിനെ ഭയത്തോടെ കണ്ട നിമിഷം, ഇങ്ങനെയാണ് നേരിടുക:

മന്ത്രവാദിയുടെ ഭാര്യ; ഈ കൂത്തിച്ചിക്ക് ഇവിടെ എന്തു കാര്യം?

നടി: ഞാൻ എനിക്കിഷ്ടമുള്ള ഒരാളുടെ കൂടെ ജീവിക്കാൻ പോകുന്നു.

മന്ത്രവാദിയുടെ ഭാര്യ നടിയെ നോക്കുന്നു, ശ്രദ്ധിച്ച്. കറുത്ത മുടിയുടെ ഓരോ ഇഴയിലും അവളുടെ സ്വപ്നവും തേച്ചുപിടിപ്പിച്ചിരിക്കുന്നു എന്നു കണ്ടു. വെള്ളിത്തിരയിൽ കാണുന്നതുപോലെ അവളുടെ മുലകളുടെ കൂർപ്പ് ഉയരുന്നതും താഴുന്നതും ജീവനോടെ കണ്ടു.

മന്ത്രവാദിയുടെ ഭാര്യ നീ കൂത്തിച്ചി തന്നെ.

മന്ത്രവാദി: നിനക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ ഇവൾ ഇവിടെ ഈ വീട്ടിൽ താമസിക്കുന്നതിന്?

ഭാര്യ അയാളെ നിരാശയോടും അതിനേക്കാൾ തന്റെ നിർഭാഗ്യത്തോടും നോക്കി. അവൾക്ക് തന്റെ പൊക്കിളിനു ചുറ്റും ഒരു എരിച്ചിൽ വന്നതു പോലെയായി. അവൾ വയറ്റിൽ കൈവെച്ചുകൊണ്ട് മന്ത്രവാദിയോട് പറഞ്ഞു;

'ഇല്ല.'

തന്റെ സിനിമാക്കഥ, ഒരുപക്ഷേ, സ്ത്രീകളെപ്പറ്റിയുള്ള കഥ കൂടിയാണെന്ന് ജോൺ വിശ്വസിച്ചിരിക്കണം: 'ബ്രാ കത്തിച്ചവരുടെ സിനിമ.'

'ഹൃദയത്തിന് തീ കൊടുക്കാൻ ശ്രമിച്ചവരുടെ കഥ.'

തങ്കം ജോണിനെ നോക്കി. അല്ലെങ്കിൽ അവൾ മന്ത്രവാദിയുടെ ഭാര്യയെത്തന്നെ ശ്രദ്ധിക്കുകയായിരുന്നു. ജോൺ, ഇങ്ങനെയൊരു കഥ സിനിമയാകുമോ' എന്ന് ഇടയ്ക്ക് അവൾ ചോദിച്ചിരുന്നു.

ഇപ്പോൾ അവൾ ജോണിനോട് കഥയെപ്പറ്റിയല്ല ചോദിച്ചത്. തങ്കം ചോദിച്ചു; 'ഈ സമയം കാമറ അവളുടെ മുഖത്തു തന്നെയാകും, അല്ലേ?'

'അതെ.'

'മുഖത്തു മാത്രം?'

അല്ല'

'പിന്നെ?'

'കഴുത്ത്.'

'പിന്നെ?'

'മാറിൽ.'

'മാറിൽ... ഉം... പിന്നെ?'

ഞാൻ തങ്കത്തിനെ നോക്കുകയായിരുന്നു. അവൾ, പക്ഷേ, ജോണിനെ മാതം നോക്കി. ജോണാകട്ടെ തന്റെ കഥ വേറെയും സന്ദർഭങ്ങളിലേക്ക് ഓളം വെക്കാൻ കാത്തിരിക്കും.

'കഴിഞ്ഞോ?'' തങ്കം ചോദിച്ചു.

പെട്ടെന്ന് ജോൺ തങ്കത്തിനെ നോക്കി ക്ഷുഭിതനായി. അവൻ പറഞ്ഞു; 'ഇല്ല, കഴിഞ്ഞില്ല. അവളുടെ പൊക്കിൾ. പൊക്കിളിന് താഴെ, തുടകൾ...'

തങ്കം 'ശ്ശ് ശ്ശ്'' എന്ന് ജോണിനെ നിശ്ശബ്ദനാക്കി; 'ഒച്ച താഴ്ത്തി സംസാരിക്ക്. ഇത് ഒരു വീടാണ്. സിനിമാകൊട്ടകയല്ല...'

ഞാൻ തങ്കത്തിന്റെ അരികിലേക്ക് ചെന്നു. 'നിനക്കെന്തുപറ്റി' എന്ന് അവളെ ചേർത്തു പിടിക്കാൻ ശ്രമിച്ചു... തങ്കം അതേ ക്ഷോഭത്തോടെ അതേ നിശ്ശബ്ദതയോടെ എന്നെ നോക്കി. 'പറ്റിയത് എനിക്കല്ല, തന്റെ ചങ്ങാതിക്കാണ്.'

ജോൺ ആ സമയത്തുതന്നെ, ആ രാത്രി തന്നെ പോയി. രാത്രിയാണ് ഞങ്ങൾ എപ്പോഴും മുഴുമിപ്പിക്കാതിരുന്നത്. വാക്കുകളിൽ. വിശ്വാസത്തിൽ. ഓർമ്മയിൽ, തീർച്ചയായും.

വാസ്തവത്തിൽ, ജോണിന്റെ കഥയിലെ നായിക, അഭിനേത്രി, പത്തൊമ്പതാമത്തെയോ ഇരുപതാമത്തെയോ ദൃശ്യത്തിൽ മന്ത്രവാദിയുടെ ഭാര്യയുമായി പുഴയിലൂടെ ഒരു തോണിയിൽ പോകുന്നുണ്ട്. അഥവാ, അവർ രണ്ടുപേരും കഥയിലെവിടെയോവെച്ച് സ്നേഹിതകളാകുന്നു. 'മോഹങ്ങൾക്ക് പിറകെ പോകുമ്പോൾ ജീവിതം ആശകൾകൊണ്ട് അന്ധമാവുന്നു' എന്നോ മറ്റോ, അല്ലെങ്കിൽ അതേ അർത്ഥമുള്ള ഒരു സംഭാഷണം മന്ത്രവാദിയുടെ തന്നെയുണ്ട്, മന്ത്രവാദി പുഴയുടെ കരയിൽ വന്നു നിന്ന് അഭിനേത്രിയെയും ഭാര്യയെയും നോക്കുമ്പോൾ.

പുഴ. ദൂരെ തോണി. പുഴയിൽനിന്ന് വെയിൽ പിൻവാങ്ങാൻ തുടങ്ങുന്നു. തോണിയിൽ ഇരിക്കുന്ന അഭിനേത്രിയും മന്ത്രവാദിയുടെ ഭാര്യയും. അവർ സ്നേഹിതരായിരിക്കുന്നു. പശ്ചാത്തലശബ്ദത്തിൽ അവരുടെ ചിരിയും സംഭാഷണവും.

ക്ഷോഭവും നിരാശയുമായി, ദിവ്യങ്ങളായ ഒന്നും ഇനി തനിക്കറിയില്ല എന്ന്, മന്ത്രവാദി കുറച്ചു നേരംകൂടി പുഴക്കരയിൽ നിന്നു. അയാളുടെ മുഖത്ത് അസ്തമയസൂര്യന്റെ വെളിച്ചം വീണു. പിന്നെ ഒരു പക്ഷി കൂടിലേക്ക് പറന്നത് കണ്ടു. വേറെയും പക്ഷികൾ. മേഘങ്ങൾ കാണാതായി. പുഴ ഇരുട്ടിലേക്ക് വീണു...

പതുക്കെ കാൽച്ചിലങ്കകളുടെ ഒച്ച കേട്ടു. നൃത്തം ചവിട്ടുന്ന രണ്ടു കാൽപ്പാദങ്ങൾ കണ്ടു. ഒരു മുഖം കണ്ടു, മന്ത്രവാദിയുടെ ഭാര്യയുടെ. പിന്നെ അവളെ നൃത്തം പഠിപ്പിക്കുന്ന മന്ത്രവാദിയുടെ. ഇപ്പോൾ അതേ ദൃശ്യം വെള്ളിത്തിരയിൽ പൂർണ്ണകായത്തിൽ കാണാം. ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും അതേ ദൃശ്യം, അതേ ശബ്ദപശ്ചാത്തലത്തിൽ പതുക്കെ മാഞ്ഞു; പ്രഭാതം. വളരെ ദൂരെ പുഴയുടെ കരയിൽ ഒരു വീട് കണ്ടു...

ഷീലയുടെ ഫ്ളാറ്റിലെത്തുമ്പോൾ ഞാനാദ്യം ശ്രദ്ധിച്ചത് അവളുടെ ഷോക്കേസിലെ ഞങ്ങളുടെ കുടുംബചിത്രമായിരുന്നു. തങ്കം, ഷീല, ഞാൻ. അത് ഫ്രെയിം ചെയ്ത വിധമാണ് എന്നെ ആകർഷിച്ചത്. മെലിഞ്ഞതും വഴിതെറ്റിയതുമായ ഒരു കൈപ്പടയുടെ പശ്ചാത്തലത്തിലാണ് ഫോട്ടോ ഒട്ടിച്ചിരുന്നത്. മലയാളത്തിലെഴ

തിയത്. എന്താണ് അതെന്ന് പക്ഷേ, എനിക്കു മനസ്സിലായില്ല. പക്ഷേ, കൈപ്പട ജോണിന്റേതായിരുന്നു. ഞാൻ കൈ നീട്ടി തങ്കത്തിന്റെ മുഖം തൊട്ടു.

'അച്ഛനു മനസ്സിലായോ ഇത് ആരുടെ കൈപ്പടയാണെന്ന്?'

'തീർച്ചയായും.'

'എന്താണെഴുതിയിരിക്കുന്നതെന്നോ?'

'ഇല്ല.'

'ബൈസിക്കിൾ തീഫ്.'

'ഓ...'

വാസ്തവത്തിൽ ആ കഥയിലെ പല സന്ദർഭങ്ങളും ഞാൻ മറന്നുപോയിരുന്നു. അതിനാൽ ആ അക്ഷരങ്ങളിൽ മാത്രം വാക്കുകളിലേക്ക് പോകാനാകാതെ ഞാൻ നിന്നു. ഞാൻ പറഞ്ഞു; 'ഓർമ്മയില്ല.'

ഷീല എന്നെ അവൾക്ക് അഭിമുഖമായി നിറുത്തി. അവൾ യുവതിയാണിപ്പോൾ. എന്നാൽ, ഒരു നിമിഷം അവളുടെ തലമുടിയുടെ ഇടയിലെവിടെയോ ഒരു നരച്ച മുടിയിഴ കണ്ടതായി തോന്നി. ഞാൻ അവളുടെ നെറുകിൽ സ്നേഹത്തോടെ ഉമ്മവെച്ചു. പെട്ടെന്ന് എനിക്ക് കരച്ചിൽ വന്നതുപോലെയായി. ഷീല എന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കി. അവളുടെ കണ്ണുകളിലും കഥകളുടെ നനവുണ്ട്. ഷീല ചോദിച്ചു:

'അച്ഛനായിരുന്നു ബൈസിക്കിൾ തീഫ്, അല്ലേ?'

ആ സമയം തന്നെ എന്റെ കണ്ണിമകൾ 'അറിയില്ല' എന്നു കൂമ്പുകയും ചെയ്തു.

പതിനൊന്ന്

ആടിനെപ്പറ്റി ഞാൻ പറഞ്ഞു. ഒരിക്കൽ ഞങ്ങളുടെ വീട്ടിൽ ഒരു ആട് വന്നതിനെപ്പറ്റി.

കൌതുകകരങ്ങളായ ചലനങ്ങളോടെയും എപ്പോഴും അത്ഭുതകരങ്ങളായ കാഴ്ചകളിൽ എന്നപോലെ തിളങ്ങുന്ന കണ്ണുകളോടെയും, കരിമഷി എഴുതിയതുപോലെയാണ് ആ കണ്ണുകൾ, ഇവെള്ള നിറത്തിലും ഉള്ള ആട്. തങ്കത്തിന് വളരെ ഇഷ്ടമായിരുന്നു അതിനെ. പുറത്തു തൊടിയിൽ അലയുന്ന ആടിനോട് അടുക്കളയിലും മുറ്റത്തും നിന്ന് അവൾ പലതും വിളിച്ചു ചോദിക്കും. എവിടെയാണ്, 'എന്താ ഓർക്കുന്നേ?', 'മഴ വരുന്നുണ്ടോ?' ഇങ്ങനെ. ഒരു മഴക്കാലത്ത്, രാത്രിയിൽ, ആട് ദീനമായി കരയാൻ തുടങ്ങി. മഴ അതിനു പേടിയായിരുന്നിരിക്കണം. അത്ഭുതകരങ്ങളായ കണ്ണുകൾക്കു മുന്നിൽ മഴ, രാത്രിയിൽ, അല്ലെങ്കിലും പലതുമാകും മഴയൊഴികെ. തങ്കം വാതിൽ തുറന്ന് പുറത്തേക്ക് ഓടിച്ചെന്നു. മുറ്റത്ത് അത്രയൊന്നും ഭംഗിയില്ലാത്ത ഒരു കൂട്ടിലായിരുന്നു ആട് പാർത്തിരുന്നത്. ഷീല ആ കൂടിനെ 'ആടിന്റെ വീട്' എന്നേ പറയൂ. ചിലപ്പോൾ 'നീ എവിടെയാണ്, മോളേ' എന്ന് ചോദിക്കുമ്പോൾ 'അച്ഛാ ഞാൻ ആടിന്റെ വീടിന്റെ മുമ്പിലാണ്' എന്ന് പറയും. 'അവിടെ എന്തു ചെയ്യുന്നു' എന്ന് ചോദിച്ചാൽ 'ആട് ഓർക്കുന്നത് എന്താണെന്ന് മനസ്സിലാവാൻ നില്ക്കുന്നു' എന്നു പറയും. പ്ലാവിലകൾ നിറയെയുള്ള ഒരു കമ്പ് കൂട്ടിൽ കെട്ടിയിട്ടിട്ടുണ്ടാകും. ഷീല ഇലകൾ പറിച്ചെടുത്ത് എന്താണ് ആലോചിക്കുന്നത് എന്ന് പറഞ്ഞാൽ മാത്രം തരും എന്നു ഭീഷണിപ്പെടുത്തും. ആട്, ഒരു ആടും, ആരോടും തന്റെ വിചാരങ്ങൾ പങ്കുവെക്കില്ല എങ്കിലും.

ആ രാത്രി തങ്കം ആടിനെ വീട്ടിനുള്ളിലാക്കി കെട്ടിയിടാത്തതുകൊണ്ട് ആട് കിടപ്പുമുറിയുടെ വാതില്ക്കൽ വന്നു മുട്ടി.

'തങ്കം, മഴക്കാലം കഴിഞ്ഞാലും താൻ അതിനെ വീടിനുള്ളിലായിരിക്കുമോ വളർത്തുക?'

'മക്കളെ ആരെങ്കിലും വീടിന് പുറത്താക്കി വളർത്തുമോ?'

'ആട് വീടിന് പുറത്ത് തൊഴുത്തിലല്ലേ വളരുക?'

'അത് ആരെങ്കിലും ആടിനോട് ചോദിച്ചിട്ടുണ്ടോ?'

അങ്ങനെ ആ സംഭാഷണം രസകരങ്ങളായ സ്ഥലങ്ങളിലെത്തി, പരിമിതമായ വിവരങ്ങളിൽ മൃഗങ്ങൾ മനുഷ്യരുടെയിടയിൽ എങ്ങനെ കഴിയുന്നുവെന്ന് അത്ഭുതം തന്നും ചിലപ്പോൾ സ്വാർഥികളായ മനുഷ്യരെപ്പോലെയുള്ള മൃഗങ്ങളെപ്പറ്റി ഇല്ലാത്ത സത്യങ്ങൾ വിളമ്പിയും. എങ്കിലും രാത്രിയിൽ വാതിലിൽ വന്നുമുട്ടുന്ന മൃഗത്തെ ഞാൻ ഭയന്നു.

അങ്ങനെ ആ മഴക്കാലവും പിന്നെ വന്ന വേനലും പിന്നെ വന്ന മഴക്കാലവും ആടിനെ വലുതാക്കി. ഇപ്പോൾ ആട് പുറത്തു കഴിയാൻ തന്നെ ഇഷ്ടപ്പെട്ടു. തൊ

ടാൻ ചെല്ലുമ്പോൾ കുത്തുമെന്ന് കൊമ്പുകുലുക്കി കാണിച്ചു. വാടക വീട്ടിലെ വളപ്പിൽ ഞങ്ങൾ രണ്ടു പ്ലാവിൻതൈകൾ നട്ടു.

'പാത്തുമ്മായുടെ ആട്ട്' പോലെ ഞങ്ങളുടെ സുഹൃത്തുക്കൾക്കിടയിൽ ഈ ആട്ടം പ്രശസ്തയായി. ജോൺ, അവനാണ്, ആ ആടിനോട്ട് തങ്കം കഴിഞ്ഞാൽ ഏറ്റവും അധികം സംസാരിച്ചിരിക്കുക; ചിലപ്പോൾ, 'അല്ലേ ആടേ?' എന്ന് ചോദിക്കും. 'കേട്ടില്ലെ, ആട്ടു പറഞ്ഞതാണ് ശരി' എന്ന് പറയും.

തങ്കം തന്നെ പറഞ്ഞ ഒരു കഥയുണ്ട്, ജോൺ ആടിനെപ്പറ്റി കുട്ടികളോട്ട് പറഞ്ഞ കഥ. ഷീലയും കൂട്ടുകാരും, ഒരിക്കൽ, ആട്ടിൻകൂടിനടുത്ത് ആടിനെപ്പറ്റി ജോൺ പറയുന്ന കഥ കേൾക്കാനിരുന്നു. 'ഒരു ആട്ട് ഒരിക്കൽ ഒരു മനുഷ്യനോട്ട് പറഞ്ഞ കഥ' എന്നത്രേ ജോൺ പറഞ്ഞത്.

'പണ്ടു പണ്ട് ഒരു ആടുണ്ടായിരുന്നു. ആ ആടിന് മനുഷ്യരുടെ കൂട്ടത്തിൽ നിന്ന് ഒരു അമ്മയും ഒരു അച്ഛനും ഒരു അനിയത്തിയും ഉണ്ടായിരുന്നു,'

കുട്ടികൾ ഷീലയെ നോക്കി. അവളാകും ആടിന്റെ അനുജത്തി. ഒരു കുട്ടി ചോദിച്ചു; 'ഷീലേ, ഇതു നിന്റെ കഥകൂടിയാണോ?' 'അല്ല,' ജോൺ കുട്ടികളോട്ട് പറഞ്ഞു: 'ആട്ട് മനുഷ്യനോട്ട് പറഞ്ഞ കഥ.'

തങ്കം ചെവിയോർത്തു.

'ഒരു ദിവസം അവരുടെ വീട്ടിൽ ആ അച്ഛന്റെയും ആ അമ്മയുടെയും ആ അനിയത്തിയുടെയും കൂട്ടുകാരൻ ജോൺ എന്നു പേരുള്ള ആൾ വന്നു. അവരുടെ വീട്ടിലെ ആടിനെപ്പറ്റി അവനും കേട്ടിരുന്നു.'

കഥകൾ ഉണ്ടാകുമ്പോൾ അവന്റെ ഓർമ്മയും ആശയും അവനാഗ്രഹിക്കുന്ന സത്യവും ജോൺ കൊണ്ടുവരും. കഥ, ജീവിതമാക്കാൻ, അങ്ങനെ 'റിയലിസ'ത്തിന്റെ മാറാപ്പു പേറാൻ, അവന്റെ 'സർറിയലിസ'ത്തിൽത്തന്നെ ഒരിടമുണ്ടായിരുന്നു. ഒരുപക്ഷേ, ഞങ്ങളുടെ 'ആധുനികത തന്നെ അങ്ങനെയായിരുന്നു. ഞങ്ങളുടെ നോവലുകൾ അങ്ങനെയായിരുന്നു. തലമുറകളുടെ ചരിത്രത്തിൽ മനുഷ്യർ വരിവരിയായി നിന്നു കഥ പറഞ്ഞു. അതിനാൽ ഓർമ്മകളാണ് മനുഷ്യചരിത്രത്തിലെ ആർത്തിപൂരണ്ടതും പുരാതനവുമായ പടനീക്കങ്ങൾ എന്ന് വിശ്വസിക്കുക എളുപ്പമായി. ഇപ്പോഴും അങ്ങനെയാണത്. ഓർമ്മകളിൽ എല്ലാവരും മ്യൂസിയത്തിലെന്നപോലെ എത്തുന്നു. പിന്നീടാണ് ഓർമ്മകൾ കണ്ണാടികളായതും, ഓരോ കണ്ണാടിയും ഒരു ഓർമ്മയെ കുറുക്കിയും പരത്തിയും വലുതാക്കിയും കാണിക്കാൻ തുടങ്ങിയതും. 'ആധുനികത' യഥാർഥമല്ല എന്നു പറഞ്ഞുതരാൻ. ജോൺ, പക്ഷേ, വേറൊരു തിരിവിലൂടെയും വന്നു. കഥയിൽ വരുംവരായ്മകൾ ഒന്നും ആലോചിക്കാനില്ലാതെ. നുണ സത്യംതന്നെയെന്നു വിശ്വസിക്കാൻ.

'അന്ന് ആ വീട്ടിൽ ആടു മാത്രമേ ഉണ്ടായിരുന്നുള്ളൂ. വേറെ ആരുമില്ല. ജോൺ, ആ വീട്ടുകാരുടെ സുഹൃത്ത്, ആട്ടിൻകൂടിനു മുൻപിൽ നാലുകാലിൽ ആടിനെപ്പോലെ നിന്നു. ആടിനോട്ട് 'എന്നെ അറിയുമോ?' എന്ന് ചോദിച്ചു. ആടിന് പെട്ടെന്ന് ആളെ മനസ്സിലായി. 'ജോൺ അല്ലേ?' എന്ന് ചോദിച്ചു. 'കണ്ടതിൽ വളരെയധികം സന്തോഷം എന്നു പറഞ്ഞു. ജോൺ കൈകൾ കൂപ്പി, 'ഞാൻ വിചാരിച്ചു, മറന്നിരിക്കും എന്ന്. 'മറക്കുകയോ, ആടു പറഞ്ഞു: 'അതും ജോണിനെ.'

തങ്കത്തിന് തോന്നി, ഇനി ജോൺ പറയുന്ന കഥ ആടിന്റേതാവില്ല. മാത്രമല്ല, കുട്ടികളെ ഭയപ്പെടുത്തുന്ന എന്തെങ്കിലും ഈ കഥയിൽ വരും. തങ്കം, ജോൺ

അറിയാൻ, അല്ലെങ്കിൽ കഥ തെറ്റിക്കാൻ വെറുതേ തൊണ്ടകൊണ്ട് ശബ്ദമുണ്ടാക്കി. ജോൺ പറഞ്ഞു; 'സമ്പൂർണ്ണമായും പാവപ്പെട്ട ഒരു ആടിന്റെ കഥയാണിത്.'

'എന്നിട്ട് ജോൺ ആടിനോട് ചോദിച്ചു: ആടേ, നിനക്ക് ഓർമ്മയുണ്ടോ, എല്ലാ ജന്മത്തിലും നീ ആടു തന്നെയായിരുന്നുവോ?' ആടു പറഞ്ഞു; ഞാനൊരു ആടു തന്നെയായിരുന്നു എല്ലാ ജന്മത്തിലും. പക്ഷേ, ഈ ജന്മത്തിൽ ഞാൻ വന്നത് മറ്റൊരു കാര്യത്തിനാണ്.' ജോൺ ആടിനോട് എന്താണ് ആ കാര്യമെന്ന് ചോദിച്ചു. ആടു പറഞ്ഞു; 'പറയാം.' ആട് ആ കഥ പറഞ്ഞു;

'പണ്ടു പണ്ട് ഞങ്ങൾ ആടുകളുടെ ലോകത്ത് ഒരു സുന്ദരിയുണ്ടായിരുന്നു. വെളുത്ത മെലിഞ്ഞ കാലുകളും നീണ്ട കണ്ണുകളുമുള്ളവൾ. ഒരു ദിവസം അവളെ കാണാതായി. അവളുടെ അച്ഛനും അമ്മയും അവളെ വിളിച്ചു കരഞ്ഞ് ആടുകളുടെ ലോകം മുഴുവൻ അലഞ്ഞു. മൂന്നാംദിവസം അവൾ മരിച്ചു കിടക്കുന്നത് കണ്ടു.'

ജോണിന്റെ കണ്ണുകൾ നിറഞ്ഞു; കുട്ടികളുടെയും. ആടുകൾ എന്നും രാത്രി കണ്ണീരോടെ പാടാറുള്ള പ്രാർത്ഥനാഗാനം ജോൺ കുട്ടികൾക്കുവേണ്ടി പാടി.

ജോണിനെ യേശു ബാധിച്ചിരുന്നു; അവന്റെ മുഖംകൊണ്ട് മാത്രമല്ല. ഹതാശമെന്ന് കരുതിയ യാഥാർഥ്യങ്ങളിൽ ഒറ്റയ്ക്കു നില്ക്കാനും അതിനെക്കുറിച്ച് വിലപിക്കാനുമുള്ള അവന്റെ വാസന അങ്ങനെയായിരുന്നു. ആരെങ്കിലുമൊരാൾ പിന്നീടൊരിക്കൽ അവനെ, ജീൻപോൾ സാർത്ര്, ഴാങ്ഷെനെനെ വിളിച്ച പോലെ 'സെയിന്റ് ജോൺ' എന്ന് പറയുമായിരുന്നുവെന്ന് എനിക്ക് തീർച്ചയുണ്ടായിരുന്നു. അത്രമാത്രം അവൻ ജീവിതത്തെ അവിസ്മരണീയമാക്കാൻ ശ്രമിച്ചു. അഥവാ, ഒരു കലാകാരൻ അയാളുടെ കലപോലെ അയാളുടെ ജീവിതവും കെട്ടിച്ചമയ്ക്കുന്നുവെന്ന് വിശ്വസിച്ചു; അതും 'ആധുനികതയുടെ നേർച്ചയായിരുന്നു.

ആടിന്റെ കഥ തന്നെ നോക്കൂ;

മരിച്ചു കിടക്കുന്ന ആടിന്റെ കാലടികൾ അസാധാരണമായ ഒരു ഗന്ധം പടർത്തി. ആടുകളുടെ രാജ്യത്ത് ആ ഗന്ധം പ്രസിദ്ധമായി. ആടുകൾ മുഴുവൻ ആ മണത്തിന്റെ പിറകെ പോയി. 'നമ്മുടെ ഈ ആടും.' ജോൺ കൂട്ടിലെ ആടിനെ കാണാൻ കുട്ടികളോടൊപ്പം ഒന്നുകൂടി നീങ്ങിയിരുന്നു.

'ആ ആടുകളെല്ലാം അവർ വരുന്നതും കാത്തിരുന്ന മനുഷ്യരുടെ പിടിയിലുമായി. എല്ലാ ആടുകളെയും മനുഷ്യർ കെട്ടിയിട്ടു, നമ്മുടെ ഈ ആടിനെയും.' ജോൺ കണ്ണുകളടച്ച് വിലപിച്ചു; 'എല്ലാ ആടുകളും പാവം ആ ആട്ടിൻ കുട്ടിയെ വെറുത്തു. ശപിച്ചു. അവളുടെ സൌന്ദര്യത്തെ. അവളുടെ മണംപൊഴിക്കുന്ന കാലുകളെ. അവൾ നടന്ന വഴി നരകത്തിലേക്കുള്ള വഴിയായിരുന്നല്ലോ എന്ന് നിലവിളിച്ചു...'

തങ്കം ജോണിനെ ഇനിയും കഥ തുടരുന്നതിൽനിന്നും തടഞ്ഞു: 'ജോൺ, നീ കുട്ടികൾക്കു നല്ല കഥകൾ വല്ലതും പറഞ്ഞുകൊടുക്കുമോ? നീ ആരാണ്? പഴയ നിയമത്തിലെ ദൈവമോ?'

ജോൺ തങ്കത്തിനെ രൂക്ഷമായി നോക്കി. കുട്ടികളുടെ ഇടയിൽനിന്ന് അവൻ പഴയനിയമത്തിലെ ദൈവത്തെപ്പോലെത്തന്നെ എഴുന്നേറ്റു. കുട്ടികൾ പേടിച്ചു. ജോൺ നിലത്തുനിന്ന് കുറച്ചു മണ്ണു വാരി തങ്കത്തിന്റെ ദേഹത്തിലേക്കെറിഞ്ഞു. ഒപ്പം അലറി: 'അതെ, ഞാൻ പഴയനിയമത്തിലെ ദൈവമാണ്...'

തങ്കം അവളുടെ മുഖം പൊത്തിക്കൊണ്ടുതന്നെ അവന്റെ അരികിലേക്ക് ഓടിച്ചെന്നു. തലകൊണ്ട് അവന്റെ നെഞ്ചിൽ ഇടിച്ചു. വീണുപോയി ജോൺ. അവൻ

അതു കരുതാത്തതുകൊണ്ടല്ല. വീഴ്ചകളിലും അവൻ കഥ പറയാൻ കണ്ണുകൾ തുറക്കും. വാക്കുകൾ തേടും...

എനിക്ക് ചിരി വന്നു, ജോണും തങ്കവും പിന്നീട് ഈ സന്ദർഭങ്ങളൊക്കെ പറയുമ്പോൾ അവരും ചിരിച്ചു. കഥയുടെ പൊട്ടക്കിണറ്റിലേക്ക് വീണതുപോലെയായിരുന്നുവത്രേ, അത്.

'എന്നിട്ട് കേൾക്ക്,' തങ്കം ആടുകളുടെ കഥ പൂർണമാക്കി; 'കിടന്നുകൊണ്ട് ജോൺ വീണ്ടും വിലപിച്ചു. ആ പാവം ആട്ടിൻകുട്ടിയുടെ കാലിൽ വിഷദീപ്തമായ മണം പുരട്ടി നീ കടന്നുകളയുകയായിരുന്നുവെന്ന് പറഞ്ഞു.'

'നിന്നോടോ?' ഞാൻ ചോദിച്ചു.

'അതെ, ' തങ്കം പറഞ്ഞു.

'ബാക്കി ഞാൻ പറയുന്നു, ജോൺ ഇടപെട്ടു; 'എന്റെ രാമൂ, ആടുകളുടെ കഥ, ആടുകളെ മാത്രംവെച്ച് ഞാനെടുക്കാൻ പോകുന്ന സിനിമയായിരുന്നു. സത്യത്തിൽ, കഥ കേട്ടിരുന്ന കുട്ടികളുടെ കണ്ണുകളും മുഖങ്ങളും ഓർത്ത് ഞാനാ തിരക്കഥ പൂർത്തിയാക്കുമായിരുന്നു. അവരെക്കൊണ്ട് ആടുകൾക്ക് ഞാൻ ശബ്ദം നല്കുമായിരുന്നു. പക്ഷേ, ഇവൾ, തങ്കം, അതു സമ്മതിച്ചില്ല...'

'ഇത് നിന്റെ എത്രാമത്തെ സിനിമയാണ്?' ഞാൻ ചോദിച്ചു.

'ആദ്യത്തേതിനും മുമ്പത്തെ സിനിമ,' ജോൺ പറഞ്ഞു.

എല്ലാ ദുരന്തങ്ങളിലും അവന്റെ കൂടെ ഒരു വിദൂഷകൻ ഉണ്ടായതു ഭാഗ്യം; അല്ലെങ്കിൽ അവന്റെ ജീവിതം അവൻതന്നെ ഒരു പാറയ്ക്കടിയിൽ, ദൈവമോ ചെകുത്താനോ കാണാതെ സൂക്ഷിച്ച ഒരു ക്ഷേത്രം പോലെയാകുമായിരുന്നു.

പക്ഷേ, ആടുകളുടെ കഥ അങ്ങനെയല്ല. അതു സത്യമായും സംഭവിച്ചു. പിറ്റേന്നുതന്നെ വീട്ടുമുറ്റത്ത് ആരോ കഴുത്തിന് വെട്ടിയ നിലയിൽ ചോരവാർന്ന് ആട് മരിച്ചുകിടക്കുന്നതു കണ്ടു...

എനിക്കത് സങ്കല്പിക്കാനേ കഴിഞ്ഞില്ല.

തങ്കവും ഷിലയും പൊട്ടിക്കരഞ്ഞു.

തലേന്ന് ഞങ്ങളുടെ കൂടെ കഴിഞ്ഞ ജോണിനെ നോക്കി ഞാൻ വീട്ടുവളപ്പിൽ തിരഞ്ഞു. ഒരു സമയം അവന്റെ പതിഞ്ഞ കരച്ചിൽ കേട്ടു. ഒരു മരത്തിനു മുകളിൽ, എന്തോ കണ്ടു ഭയന്നപോലെ അവൻ കയറിപ്പറ്റി ഇരിക്കുകയായിരുന്നു... ആ കാഴ്ചയും എന്നെ ഭയപ്പെടുത്തി. ഞാൻ അവനോട് താഴേക്കിറങ്ങിവരാൻ അപേക്ഷിച്ചു...

ജോണാണ് ആടിനെ കൊന്നതെന്ന് തങ്കം വിശ്വസിച്ചു. അത് അവൻ പറഞ്ഞ കഥയുടെ പ്രശസ്തിക്കുവേണ്ടിയാണെന്നും പറഞ്ഞു. ഞാൻ അവളെ തടഞ്ഞു. ഞാൻ വിശ്വസിച്ചതുമില്ല. ജോൺ ഭയത്തോടെ ഒന്നും പറയാതെ നിന്നു. മകളാകട്ടെ, എല്ലാം കണ്ടും എല്ലാം കേട്ടും വല്ലാതെ ഭയന്നിരുന്നു.

തീർച്ചയായും, ഒരു പുരാവൃത്തത്തിനകത്തായിരുന്നു ഞങ്ങൾ എന്നു തോന്നി. മനുഷ്യരും മൃഗങ്ങളും കഥാപാത്രങ്ങളായ, ദുരന്തങ്ങളും വിജയങ്ങളും പ്രകീർത്തിക്കപ്പെട്ട ഒരു നാടോടിക്കഥയിൽ. എന്നാൽ, ആ കഥയും ഒരു സാരോപദേശം സൂക്ഷിക്കുന്നു എന്നു വരുമ്പോൾ കഥാപാത്രങ്ങൾ മനുഷ്യർ മാത്രമാകുന്നു. ദൈവത്തിന്റെ മൂല്യവ്യവസ്ഥ വരുന്നു. ദൈവം മനുഷ്യരുടെ സ്വപ്നമോ ആഗ്രഹമോ ആയിരുന്നിട്ടും ദൈവത്തിന്റെ അധികാരലോകം അതിനേക്കാളൊക്കെ കഠിനമായിരുന്നു. ഈ കഥയും ദൈവം പറഞ്ഞതായി;

ജോൺ പെട്ടെന്ന് തെന്നിമാറി നിലവിളിച്ചുകൊണ്ട് പുറത്തേക്കോടി... അവനു നേരെ തങ്കം ഒരു വെട്ടുകത്തി ചുഴറ്റി എറിഞ്ഞിരുന്നു. അത് അവന്റെ കഴുത്തിലോ കാലിലോ കൊണ്ടിരുന്നു...

ഞാൻ തങ്കത്തിനെ കണ്ട് സ്തബ്ധനായി നിന്നു.

അതുവരെയും അവൾ മറച്ചുപിടിച്ച വെട്ടുകത്തി ആ രാത്രിയിലോ ആ പകലിലോ അല്ലെങ്കിൽ കഴിഞ്ഞ കുറെ നാളുകളിലോ ഉണ്ടായിരുന്നതോ എന്ന് എനിക്കറിയില്ല. ഒരുപക്ഷേ, മാരകമായ കഥപറച്ചിലുകൾ ആയുധധാരികളെപ്പോലെയാകും, സ്വയം മരിക്കാനും അല്ലെങ്കിൽ കൊല്ലാനും ഒരുങ്ങി... കഥ ജീവിതത്തിലേക്ക് പിറകിൽനിന്നും കിട്ടിയ തട്ടലോടെ വീണതുപോലെ...

ഞാൻ നോക്കിനില്ക്കെ, വിളറിവെളുത്ത്, എന്നെ നോക്കി തങ്കം നിലത്തേക്കു കുഴഞ്ഞുവീണു.

പതിമൂന്നാമത്തെ സിനിമയുടെ

തിരക്കഥ.

പന്ത്രണ്ട്

വിറ്റോറിയോ ഡി-സീക്ക, ലോകസിനിമയിലെ പ്രശസ്തനായ സിനിമാക്കാരൻ 1948-ൽ എടുത്ത 'ബൈസിക്കിൾ തീവ്സ്,' ഇറ്റാലിയൻ പേരിലാണെങ്കിൽ, Ladri di biciclette, ഇംഗ്ലീഷിൽ The bicycle thief ഇറ്റലിയിലും ലോകത്തും 'നിയോ-റിയലിസ്റ്റ് സിനിമ' എന്നറിയപ്പെട്ടിരുന്നു. അഥവാ, ആ സിനിമയെ സ്വാധീനിച്ചത് ഇവയൊക്കെ എന്നും പറഞ്ഞു: poetic realism, communism, Christian humanism തന്റെ കളവുപോയ സൈക്കിളുമന്വേഷിച്ച് റോമിലെ തെരുവിലലയുന്ന ദരിദ്രനായ അന്റോണിയോയുടെ കഥയായിരുന്നു. അയാളുടെ ജോലിക്ക് അത്യാവശ്യമായിരുന്ന സൈക്കിളായിരുന്നു കളഞ്ഞുപോയത്. ല്യൂജി ബാർത്തോലിനിയുടെ അതേ പേരിലുള്ള സിനിമയുടെ കഥ. ജോൺ, ഞാൻ ജനിച്ച് കൃത്യം പതിനൊന്നു വർഷം കഴിഞ്ഞാണ് 'ബൈസിക്കിൾ തീവ്സ്' നിർമ്മിക്കപ്പെടുന്നത്.

ജോൺ ആ പതിനൊന്നു വർഷവും, അതായത് സിനിമയുടെയും അവന്റെയും ജനനത്തിനിടയിലെ കാലം, അവന്റെ മുത്തച്ഛന്റെ കൂടെ കോട്ടയത്ത് കഴിഞ്ഞു. ആ പതിനൊന്നു വർഷവും അതിനു പിന്നീടുള്ള ചില കാലവും എവിടെയായിരുന്നുവെന്ന് പറയേണ്ടതില്ല; ഞാൻ ആ കാലം മുഴുവൻ ഇപ്പോഴും തിരിച്ചറിയാത്ത കുറെ സ്വപ്നങ്ങളിൽ ഒരിക്കലും കാണാൻ കഴിയാതിരുന്ന ഒരു ചെറുകാറ്റായി കഴിയുകയായിരുന്നു എന്ന് നുണ പറയുന്നു. കാരണം, അതത്ര പ്രധാനമല്ല. ഓർമ്മിക്കുമ്പോൾ വിശേഷിച്ചും.

അന്റോണിയോയും മകനും സൈക്കിളുമന്വേഷിച്ച് റോമിലെ തെരുവിലലഞ്ഞു. ഒടുവിൽ കണ്ടുകിട്ടാത്തതു കാരണം, തന്റെ ദാരിദ്ര്യത്തെ നേരിടാൻ വേണ്ടി മാത്രം, ജോലിക്ക് അത്യാവശ്യമായ ഒരു സൈക്കിൾ, അന്റോണിയോ മോഷ്ടിക്കുകയും പിടിക്കപ്പെടുകയും ചെയ്തു. അതും മകൻ, ബ്രൂണോ, കാണെ. സൈക്കിളിന്റെ ഉടമ അന്റോണിയോയെ ശിക്ഷിക്കേണ്ടതില്ലെന്നു പറഞ്ഞു. എങ്കിലും ഒരു കള്ളനേക്കാൾ ഉപരി സദാചാരപരമായി താനൊന്നും അല്ല എന്ന് തകർച്ചയോടെ അന്റോണിയോ സിനിമയുടെ അന്ത്യത്തിൽ വന്നു നിന്നു; തൊണ്ണൂറ്റിമൂന്നു മിനിറ്റുകളും കഴിഞ്ഞു, സിനിമയുടെ.

സിനിമ കണ്ടു കഴിഞ്ഞതും ജോൺ കരയാൻ തുടങ്ങി, എന്നിട്ട് 'നാം ജീവിക്കുന്ന ഈ ഭൂമി, ഗ്രഹം, ഓർമ്മിക്കപ്പെടാൻ പോകുന്നത് സിനിമകൾകൊണ്ടാണെങ്കിൽ ഈ സിനിമകൊണ്ടാണ് എന്നു പറഞ്ഞു.

ആ സിനിമ എപ്പോഴും അവനെ കരയിപ്പിച്ചു.

എന്നാൽ, അവന്റെ പതിമൂന്നാമത്തെ സിനിമാക്കഥയിൽ, സൈക്കിളിൽ അലയുന്ന ആൾ, ബൈസിക്കിൾ തീഫ്, ഈ ഓർമ്മയിലേ അല്ല. അത് വേറൊരു ആൾ. ഒരുപക്ഷേ, 'നിയോ-റിയലിസ'ത്തിൽ നിന്നും അയാൾ സൈക്കിൾ മോഷ്ടിച്ച് ഈ കഥയിലെത്തി. ഷീല എന്നോട്, 'അച്ഛാ, ആരാണ് ബൈസിക്കിൾ തീഫ്' എന്നു

ചോദിക്കുമ്പോഴൊക്കെയും ഞാനും ഈ രണ്ടു സൈക്കിൾകാരിലുമെത്തി. 'ഒരുപക്ഷേ, എനിക്കറിയില്ല എന്നു പറഞ്ഞാൽ അച്ഛൻ നുണ പറയുന്നു എന്നു നീ വിചാരിക്കില്ലേ, അതുകൊണ്ടു പറയാം...'

ജോൺ ജനിച്ച് കൃത്യം പതിനൊന്നു വർഷം കഴിഞ്ഞാണ് 'ബൈസിക്കിൾ തീവ്സ്' നിർമ്മിക്കപ്പെടുന്നത്. ആ പതിനൊന്നു വർഷവും അവൻ അവന്റെ മുത്തച്ഛന്റെ കൂടെ കോട്ടയത്തു കഴിഞ്ഞു. അവന്റെ മുത്തച്ഛന് സിനിമ നിർമ്മിക്കുന്നത് എങ്ങനെ എന്ന് അറിഞ്ഞുകൂടായിരുന്നു. എന്നാൽ, 1987-ൽ, അവന്റെ നാല്പത്തിയൊമ്പതാമത്തെ വയസ്സിൽ, മരിക്കുന്നതുവരെ ജോൺ തന്റെ സിനിമയുടെ കഥകൾക്കെല്ലാം കാരണക്കാരനായി മുത്തച്ഛനെ കണ്ടു. ഉദാഹരണത്തിന്, ജോൺ മരിക്കുന്നതിന് തലേന്ന് ഇങ്ങനെ പറഞ്ഞുവത്രേ: 'എന്റെ ഈ സിനിമ, വാസ്തവത്തിൽ മുത്തച്ഛൻ പറഞ്ഞുതന്ന കഥയാണ്; ഒരിക്കൽ ഉഗ്രപ്രതാപിയായ ഒരു മന്ത്രവാദി പുഴയിൽ പകൽനേരത്ത് കളിക്കുകയായിരുന്നു. പുഴയിൽ മുങ്ങിനിവർന്നതും ആകാശത്തിലൂടെ ഒരു അപ്സരസ്സ് പോകുന്നതു കണ്ടു. സത്യത്തിൽ അയാൾ കണ്ടത് അവളുടെ നിഴലാണ്. വെള്ളത്തിൽ, തന്റെ കാൽച്ചുവട്ടിൽ, വെള്ളത്തിൽ അപ്പോൾ വീണ ഒരു പൂവിന്റെ ഇതൾപോലെ, ആ നിഴൽ നീങ്ങി. സുന്ദരമായ കാഴ്ച, സുന്ദരിയായ യുവതി, മന്ത്രവാദി വെള്ളത്തിൽ അവളോടൊപ്പം നീന്തി... മന്ത്രവാദി അപ്സരസ്സിന്റെ നിഴലിനു ചുറ്റും ഒരു കളം വരച്ചു. ജോൺ പറഞ്ഞു; 'മുത്തച്ഛൻ അറിയാൻ പാടില്ലായിരുന്നു, ആ കളമാണ് നമ്മൾ സിനിമാക്കാർ പറയുന്ന ഫ്രൈം എന്ന്...'

നാലു ചലച്ചിത്രങ്ങളേ അവന്റേതായി പുറത്തിറങ്ങിയിട്ടുള്ളൂവെങ്കിലും ജോൺ ചെയ്യാതിരുന്ന ചലച്ചിത്രങ്ങളും അതേപോലെ പ്രസിദ്ധമായിരുന്നു. അതിനാൽ, അവന്റെ പതിമൂന്നാമത്തെ സിനിമ, സിനിമയെപ്പറ്റിത്തന്നെയുള്ള ഒരു കെട്ടുകഥയായി, 1971 മുതൽ 1988 വരെ അവൻ ഈ സിനിമാക്കഥ പറഞ്ഞു നടന്നു. അതായത്, 1987 മേയ് 1-നും ജോൺ ഈ കഥയിലുണ്ട്. ഓരോ സമയം പറയുമ്പോഴും കഥ പല വഴികളിലേക്കും തിരിഞ്ഞു. എന്നാൽ, എപ്പോഴും ഒരു കഥാപാത്രം അവൻ ഓർത്തുവെച്ചു പറഞ്ഞു: ബൈസിക്കിൾ തീഫ്. സിനിമാക്കൊട്ടകയുടെ പരിസരത്ത്, റോഡിൽ, പുഴയുടെ കരയിൽ, രാത്രിയിൽ, മന്ത്രവാദിയുടെ വീട്ടിൽ, അഭിനേത്രിയുടെ കൂടെ, മന്ത്രവാദിയുടെ കൂടെ അവനെ കണ്ടു. ആരാണ് അയാൾ? ചലച്ചിത്രത്തിൽ ഭ്രമിച്ചുപോയ, അക്കാലത്തെ എല്ലാ തൊഴിൽരഹിതരെയുംപോലെ ഒരു ചെറുപ്പക്കാരൻ — 'ചില സമയം അവൻ സൈക്കിളിൽ അതിവേഗം പാഞ്ഞുപോകുമ്പോൾ എന്നെ തിരിഞ്ഞുനോക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്,' ജോൺ പറഞ്ഞു: 'അതായത്, ഞാനാണ് ഈ കഥ പറയുന്നതെന്ന വിധത്തിൽ.'

ജോണിന്റെ കഥയിലെ പുഴയുടെ കരയിലെ വീട്, അവൻ പറയുക, എന്റെയും തങ്കത്തിന്റെയും വീടാണ് എന്നാണെങ്കിലും അത് മന്ത്രവാദിയുടെയും ഭാര്യയുടെയും വീടായിരുന്നു. ആ കാലത്ത്, സാധാരണ കേരളീയ ഗ്രാമങ്ങളിൽ കാണാറുള്ളതുപോലെ ഓരോ ഗ്രാമത്തിലും ഒന്നോ ഒന്നിലധികമോ മന്ത്രവാദിയോ മന്ത്രവാദികളോ ഉണ്ടാകും. അവരിൽ ഒരാൾ ആ പ്രദേശത്തെ തന്നെ ഉഗ്രമൂർത്തിയാകും. കഥയിലെ മന്ത്രവാദി ഉഗ്രമൂർത്തിയായിരുന്നു. പുഴ, പലപ്പോഴും അയാളുടെ ഉഗ്രപ്രതാപത്തിന്റെ നീർച്ചോലയായി, അക്കാലത്തെ 'നിയോ-റിയലിസ'ത്തിലെ പുഴ പോലെയല്ല. അഥവാ കടലിന്റെ ഓർമ്മയിൽ ഉള്ളതിനേക്കാൾ പുഴ മനുഷ്യരുടെ കഥകൾക്കുള്ളിലാണ്. പുഴയെപ്പറ്റി പറഞ്ഞു കൊണ്ടുമാത്രമേ ആ നാട്ടിലെ

കല്യാണം, മരണം, ഉത്സവം, ജനനം ഒക്കെ നടക്കുകയുള്ളൂ. 'പുഴ കടന്നു വേണം പോസ്റ്റ്മാൻ ഒരു ടെലിഗ്രാമുമായി എത്താൻ' എന്നു പറഞ്ഞാൽ ഏതു കാലത്തിനും കുറുകെ കിടക്കുന്ന പുഴയുടെ അപാരമായ സാന്നിദ്ധ്യം മനസ്സിലാകും. വേനലിലെയും വർഷകാലത്തെയും പുഴ സിനിമയിലുണ്ട്.

ഒരു സമയം വറ്റാൻ തുടങ്ങുന്ന പുഴയുടെ കരയിൽ ഉണങ്ങിയ ഒരു മരത്തിലെ ഒറ്റക്കൊമ്പിൽ ഒറ്റയ്ക്കിരിക്കുന്ന പക്ഷിയെ കാണും. അങ്ങനെ ഒരു പക്ഷിയെ കിട്ടിയിട്ടില്ലെങ്കിൽ, അങ്ങനെ ഒരു പക്ഷിയെ മരക്കൊമ്പിൽ ഉണ്ടാക്കിവെക്കാൻ, ഒരു പ്ലാസ്റ്റിക് പക്ഷിയെ കരുതണം എന്ന് ജോൺ തിരക്കഥയുടെ മാർജിനിൽ എഴുതിവെച്ചു.

'അത് എന്തുകൊണ്ട്?'

'ഭൂമിയിൽ പക്ഷികൾ ഇല്ലാതാവുന്ന കാലം വരുന്നു.'

ഞങ്ങളുടെ വീട്ടിൽനിന്നും മാറി, ജോണിനോടൊപ്പമുള്ള എന്റെ ഏഴാമത്തെ ദിവസമായിരുന്നു അത്. തലേന്ന് ഞാൻ തങ്കത്തിന് ഒരു കത്തെഴുതി; 'ഞാൻ വേഗം വരും. ജോൺ സിനിമയുടെ കഥ പൂർത്തിയാക്കുന്നു. കുറച്ചു മണിക്കൂറുകൾ കൂടി അവന്റെ കൂടെ നിന്ന് ഉടൻ പുറപ്പെടുന്നു. പേടിക്കേണ്ട.'

'അവൾ എന്തിനു പേടിക്കണം?' ജോൺ ഞാൻ തങ്കത്തിനു കത്തെഴുതുകയാണെന്നും ഉടൻ വരുകയാണെന്നും പേടിക്കരുത് എന്നു പറയുകയാണെന്നും പറഞ്ഞപ്പോൾ ചോദിച്ചു; 'അവൾ ആരാ, സിനിമാനടിയോ, ആരെങ്കിലും തട്ടിക്കൊണ്ടുപോകുമോ?'

കോട്ടയത്തെ അതേ ലോഡ്ജിലെ മുറിയിലായിരുന്നു ഞങ്ങൾ. അടിയന്തരാവസ്ഥ പിൻവലിച്ചിരുന്നു. ഇന്ദിരഗാന്ധി തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്നു. ഇന്ത്യയിലെ ജനങ്ങൾ വേറൊരു കഥ ഉണ്ടാക്കാൻ ഒളിച്ചിരിക്കുകയായിരുന്നു ആ പതിനെട്ടു മാസങ്ങൾ എന്നു ചിലർ പറയാൻ തുടങ്ങിയിരുന്നു. ചില നക്സലൈറ്റുകളും ജയിലിൽനിന്ന് പുറത്തിറങ്ങിയിരുന്നു. ഇതേ ലോഡ്ജിൽ, ഇതേ മുറിയിൽ പിറ്റേന്ന് രണ്ടു നക്സലൈറ്റുകളുടെ നേതാക്കൾ, ഒരാൾ സിവിക് ചന്ദ്രനായിരുന്നു, വരുമെന്ന് പറഞ്ഞിരുന്നു. മലയാളത്തിൽ ഒരു 'സാംസ്കാരിക മാസിക' തുടങ്ങുന്നു എന്നു പറഞ്ഞിരുന്നു. അവരെ കണ്ടതിനുശേഷം ഞാൻ പിറ്റേന്ന് കോഴിക്കോട്ടേക്ക് മടങ്ങുമെന്ന് ജോണിനോട് പറഞ്ഞു. 'കാണാൻ മാത്രം ഭംഗിയൊന്നുമുള്ളവരല്ല അവർ. നസീറോ ഉമ്മറോ അല്ല, നീ ഇപ്പോൾത്തന്നെ പോ, തങ്കത്തിനെയും ഷീലയെയും ഇവിടേക്കു കൊണ്ടുവാ, തങ്കം ഈ സിനിമയിലെ നായികയായി അഭിനയിക്കുന്നു...'

പക്ഷേ, അന്നു രാത്രി ഞാൻ അവിടെ തങ്ങി. മുറിയിൽ അന്ന് ഞങ്ങൾ നാലു പേരുണ്ടായിരുന്നു. കിഴക്കുനിന്നു വന്ന ബഷീർ, വടക്കുനിന്നു വന്ന ഞാൻ, തെക്കുനിന്നു വന്ന സത്യൻ, ജോൺ. ബഷീർ പഴയ നാടകഗാനങ്ങൾ പാടും, ജോൺ ചിലപ്പോൾ അത് അഭിനയിച്ചു കാണിക്കും. അനാഥനായ വൃദ്ധനും കാമുകനും കുഷ്ഠരോഗിയുമൊക്കെ. അവൻ നടൻ തന്നെ. 'മന്ത്രവാദിയായി അഭിനയിക്കാൻ നീ തന്നെ മതി' എന്നു ഞാൻ ജോണിനോടു പറയും. 'നന്നാവും,' ജോൺ പറയും: 'സിനിമ തിയറ്ററിലെത്തില്ല.' അവൻ സുന്ദരനല്ല എന്നുപറയും. ഇന്ത്യയിലെ പുരുഷന്മാരും സ്ത്രീകളും ശ്രീകൃഷ്ണനെയാണ് ഇഷ്ടപ്പെടുന്നതെന്നു പറയും: 'ശ്രീകൃഷ്ണൻ സുന്ദരനാണ്.' ഇന്ത്യയിലെ എക്കാലത്തെയും, ആധുനികതയുടെ കാലത്തും, നായകസങ്കല്പം ജോണും ആവർത്തിച്ചു. ഒരു പക്ഷേ, 'ബ്ലാക്ക് ആൻഡ് വൈറ്റ്' ചലച്ചിത്രങ്ങളുടെ ഓർമ്മ

തന്നെ അങ്ങനെ ചില നായകന്മാരുടെയും അവരെ വട്ടമിട്ടിരുന്ന നായികമാരുടേതുമാണ്.

'സിനിമ സുന്ദരികളുടെയും സുന്ദരന്മാരുടേതുമാണ്' എന്ന് ജോണും പറയും. പക്ഷേ, അവന്റെ കഥകൾ അവനെത്തന്നെ തോല്പിക്കും. അതിൽ കഴുതയും നായകനായി.

'മന്ത്രവാദി സുന്ദരനാവണമെന്നുണ്ടോ?'

'മന്ത്രവാദി സുന്ദരനാണ്.'

'എന്തുകൊണ്ട്?'

'മന്ത്രവാദി ആ നാട്ടിലെ എല്ലാ സ്ത്രീകളുടെയും കാമുകൻ കൂടിയാണ്.'

'കാമുകരെല്ലാം സുന്ദരന്മാരാണോ?'

'അതേ.'

'എന്തുകൊണ്ട്?'

വിചിത്രമായ മറുപടിയാണ് ജോൺ പറയുക എന്നതുകൊണ്ട് ഞങ്ങൾ, കേൾവിക്കാർ, അതിലെ ഫലിതം കാത്തിരിക്കുമായിരുന്നു. ജോൺ മറുപടി പറയും: ഇന്ത്യയിൽ ഒരു കാമുകൻ ഉണ്ടാവുന്നത് അവന്റെ അമ്മ അവനെ ഗർഭധാരണം നടത്തുന്ന നാൾ മുതലാണ്. അവൻ ലോകത്ത് എവിടെയായിരുന്നാലും 'എന്റെ കൃഷ്ണാ' എന്നു പ്രാർത്ഥിക്കും. അതിനു മതങ്ങളുടെ ഓർമ്മയില്ല. എന്തെന്നാൽ, കൃഷ്ണൻ, ലോകത്തെ ഏറ്റവും പ്രാചീനമായ സംഗീതോപകരണത്തിൽ പ്രാവീണ്യം തെളിയിച്ച ആൾ മാതമല്ല, അവൻ എപ്പോഴും തന്റെ മുരളി കൈയിൽ കരുതിയിരുന്നു. അങ്ങനെ ആരാണുള്ളത്? അതായത്, യുദ്ധം ചെയ്യുമ്പോഴും പ്രേമിക്കുമ്പോഴും നുണ പറയുമ്പോഴും ചതി കാണിക്കുമ്പോഴും അയാൾക്ക് ഒരു ഓടക്കുഴൽ വേണം — ഇതും നായകസങ്കല്പത്തിന്റെ ആവർത്തനവിരസതയുള്ള വാദം. ആധുനികതയുടെ കാലത്തും.

എന്നാൽ, ആ രാത്രി 'എന്തുകൊണ്ട് മന്ത്രവാദിയായിക്കൂടാ' എന്നു ചോദിച്ചതിന് ജോൺ മറുപടി പറഞ്ഞത് അവന്റെ തിരക്കഥയിലെ അവസാന ഭാഗമായിരുന്നു; അത് അവൻ അതുവരെയും എഴുതുകയോ പറയുകയോ ചെയ്തിരുന്നില്ല. ജോൺ ആ രാത്രി കഥയിലെ സന്ദർഭം വിവരിച്ചു.

വേനൽക്കാലമായിരുന്നു. പലപ്പോഴും വെള്ളംപോലും കിട്ടാത്ത ഒരു ലോഡ്ജായിരുന്നു അത്. മുറിയിലെ മൺകൂജയിലെ വെള്ളം കഴിഞ്ഞിരുന്നു. ഞാൻ വിചാരിച്ചു, കഥയുടെ ഏതെങ്കിലും തിരിവിൽവെച്ച് ജോൺ വെള്ളം ചോദിക്കും. വാക്കുകളുടെ മഹാദാഹം അവൻ അനുഭവിക്കുന്നത് ശരീരംകൊണ്ടു മുഴുവനുമാണ്. ആ സമയം, ചിലപ്പോൾ, ആ പരിസരത്തിലെ കിണറുകളെല്ലാം അവന്റെ ദാഹത്തിൽ വറ്റാൻ തുടങ്ങും. മാതമല്ല, ജീവിതം ഒരു കഥ മാത്രമാണെന്ന് അവനോളം ഉറപ്പ് ഞങ്ങളിലാർക്കും ഉണ്ടായിരുന്നില്ല. കഥയിലെ ഒരു വരി മാത്രമായാണ് അവൻ തെരുവിലുറങ്ങിയത്. പാരിസിലേക്കു പോയത്. കഥാപാത്രമാകുക, ജീവിതം കഥയായി പറയുക. ഞാൻ 'കൂജയിൽ വെള്ളം ഉണ്ടാവട്ടെ' എന്നു പ്രാർത്ഥിച്ചു. സത്യൻ ദൂരെ മാറി ഇരുന്നു. അവനാണ് ജോൺ പറയുന്നതെല്ലാം എഴുതിവെച്ചിരുന്നത്. ജോണിനുതന്നെ ഓർമ്മവരാൻ പിന്നീട് ആ കുറിപ്പുകൾ സഹായം ചെയ്തു.

'കഥയുടെ അവസാന സന്ദർഭം ഇതാണ്,' ജോൺ കണ്ണുകളടച്ചുകൊണ്ട് പറഞ്ഞു;

'സിനിമാടാക്കീസ് കത്തിത്തീരുകയായിരുന്നു. കേട്ടറിഞ്ഞവരെല്ലാം അവിടേക്ക് ഓടുകയാണ്. അവർക്കത് തങ്ങളുടെ സന്തോഷത്തിന്റെയും സങ്കടത്തിന്റെയും സ്ഥലമായിരുന്നു. അവിടെനിന്നും കേട്ട പല പാട്ടുകളും അവർ മൂളാൻ തുടങ്ങിയിരുന്നു. അവിടെവെച്ചു കണ്ട സിനിമ ജീവിതംതന്നെ എന്നുപറഞ്ഞിരുന്നു. ടാക്കീസ് കത്തിയമരുന്നതു കണ്ട ഒരാൾ മാത്രം, ചെറുപ്പക്കാരൻ, ബൈസിക്കിൾ തീഫ്, ടാക്കീസിന്റെ വളപ്പിൽനിന്നും പുറത്തുകടന്ന് വേറെ വഴിയിലൂടെ ഓടുന്ന ഒരാൾക്ക് പിറകെ ഓടി. സിനിമാടാക്കീസ് കത്തിച്ചത് ആ ആളാണ് എന്ന് അവനു തീർച്ചയായിരുന്നു. കാരണം, അങ്ങനെ ഒരാളെ അവൻ മാത്രമേ കണ്ടുള്ളു; ഒരുപക്ഷേ, സിനിമാടാക്കീസിലെത്തുന്ന ഓരോ സിനിമയും കഥകളാക്കി എത്തുന്ന നോട്ടീസ് ആ നാട്ടിൽ വിതരണം ചെയ്യുന്നതും സിനിമാപോസ്റ്ററുകൾ ഒട്ടിക്കുന്നതും അവനാണ്. ടാക്കീസിനു മുന്നിൽ, ടാക്കീസിനു പുറത്ത്, തെരുവിൽ എപ്പോഴും അവനുണ്ട്.

തന്റെ തൊട്ടുമുന്നിൽ ഇപ്പോൾ ഓടുന്നത് മന്ത്രവാദിയുടെ ഭാര്യയാണെന്ന് ചെറുപ്പക്കാരനു തീർച്ചയായി. അവളാണ് ടാക്കീസ് കത്തിച്ചതെന്നും ഓട്ടത്തിൽത്തന്നെ അവൻ അതിന്റെ കാരണവും കിട്ടി: ആ നാട്ടിലെ മറ്റു പലരെയുംപോലെ മന്ത്രവാദിയുടെ വീട്ടിൽ രഹസ്യമായി കഴിയുന്ന വേറൊരു സ്ത്രീയെപ്പറ്റി അവനും കേട്ടിരുന്നു. അത് ഒരു സിനിമാനടിയാണെന്നും അവൻ കേട്ടിരുന്നു. വശീകരണകലയിൽ മന്ത്രവാദിക്കുള്ള കഴിവ് അവൻ കേട്ടിരുന്നു. എങ്കിൽ ഒരു പക്ഷേ, കത്തിയമരുന്ന ടാക്കീസിനുള്ളിൽ മന്ത്രവാദിയും സിനിമാനടിയുമുണ്ടെന്നും അവൻ ഊഹിച്ചു. മാതമല്ല, മറ്റൊന്നുകൂടി അവൻ ഓർത്തു;

ഒരു ദിവസം ചെറുപ്പക്കാരൻ, തന്റെ സത്യാന്വേഷണത്തിന്റെ ഭാഗമായി സിനിമാനടിയെ കാണാൻ മന്ത്രവാദിയുടെ വീട്ടിലെത്തി. ഒരു ഉച്ചസമയം. അപ്പോൾ മന്ത്രവാദിയുടെ ഭാര്യ മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. അവൻ അവളെ മുൻപും കണ്ടിട്ടുണ്ട്. 'എന്തിനാണ് നീ വന്നത്' എന്ന് അവൾ ചോദിച്ചപ്പോൾ 'അഭിനേത്രിയെ കാണാനാണ്' എന്ന് അവൻ പറഞ്ഞു. 'എന്തിനാണ് നീ അവളെ കാണുന്നത്' എന്നു ചോദിച്ചപ്പോൾ 'ഇതുവരെയും ഒരു സിനിമാനടിയെ നേരിട്ടു കണ്ടിട്ടില്ല' എന്നു പറഞ്ഞു. മന്ത്രവാദിയുടെ ഭാര്യ അവനെ ഒരു നിമിഷം നോക്കി. അവളുടെ കണ്ണുകൾ തന്റെ ശരീരത്തിൽ ഓടിക്കളിക്കുന്നത് ചെറുപ്പക്കാരനും കണ്ടു.

'ശരി, നില്ല്' എന്നു പറഞ്ഞ് മന്ത്രവാദിയുടെ ഭാര്യ വീട്ടിനകത്തേക്ക് പോയി. ചെറുപ്പക്കാരൻ ആകാംക്ഷയോടെ കാത്തുനിന്നു. എന്നാൽ, അവൾ പുറത്തുവന്നത് കൈയിൽ കത്തുന്ന തീക്കൊള്ളിയുമായിട്ടായിരുന്നു. അവളുടെ കണ്ണുകൾ വീണ്ടും അവന്റെ ശരീരത്തിൽ ഓടിക്കളിച്ചു. 'നിന്റെ കണ്ണുകൾ ഞാൻ കത്തിച്ചുകളയും' എന്നു പറഞ്ഞ് അവൾ അവന്റെ അരികിലേക്ക് ചെന്നു. ചെറുപ്പക്കാരൻ പുറത്തേക്ക് ഓടി, പടിക്കുപുറത്തു വെച്ചിരുന്ന സൈക്കിളിൽ കയറി അതിവേഗം അവിടെനിന്നും രക്ഷപ്പെട്ടു.

ചെറുപ്പക്കാരൻതന്നെയാണ് മന്ത്രവാദിയുടെ ഭാര്യ ഭ്രാന്തിയായിരിക്കുന്നു എന്ന് നാട്ടിൽ പരത്തുന്നതും.

'അവളുടെ കണ്ണുകൾ തീക്കൊള്ളിയേക്കാൾ ഭയങ്കരം.'

'ഭ്രാന്തു തന്നെ.'

'ദുഷ്ടൻ, ആ പാവം പെണ്ണിനെ ഭ്രാന്തിയാക്കി.'

'നടികൾ അല്ലെങ്കിലും തേവിടിശ്ശികളാണ്.'

'തേവിടിശ്ശികളോ?'

'അതേ.'

'അതെങ്ങനെ?'

'നിന്റെ തള്ളയോട്ട് പോയി ചോദിക്ക്.'

'അതിന് എന്റെ അമ്മ ചത്തതല്ലേ.'

'ചത്തവരും വർത്തമാനം പറയും.'

'ആരു പറഞ്ഞു?'

'അങ്ങനെയൊരു സിനിമയുണ്ട്.'

'ശരിക്കും?'

'ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.'

ഇപ്പോൾ അതേ തീക്കൊള്ളികൊണ്ടാണ് മന്ത്രവാദിയുടെ ഭാര്യ സിനിമാടാക്കീസിനു തീ കൊടുത്തിരിക്കുന്നത്. അവൾ ടാക്കീസിനുള്ളിൽ തീവെന്തു മരിക്കാൻ മന്ത്രവാദിയെയും സിനിമാനടിയെയും തിരഞ്ഞെടുത്തിരിക്കുന്നു. മന്ത്രവാദിയുടെ ഭാ

ര്യയുടെ പിറകെ അവൻ, തന്റെ സൈക്കിളിൽ, പിന്തുടർന്നു. പുഴയിലേക്കാണ് അവൾ ഓടിയത്. ഒടുവിൽ അവൾ പുഴയിലേക്കിറങ്ങുന്നതും അവൻ കണ്ടു, പുഴയുടെ കരയിലെ ഒരു മരച്ചോട്ടിൽ അവൻ മറഞ്ഞുനിന്നു.

ഇനി എന്താണുണ്ടാവുക എന്ന് അവനു തീർച്ചയായിരുന്നു. കത്തുന്ന സിനിമാടാക്കീസ് രക്ഷപ്പെടുത്താൻ നാട്ടുകാർ ശ്രമിക്കുമ്പോൾ ഇവൾ പുഴയിലെ വെള്ളത്തിലൂടെ ഒഴുകിപ്പോകും. സാരമില്ല. ഒഴുകിപ്പോകട്ടെ. സന്തോഷങ്ങൾ പങ്കിടാനോ അനുഭവിക്കാനോ അറിയാത്തവൾ. കഥ കേൾക്കാനോ കാണാനോ അറിയാത്തവൾ. അവൻ നോക്കിനില്ക്കെ അവൾ പതുക്കെ പുഴയിലേക്കിറങ്ങി. പുഴയിൽ ഒരിടത്തുനിന്ന് മുങ്ങിനിവർന്നു. മുടിക്കെട്ടഴിച്ചു. ഒന്നുകൂടി മുങ്ങിനിവർന്നു. ചെറുപ്പക്കാരൻ, മരത്തിനു പിറകെ, അത്ഭുതത്തോടെ നോക്കിനിന്നു.

തനിക്ക് സങ്കല്പിക്കാൻ കഴിഞ്ഞതിലും അധികം സുന്ദര്യമുള്ളവളാണ് മന്ത്രവാദിയുടെ ഭാര്യ എന്ന് അവനു തോന്നി. ഒരുപക്ഷേ, ഒരു സിനിമാനടിയെപ്പോലെത്തന്നെ. ഒരുപക്ഷേ, പുഴയിൽ മുങ്ങിനിവർന്നതോടെ അവൾ സൌന്ദര്യവതിയായി. ഇപ്പോൾ അവളെ ശരിക്കും കാണാനായി അവൻ മരത്തിനു പിറകിൽനിന്നും പുറത്തുവന്നു. മന്ത്രവാദിയുടെ ഭാര്യയും അവനെ കണ്ടു. ഈ സമയം, രാത്രിയിലേക്ക്, നിലാവും ഒഴുകിവന്നു.

മന്ത്രവാദിയുടെ ഭാര്യ ചോദിച്ചു;

'നീ എല്ലാം കണ്ടു, അല്ലേ?'

അവൻ പറഞ്ഞു:

'കണ്ടു.'

'ടാക്കീസ് കത്തിച്ചത്?'

'കണ്ടു.'

'ഓടിപ്പോരുന്നത്?'

'കണ്ടു.'

'ഇപ്പോൾ ഇങ്ങനെയും എന്നെ കണ്ടു, അല്ലേ?'

'ഉം?'

അവൾ അവനെ നോക്കി പുഞ്ചിരിച്ചു. പുഴയിൽ ഒരു തവണകൂടി മുങ്ങിനിവർന്നു. വീണ്ടും അവനെ നോക്കി പുഞ്ചിരിച്ചു. പതുക്കെ പിറകോട്ട് തുഴഞ്ഞു... നിലാവിൽ വീണ്ടും ഒരു സിനിമാനടിയായി... അവനെ ആ രാത്രി മുഴുവൻ മോഹിപ്പിക്കുന്നവളായി... ഇനിയും പിറകോട്ടു പോകുമ്പോൾ അവളെ കാണാതാകുമെന്ന് അവനു തോന്നി... അവൻ, വേഗം പുഴയിലേക്കിറങ്ങി, അവളുടെ അരികിലേക്ക് നീന്താൻ തുടങ്ങി...'

ജോൺ കഥ നിറുത്തി ഞങ്ങളെ നോക്കി. ഒരു നിമിഷം നിശ്ശബ്ദനായി. പിന്നെ പൊട്ടിച്ചിരിച്ചു; 'ഇപ്പോൾ മനസ്സിലായില്ലേ, സിനിമ സ്വർഗ്ഗത്തിലെ കലയാണെന്ന്...'

അതേ, സിനിമ ശരിക്കും സ്വർഗ്ഗത്തിലെ കലയാവണം, നോവൽ ഭൂമിയിലെ കലയായതുപോലെ. കഥയുടെ അസുലഭമായ ഒരു സന്ദർഭമാണ് ജോൺ പറഞ്ഞത്. പ്രത്യേകിച്ചും കഠിനമായ വ്രതനിഷ്ഠകളുള്ള ഒരു സെൻസർഷിപ്പ് അന്ന് ഇന്ത്യയിലുണ്ടായിരുന്നപ്പോൾ. ചുംബനങ്ങൾവരെ വേണ്ടെന്നുവെച്ച്. മാതമല്ല, മുറുകെ പുണരുന്ന നായികാനായകന്മാർവരെ, വെള്ളിത്തിരയിൽ, അന്ന് ശ്രദ്ധപുലർത്തും.

തന്നെ പുണരുന്ന നായകന്റെ നെഞ്ചിന് കുറുകെ നായിക അവളുടെ കൈകൾ വെക്കും, അവളുടെ മാറിടം നായകന്റെ നെഞ്ചിൽ തട്ടാതിരിക്കാൻ. എന്നാൽ, അതേ മാറിടം, മോഹിപ്പിക്കുന്നവിധം തിരശ്ശീലയിൽ കൂർത്തുനില്ക്കും. അവൾ കരയുമ്പോൾപ്പോലും അത് നമ്മെ നോക്കും... ദുഷിച്ചവരായിരുന്നു നമ്മളും. സിനിമാടാക്കീസ് വിട്ടുവരാൻ മടിയുള്ളവർ...

ആ സെൻസർഷിപ്പിലേക്കാണ് ജോണിന്റെ കഥാന്ത്യം നീങ്ങിയത്; നിറഞ്ഞുനിന്ന നിലാവിൽ പുഴയുടെ ഓളങ്ങളിൽ, അതീവ സൗന്ദര്യത്തോടെ ഒരു സ്ത്രീയുടെ ഉടൽ കാണുകയായിരുന്നു... ഞാൻ തീർച്ചയായും...

പതിമൂന്ന്

മഴക്കാലം വന്നു.

അതുവരെയും ഇടവിട്ടു പെയ്ത മഴ പകലും രാത്രിയും ഒരുപോലെ പെയ്തു. മരങ്ങളിൽ പെയ്യാതിരിക്കുമ്പോഴും മഴയുടെ ഓർമ്മയുണ്ടായിരുന്നു. ഒച്ച കാണിക്കാതെ.

എന്റെ അദ്ധ്യാപനം മുടങ്ങിയും തുടർന്നും അനിശ്ചിതത്വത്തിലായിരുന്നു. തങ്കം പഴയൊരു തുന്നൽമെഷിൻ വാങ്ങി വീട്ടിൽ കൊണ്ടുവന്നിട്ടിരുന്നു. ഷീല മൂന്നാംക്ലാസ്സിൽ പഠിക്കുകയായിരുന്നു.

ഒരു രാത്രി, ഞങ്ങൾ, ഒരു വാതുവെപ്പുപോലെ ഒരു പാട്ട് കെട്ടിച്ചമച്ചു. ഞങ്ങൾ ഉണ്ടാക്കിച്ചൊല്ലിയ വരികൾ മഴയെപ്പറ്റിയായിരുന്നു. 'മാനം കാറ്റിൽ പൊട്ടി ഓട്ട വീണേ മഴ പെയ്തേ...' എന്നു ഞാൻ ആദ്യത്തെ വരി പാടിയപ്പോൾ ഷീല ഓർത്തോർത്തു ചിരിച്ചു, 'ശീലക്കുട ഓട്ടയായതുപോലെ' എന്നു പറഞ്ഞു. അത് ഞങ്ങൾ പാട്ടിന്റെ രണ്ടാമത്തെ വരിയാക്കി. അവൾക്കു സന്തോഷമായി.

> മാനം കാറ്റിൽ പൊട്ടി ഓട്ടവീണേ
> മഴ പെയ്തേ, ശീലക്കുട ഓട്ടയായതുപോലെ...

തങ്കം ചോദിച്ചു; 'ഇനി ഞാനല്ലേ?'

കുറച്ചുമാത്രം തുറന്നുവെച്ച ജനലിനു പുറത്ത് മിന്നൽ മാറി മാറി വന്നു. ചിലപ്പോൾ ഇടി മുരണ്ടു. ചിലപ്പോൾ ഒച്ചയോടെ ജനലിനു പുറത്ത് കാറ്റു വന്ന് മൂട്ടി.

'മിന്നൽ കാണിച്ച മഴ എത്തിനോക്കി.'

'ജനലിലൂടെയോ?'

അല്ല'

'പിന്നെ?'

'കാല്ക്കൽ വന്ന്.'

'കാല്ക്കലിലോ?'

'അതെ.'

'മഴയോ?'

'അതെ.'

തങ്കം പാട്ട് കഥയാക്കി. ഞാനും ഷീലയും അവൾ പറയുന്ന കഥ കേട്ടു കിടന്നു.

അവളുണ്ടാക്കിയ കഥ, നിരാലംബയായ ഒരു സ്ത്രീയാണ് മഴ എന്നാണ്. അതിനാൽ മഴയുടെ പ്രാർത്ഥന ഇടിയും മിന്നലിനോടുമാണ്. ഇടിയും മിന്നലും ദൈവമായിരുന്നു. എന്നെ ഭൂമിയോടൊപ്പം കഴിയാൻ അനുവദിക്കണം എന്നായിരുന്നുവത്രേ മഴയുടെ ആവശ്യം. ഇടിയും മിന്നലും മഴയുമായി ഓടി.

'ഭൂമിയിൽ നീ എങ്ങനെ കഴിയും?' മിന്നൽ മഴയോട്ട് ചോദിച്ചു.

'പുഴയായി കഴിയും,' മഴ പറഞ്ഞു.

തങ്കം പറഞ്ഞ കഥയോടൊപ്പം ഞാൻ 'പുഴയുടെ കരയിലെ വീട്ടി'ലും എത്തി. കഥകൾ തുണയാകുന്ന ഏകാന്തത, അച്ഛനും അമ്മയും മകളുമായി ഞങ്ങൾ പിന്നിടുന്ന രാത്രിയെ പതുക്കെ പതുക്കെ ചീത്ത ഓർമ്മകളിൽനിന്നെല്ലാം കൊണ്ടുപോകുന്നതായിരുന്നു. ഞങ്ങളുടെ ദാരിദ്ര്യത്തിൽനിന്നും.

ഞാൻ 'പുഴയുടെ കരയിലെ വീട്ടിലെത്തി. മഴ കഴിഞ്ഞെത്തുന്ന ഒരു പ്രഭാതം. ഇലകളും മണ്ണും വെളിച്ചത്തിൽ തിളങ്ങുന്നുണ്ടായിരുന്നു. തിളങ്ങുന്ന കണ്ണുകളുള്ള ഉറുമ്പുകളുടെ ഒരു നിര അതിശയകരമായ ഒരു സംഗീതത്തിന്റെ അകമ്പടിയോടെ നീങ്ങുന്നുണ്ടായിരുന്നു. അപ്പോഴും ഞാൻ തങ്കം പറയുന്ന കഥ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മഴയുടെ മോഹങ്ങൾ സമ്മതിക്കാമെന്ന് ഇടിയും മിന്നലും പറഞ്ഞു. പക്ഷേ, അവർ മഴയറിയാതെ അവളെ വേറൊരു കടുക്കിലും ഇട്ടു; എല്ലാ നിമിഷവും അവരെ മാത്രം ഓർക്കുക...

'എന്നിട്ടോ?' ഷീല ചോദിച്ചു.

'അതുകൊണ്ടാണ് പുഴ നിറഞ്ഞൊഴുകുമ്പോഴും വറ്റിക്കൊണ്ടിരിക്കുന്നത്,' തങ്കം പറഞ്ഞു.

മകളോടൊപ്പം ഞങ്ങളും കുറച്ചുനേരം കഥ വന്നുപെട്ട നിശ്ശബ്ദതയിൽ വന്നു. പതുക്കെ ഷീല ഉറക്കത്തിലേക്കും പോയി.

കിളികളുടെ ഒച്ചയും കാറ്റിന്റെ മൂളലും പിറ്റേന്നു വരാനുള്ള വെയിലിന്റെ തിളക്കവും അത്രയും സൂക്ഷ്മമായി തങ്കം പറഞ്ഞത് എന്നെ ആഹ്ലാദത്തിലേക്കു കൊണ്ടുപോയിരുന്നു. ഇരുട്ടിൽ കൈനീട്ടി ഞാൻ അവളുടെ കരം ഗ്രഹിച്ചു; പുറത്തു പെയ്യുന്ന മഴയ്ക്കൊപ്പം ആ രാത്രി, ഞങ്ങൾ പ്രണയിച്ചു. ഒരു സമയം നഗ്നരായി കിടപ്പുമുറിയിലെ ജനാലയ്ക്കൽ വന്നുനിന്ന് ഇരുട്ടിൽ പെയ്യുന്ന മഴ കണ്ടു. ഞാൻ 'പുഴയുടെ കരയിലെ വീട്ട്" ഓർത്തു;

'തീർച്ചയായും നമുക്ക് പുഴയുടെ കരയിൽ ഒരു വീടു വേണം.'

'വേണ്ട.'

'ഉം?'

'മഴക്കാലത്ത് പുഴ വീട്ടിൽ വരും, എന്നെയും കൊണ്ടുപോകും.'

'പോകട്ടെ.'

'വേണ്ട.'

'ഉം?'

'കടൽ എനിക്ക് പേടിയാണ്.'

'എനിക്ക് പേടിയില്ല.'

'എനിക്കു നീന്താനറിയില്ല.'

'ഞാൻ പഠിപ്പിക്കാം.'

പിറകിൽ വന്നുനിന്ന് ഞാൻ തങ്കത്തിനെ പുണർന്നു. 'നീന്തിക്കോളൂ' എന്നു പറഞ്ഞു. അവൾ ഇക്കിളികൂട്ടി എന്റെ പിടി വിടുവിച്ചു...

ഒരുപക്ഷേ, ഇത്രയും വർഷങ്ങൾക്കു ശേഷവും ആ മഴയും രാത്രിയും ഓർമ്മയും എനിക്ക് കുളിർ കോരിയിടുന്നു. ആണിന്റെയും പെണ്ണിന്റെയും കൂട്ട് എന്നാൽ, ഹൃദ്യമായൊരു പ്രണയത്തിനുശേഷം ഒരു രാത്രി മഴ കണ്ടുകൊണ്ട് നില്ക്കൽ മാത്രമാണെന്നു തോന്നും: നിങ്ങൾ ഒരുമിച്ച് യാത്ര ചെയ്യുമ്പോഴോ, ഒരുമിച്ച് ദൈവത്തിനു മുന്നിൽ

നില്ക്കുമ്പോഴോ എന്നതിനേക്കാളൊക്കെ — എന്റെ ഉള്ളംകൈകൾ പഴയ കാറ്റിന്റെ ഓർമ്മയിൽ തണുത്തു.

ആദ്യത്തെ കാക്കയുടെ ശബ്ദത്തിൽത്തന്നെ പിറ്റേന്നത്തെ പ്രഭാതം ഞങ്ങളുടെ കണ്ണുകളിൽ തട്ടി. മകൾ അപ്പോഴും ഉറങ്ങുകയായിരുന്നു. ഞാൻ എഴുന്നേറ്റ് ഉമ്മറത്തേക്ക് ചെന്നു. ഉദിച്ചു വരുന്ന സൂര്യനെ കാണാൻ കിഴക്കോട്ടു നോക്കി ഇരിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ, ഉമ്മറത്തേക്കുള്ള വാതിൽ തുറന്നതും വാതിൽപ്പടിയോടു ചേർത്ത്, തലേന്നു വീശിയടിച്ച കാറ്റും മഴയും നനയിച്ച നിലത്ത്, ചുരുണ്ടുകൂടി കിടക്കുന്ന ജോണിനെ കണ്ടു. മുഷിഞ്ഞ വസ്ത്രങ്ങളിൽ അവൻ ഒരു തെണ്ടിയെപ്പോലെ ഉറങ്ങുകയായിരുന്നു. ഞാൻ വാതിൽ ചാരി തിരിച്ചുവന്ന് തങ്കത്തിനോട് ജോൺ പുറത്തു കിടക്കുന്ന കാര്യം പറഞ്ഞു. അവൾക്ക് ആശ്ചര്യം തോന്നിയില്ല. തലേന്നത്തെ മഴയത്ത് അവൻ വന്നുകയറിയ സമയം അവൾ അറിഞ്ഞതു പോലെ.

ഞാൻ ചോദിച്ചു; 'തങ്കം വല്ലതും കേട്ടുവോ, ജോൺ എപ്പോഴായിരിക്കും വന്നിരിക്കുക?'

അവൾ എന്നെ നോക്കി കൈമലർത്തി കാണിക്കുക മാത്രം ചെയ്തു. വീണ്ടും 'ഉറങ്ങാൻ പോകുന്നു' എന്നു പറഞ്ഞ് മകളെ പുണർന്നു കിടന്നു. അവൾ ഉറങ്ങുകയില്ല എന്ന് എനിക്ക് അറിയാമെങ്കിലും.

ഞാൻ ജോൺ വന്നിരിക്കാവുന്ന സമയം ഊഹിച്ചു; രാത്രി മഴ പെയ്യുമ്പോൾ തന്നെ. മഴ നനഞ്ഞ് ചിലപ്പോൾ മഴയത്ത് നൃത്തം വെച്ചു. കാലുകൾ തളർന്നപ്പോൾ വാതില്ക്കൽ വന്നു കിടന്നു. ഉറങ്ങാൻ തുടങ്ങി.

ഞാൻ വീണ്ടും ഉമ്മറത്തു വന്നു. കിഴക്കോട്ടു നോക്കി ഇരുന്നു. മഴയുടെ തണുത്ത ഓർമ്മയിൽ സൂര്യൻ പ്രത്യക്ഷപ്പെട്ടതും എന്തുകൊണ്ടോ കടുത്ത വേനലിലേക്കാണ് ഇനി ആ ദിവസം തുറക്കുക എന്നു തോന്നി.

പ്രഭാതഭക്ഷണവുമായി അടുക്കളയിൽത്തന്നെ ഞങ്ങൾ ജോണിനെ കാത്തിരുന്നു. അതാണ് പതിവ്. എന്നാൽ, അന്ന് അവൻ അടുക്കളയിലേക്ക് വരാതെ നിന്നു. തങ്കം 'എന്നാൽ, ഇന്ന് എല്ലാവർക്കും ഉമ്മറത്തിരിക്കാം' എന്നു പറഞ്ഞ് ചെന്നു. പിറകിൽ ഞാനും. ജോൺ കുളി കഴിഞ്ഞ് വസ്ത്രങ്ങൾ മാറി, പോകാനുള്ള തയാറെടുപ്പിലായിരുന്നു.

'നീ പോവുകയാണോ?' ഞാൻ ചോദിച്ചു. 'അതേ,' ജോൺ പറഞ്ഞു; 'ഞാനൊരു കാര്യം പറയാൻ വന്നതാണ്.'

'ജോൺ ആദ്യം ചായ കുടിക്കൂ,' തങ്കം പറഞ്ഞു.

അവൻ തങ്കത്തിന്റെ കൈയിൽനിന്ന് ചായ വാങ്ങി, വിശപ്പുണ്ടാകും, ചായയോടൊപ്പം പ്ലേറ്റിൽനിന്ന് ഇഡ്ഡലിയുമെടുത്ത് കഴിക്കാൻ തുടങ്ങി. 'പതുക്കെ, സമയമുണ്ട്' എന്ന് തങ്കം പറഞ്ഞപ്പോൾ ജോൺ അവളെ നോക്കി ചിരിച്ചു. പെട്ടെന്ന് തങ്കത്തിന്റെ കണ്ണുകൾ നനയുന്നത് കണ്ടു.

'ജോൺ എന്തേ രാത്രി ഞങ്ങളെ വിളിക്കാതിരുന്നത്?' അവൾ ചോദിച്ചു.

'ഞാൻ വിളിക്കുമെന്നുതന്നെ പേടിച്ചു,' ജോൺ പറഞ്ഞു: 'പക്ഷേ, ഭാഗ്യം! വിളിച്ചില്ല.'

'ഭാഗ്യം?' തങ്കം അവനെ നോക്കി അത്ഭുതപ്പെട്ടു. പകരം അവൻ ചിരിക്കുക മാത്രം ചെയ്തു.

സിനിമ ഉണ്ടായതും ലോകത്ത് ആളുകൾ എന്നത്തേക്കാളും അധികം ഓർമ്മയുടെ പിടിയിലായി എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. സിനിമ അവരെ ഭൂതകാലത്തിന്റെ ഇരകളാക്കി. ഓർമ്മയെ സദാസമയവും കണ്ടുകൊണ്ടിരിക്കുന്നവരാക്കി.

ഒരുപക്ഷേ, ബാക്കി എല്ലാവരും എഴുന്നേറ്റു പോകുമ്പോഴും കഥ കഴിഞ്ഞും ടാക്കീസിൽ ഇരിക്കുന്ന ഒരാളെപ്പോലെയാണ് ഇന്നും ഞാൻ. സിനിമയുടെ ഒരു ഇര പോലെത്തന്നെ. രാത്രിയുടെ അറ്റത്ത് വയ്ക്കോൽകൊണ്ടും ഓലകൊണ്ടും കെട്ടിപ്പൊക്കിയ സിനിമാ ടാക്കീസ്, സിനിമാ പാരഡൈസോ, ജോണിന്റെ കഥയിലെ അഭിനേത്രിയെപ്പോലെ അകമഴിഞ്ഞ ക്ഷേമാന്വേഷണങ്ങളോടെ ബാക്കി നില്ക്കുകയായിരുന്നു. സിനിമാ ടാക്കീസ് ചോദിക്കും: 'നിനക്ക് സുഖമല്ലേ?' 'നിന്നെ കാണാറില്ലല്ലോ,' 'നിനക്ക് ഇഷ്ടമായില്ലേ, 'എന്നിട്ട് പറയൂ' എന്നിങ്ങനെയുള്ള വാക്കുകൾ തുടക്കത്തിലും ഒടുവിലുമായി പറയുന്ന വാചകങ്ങളുടെ മാസ്മരികമായ ഭംഗിയിൽ. അപ്പോഴൊക്കെയും ഏകാന്തമായ അറിയിപ്പുപോലെ 'എന്റെ സിനിമേ!' എന്ന് ഞാനും തുടങ്ങും...

ഒരു പക്ഷേ, കല, ഒരാൾ അയാളെപ്പറ്റി പറയാൻപോകുന്ന ഓർമ്മയാകണം. തന്നത്തനെപ്പറ്റിയുള്ള വാഗ്ദാനങ്ങൾ ഓർക്കാൻ. തീർച്ചയില്ലാത്ത വാദം. അന്നു ജോൺ ഞങ്ങളെ കാണാൻ വന്നത് അവന്റെ സിനിമാക്കഥ കത്തിച്ചു കളഞ്ഞുവെന്ന് പറയാനായിരുന്നു. അത് കേട്ടതും ഞങ്ങൾ — ജോൺ, തങ്കം, ഞാൻ — കുറ്റവാളികളെപ്പോലെയായി. അഥവാ, ഒരു കുറ്റകൃത്യത്തിൽ ഗൂഢമായി പങ്കുചേർന്നതുപോലെ.

'ഞാനെന്റെ പതിമൂന്നാമത്തെ സിനിമയുടെ തിരക്കഥ കത്തിച്ചു കളഞ്ഞു.'

തങ്കം അധികം നില്ക്കാതെ അകത്തേക്കു പോയി. കുറച്ചു കഴിഞ്ഞ് അവൾ പതിവിലും നേരത്തേ വീട്ടിലെ പണികൾ ചെയ്യാൻ തുടങ്ങി. 'എന്തുകൊണ്ട്?' എന്നു ചോദിക്കാതിരിക്കാൻ ഞാനെന്നോടുതന്നെ പൊരുതിക്കൊണ്ടിരുന്നു. ജോൺ, ഒരുപക്ഷേ, അത് പറയാതിരിക്കാനും.

ചായ കുടിച്ചതിനുശേഷം ജോൺ പോകാൻ പുറപ്പെട്ടു. തങ്കം അവനെ യാത്രയാക്കാൻ വരുന്നില്ല എന്നു ഞാൻ ശ്രദ്ധിച്ചു. ഒരുപക്ഷേ, ഇനി ഒരിക്കലും ഞങ്ങൾ അവനെ കാണുകയുണ്ടാവില്ല എന്നും. ഞാൻ തങ്കത്തിനോട് വിളിച്ചു പറഞ്ഞു; 'ജോൺ പോകുന്നു.' അവൾ മൂളുക മാത്രം ചെയ്തു. ജോൺ ഷീലയെ അന്വേഷിച്ചു. ഞാൻ അവൾ ഉറങ്ങുകയാണെന്നു പറഞ്ഞു. സഞ്ചിയിൽനിന്ന് അവൻ ഒരു പെന്നെടുത്ത്, 'ഇത് മോൾക്ക് കൊടുക്കണം' എന്നു പറഞ്ഞു.

ഒരു കാറ്റു വന്നു, മുറ്റത്തുനിന്ന്. അതെന്റെ കാലുകളെ തൊട്ടു. ഡിസംബറിലെ ആദ്യത്തെ ആഴ്ചയായിരുന്നു. ജോണിനോട് നീ ക്രിസ്മസ്സിന് എവിടെയുണ്ടാകുമെന്ന് ചോദിച്ചു. അവൻ ചിരിച്ചു. പെട്ടെന്ന് എല്ലാ മുറുക്കങ്ങളെയും നിരാലംബമായ ആ കാഴ്ച മറച്ചുവെക്കുകയും ചെയ്തു. അവൻ പറഞ്ഞു; ഒരു കുരിശിനു താഴെ, ശീർഷാസനത്തിൽ, ധ്യാനിക്കുകയായിരിക്കും.'

അത് അവൻ അളവറ്റ നിരാശകൊണ്ടു പറഞ്ഞതാകും. 'കുരിശിൽ യേശുവുണ്ടാകും, ഇല്ലേ?' എന്നു ഞാൻ ചോദിച്ചു. ചിരിച്ചുകൊണ്ടു വേണമായിരുന്നു അത് ചോദിക്കാൻ. 'തീർച്ചയായും, ജോൺ പറഞ്ഞു; 'അല്ലെങ്കിൽ എനിക്കെന്തുറപ്പ് എന്നെപ്പറ്റി?'

ആ സമയം മുറ്റത്തെത്തിയ അയൽവീട്ടിലെ പൂച്ചയെ കണ്ട് 'ഈ രാവിലെത്ത

ന്നെ ഇവിടെ പുലി ഇറങ്ങിയോ' എന്നു ചോദിച്ച് അതിനെ പുറത്തേക്കോടിച്ചു. ജോൺ പൂച്ചയുടെ പിറകെ 'പുലിവാൽ പിടിച്ചുവല്ലോ' എന്ന് പടികടന്നു പോയി. ഇടവഴിയിൽനിന്ന് അവൻ വിളിച്ചുപറഞ്ഞു; 'തങ്കം ഞാൻ പോയി...'

ആ ശബ്ദത്തിലേക്കെന്നപോലെ തങ്കം ഉമ്മറത്തേക്ക് ഓടി വന്നു. ഞങ്ങളുടെ കണ്ണുകൾ അവിശ്വാസത്തോടെ ഒരേ സമയം പിടഞ്ഞു കാണും. അങ്ങനെ നേർക്കുനേർ കണ്ടപ്പോൾ അങ്ങനെ നില്ക്കാനാകാതെ ഞാൻ കിടപ്പുമുറിയിലേക്കു മടങ്ങി, തൊട്ടു മുൻപേ കാലിൽ തൊട്ട കാറ്റ്, ഇപ്പോൾ എന്റെ ഉടലിനുള്ളിലുമായിരുന്നു.

തങ്കവും കഥ പറയുന്നു.

പതിനാല്

അക്കാലത്തു തന്നെ ഞാനൊരു പ്രബന്ധം എഴുതി- 'ആധുനികതയും സാഹിത്യവും'. എന്റെ അറിവിന്റെ അവതരണത്തേക്കാൾ ഒരു എഴുത്തുകാരനാവാനുള്ള ആഗ്രഹത്തിന്റെ ശമനത്തിനു വേണ്ടി. പിന്നീട് അതൊരു ആത്മഭാഷണം പോലെയായി. അല്ലെങ്കിൽ ഞങ്ങളുടെ 'ആധുനികത തന്നെ ഒരാൾ തന്നിൽ നിന്നു തന്നെ വേർപെടുന്ന രീതിയായാണ് സാഹിത്യത്തിലും തെളിഞ്ഞത്. വ്യക്തിയെ സംബന്ധിച്ച് ഒന്നിലധികം വാദങ്ങൾ ഒരുപക്ഷേ, മറന്നേ പോകാവുന്ന വിവരങ്ങൾ, ആധുനികതയ്ക്കുണ്ടായിരുന്നു. റോഡിൽനിന്നും അപ്പോഴും അപ്രത്യക്ഷമാകാതിരുന്ന കാളവണ്ടികൾക്കു മീതെ, ദൂരെ ആകാശത്തിൽ, വിമാനങ്ങൾ പറന്നിരുന്നെങ്കിലും നിരത്തുകൾ തന്നെയായിരുന്നു 'ആധുനികത' നേരിട്ട സ്ഥലം—ആലോചനയിലും സാഹിത്യത്തിലും.

എന്റെ വാദങ്ങൾ ഇപ്പോൾ ഞാൻ ഓർക്കുന്നില്ല. ഒരുപക്ഷേ, ആ വാദങ്ങൾ ഒന്നും ഞാനിപ്പോൾ ഉയർത്തുന്നുമുണ്ടാകില്ല. പക്ഷേ, ഇപ്പോഴും പച്ചയായി നില്ക്കുന്ന ഓർമ്മയുടെ ഒരാൽബം ആൽബേർ കമ്യുവിന്റെ 'The Rebel' എന്ന പുസ്തകം തന്ന ചിത്രങ്ങളാണ്. ഒരു റോഡപകടത്തിൽ അയാൾ മരിക്കുന്നതോടെ 'ആധുനികത'യുടെ ഒരു ആലോചനാഘട്ടം കഴിയുകയും തുടങ്ങുകയും ചെയ്തു എന്ന് ഞാൻ എഴുതിയതായി ഓർക്കുന്നു. എന്തുകൊണ്ടാകും അങ്ങനെ?

എന്തായാലും 'Rebel' എന്നത് ഒരു ജീവിതരീതിയേക്കാൾ, ജീവിതവീക്ഷണത്തേക്കാൾ, ജീവിതോപാധിയാവുന്ന പുതിയ ഘട്ടം ഞാൻ പേടിയോടെ നേരിട്ടു. ഒരുപക്ഷേ, ഞങ്ങൾ, 'ആധുനികത'യോടൊപ്പം നിന്നവർ മുഴുവനും: ആത്മഹത്യക്ക് സമാസമം നിന്ന ഒരേ ഒരു പ്രവൃത്തി 'Rebel' എന്ന സങ്കല്പം ജീവിതോപാധിയാവുക എന്നാണ്—ഇങ്ങനെ പോയി എന്റെ വാദങ്ങൾ. വാക്കുകൾ നല്കിയ ആത്മവിശ്വാസം എന്നെ ആശയങ്ങളിലേക്കു നയിച്ചു എന്നു പറയാം. ലോകം, പക്ഷേ, അതിലും വിശ്വാസ്യത കുറഞ്ഞതായിരുന്നു. ആത്മവിശ്വാസം എന്നതു തന്നെ ചിതറിയ കാറ്റുപോലെ ചുറ്റും മൂടിനിന്നപ്പോഴും.

വാസ്തവത്തിൽ മലയാളത്തിലെ ആധുനികതയെ അന്വേഷിച്ച ആ പ്രബന്ധം നോവലിനെയാണ് പരിശോധനയ്ക്കെടുത്തത്. സ്വാഭാവികമായും, ആധുനികതയുടെ നായകനെത്തന്നെ ഞാൻ ആശ്രയിച്ചു. കമ്യു പറഞ്ഞു. 'The novel is born simultaneously with the spirit of rebellion and expresses, on the aesthetic plane, the same ambition...'

'എതിർപ്പ്' എന്ന സങ്കല്പം നോവലിനെ എങ്ങനെ ചരിത്രംപോലെത്തന്നെ വിശ്വാസയോഗ്യമാക്കുന്നുവെന്ന് ആ വരികളിൽനിന്നും ഞാനും കണ്ടെത്തുകയായിരുന്നു. ഗദ്യത്തിൽ എഴുതി ചരിത്രത്തോളം തന്നെ വിശ്വാസയോഗ്യമാക്കുന്ന പ്രവൃത്തി. രാത്രി ഞാനെഴുതിയ കടലാസുകൾ ഓരോന്നായി തങ്കം വായിച്ചു. ആധുനിക

തയെപ്പറ്റിയും ആത്മഹത്യയെപ്പറ്റിയും കമ്യൂവിന്റെ വാദങ്ങളെ പിൻപറ്റി ആത്മഹത്യയെപ്പറ്റി പറയുന്ന ഭാഗങ്ങൾ അവൾ ശ്രദ്ധയോടെ വായിച്ചു. ചിലതൊക്കെ വ്യക്തമാവാൻ എന്നോടു ചോദിച്ചു. എനിക്കാകട്ടെ അതിലെ ഓരോ വരിയും എന്റെ തന്നെ ഞരമ്പുകളാണെന്നു തോന്നി. തങ്കം എന്റെ കഴുത്തിലും (ഒരുപക്ഷേ, കയർ മുറുക്കേണ്ടുന്ന സ്ഥലം?) ചുണ്ടിലും (ഒരുപക്ഷേ, നാവു പുറത്തിടേണ്ടുന്ന സ്ഥലം) ഉമ്മ വെച്ചു. 'സ്നേഹം രണ്ടുപേർ തമ്മിലുള്ള സൌഹൃദത്തേക്കാൾ രണ്ടു പേർ തമ്മിലുള്ള തുണയുടെ കാരണംകൂടിയാണ്,' തങ്കം എന്റെ മുഖം രണ്ടു കൈകൾകൊണ്ട് ചേർത്ത് അവളുടെ മുഖത്തിനു നേരെ പിടിച്ചു. 'ശരിയല്ലേ?' എന്ന് എന്റെ കണ്ണുകളിൽ നോക്കി ചോദിച്ചു.

ഇപ്പോൾ ഓർക്കുമ്പോൾ അവ്യക്തങ്ങളായ ആശയങ്ങൾകൊണ്ടും അതിനേക്കാൾ മറവികൊണ്ടും ആ പ്രബന്ധം എന്റെതന്നെ ഓർമ്മയിൽ മായാൻ തുടങ്ങിയിരുന്നു. 'ആധുനികത'യുടെ ശരികൾ തന്നെ ഞാനോർക്കുന്നില്ല. ലോകം, അഥവാ നമ്മെ പഴയ മനുഷ്യരാക്കുന്നത് ആദ്യം രൂപത്തിലല്ല, നമ്മെ പരിചയപ്പെടുത്തുന്ന ആശയങ്ങളിലാണെന്ന് എനിക്കു തോന്നുന്നു. ഉദാഹരണത്തിന് 'കലയും ജീവിതവും' എന്ന വിഷയത്തെപ്പറ്റിയുള്ള പ്രഭാഷണം ആശയങ്ങളുടെ പഴമയെപ്പറ്റിയാകുന്നത്. ഇങ്ങനെ എനിക്ക് ജോണിനെപ്പറ്റിയും പറയാം. ഒരു കലാകാരന്റെ ദരിദ്ര ജീവിതം, ഭൗതികമായത്, അയാൾ തന്റെ കലയിൽനിന്നും സ്വീകരിച്ചതല്ല എന്നതുകൊണ്ടുതന്നെ അനുതാപത്തിന് അർഹമല്ലാത്തതാവുന്നു—ഇങ്ങനെ ഒരു ആശയം ഞാൻ പ്രകടിപ്പിക്കുന്നുവെങ്കിൽ അതും ജോണിനെപ്പറ്റി എങ്ങനെ ശരിയാകും: ജോൺ അവന്റെ പതിമൂന്നാമത്തെ തിരക്കഥ കത്തിച്ചു കളഞ്ഞതിനൊരു കാരണം തന്റെ സിനിമയ്ക്ക് പണം മുടക്കാൻ ആരുമില്ല എന്നതായിരുന്നു. ആ കാലത്ത് സിനിമയുടെ നിർമ്മാണം ജനങ്ങൾ ഏറ്റെടുക്കുന്ന എന്നൊന്നും ജോണോ ഞങ്ങളോ ആലോചിച്ചിട്ടില്ല. പിന്നീട് അതൊക്കെ വരുന്നുമുണ്ട്.

എന്നാൽ, ഇതിനെക്കാളൊക്കെ, ആ തിരക്കഥ കത്തിക്കാനുള്ള കാരണം അതിന്റെ കഥയിൽ അതിലെ പ്രധാന കഥാപാത്രങ്ങൾ ഏറ്റെടുത്ത മാനസിക സംഘർഷങ്ങളായിരുന്നു. ചിരി വരും (ജോണിനു പോലും) അങ്ങനെ ആലോചിക്കുമ്പോൾ. സ്വന്തം കഥയിലെ കഥാപാത്രങ്ങളുടെ സംഘർഷങ്ങൾ താങ്ങാൻ കഴിയാത്ത അല്ലെങ്കിൽ അഭിമുഖീകരിക്കാൻ കഴിയാത്ത എഴുത്തുകാരുടെ വിധി ഓർത്ത്. പക്ഷേ, ശരിക്കും അങ്ങനെയൊരു ചിരി കഠിനമായ വേദന കണ്ടെത്തുന്ന തുറമുഖമാണ്.

ജോൺ പറഞ്ഞു; 'കേരളത്തിലെ ഗ്രാമങ്ങളിൽ സിനിമാക്കൊട്ടകകൾ കൊണ്ടുവന്ന ജീവിതം പ്രധാനമായും നഗരത്തിന്റെകൂടി ഓർമ്മയുള്ളതായിരുന്നു.' ജോൺ അനവധി സിനിമകളുടെ പേരു പറഞ്ഞു. അവയുടെ കഥകളും. വിചിത്രമെന്നു തോന്നാം, തന്റെതന്നെ കെട്ടുകഥയിൽ ജോൺ മാത്രമല്ല ആ കഥയോടൊപ്പം സഞ്ചരിച്ച ഞങ്ങളെല്ലാവരും അങ്ങനെയൊരു ആലോചനയുടെ മുനമ്പിൽ എത്തിയിരുന്നു. നഗരത്തിലെ ജീവിതങ്ങൾ പരിചയമുള്ള ഒരു സ്ത്രീ, അഭിനേത്രി, ഘോരങ്ങളായ താത്പര്യങ്ങളും അതെല്ലാം പൂർത്തീകരിക്കാൻ എല്ലാ തന്ത്രങ്ങളും വിജയകരമായിത്തന്നെ മെനയുന്ന മന്ത്രവാദിയും—അവർ ഒരുമിച്ച ജീവിക്കുക പ്രയാസമായിരുന്നു.

ഒരു രാത്രി മന്ത്രവാദി തന്റെ മാന്ത്രികസിദ്ധിയുടെ ശക്തിയിൽ സിനിമാനടിയുടെ മുറിയിലെത്തി.

ജോൺ പറഞ്ഞ കഥയിൽ അങ്ങനെയൊരു സന്ദർഭം കാത്തിരിക്കുന്നത് മന്ത്രവാദിയുടെ ഭാര്യയാണ്. അവൾ തന്റെ ഭർത്താവിന്റെ അരികിൽ ഉറങ്ങുന്നു എന്നു നടിച്ചുകൊണ്ട് കിടന്നു. എന്നാൽ, മന്ത്രവാദി, അവളറിയാതെ തന്നെ രണ്ടാളായിക്കഴിഞ്ഞിരുന്നു. തന്റെ ഭാര്യയുടെ വിശ്വാസത്തോടൊപ്പം ആയിരിക്കുമ്പോഴും അതിൽ നിന്നും വേർപെട്ട് സിനിമാനടിയുടെ അരികിലും എത്തിയിരുന്നു. ഇവരിൽ ആരാണ് യഥാർഥത്തിലുള്ള ആൾ എന്നറിയില്ല. ഒരാൾ അയാളുടെ കാമനകളിൽ പ്രവേശിക്കുന്നതു തന്നെ അയഥാർഥമാകാം. അറിയില്ല.

മന്ത്രവാദി, ആ രാത്രിയിൽ, തന്റെ ഭാര്യയെ വിട്ട് സിനിമാനടിയുടെ അരികിലേക്കെത്തുന്നത് ചിത്രീകരിക്കേണ്ടത് നേർക്കുനേരാണെന്ന് ജോൺ പറഞ്ഞു; 'അയാളുടെ മുഖം കാമനകളുടെ ഉത്സവം തല്ലുന്നതാണ്.' 'ലോകത്തെ എല്ലാ കാമനകളുടെയും ആരവം നിശ്ശബ്ദമായ ആഘോഷമാക്കുന്നതും മുഖമാണ്.'

വാതിൽ തുറന്ന് അവളുടെ മുന്നിൽ അയാൾ പ്രവേശിക്കുമ്പോൾ സിനിമാനടി ആ രാത്രിതന്നെ അവിടം വിട്ടുപോകാനുള്ള ഒരുക്കത്തിലാണ്. ഒളിച്ചോട്ടം തന്നെ. മന്ത്രവാദി വാതിൽ അകത്തു നിന്നടച്ച് അവളുടെ അരികിലേക്കു ചെന്നു.

'നീ എവിടേക്കും പോകുന്നില്ല,' മന്ത്രവാദി പറഞ്ഞു; 'ഈ രാത്രിയിൽ എന്നല്ല ഒരു രാത്രിയിലും.'

അവൾ തന്റെ ഒളിച്ചോട്ടം കണ്ടുപിടിക്കപ്പെട്ടതിനേക്കാൾ ഇനി ഉണ്ടാവാൻ പോകുന്ന രാത്രികൾ കൊണ്ടുതന്നെ അയാളെ ഭയപ്പെട്ടു.

'എന്നെ തൊടരുത്,' സിനിമാനടി പറഞ്ഞു; 'ഞാൻ നിന്നെ കൊല്ലും.'

ഇതാണ് തന്റെ കഥയിൽ വന്നുപെട്ട ദുർഘടമായ സന്ദർഭമെന്നു ജോൺ പറഞ്ഞു. 'വാസ്തവത്തിൽ പുതിയതായി ഒന്നുമില്ലാത്തത്. 'കബളിക്കപ്പെടുന്ന ജീവിതത്തെപ്പറ്റി, അല്ലെങ്കിൽ, ആ കുറച്ചുകാലം കൊണ്ടുതന്നെ സിനിമകൾ പറഞ്ഞിരുന്നു. രണ്ടു പ്രശസ്തങ്ങളായ സന്ദർഭങ്ങൾകൊണ്ട് ഈ കഥയും അങ്ങനെയായിരുന്നു.

1. മന്ത്രവാദി അവളെ ബലം ഉപയോഗിച്ച് കീഴ്പ്പെടുത്തുന്നു. അവൾ അപമാനഭാരത്താൽ ആത്മഹത്യ ചെയ്യുന്നു.
2. അഭിനേത്രി ഒളിപ്പിച്ചുവെച്ച ഒരു കത്തികൊണ്ട് മന്ത്രവാദിയെ കൊന്ന് തന്റെ അഭിമാനം സംരക്ഷിക്കുന്നു.

ഇതു രണ്ടും ജോൺ വേണ്ടെന്നുവെച്ചു.

വാതിൽ തുറക്കുമ്പോൾ മന്ത്രവാദി കാണുന്നത് ഫിലിംറോളുകൾകൊണ്ട് തന്റെ ഉടൽ മുഴുവൻ ചുറ്റി രൂക്ഷമായി നോക്കുന്ന അഭിനേത്രിയെയാണ്.

രണ്ടുവിധത്തിൽ ആ കാഴ്ച മന്ത്രവാദിയെ ഭയപ്പെടുത്തി. ആദ്യമായും ഫിലിംറോളുകൾ, പരിചയമില്ലാത്ത വസ്തു, സിനിമയുടെ കുടൽമാല, അയാളുടെ ഏതു തീർച്ചയേയും കെടുത്തുന്നതായിരുന്നു. രണ്ടാമതായി, അവളുടെ ഉടൽ, ഒരു മോട്ടോർ എൻജിൻപോലെ, ഉത്പാദിപ്പിക്കുന്ന ഉഷ്ണം.

'രണ്ടും എനിക്ക് പരിചയമില്ല,' ജോൺ പറഞ്ഞു.

'ഒരുപക്ഷേ, ഉടലിന്റെ അത്യുഷ്ണം സിനിമയിൽ എനിക്ക് കൊണ്ടുവരാനേ ആവില്ല. ഞാനെന്തു കാണിക്കും?

രണ്ടു ദിവസമെങ്കിലും ജോൺ തന്റെ കഥയുടെ സന്ദർഭത്തിൽ വന്നു. എന്തു ചെയ്യേണ്ടു എന്നു തോറ്റു.

ഒരു സമയം ഫിലിം റോളുകൾ ഉടലിൽ ചുറ്റിനിന്ന അവൾ ഒരു ദുർദേവത തന്നെ എന്ന് ജോണിനും തോന്നിയിരിക്കും. ആഭിചാരങ്ങളുടെ നായിക.

ഇപ്പോൾ അവളാണ് മന്ത്രവാദിയുടെ അരികിലേക്കു നടന്നു വന്നത്. അവൾ അയാളെ ബലാത്കാരമായി പുണരുമെന്നു തന്നെ വന്നപ്പോൾ മന്ത്രവാദി അവളിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിച്ചു... അതിനും മുമ്പ് ഫിലിം റോളുകൾ ഉരുകുന്ന രൂക്ഷമായ ഗന്ധം അയാളെ പൊതിഞ്ഞു. പതുക്കെ അയാളുടെ കണ്ണുകൾ അടഞ്ഞു...

ഇരുട്ടിലേക്ക് ഒരു നിമിഷം മാത്രം കണ്ണുചിമ്മുന്ന കാമറ, പിന്നെ ഒരു പുലർച്ചയിലേക്ക് ഉണർന്നു. കാമറയുടെ ഏറ്റവും സമീപത്തുനിന്ന് ഒരു മണിയൊച്ചയോടെ സൈക്കിൾയാത്രക്കാരന്റെ (ബൈസിക്കിൾ തീഫ്) യാത്രയുടെ പിൻദൃശ്യം കാണും. ഒരുപക്ഷേ, കഥയിലെ ചെറുപ്പക്കാരനാകാം അത്. അയാൾ തന്നെ മതി. എന്നാൽ, സൈക്കിളിൽ അവന്റെ മുന്നിലിരിക്കുന്ന സ്ത്രീ, അഭിനേത്രി തന്നെയോ എന്നു തീർച്ചയില്ല—ആ ദൃശ്യം കണ്ണിൽനിന്ന് മായുന്നതുവരെയും...

മൂന്നാമത്തെ രാത്രി, വളരെ വൈകി തെരുവിലൂടെ നടക്കുമ്പോൾ ജോൺ വേറൊരു സന്ദർഭത്തിലെത്തി.

ഡിസംബറിലെ തണുപ്പുള്ള രാത്രി, തെരുവിൽവെച്ച് ജോൺ ഒരു വൃദ്ധയെ കണ്ടു. ഒരു യാചകി. തണുപ്പ് അകറ്റാൻ അവരൊരു ചെറിയ തീക്കുണ്ഡം ഉണ്ടാക്കിയിരുന്നു. ജോണും അവരോടൊപ്പമിരുന്ന് തണുപ്പു മാറ്റി. തീ അണയുന്നതിനു മുൻപ് തന്റെ സിനിമാക്കഥയെഴുതിയ കടലാസുകളും സഞ്ചിയിൽ നിന്നെടുത്ത് തീയിലിട്ടു. വൃദ്ധ ചോദിച്ചു; എന്താണിത്രയധികം കടലാസുകൾ?' ജോൺ പറഞ്ഞു: 'ഇതൊരു സിനിമാക്കഥയാണ്.' വൃദ്ധ പറഞ്ഞു: 'ഇങ്ങു താ ഞാനും കത്തിക്കാം.' പകുതി കടലാസുകൾ ജോൺ അവർക്ക് പകുത്തു നല്കി. 'ഞാൻ ശിവാജി ഗണേശന്റെ സിനിമകൾ കാണാറുണ്ട്' വൃദ്ധ പറഞ്ഞു; 'സിനിമ കാണാൻ പോകാൻ ഞാനൊരു സാരി സൂക്ഷിച്ചു വെച്ചിട്ടുണ്ട്.'

ജോൺ വൃദ്ധയുടെ കവിളിൽ നുള്ളി. അവർ ഒരു നായികയെപ്പോലെ ചിരിച്ചു...

'ആ വൃദ്ധയെ നോക്കി, കഥ കത്തിത്തീരും വരെ ഞാൻ സന്തോഷത്തോടെ ഇരുന്നു.'

ജോൺ പോയതിനു ശേഷം അവൻ പറഞ്ഞത് വിശ്വസിക്കുന്നുണ്ടോ എന്ന് തങ്കം എന്നോട് ചോദിച്ചു.

'അവനെന്തിന് കളവു പറയണം?'

'ജോൺ സിനിമാക്കഥ കത്തിച്ചുവെന്നത് ശരിയാണ്, പക്ഷേ, എന്തുകൊണ്ടാണെന്നു പറഞ്ഞത് വിശ്വസിക്കുന്നുണ്ടോ?'

'ഒരുപക്ഷേ, വേറൊന്നും വേണ്ടാത്തവിധം ഒരു കഥ വഴിമുട്ടുമ്പോൾ നമ്മൾ ആ കഥ ഉപേക്ഷിക്കുന്നു.'

തങ്കം എന്നെ നോക്കി. ഒരുപക്ഷേ, പരിഹാസത്തോടെ.

തങ്കം പറഞ്ഞു; 'അവൻ ഭയപ്പെടുന്നു, 13 എന്ന സംഖ്യയെ.'

ഞാൻ വിശ്വസിച്ചില്ല.

തങ്കം പറഞ്ഞു; 'പതിമൂന്നാമത്തെ കഥ അങ്ങനെ അവനെത്തന്നെ ഭയപ്പെടുത്തി. അത് അവനെപ്പറ്റിത്തന്നെയുള്ള കഥയായതുകൊണ്ട്.'

തങ്കത്തിന്റെ ഒച്ച ഇടയ്ക്കൊക്കെയും പൊട്ടി. അവളുടെ വാക്കുകൾ എവിടെയൊ

ക്കെയോ വീഴുന്ന കല്ലുകൾ പോലെ എന്നു തോന്നി. ഞാൻ അവളുടെ അരികിലേക്ക് ചെന്നു.

'സിനിമ അവനും പേടിയാണ്. കഥയിലെ മന്ത്രവാദിയെപ്പോലെ,' തങ്കം പറഞ്ഞു; 'തന്റെ പതിമൂന്നാമത്തെ കഥ കത്തിച്ച് ജോൺ അവന്റെ ഭാഗ്യത്തിനു പിറകെ നടന്നു.'

ഞാൻ വിശ്വസിച്ചില്ല.

എന്തെന്നാൽ, 'ആധുനികത' തന്നെ ഞങ്ങൾ അവിശ്വാസികൾ നിർമ്മിച്ച ലോകമായിരുന്നു. ദൈവം ഉണ്ടായിരുന്നില്ല, അവിടെ. ചെകുത്താൻ തീർച്ചയായും ഉണ്ടായിരുന്നപ്പോഴും. പതിമൂന്ന് എന്ന് അക്കത്തിൽ 13 എന്നെഴുതി കാണുമ്പോൾ ഞാനും ഇഷ്ടപ്പെട്ടിരുന്നു, ജോണിനെപ്പോലെ.

13

'ഒന്നിനു മുൻപിൽ മുന്നും കൊതിച്ചു നില്ക്കുന്ന മൂന്ന്,' ജോൺ പറയും.

പതിനഞ്ച്

തങ്കത്തിന്റെ മനസ്സിന്റെ താളം തെറ്റുന്നു എന്ന് എനിക്കു തോന്നിയ നാളുകൾ, ഞങ്ങൾ ഷീലയോടൊപ്പം തൃശ്ശൂരിലേക്കു വന്നു. വേണുവിന്റെ വീട്ടിൽ താമസിച്ചു. തങ്കത്തിനെ വേണുവിന്റെ പരിചയക്കാരനായ ഡോക്ടർ അസീസിനെ കാണിച്ചു.

നിശ്ശബ്ദമായും ചിലപ്പോൾ തുടരെ സംസാരിച്ചും തന്റെ തന്നെ ഏകാന്തതയുടെ വന്യത തങ്കം നേരിട്ടു, പലപ്പോഴും അവൾ കിടപ്പുമുറിയുടെ ചുമരിലേക്കു നോക്കിയിരുന്നു. ചുമരിലെ നിഴലുകൾ കഥാപാത്രങ്ങളാവുന്ന ഒരു സിനിമ കാണുന്ന വിധം, ദുഃഖകരമായ ആ ഇരിപ്പ്, എന്റെ മറ്റൊരു പേടിയിൽ ഒരു സിനിമാക്കൊട്ടക പോലെത്തന്നെ തോന്നി.

വേണുവിന്റെ വീട്ടിൽ ഷീലയെ നിറുത്തിയതിനുശേഷം അന്ന് ഞങ്ങൾ ഡോക്ടറുടെ അടുത്തേക്കു വന്നു. ആ സമയമൊക്കെയും അവൾ വേണുവിനോടു ഈ ദിവസം തന്നെ നീ എന്തിനു തിരഞ്ഞെടുത്തു എന്നു ചോദിച്ചു. അത് ആ മാസം ഏഴാംതീയതിയായിരുന്നെങ്കിലും അവൾ പതിമൂന്നാണെന്ന് വിശ്വസിച്ചു.

'പതിമൂന്ന് ചീത്ത അക്കമാണ്.'

ഒരാളുടെ ജീവിതം മറ്റു പലരും പറയുന്ന കെട്ടുകഥകൂടിയാണെന്ന് എനിക്കു തോന്നാൻ തുടങ്ങിയിരുന്നു. കെട്ടുകഥകൾ വാസ്തവങ്ങളിൽ പാർപ്പാകാൻ തുടങ്ങിയിരുന്നു. എല്ലാ കാലങ്ങളെയും വകതിരിവില്ലാതെ പകർത്തുന്ന കഥ പതുക്കെ ചുരുളഴിയാൻ തുടങ്ങുന്നു.

ഞാൻ പറഞ്ഞു 'തങ്കം, ഇന്ന് ഏഴാംതീയതിയാണ്. മാത്രമല്ല, പതിമൂന്ന് ഒരു സംഖ്യ മാത്രമാണ്.'

തങ്കം എന്നെ നോക്കി. ഷീലയെ അന്വേഷിച്ചു. അവൾ ആശുപ്രതിയിലേക്ക് വന്നിരുന്നില്ല. വേണുവിന്റെ വീട്ടിലുണ്ടെന്ന് ഞാൻ പറഞ്ഞു.

'അവിടെ എന്റെ മകനോടൊപ്പം അവൾ കളിക്കും,' വേണു പറഞ്ഞു; 'അവർ സമപ്രായക്കാരുമാണ്.'

ഞാനത് ശ്രദ്ധിച്ചിരുന്നു. വേണുവിന്റെ വീട്ടുമുറ്റത്തെ മാഞ്ചോട്ടിലേക്ക് അവൻ അവളുടെ കൈപിടിച്ചു കൊണ്ടുപോകുന്നത് ഞാൻ കണ്ടു. അവർക്കു പിറകെ പോയ ഒരു ശലഭത്തെയും ഞാൻ കണ്ടു.

'അച്ഛനും അമ്മയും വേണുമാമയുടെ കൂടെ ഒരു സ്ഥലംവരെ പോവുകയാണ്,' ഞാൻ ഷീലയോട്ട് പറഞ്ഞു: 'വേഗം വരാം.'

ഞാൻ അവളുടെ കവിളിൽ ഉമ്മവെക്കുന്നത് വേണുവിന്റെ മകനും കൌതുകത്തോടെ കണ്ടു. ഞാൻ അവനും ഉമ്മ കൊടുത്തു. അവന്റെ മുഖം പെട്ടെന്നു വിടർന്നു. വീടിന്റെ പൂമുഖത്ത് നിന്നിരുന്ന രശ്മി, വേണുവിന്റെ ഭാര്യ, ഞങ്ങളുടെ അടുത്തേക്ക് വന്നു. രശ്മി കുട്ടികളെ രണ്ടു പേരെയും ചേർത്തുപിടിച്ചു. 'തങ്കത്തിനെ ശ്രദ്ധിക്കണം' എന്നു പറഞ്ഞു.

ഒരുപക്ഷേ, നാല്പതോ നാല്പത്തഞ്ചോ ദിവസത്തോളം തങ്കം ഡോക്ടർ അസീസിന്റെ ചികിത്സയിലായിരുന്നു. പലപ്പോഴും ഞാനും ആശുപ്രതി കെട്ടിടപരിസരത്തിൽ ഒരു മുറിയിൽ കഴിഞ്ഞു, അസീസ് ചെയ്തു തന്ന സൗകര്യങ്ങളോടെ. ഇടയ്ക്കൊക്കെ അയാൾ എന്റെ മുറിയിൽ വന്നു. സാഹിത്യത്തിലും രാഷ്ട്രീയത്തിലും അയാൾക്ക് താത്പര്യമുണ്ടായിരുന്നു. ഒരു ദിവസം അസീസ് തങ്കവുമായി എന്റെ മുറിയിൽ വന്നു. ഞാൻ ഒരു പുസ്തകം വായിച്ചിരിക്കുകയായിരുന്നു.

പകൽവെളിച്ചത്തിൽ വാതിക്കൽ തങ്കത്തിനെ കണ്ടപ്പോൾ ഞാനൊരുവേള സ്തബ്ധനായി. ഡോക്ടറുടെ കൂടെയാണെന്ന് കണ്ടപ്പോൾ പെട്ടെന്ന് പലതും ഓർമ്മിച്ചു, ആലോചിക്കുകയും. ഞാൻ തങ്കത്തിന്റെ അടുത്തേക്കു ചെന്ന് അവളുടെ കൈകളിൽ പിടിച്ചു. ഡോക്ടർ പറഞ്ഞു: 'തങ്കത്തിന് പെട്ടെന്ന് താങ്കളെ കാണണമെന്നു തോന്നി. ഞാൻ കൂടെ കൊണ്ടുപോന്നു.'

ഞാനും ആശുപ്രതിയിലൊരിടത്തുണ്ടെന്ന് അവൾ അറിഞ്ഞിരുന്നില്ല. ഡോക്ടർ തങ്കത്തിനോട്ട് പറഞ്ഞു; 'തങ്കത്തിനെ പിരിയാനാകാതെ, തങ്കംപോലുമറിയാതെ, രാമു ഇവിടെ ഒളിച്ചുതാമസിക്കുകയാണ്.'

ഞങ്ങൾ നിന്നിടത്തേക്ക് പുറത്തുനിന്നും ഒരിളംകാറ്റ് വന്നു. വാക്കുകളുടെ ഓർമ്മയുള്ളത്, പതുക്കെ ചിറകുകൾ വിരിക്കുന്നവ.

തങ്കവും ഞാനും എന്റെ കട്ടിലിൽ ഇരുന്നു. ഡോക്ടർ കസേരയിലും.

'തങ്കവും പുസ്തകങ്ങൾ വായിക്കും, ഇല്ലേ?' ഡോക്ടർ ചോദിച്ചു.

'ഉവ്വ്, ഡോക്ടർ,' തങ്കം പറഞ്ഞു. 'ആ അർത്ഥത്തിൽ ഞാനും രാമുവും പുസ്തകപ്പുഴുക്കളുമാണ്.'

ഡോക്ടർ തങ്കത്തിനോട്ട് ഏതു തരം പുസ്തകങ്ങളാണ് അധികം ഇഷ്ടം എന്നു ചോദിച്ചു. ഇഷ്ടമുള്ള എഴുത്തുകാരുടെ പേരും.

അന്ന് ഞങ്ങൾ കുറച്ചുനേരം പുസ്തകങ്ങളെക്കുറിച്ച് സംസാരിച്ചു. എം. ടിയും മാധവിക്കുട്ടിയും ഒ. വി. വിജയനും ഞങ്ങളുടെ സംഭാഷണത്തിൽ വന്നു. ഡോക്ടർക്ക് വിജയനെ പരിചയമുണ്ടായിരുന്നു. വിജയന്റെ സഹോദരിയുടെ വിദ്യാർത്ഥിയായിരുന്ന ഒരുസമയം അയാൾ. ഒരു ദിവസം ടീച്ചറുടെ ക്ഷണപ്രകാരം, കുട്ടികളുടെ ആവശ്യം പരിഗണിച്ച്, അസീസും മറ്റു കുട്ടികളുംകൂടി വിജയനെ കാണാൻ പാലക്കാട്ടെ അവരുടെ വീട്ടിലെത്തി.

'ഞങ്ങൾ ആറേഴ പേരുണ്ടായിരുന്നു. കൂട്ടത്തിലെ ഒരു കുട്ടിയുടെ പേരും തങ്കം എന്നായിരുന്നു, ഡോക്ടർ തങ്കത്തിനെ നോക്കി ചിരിച്ചുകൊണ്ട് ഓർമ്മിച്ചു. വിജയനോട്ട് അവൾക്ക് വലിയ ആരാധനയായിരുന്നു.'

'വിജയൻ ഞങ്ങളുടെ ഓരോരുത്തരുടെയും പേർ ചോദിച്ച് പരിചയപ്പെട്ടു, തങ്കത്തിനോടും. തങ്കം എന്ന് അവൾ പറഞ്ഞപ്പോൾ വിജയൻ 'തനി തങ്കമാണോ?' എന്നു ചോദിച്ചു. അവളും വിട്ടുകൊടുത്തില്ല. 'നൂറുമാറ്റ്' എന്നു പറഞ്ഞു. വിജയൻ 'നോക്കട്ടെ എന്നു ചിരിച്ചു, അവളോട്ട് വലതുകൈമുട്ട് നിലത്ത് ഉരച്ചു കാണിക്കാൻ പറഞ്ഞു.'

'തങ്കം വിജയന്റെ മുൻപിൽ ചമ്രം പടിഞ്ഞിരുന്നു. കൈമുട്ട് നിലത്തുരയ്ക്കുന്നതായി അഭിനയിച്ചു. അത് ഒരു കൂട്ടച്ചിരിയിലുമെത്തി.'

ഡോക്ടർ അസീസ് അതേ ഓർമ്മയോടെ യാത്ര പറയാൻ എഴുന്നേറ്റു. പെട്ടെന്ന് തങ്കം, 'ആ കുട്ടി ഇപ്പോൾ എവിടെയാണെന്ന് ചോദിച്ചു. ഡോക്ടറും ആ ചോദ്യം

പ്രതീക്ഷിച്ചതുപോലെയായിരുന്നു. അസീസ് അവളുടെ അടുത്തു വന്ന് തന്റെ മോതിരവിരലിലെ മോതിരം കാണിച്ചുകൊടുത്തു.

കുറച്ചുകഴിഞ്ഞ് വാർഡിലേക്ക് മടങ്ങണമെന്നും അതുവരെ എന്നോടൊപ്പം കഴിയാൻ തങ്കത്തിന് അനുവാദം കൊടുത്തിരിക്കുകയാണെന്നും പറഞ്ഞു് ഡോക്ടർ പോയി.

തങ്കം മകളെ കാണണമെന്നു പറഞ്ഞു. വീട്ടിലേക്ക് മടങ്ങണമെന്നും. അവൾ ഞാൻ വായിച്ചുകൊണ്ടിരുന്ന പുസ്തകം എടുത്തു നോക്കി. ആധുനികരെന്ന് വിശേഷിക്കപ്പെട്ട ചില കഥാകൃത്തുക്കളുടെ രചനകളുടെ ഒരു സമാഹാരമായിരുന്നു അത്.

'കഥകൾ ഇഷ്ടമായോ? തങ്കം ചോദിച്ചു.

'ചിലതൊക്കെ,' ഞാൻ പറഞ്ഞു.

'എങ്കിൽ ഇപ്പോൾ ഇതിലെ ഇഷ്ടപ്പെട്ട ഒരു കഥ എന്നോട് പറയുമോ?' തങ്കം ചോദിച്ചു.

ആശുപ്രതിമുറ്റത്തെ പൂന്തോട്ടത്തിൽ ഇപ്പോൾ ഒരിളംകാറ്റ് പിച്ചവെക്കാൻ തുടങ്ങിയിരിക്കുമെന്നും കുറച്ചുകഴിയുമ്പോൾ കാറ്റ് ഈ മുറിയിലെത്തുമെന്നും എനിക്ക് ഉറപ്പുണ്ടായിരുന്നു. ആ സമയംതന്നെ, മുറിയിലെവിടെയോ ഒളിച്ചിരുന്ന വേറൊരു ഇളംകാറ്റ് വന്നു. പിന്നെ പൂന്തോട്ടത്തിലെ കാറ്റും വന്നു. ഇലകളുടെ മണമുള്ളത്.

പുസ്തകത്തിലെ ഒരു കഥയും പക്ഷേ, എനിക്ക് ഓർമ്മ വന്നില്ല. ഓർമ്മ വന്നത് ജോണിന്റെ സിനിമാക്കഥയിലെ ഒരു സന്ദർഭമായിരുന്നു. എന്തുകൊണ്ടും ആ ഓർമ്മ അപ്പോൾത്തന്നെ എന്നെ ഭയപ്പെടുത്തി; കടലിൽ മുങ്ങിച്ചാകാൻ പോകുന്ന പന്നികളുടെ കാഴ്ച.

ആ സമയം അങ്ങനെ ഒരു ഓർമ്മ കടന്നുവരാൻ പാടില്ലായിരുന്നു. അതും ഈശ്വരരഹിതമായ ഓർമ്മയിലേക്ക്. 'പഴയെ നിയമ'ത്തിലെ പാപമുക്തിയില്ലാത്ത വരികൾകൊണ്ടായിരുന്നു പന്നികളെ ജോണും വർണ്ണിച്ചത്. എന്നിട്ട്, 'പഴയ നിയമത്തിലെ ദൈവത്തോട്, 'ഞങ്ങൾ മനുഷ്യരോട്, മൃഗങ്ങളോട്, വൃക്ഷലതാദികളോട്, പൂക്കളോട്, പുഴകളോട്, മലകളോട്, ഭൂമിയുടെ സകല അവകാശികളോട് അസൂയപ്പെട്ടിട്ടു എന്തു കാര്യം തമ്പുരാനേ' എന്നു ചോദിക്കും... എന്തായാലും പന്നികളുടെ കാഴ്ച ഓർമ്മിച്ചത് ഞാൻ തങ്കത്തിനോട് പറഞ്ഞില്ല. പകരം മറ്റൊരു കഥ പറഞ്ഞു.

ഒരു നാട്ടുമ്പുറത്ത് അസാധാരണമായ ചിറകുകളും ശരീരവുമായി പ്രത്യക്ഷപ്പെട്ട ഒരാളെപ്പറ്റി, അയാളെ അവിടത്തെ സ്ത്രീകൾ ഓർക്കുന്നതിനെപ്പറ്റി! മാർക്വേസിനെ അന്ന് ഞങ്ങൾക്ക് അധികം പരിചയമുണ്ടായിരുന്നില്ലെങ്കിലും ആ ഒരൊറ്റ കഥ കൊണ്ടുതന്നെ ഞാൻ അയാളെ ഇഷ്ടപ്പെട്ടു. ഇപ്പോൾ തങ്കവും. അവൾ കഥ കേട്ട് സന്തോഷത്തോടെ 'ആധുനികത ഒട്ടും മോശമല്ല' എന്നു പറഞ്ഞു. ശരിയായിരുന്നു അത്.

ആശുപത്രിജീവിതം അവളെയും എന്നെയും ഞങ്ങളുടെതന്നെ വേറൊരു ജീവിതത്തിലേക്കും ഒരുക്കുന്നുണ്ടായിരുന്നു. 'പുഴയുടെ കരയിലെ വീട്' ഏറക്കുറെ ഞാൻ ഉപേക്ഷിച്ചിരുന്നു. കഥയിൽ തീർച്ചയായും. ജീവിതത്തിലാകട്ടെ പുഴയുടെ കരയിലെ വീടിനേക്കാൾ, വീട്, മനസ്സിൽത്തന്നെ തിരഞ്ഞുനടക്കുന്ന ഒന്നായി—ഒരു ഗോളം, ആകാശത്തും ഭൂമിയിലും കണ്ടുപിടിക്കാൻ കഴിയാതെ കഴിയുന്ന ഒരു പേടകംപോലെ...

തങ്കം അപ്പോൾ കേട്ട കഥയുടെ ഓർമ്മയിലേക്കുതന്നെ വീണ്ടും വന്നു.

'നല്ല കഥ,' തങ്കം പറഞ്ഞു: 'ഒരുപക്ഷേ, അങ്ങനെ ഒരാളെ നമ്മുടെ വീട്ടുവളപ്പിൽനിന്ന് ഞാൻ കഴിച്ചെടുക്കും.'

'തങ്കവും കഥ പറയുന്നു,' ഞാൻ പറഞ്ഞു.

'ആധുനികം, അല്ലേ?' തങ്കം ചോദിച്ചു.

'ശരിക്കും,' ഞാൻ പറഞ്ഞു.

അവൾ പുസ്തകം എടുത്ത് മാറിൽവെച്ച് 'ആർക്കറിയാം, ഞാനും കഥകൾ എഴുതില്ല എന്ന്' എന്നു പറഞ്ഞു് വാർഡിലേക്ക് മടങ്ങാനൊരുങ്ങി.

തോന്നുന്നുവെങ്കിൽ തീർച്ചയായും,' ഞാനവളുടെ കൈകൾ പിടിച്ചുകൊണ്ടു പറഞ്ഞു: 'അതേ, ആർക്കറിയാം...!'

തങ്കം പോകുമ്പോൾ അവൾക്കു പിറകെ അതുവരെയും മുറിയിലുണ്ടായിരുന്ന രണ്ടു കാറ്റും പോയി. മുറ്റത്തുചെന്ന് അവ പെട്ടെന്ന് മരങ്ങളിലേക്ക് ഉയർന്നു. ചില്ലകളെ കുലുക്കി.

മരക്കൊമ്പുകൾ കടലിൽനിന്നും ഉയർന്നു വന്നതാണെന്ന് എനിക്ക് തോന്നി. ജോണിന്റെ കഥയിലെ വേറൊരു സന്ദർഭമായിരുന്നു അതും; വെള്ളത്തിൽ തലനീട്ടി നീന്തുന്ന പന്നികൾ. അത്രയും അവനെഴുതിയതോ പറഞ്ഞതോ ആയിരുന്നു. എന്നാൽ, എനിക്കിപ്പോൾ, മരക്കൊമ്പിൽ, കൈപ്പടങ്ങളിലെന്നപോലെ, തൂക്കിയിട്ട പന്നികളെ കാണാനായി; പന്നികളുടെ ജഡങ്ങൾ... ഈശ്വരരഹിതമായിരുന്നു ആ കാഴ്ചയും.

കഥ മാത്രമല്ല, ഭാവനയും ഞാൻ ഭയന്നു. ഞാൻ കണ്ണുകളടച്ചു.

പതിമൂന്നാമത്തെ സിനിമാക്കഥയിലെ

മന്ത്രവാദി.

പതിനാറ്

ഒരു ദിവസം ഞങ്ങളുടെ മകൾ ഷീല, സ്കൂളിൽനിന്ന് വരുമ്പോൾ കൂടെ ജോണുമുണ്ടായിരുന്നു. അവളുടെ പുസ്തകസഞ്ചി തന്റെ ചുമലിൽ തൂക്കി മറ്റൊരു സ്കൂൾകുട്ടിയെപ്പോലെ. ഷീല ഒരു യാചകന്റെ കൂടെയാണ് വരുന്നതെന്നു തോന്നി എന്ന് ഞാൻ ജോണിനോട് പറഞ്ഞു. ജോൺ അവന്റെ വസ്ത്രങ്ങളിൽ നോക്കി, ഷർട്ടിന്റെ കോളർ മൂക്കിനോടടുപ്പിച്ച് ഒരുതവണ മണത്തുനോക്കി, 'ചിലപ്പോൾ ഞാൻ ഒരു യാചകൻതന്നെയാവും' എന്നു പറഞ്ഞു; 'പക്ഷേ, എന്റെ സഞ്ചിയിൽ കോളജ് വാദ്ധ്യാന്മാരുടെ വസ്ത്രങ്ങളുമുണ്ട്.'

'ജോൺ നിനക്ക് അദ്ധ്യാപകനാവാൻ ഇഷ്ടമാണോ?' തങ്കം ചോദിച്ചു. അവൾ മകളുടെ സ്കൂൾവസ്ത്രങ്ങൾ മാറ്റി, അവളുടെ മേല് കഴുകിക്കാൻ കിണറ്റിൻകരയിലേക്ക് നടന്നു. കിണറ്റിൽനിന്ന് വെള്ളം കോരുന്നതിനു മുൻപ്, ബക്കറ്റ് കിണറ്റിലെ വെള്ളത്തിൽ തൊടുന്നതിനു മുൻപ് അവൾ വെള്ളത്തിൽ അവളുടെ മുഖം കണ്ടിരിക്കും. മഴക്കാലം കഴിഞ്ഞ് കിണർ നിറഞ്ഞിരുന്നതുകൊണ്ട് ഒരു കണ്ണാടിയിലെന്നപോലെ അവൾക്ക് തന്റെ മുഖം കാണാൻ കിട്ടിയിരിക്കും. അവൾ അങ്ങനെ ശ്രദ്ധിച്ചുനോക്കുന്നതും തന്റെ മുടി കൈപ്പടം കൊണ്ട് ശരിയാക്കുന്നതും കണ്ടു.

'ഞാൻ ഇഷ്ടമാണെന്നു പറഞ്ഞാൽ തങ്കം എന്നെ ഇവന്റെ ട്യൂഷൻ സെന്ററിലെ വേറൊരു അദ്ധ്യാപകനാക്കും. അതുകൊണ്ട് അദ്ധ്യാപകനാവാൻ എനിക്കിഷ്ടമല്ല,'

ജോൺ കിണറ്റിൻകരയിലേക്ക് നോക്കാതെ വിളിച്ചുപറഞ്ഞു.

'പിന്നെ എന്താവാനാണ് ഇഷ്ടം, സിനിമാക്കാരനല്ലാതെ?'

തങ്കം കിണറ്റിൻകരയിൽനിന്ന് അവനെ തിരിഞ്ഞുനോക്കാതെ ഉറക്കെ ചോദിച്ചു.

ഞാനവരുടെ സംഭാഷണം കൗതുകത്തോടെ കേൾക്കുകയായിരുന്നു. കമ്പിയില്ലാക്കമ്പിപോലെ കൈമാറുന്ന സന്ദേശങ്ങൾ. ജോൺ പറഞ്ഞു, പതിമൂന്നാമത്തെ സിനിമാക്കഥയിലെ മന്ത്രവാദിയുടെ തൊഴിൽ അവന് ഇഷ്ടമാണെന്ന്. അവൻ ഒരു മന്ത്രവാദിയിൽനിന്ന് മന്ത്രവാദം പഠിക്കാൻ തുടങ്ങിയിട്ടുണ്ടെന്നു പറഞ്ഞു. ചുട്ട കോഴിയെ പറപ്പിക്കാൻ പഠിച്ചു.

തങ്കം പറഞ്ഞത് അവൾക്ക് തുന്നൽപ്പണിതന്നെയാണ് ഇഷ്ടം എന്നാണ്. ലോകത്തിലെ എല്ലാ സ്ത്രീകളും അറിയുന്ന ഒരു തുന്നൽക്കട അവൾ തുറക്കുമെന്നു പറഞ്ഞു.

'പുഴയുടെ കരയിൽ?' ജോൺ വിളിച്ചു ചോദിച്ചു.

'തീർച്ചയായും, തങ്കം പറഞ്ഞു: 'ഒരു തോണിയിലാകും വസ്ത്രങ്ങളുടെ വ്യാപാരം നടക്കുക.'

'തോണിയുടെ നിറം?' ജോൺ ചോദിച്ചു.

'നീല,' തങ്കം പറഞ്ഞു. പിന്നെ തിരുത്തി; 'അല്ലെങ്കിൽ മഞ്ഞ.'

'മഞ്ഞ?' ജോൺ ചോദിച്ചു.

'ഉം,' തങ്കം മൂളിയത് ജോൺ കേട്ടില്ല. അവൻ ഉത്തരത്തിനായി കിണറ്റിൻ കരയിലേക്ക് നടന്നു. ഉത്തരത്തിനു തന്നെയാകാം അവൻ തങ്കത്തിനു മുന്നിൽ ചെന്നു നിന്നതും. അടുത്ത നിമിഷം ഞങ്ങളെ പൊട്ടിച്ചിരിപ്പിച്ചുകൊണ്ട് തങ്കം ജോണിന്റെ തലയിലൂടെ അപ്പോൾ കോരിയെടുത്ത വെള്ളമൊഴിച്ചു. അപ്രതീക്ഷിതമായിരുന്നു, ജോണിന് അത്. ഒരു കുട്ടിയെപ്പോലെ തണുത്തുവിറയ്ക്കുന്നതു കണ്ടു. പിന്നെ കൊട്ടത്തളത്തിൽ ഇരുന്നു. ഷീല അവന്റെ തലമുടി പിറകിൽനിന്നും ഒരു തവണ വലിച്ച് എന്റെ അരികിലേക്ക് ഓടിവന്നു. തങ്കം രണ്ടാമത്തെയും മൂന്നാമത്തെയും വെള്ളം അവന്റെ ശിരസ്സിലൂടെ ഒഴിച്ചു.

'ഇനി ജോൺ കുളിക്ക്' എന്നു പറഞ്ഞ് തങ്കം തിരിച്ചുവന്നു. അവളുടെ മുഖം പ്രസന്നമായ ആഗ്രഹങ്ങൾകൊണ്ട് തുടുത്തിരുന്നു. മകളെ തുവർത്താൻ തുടങ്ങുമ്പോൾ, 'അച്ഛൻ മതി' എന്നു ഷീല പറയുന്നത് കേട്ടപ്പോൾ മാത്രം തങ്കം എന്നെ നോക്കി. ഒരു നിമിഷം അവളുടെ കൃഷ്ണമണികൾ പതറിയത് ഞാൻ ശ്രദ്ധിച്ചു. എനിക്ക് അത്ഭുതമാവില്ലായിരുന്നു അത്. പക്ഷേ, ജോൺ പറഞ്ഞ പതിമൂന്നാമത്തെ സിനിമാക്കഥയിലെ മന്ത്രവാദിയെ ആ നിമിഷംമുതലാണ് ഞാൻ നേരിടാൻ തുടങ്ങുക എന്നു തോന്നി. ഞാൻ തങ്കത്തിനോട് പറഞ്ഞും:

'നിന്റെ തോണി കടവിലേക്ക് അടുക്കുമ്പോൾ ഒരു മന്ത്രവാദിയാകുമോ തുണിക്കെട്ടിനു പകരം വന്നിറങ്ങുക?'

പെട്ടെന്ന് തങ്കത്തിന്റെ മുഖം മാറി. അവൾ മകളെ എന്റെ മുന്നിലേക്ക് നീക്കി, 'മോൾടെ തല തുവർത്തിക്കൊടുക്ക' എന്നു പറഞ്ഞ് വീടിനകത്തേക്കുപോയി.

കിണറ്റിൻകരയിൽത്തന്നെ വിശദമായി കുളിക്കാൻ തുടങ്ങിയിരുന്നു ജോൺ. അവൻ ആറ്, ഏഴ് എന്നെണ്ണി വെള്ളം തലയിലൂടെ ഒഴിച്ചുകൊണ്ടിരുന്നു. ആ സമയം അവന്റെ കുളി കാണാനെത്തിയ ഒരു കാക്ക, കഴുത്തിൽ ചാരവലയമുള്ളത്, തൊട്ടപ്പുറത്ത് ഒരു ഭയവുമില്ലാതെ ഇരിക്കുന്നത് കണ്ടു.

ജോണും കാക്കയെ കണ്ടു. ഇടയ്ക്ക് കാക്കയോട് പലതും ചോദിച്ചു. അവനോടുള്ള ചോദ്യങ്ങൾക്കെന്നപോലെ ഉത്തരം പറയുകയും ചെയ്യുന്നുണ്ടായിരുന്നു.

കുളി കഴിഞ്ഞെത്തിയ അവനോട്, 'നിന്റെ കുളി ഞങ്ങൾ മാത്രമല്ല, ഒരു കാക്കയും കണ്ടു' എന്നു ഞാൻ കളിപറഞ്ഞു.

'ഉം,' ജോൺ പറഞ്ഞു; 'അതെന്റെ അമ്മയായിരുന്നു.'

'അതിന് നീയോ നിന്റെ അമ്മയോ ഹിന്ദുവല്ലല്ലോ, കാക്കയാകാൻ,' ഞാൻ വീണ്ടും കളിപറഞ്ഞു.

'ഞാൻ മരിച്ചവരുടെ ഓർമ്മകൂടിയാണ്,' ജോൺ പറഞ്ഞു.

ഞാനവനെ കളിയാക്കി, ഇതൊന്നും ഇന്ത്യയിൽ ജീവിക്കുന്ന എല്ലാവരുടെയും ഓർമ്മയല്ല എന്നു പറഞ്ഞു. 'മരിച്ചവരെ കൂടെ പിടിച്ചുനിറുത്തരുത്, മരിക്കാൻ വിടണം.'

ഞാൻ പറഞ്ഞത് ജോണിന് ഇഷ്ടമായി. അവൻ എന്നെ നോക്കി രണ്ടു തവണ ശബ്ദമില്ലാതെ കൈകൊട്ടി.

'എന്നെ അത്ഭുതപ്പെടുത്തിയത് മറ്റൊരു സംഭവമാണ്. നീ കണ്ട ഈ കാഴ്ചയില്ലേ, ഇങ്ങനെ ഒന്ന് ഞാനെന്റെ സിനിമാക്കഥയിലും എഴുതിയിരുന്നു.'

അവൻ കാക്കയോട് പറഞ്ഞതൊക്കെ എന്തെന്നറിയാൻ മകളും എന്റെ കൂടെക്കൂടി. മരിച്ചുപോയവർ കാക്കകളാകുന്നുവെന്ന് ജോൺ കഥയാക്കി പറഞ്ഞു. എങ്കിൽ നമ്മൾ എങ്ങനെ നമ്മുടെ അമ്മയെയും അച്ഛനെയും കാക്കകളായാൽ തിരിച്ചറിയുക എന്ന് മകൾ ചോദിച്ചു. നമ്മൾ തിരിച്ചറിയുക കാക്കകൾ നമ്മളെ തിരിച്ചറിയുമ്പോഴാണെന്ന് ജോൺ മകളോട് പറഞ്ഞു. മുറ്റത്ത് അപ്പോഴും എന്തോ ഓർത്തുകൊണ്ടിരുന്ന കാക്കയെ ജോൺ ഷീലയ്ക്ക് കാണിച്ചുകൊടുത്തു; 'കണ്ടില്ലേ, എന്റെ അമ്മ എന്നെ കാണാൻ വന്നത്.'

ഒരിക്കൽ അമ്മയോടൊപ്പം വേളാങ്കണ്ണി മാതാവിനെ കാണാൻ പോയ കഥ ജോൺ പറഞ്ഞു, ഒരു രാവിലെ മുതൽ കുറെ രാവിലെകൾ കഴിഞ്ഞ് അവിടെ എത്തുമ്പോൾ' എന്ന്. എല്ലാ കഥപറച്ചിലുകാരെയുംപോലെ. എന്നാൽ, ആൾത്തിരക്കിൽപ്പെട്ട് അമ്മയെ കാണാതായത് പറഞ്ഞപ്പോഴൊക്കെയും അവൻ തന്റെ ഓർമ്മയിലെ കുട്ടിയെപ്പോലെ ഭയപ്പെട്ടു.

'അമ്മ എന്നെ ഉപേക്ഷിക്കാൻ വന്നതായിരുന്നു അവിടെ എന്നു ഞാൻ ഭയപ്പെട്ടു.'

അങ്ങനെ സംഭവിച്ചിട്ടില്ലായിരുന്നെങ്കിലും അങ്ങനെയാണ് ഉണ്ടായത് എന്ന് ജോൺ വിശ്വസിച്ചു. അതോടെ, അവന്റെ കുട്ടിക്കാലവും ഒരാൾക്കൂട്ടത്തിനകത്ത് പെട്ടു. പെട്ടെന്ന് വന്നുവീണ ഒരു പക്ഷിക്കുഞ്ഞുപോലെ. എപ്പോൾ വേണമെങ്കിലും ആരുടെയും ചവിട്ട് ഏല്ക്കും എന്നു പേടിച്ച്. ജീവനുണ്ടെന്നറിയിക്കാൻ ചിറകുകളും ഉടലും ചലിപ്പിച്ച്.

'അതുകൊണ്ടു മാത്രമാണ് നീ എപ്പോഴും നിന്റെ ചുറ്റും ആൾക്കൂട്ടത്തെ നിറുത്തിയതും,' ഞാൻ ജോണിനോട് പറഞ്ഞു: 'നിന്റെ കുട്ടിക്കാലം വിളികേൾക്കാനും സംരക്ഷിക്കാനും നീ മുതിർന്നവരുടെ കൈയിൽ ഏല്പിച്ചു കൊടുത്തതുപോലെ ഇപ്പോഴും.'

ജോൺ എന്നെ രൂക്ഷമായി നോക്കി. ഒരു ആടിനെപ്പോലെ തല എന്റെ നേരെ നീട്ടി, അവന്റെ കണ്ണുകളിൽ നോക്കാൻ പറഞ്ഞു. ഞാൻ നോക്കിയില്ല. 'എന്റെ മുഖത്തേക്കു നോക്ക്' എന്ന് എന്നോട് ആജ്ഞാപിച്ചു. അതെന്നെ കോപാകുലനാക്കി. ഇപ്പോൾ ഞാൻ അവന്റെ കണ്ണുകളെത്തന്നെ നേരിട്ടു. അടുത്ത നിമിഷം അവനെന്റെ ചെകിടത്ത് അടിച്ചു. ആ സമയം അത് പ്രതീക്ഷിക്കാത്തതുകൊണ്ടാകാം എന്റെ കണ്ണുകളിൽനിന്നും പൊന്നീച്ചകൾ പറന്നു. അവനെ തിരിച്ചടിക്കാൻതന്നെ ഞാൻ തീരുമാനിച്ചു. അവൻ മുറ്റത്തെ അരമതിലിൽ കയറിനിന്നതും ഞാൻ അവനെ നിലത്തു വീഴ്ത്തി. അവന്റെ രണ്ടു ചെകിടത്തും അടിച്ചു. ഷീലയുടെ കരച്ചിൽ കേട്ട തങ്കവും ഓടിവന്നു. തങ്കം ഞങ്ങളെ പിടിച്ചുമാറ്റി, അവളുടെ തുളുമ്പിയ കണ്ണുകൾ ഞങ്ങളെ നിശ്ശബ്ദരാക്കി.

ഉമ്മറത്തേക്കു കയറുമ്പോൾ ഞാൻ അവനെ ഒരു തവണ തിരിഞ്ഞുനോക്കി. അരമതിലിൽത്തന്നെ ഇരിക്കുകയായിരുന്നു, അവൻ. നവോത്ഥാനകാലത്തെ യൂറോപ്യൻ ചിത്രകാരന്മാർക്കു കിട്ടിയ ഒരു മോഡൽപോലെ എന്ന്, അപ്പോൾത്തന്നെ, ആ ഇരിപ്പിനെ ഞാൻ ഓർത്തുവെങ്കിലും ജോണിനോട് പറഞ്ഞില്ല. അല്ലെങ്കിലും ഞങ്ങളുടെ അപരാധങ്ങൾക്കും മുകളിൽ ഉച്ചത്തിലായിരുന്നു ഞങ്ങളുടെ നിരപരാധിത്വങ്ങളും പാർത്തിരുന്നത്. ഉമ്മറത്തേക്കു കയറാതെ, തിരിച്ച് ഞാൻ അവന്റെ അരികിലെത്തിയതും അവനോട് അകത്തേക്കു വരാൻ പറഞ്ഞതും, ജോൺ ഒരു കുട്ടിയെപ്പോലെത്തന്നെയായി... അപ്പോഴും പേടിച്ചു നിന്നിരുന്ന ഷീലയുടെ മുന്നിൽ

ചെന്ന് ജോൺ കുനിഞ്ഞിരുന്നു, വീണ്ടും, ഒരു കഥയിലെ വരിപോലെ, 'ഇങ്ങനെ രണ്ട് രാക്ഷസന്മാർ രണ്ട് ദൈവങ്ങളെപ്പോലെ അടിപിടികൂടി കഴിയുന്ന കാലത്ത്' എന്നു പറഞ്ഞു, തങ്കത്തിനെ നോക്കി അവൻ ചിരിച്ചു; 'വേണ്ട, ഞാൻ സിനിമാക്കാരൻ മാത്രമാണ്, സിനിമാക്കാരൻ മാത്രം ആയാൽ മതി' എന്നു പറഞ്ഞു.

തങ്കം ചിരിച്ചപ്പോഴും കണ്ണുകൾ തുളുമ്പി.

പതിനേഴ്

ചിത്തരോഗാശുപത്രിയിൽനിന്ന് തങ്കം വന്നിട്ട് രണ്ടാഴ്ച കഴിഞ്ഞിരുന്നു. ആ ദിവസങ്ങളിലൊന്നിൽ എനിക്ക് ജോണിന്റെ ഒരു കത്തു കിട്ടി. 'ഞാൻ തങ്കത്തിനെ അവിടെ വന്നു കാണാൻ ആഗ്രഹിക്കുന്നു. സൌകര്യപൂർവ്വം എനിക്കൊരു മറുപടി എഴുതുക, കോട്ടയത്തെ മേൽവിലാസത്തിൽ' ജോൺ എന്നെഴുതി അതിനുനേരെ ഒരു കഴുതയുടെ മുഖം വരച്ചു. കത്ത് കാണിച്ചപ്പോൾ തങ്കം ചിരിച്ചു. അവൾ സ്കൂളിൽനിന്ന് വന്ന മകളോട് അവളുടെ കൂട്ടുകാരുടെ, അദ്ധ്യാപകരുടെ വിശേഷങ്ങൾ ചോദിച്ചറിയുകയായിരുന്നു. ഷീലയും കത്തിലെ കഴുതയെ കണ്ടു പൊട്ടിച്ചിരിച്ചു. ചിലപ്പോൾ കഴുതയ്ക്കു പകരം അവൻ ആനയെയും വരയ്ക്കാറുണ്ടെന്നു ഞാൻ മകളോടു പറഞ്ഞു: 'അവൻ ആനയുടെ മുഖം വേണമെന്ന് വലിയ ആഗ്രഹമായിരുന്നു.'

മകൾ ചോദിച്ചു; 'ഗണപതിയെപ്പോലെ?' ഞാൻ പറഞ്ഞു; 'അതേ,' ഒരു കുടവയറനാകാനും.' മഴ കഴിഞ്ഞ നാളുകൾ, പ്രകാശമുള്ള പകലുകൾകൊണ്ട് ഭംഗിയുള്ളവയായിരുന്നു. വീട്ടുമുറ്റത്ത്, ആ സമയം, പല രൂപങ്ങളുള്ള വെയിൽച്ചിത്രങ്ങൾ വരുമായിരുന്നു. വീട്ടുവളപ്പിലെ മരങ്ങളിൽ പുതിയ പക്ഷികൾ പാർക്കാൻ തുടങ്ങിയിരുന്നു.

ഞങ്ങളുടെ വീട്ടുവാടക കൂട്ടിയിരുന്നുവെങ്കിലും ആ സ്ഥലം വിട്ടുപോകാൻ ഞാൻ ആഗ്രഹിച്ചില്ല. ചില സമയം ഉച്ചയ്ക്ക്, വീട്ടുമുറ്റത്തെ കിണറ്റിൽ വെട്ടിത്തിളങ്ങുന്ന വെള്ളത്തിൽ ആകാശത്തുനിന്നും പെയ്യുന്ന മോഹങ്ങളുടെ നിഴലുകൾ കാണമായിരുന്നു. ഞാൻ അന്നുതന്നെ ജോണിനെഴുതി; 'തീർച്ചയായും വരണം. എപ്പോൾ വേണമെങ്കിലും കിണറ്റിൻകരയിൽനിന്നുള്ള കുളിയും നല്ല ഭക്ഷണവും ഏർപ്പാടാക്കാം. കഥകൾ വല്ലതും എഴുതിയിട്ടുണ്ടെങ്കിൽ കൊണ്ടു വരണം.'

ഞാനെഴുതിയ മറുപടിക്കത്ത് തങ്കത്തിനെ കാണിച്ചു. അവൾ 'ഞാൻ സ്വന്തം രാമു' എന്നെഴുതിയതിനു താഴെ അവളുടെ പേരുകൂടി വെക്കാൻ പറഞ്ഞു. ഞാൻ അവൾക്ക് പെന്ന് കൊടുത്തു. 'താൻ എഴുതിക്കോളൂ' എന്നു പറഞ്ഞു. എന്റെ പേരിനു നേരെ ഒരു ചെറിയ വരവരച്ച് തങ്കവും' എന്നെഴുതി, കത്ത് എനിക്ക് മടക്കിത്തന്നു.

ജോൺ വന്നു. ഒരു പകൽ. സൈക്കിളിൽ. സൈക്കിൾ അവൻ ആരോ കൊടുത്തതാകുമെന്നു ഞാൻ കരുതി. അങ്ങനെയായിരുന്നില്ല. മറ്റൊരു പട്ടണത്തിൽനിന്ന് പുറപ്പെട്ട് ഇവിടെ എത്തുന്നതിനു മുൻപ് അവന്റെ കൈയിലെ കാശ് കഴിഞ്ഞതുകൊണ്ട് നടക്കാൻ തീരുമാനിച്ചു. നടന്നുവരുമ്പോൾ ഒരു സൈക്കിൾക്കട കണ്ടു. ആ സമയം കടയിൽ ആരും ഉണ്ടാവാത്തതുകൊണ്ട് ഒരു സൈക്കിൾ കടമായി വാങ്ങിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല എന്നു പറഞ്ഞു. 'തിരിച്ചുപോകുമ്പോൾ ഞാനിത് അവിടെത്തന്നെ വെക്കും. വാടക ചോദിക്കുകയാണെങ്കിൽ ഞാൻ ഈ സൈക്കിൾ മാത്രം കത്തിക്കും.' അക്രമങ്ങൾ പറയാനും അതിനേക്കാൾ അധികം അവ അഭി

നയിച്ചു കാണിക്കാനും ജോൺ താത്പര്യം കാണിച്ചിരുന്നു. 'കത്തുന്ന ശിരസ്സുള്ള ദൈവത്തെ നീ കണ്ടിട്ടുണ്ടോ?' എന്നു ചോദിച്ച് ദൃഷ്ടികൾ മേല്പോട്ടാക്കി ജ്വലിച്ചുനില്ക്കുന്നപോലെ തല ഉയർത്തിപ്പിടിക്കും. 'പഴയ നിയമത്തിലാണെങ്കിൽ ഇങ്ങനെ ഇരിക്കും' എന്നു കാണിക്കും.

വാസ്തവത്തിൽ അവനൊരു ചീത്ത നടനായിരുന്നു. പക്ഷേ, അവന്റെ ഭാവന അവനെ എന്തുമാക്കുമായിരുന്നു, യാചകനും കള്ളനും പൊലീസും ദൈവവും. സൈക്കിൾ എടുത്തുവെക്കുന്നതിനു മുൻപ് അവൻ മകളെ പിറകിലിരുത്തി കുറെ തവണ ഞങ്ങളുടെ മുറ്റത്ത് സവാരി ചെയ്തു കാണിച്ചു. തങ്കം വന്നു കണ്ടപ്പോൾ അവളെ കൈകൾ കൂപ്പി വന്ദിക്കാൻ ശ്രമിച്ചു. സൈക്കിളിൽ നിന്ന് വീഴാൻ പോയി. അപ്പോൾ 'സൈക്കിളിനും അമ്മയെ പേടിയാണെന്നു പറഞ്ഞു.

ആ സൈക്കിൾ മോഷ്ടിച്ചതാണെന്നു കേട്ടപ്പോൾ തങ്കം അവനെ 'ബൈസിക്കിൾ തീഫ്'' എന്നു വിളിച്ചു. ബൈസിക്കിൾ തീവ്സ്'' എന്നും ദി ബൈസിക്കിൾ തീഫ്'' എന്നും ആ സിനിമ അറിയപ്പെടുന്നുവെന്ന് അവൻ പറഞ്ഞു. വിശ്വപ്രസിദ്ധമായ ആ സിനിമയുടെ പല സന്ദർഭങ്ങളും മുറ്റത്തെ സൈക്കിൾ ചുറ്റലിൽ അവൻ പറഞ്ഞു, ഇറ്റലിയിലും മറ്റു രാജ്യങ്ങളിലും അക്കാലത്തുണ്ടായിരുന്ന ന്യൂവേവ് സിനിമകളെപ്പറ്റിയും.

ആ രാത്രി ഞങ്ങളോടൊപ്പം അവൻ തങ്ങി. നഷ്ടപ്പെട്ട തിരക്കഥയെപ്പറ്റി ചോദിച്ചപ്പോൾ, തങ്കമാണ് അത് ചോദിച്ചത്, അവൻ ആ കഥതന്നെ മറന്നുപോയതുപോലെയായിരുന്നു. പക്ഷേ, നിർബന്ധിച്ചപ്പോൾ അവൻ ആ കഥ ഓർമ്മിക്കാൻ ശ്രമിച്ചു. ചില അനുക്രമങ്ങൾ പറഞ്ഞ് കഥ ഓർത്തു.

1. ഒരു നാട്ടുമ്പുറം. പുഴയോരം. ഒരു സിനിമാടാക്കീസ്. അറുപതുകളുടെ ആദ്യമാണത്. ഉച്ചയായിക്കാണും. പകൽ സിനിമ കാണാനെത്തിയവർ ദൂരെ നിന്ന് സൈക്കിളിൽ ഒരു ഇരുപതു വയസ്സുകാരൻ വരുന്നതു കാണുന്നു. സൈക്കിളിൽ അന്നത്തെ സിനിമയുടെ നോട്ടീസും പോസ്റ്ററുകളും പശ നിറച്ച ബക്കറ്റും ഉണ്ട്. ആൾക്കൂട്ടത്തിനു നടുവിൽ ഒരു നായകനെപ്പോലെ അവൻ, സൈക്കിളിൽ നിന്നിറങ്ങാതെ.
2. അവിടെ എവിടെയോ ഒരു പുഴയുണ്ട്. പുഴയുടെ തീരത്ത് ഒരു വീടും. ഒരുപക്ഷേ, ആ ഗ്രാമത്തിൽ ഒറ്റയ്ക്കുകഴിയുന്ന ഒരു വീടായിരുന്നിരിക്കും അത്. അവിടെ നാല്പതു വയസ്സുള്ള ഒരു പുരുഷനും മുപ്പത്തിരണ്ടു വയസ്സുള്ള ഒരു സ്ത്രീയും താമസിച്ചിരുന്നു. ഭർത്താവും ഭാര്യയും. അയാൾ ആ നാട്ടിലും അയൽദേശത്തും അറിയപ്പെടുന്ന മന്ത്രവാദിയായിരുന്നു. അയാളുടെ ഭാര്യ, സുന്ദരിയാണ്. എപ്പോഴും എന്തോ നഷ്ടപ്പെട്ടതിനെപ്പറ്റി ഓർത്തിരിക്കുകയോ നടക്കുകയോ ചെയ്യുന്നവളാണ്. ഒരു വൈകുന്നേരം, തന്റെ വീട്ടുമുറ്റത്ത് നിശ്ശബ്ദനായി വട്ടംചുറ്റുന്ന ആ പൂവൻകോഴിയെ വീട്ടുമുറ്റത്തുതന്നെ ഇരുന്ന് നിരീക്ഷിക്കുകയാണു; മന്ത്രവാദി. വെളിച്ചം പിൻവാങ്ങാൻ തുടങ്ങുന്ന സമയം, അയാളുടെ ഭാര്യ പുഴയിൽനിന്ന് കുളിച്ച് ഒറ്റയ്ക്കു നടന്നുവരുന്നു.
3. ചില വീടുകൾ. വീടുകളുടെ വാതിൽ സാക്ഷയിട്ട് പുറത്തേക്കിറങ്ങുന്ന ഗൃഹനാഥന്മാരും ഗൃഹനാഥകളും. ഇടവഴികളിലൂടെ ഓടിപ്പോകുന്ന കുട്ടികളും. ദൂരത്തുള്ള സിനിമാടാക്കീസിൽനിന്ന് കേൾക്കുന്ന പാട്ട് അവരെയെല്ലാം സന്തോഷമുള്ളവരാക്കിയിരിക്കുന്നു. വഴിവിളക്കുകൾ തെളിഞ്ഞിരുന്നു. ചെറുപ്പക്കാരുടെ സംഘങ്ങൾ ടാക്കീസിനു പുറത്തു നില്പുണ്ടായിരുന്നു.

4. സിനിമാടാക്കീസിന്റെ മുറ്റത്ത് സൈക്കിളിൽ ഇരുന്നുകൊണ്ടുതന്നെ ചെറുപ്പക്കാരൻ കളിക്കാൻ പോകുന്ന സിനിമയെപ്പറ്റി ലക്ഷ്യം മറച്ചും ലക്ഷ്യം തെറ്റിച്ചും തനിക്ക് ചുറ്റും നിന്ന കുട്ടികളോടു പറയുന്നുണ്ടായിരുന്നു. അന്നത്തെ രാത്രിയിലെ ആദ്യത്തെ കാറ്റ്, കുളിരോടെ, ആ സിനിമാക്കൊട്ടകയുടെ നെറുകിൽനിന്നും പുറപ്പെട്ട സിനിമ കാണാനെത്തിയ എല്ലാവരെയും തഴുകി മരക്കൊമ്പുകളിലേക്ക് മടങ്ങുന്നു.

ജോൺ കഥ തുടർന്നില്ല, അഥവാ അനുക്രമങ്ങൾ തെറ്റി. വാസ്തവത്തിൽ അവൻ ഉപേക്ഷിച്ച മൂന്നു കഥാസന്ദർഭങ്ങൾ,

1. തന്റെ വീട്ടുമുറ്റത്ത് വലംവെക്കുന്ന പൂവൻകോഴിയെ നോക്കി ഇരിക്കുന്ന മന്ത്രവാദിക്ക് പിന്നീടുള്ള കഥ.
2. പുഴയിൽനിന്നു കുളിച്ചുവരുന്ന അയാളുടെ ഭാര്യക്കുള്ള കഥ.
3. സൈക്കിളിൽ ഇരിക്കുന്ന ചെറുപ്പക്കാരന്റെ പിന്നീടുള്ള കഥ, ഇവയുടെയൊക്കെ തുടർച്ചകൾ ജോൺ മാറി മാറി കണ്ടുമുട്ടുന്നുണ്ടായിരുന്നു. ചിലതൊക്കെ പറയുകയും ചെയ്തു. എന്നാൽ, തന്റെതന്നെ കഥയുടെ മറവിയിൽ മുറ്റത്ത് വെളിപ്പെടാനിരിക്കുന്ന ഒരു ഭാവിയെ കാത്തിരിക്കുന്ന മന്ത്രവാദിയെപ്പോലെയാണ് അപ്പോൾ ജോണും. അവന് വെളിപ്പെടാനിരിക്കുന്ന ഭാവി അവന്റെ സിനിമാക്കഥയേക്കാൾ അവന്റെതന്നെ ജീവിതത്തിന്റെ ഭൂതവും. പെട്ടെന്ന് അവൻ ഓർക്കുന്നതു നിറുത്തി തങ്കത്തിനോടു ചോദിച്ചു;

'തങ്കം, നീ ഈ കഥ വായിച്ചതല്ലേ, നീ ഓർക്കുന്നുണ്ടാവുമല്ലോ?'

തങ്കം കഥ മുഴുവനും വായിച്ചിട്ടില്ലെന്നും പക്ഷേ, ജോൺ പലപ്പോഴായി പറഞ്ഞ കഥ ചിലപ്പോഴൊക്കെ ഓർത്തിരുന്നു എന്നും പറഞ്ഞു. 'ഇപ്പോൾ എന്തായാലും ഞാൻ ഒന്നും ഓർക്കുന്നില്ല.'

'ഒന്നും?

ജോൺ വീണ്ടും ചോദിച്ചു. അവൾ ഇല്ല എന്നു തലയാട്ടി. എങ്കിൽ അവൻ എന്നോടു ചോദിക്കുമെന്നു ഞാൻ വിചാരിച്ചു. കാരണം, കഥ പറഞ്ഞ സന്ദർഭങ്ങളിലൊക്കെ ഞാനും ഉണ്ടായിട്ടുണ്ട്. കഥയുടെ ചില ഭാഗങ്ങൾ ഞാൻ വായിച്ചിട്ടുമുണ്ട്. പക്ഷേ, ഇപ്പോൾ അവൻ ഓർത്തുപറഞ്ഞ നാലു സന്ദർഭങ്ങളും, അവൻ പറഞ്ഞ കഥയുടെ ഭാഗമായി നില്ക്കുമെങ്കിലും, മുൻപു പറഞ്ഞ കഥയിൽ ഉണ്ടായിരുന്നില്ല. ഒരുപക്ഷേ, അത് അങ്ങനെയാകാം. കഥാപാത്രങ്ങൾ അവരുടെ കഥകൾ ഓർക്കാം. തങ്ങളുടെ കഥാസന്ദർഭങ്ങളിൽ അതുവരെയും പെരുമാറിയതുപോലെയും അല്ലാതെയും പെരുമാറാം. ജീവിതം കഥയാക്കാൻ ഇഷ്ടപ്പെടുന്ന ആരും തീരുമാനിക്കുന്ന സന്ദർഭങ്ങൾ, രസനീയം എന്ന് ആരും ആഗ്രഹിക്കുന്നത്. ആ സമയം ഞാൻ മൌനം പാലിച്ചുവെങ്കിലും ജോൺ പറഞ്ഞ കഥയിലെ ഒരു സന്ദർഭം കൃത്യമായും ഓർത്തു;

സിനിമാടാക്കീസിന്റെ മുറ്റത്തുനിന്ന് സൈക്കിളിൽ അതിവേഗം പോകുന്ന ചെറുപ്പക്കാരന്റെ കാഴ്ച. വഴിവിളക്കുകൾ കത്തുന്ന റോഡുകൾ പിന്നിട്ട്, ജോൺ പറഞ്ഞത് ഗ്രാമത്തിലെ നിരത്തുകളെല്ലാം ആ രാത്രി സൈക്കിളിൽ അവൻ സഞ്ചരിക്കുന്നു എന്നാണ്. അവൻ പുഴയിലെത്തുന്നു. പുഴയിലേക്ക് സൈക്കിളോടെത്തന്നെ വീഴുന്നു. നിലാവിൽ തിളങ്ങുന്ന പുഴയും സൈക്കിളിന്റെ തിരിയുന്ന ചക്രങ്ങളും ചെറുപ്പക്കാരന്റെ അത്ഭുതങ്ങൾ തേടുന്ന മുഖവും കാണുന്നു. ഇതേ സംഭവം കഥയുടെ പല

സന്ദർഭങ്ങളിലും ആവർത്തിച്ചിരുന്നു. വഴിവിളക്കുകൾ കത്തുന്ന നിരത്തു്, സൈക്കിളിൽ യാത്രചെയ്യുന്ന ചെറുപ്പക്കാരൻ, പുഴ, പുഴയിലേക്ക് വീഴുന്ന യാത, ഓരോ ഷോ തുടങ്ങുമ്പോഴും സിനിമാടാക്കീസന്റെ മുറ്റത്തുനിന്നും പുറപ്പെടുന്ന ഈ കാഴ്ചയായിരുന്നു വാസ്തവത്തിൽ ജോണിന്റെ കഥയുടെ ചരടു്. പക്ഷേ, ഇപ്പോൾ അവൻ ഇതൊന്നും ഓർത്തതേയില്ല, ഓർത്തിരിക്കാവുന്ന തങ്കം അത് പറഞ്ഞതുമില്ല. ഞാനാകട്ടെ, കഥ കേൾക്കാൻ ഇഷ്ടമുള്ള ഒരാളെപ്പോലെ ആ സമയം മുഴുവൻ മൌനം പാലിക്കാൻ നിശ്ചയിക്കുകയും ചെയ്തിരുന്നു.

ജോൺ ഓർക്കുന്നതു നിറുത്തി ഹതാശമായ നർമ്മത്തിൽ തന്നെത്തന്നെ നേരിട്ടു. ആ രാത്രിയിലും അവൻ ഞങ്ങളുടെ വീടിന്റെ ഉമ്മറത്തിണ്ണയിലിരുന്ന് പുറത്തേക്കു സൂക്ഷിച്ചുനോക്കി;

‘ഒരുപക്ഷേ, ആ കോഴി ഓർക്കുന്നുണ്ടാകും... ആ കോഴി ഈ വീട്ടുവളപ്പിൽ എവിടെയോ നില്ക്കുന്നുമുണ്ടാകും... ഹേ, ആൺകോഴി, ഓർമ്മശാലീ...’

അവന്റെ സ്വരത്തിലെ വിലാപം അവൻ പറയാൻ ആഗ്രഹിച്ച കഥയുടെ മറവി

യെ പതുക്കെ അലിയിക്കുമെന്ന് എനിക്കു തോന്നി. അല്ലെങ്കിൽ, സിനിമാടാക്കീസിൽനിന്ന് പുറപ്പെട്ട്, സിനിമ കാണാനെത്തിയവരെ തഴുകി, മരക്കൊമ്പുകളിലേക്കു പോയ കാറ്റ്, ആ സമയം ഞങ്ങളുടെ വീട്ടുവളപ്പിലും ഞങ്ങളുടെ അടുത്തും എത്തി. എന്നല്ല, ആ സമയത്തുതന്നെ, ദൂരെ എവിടെനിന്നോ, ആ രാത്രിയിലും ഒരു കോഴി കൂവിയതും ആദ്യം തങ്കവും പിന്നെ ഞാനും പിന്നെ ജോണും പൊട്ടിച്ചിരിച്ചു.

കഥ മറവിയിൽത്തന്നെ നില്ക്കുകയും.

ആൽബേർ കാമ്യു കാറപകടത്തിൽ മരിക്കുകയായിരുന്നു.

പതിനെട്ട്

കടൽക്കരയിൽ കൂട്ടത്തോടെ എത്തിയ പന്നികളുടെ കാഴ്ച ഉപകഥയാവുന്ന ഒരു സന്ദർഭം ജോണിന്റെ കഥയിലുണ്ടായിരുന്നു. വെള്ളത്തിൽ മുങ്ങിനിവരുകയും കരയിലേക്ക് തിരിച്ചു നീന്തുകയും ചെയ്യുന്ന പന്നികളെ കാണുന്ന സിനിമാനടിയും മന്ത്രവാദിയുടെ ഭാര്യയും, പന്നികളുടെ ശബ്ദം ആദ്യമാദ്യം കൌതുകത്തോടെ അനുകരിക്കുന്നതും പിന്നെ അവ മുങ്ങിത്താഴമ്പോൾ ഭീതിദമായ രണ്ടു ശബ്ദങ്ങളിൽ കരയുന്നതും.

രണ്ടു ശബ്ദത്തിൽ ഒരേസമയം കരയുന്ന രണ്ടു സ്ത്രീകളെപ്പറ്റി ജോൺ വാചാലനായി; അവർ പഴയ നിയമത്തിലെ പെണ്ണുങ്ങളെപ്പോലെയായിരുന്നു. ഉഴുതുമറിക്കപ്പെട്ട വയലുകൾപോലെ സമൃദ്ധമായ ആഗ്രഹങ്ങൾ ഉണ്ടായിരുന്നിട്ടും സ്വാതന്ത്ര്യം ഇല്ലാത്തവർ, കരഞ്ഞുകൊണ്ട് ദൈവത്തെ അകറ്റാൻ ശ്രമിച്ചവർ, അവരുടെ കരച്ചിൽ നിങ്ങൾ കേട്ടിട്ടുണ്ടോ?

പകൽ, മരങ്ങളുടെ നിഴലുകൾ വീണ മുറ്റത്ത് ചെടികൾക്കു മീതെയായിരുന്നു തങ്കം വസ്ത്രങ്ങൾ തോരാനിട്ടിരുന്നത്.

ഒരു അയ്യോൽ കെട്ടാനുള്ള കയർ വാങ്ങിക്കൊണ്ടുവരാൻ പലതവണ തങ്കം എന്നോട് പറഞ്ഞിരുന്നുവെങ്കിലും ഞാൻ മറന്നു. അഥവാ, മറവി അക്കാലത്ത് ഞങ്ങളുടെ ദാരിദ്ര്യത്തിന്റെ വലിയ സുഖങ്ങൾ ആയിരുന്നു.

ഇങ്ങനെയായിരിക്കും അപ്പോൾ ഞങ്ങളുടെ സംഭാഷണം;

'തങ്കം ഞാൻ മറന്നതല്ല.'

'ഒരു ദിവസം നമ്മൾ നോക്കുമ്പോൾ തലയിൽ തുണിയിട്ടു നില്ക്കാൻ ഈ ചെടികൾ വിസമ്മതിക്കും. ഒന്നുകിൽ അവയെ കാണാതാകും. അല്ലെങ്കിൽ ഒരു രാത്രികൊണ്ട്, ഒരൊറ്റ തീരുമാനംകൊണ്ട് അവയൊക്കെയും വലിയ മരങ്ങളാകും.'

ഞാൻ തങ്കത്തിനെ ശ്രദ്ധിച്ചു. അവളുടെ കൌമാരം ഇതാ ഈ നിമിഷം കഴിഞ്ഞതേയുള്ളുവെന്നു തോന്നി. 'എന്റെ തങ്കം നീ കവിയുമാണല്ലോ' എന്നു ഞാൻ അവളെ ഉമ്മവെച്ചു. ആശ്ചര്യകരമെന്നു പറയട്ടെ, അവളുടെ തലയിൽ നിന്ന് അപ്പോൾ ഒരു മണം വന്നു. എനിക്ക് പരിചയമില്ലാത്തത്.

'നീ എണ്ണ തേച്ചിട്ടുണ്ടോ, തലയിൽ?'

'ഇല്ല.

'വേറൊരു മണം.

'അതിപ്പോൾ ഞാൻ പുറപ്പെടുവിച്ച മണം.'

'എന്തു മണം?'

'എന്റെ മണം.'

'ഞാനറിയാത്തത്?'

'അതെ.'

അവൾ മുടി അഴിച്ചിട്ട് കുടഞ്ഞു. ഞാനതിൽ മുഖം പൂഴ്ത്തി അവളെ മുറുകെ പുണർന്നു.

ഒരു സന്ധ്യയായിരുന്നു അത്. പക്ഷികൾ ആകാശത്തുനിന്ന് മടങ്ങുകയായിരുന്നു. ഞങ്ങൾ പാർത്തിരുന്ന വീട്ടുവളപ്പിൽ വലിയൊരു പ്ലാവുണ്ടായിരുന്നു. അതിന്റെ ഉയരത്തെ കൊമ്പുകളിൽ ചില പക്ഷികൾ താമസിച്ചിരുന്നു. പക്ഷികളുടെ ഉടലുകളിൽനിന്നാകം ഒരു ഇളംകാറ്റും വന്നു... എന്തുകൊണ്ടാണ് ഒരാണും ഒരു പെണ്ണും ഇങ്ങനെ കെട്ടിപ്പിടിക്കുന്നതും ഉമ്മവെക്കുന്നതും ഇങ്ങനെ ഇണചേരുന്നതും എന്ന് ഞാൻ അന്ന് രതിക്കുശേഷം ആലോചിച്ചു: ഉത്തരങ്ങൾ പലതും വേണമെന്ന ശാഠ്യത്തിൽ.

എന്നാൽ, ആ ദിവസത്തിന്റെ ഓർമ്മയേ ഇല്ലാത്തപ്പോൾ, 'കരഞ്ഞുകൊണ്ട് ദൈവത്തെ അകറ്റാൻ ശ്രമിച്ചവർ, അവരുടെ, അതുപോലുള്ള സ്ത്രീകളുടെ, കരച്ചിൽ നിങ്ങൾ ആരെങ്കിലും കേട്ടിട്ടുണ്ടോ' എന്ന് കഥയിലെ രണ്ടു പെണ്ണുങ്ങളുടെ കഥ പറഞ്ഞ് ജോൺ ചോദിച്ചപ്പോൾ, അതുവരെയും വസ്ത്രങ്ങൾ തോരാനിടുകയായിരുന്ന തങ്കം ഞങ്ങളുടെ അടുക്കലേക്ക് വന്നു. ഞങ്ങൾ—ഞാൻ, സത്യൻ, ബഷീർ—അവൾക്ക് പറയാനുള്ളത് എന്തെന്നറിയാൻ കാത്തു. അവൾ ജോണിന്റെ മുന്നിൽ ചെന്നുനിന്നു. അവനെ നോക്കി കണ്ണുകൾ ഉറപ്പിച്ചു കൊണ്ട് ചോദിച്ചു; 'നീ കേട്ടിട്ടുണ്ടോ?'

'നീ...?'

ഞാൻ അദ്ഭുതപ്പെട്ടു. അവൾ ജോണിനെ അങ്ങനെ സംബോധന ചെയ്യുന്നത് ഞാനാദ്യം കേൾക്കുകയായിരുന്നു. ആ 'നീ' കാർക്കശ്യത്തേക്കാൾ വെറുപ്പ് പ്രകടിപ്പിച്ചു.

'നീ കേട്ടിട്ടില്ല,' തങ്കംതന്നെ ഉത്തരം പറഞ്ഞു;

'നിന്റെ ഈ കഥയിൽനിന്ന് വന്ന കരച്ചിലും നീ കേട്ടിട്ടില്ല.'

ജോൺ ഉമ്മറത്തെ തിണ്ണയിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് അവൻ താഴേക്ക് കലി വന്നവനെപ്പോലെ ചാടിയിറങ്ങി. തങ്കത്തിന്റെ മുന്നിൽ നിന്നു.

കേട്ടിട്ടുണ്ട്, എന്റെ കഥയിലെ എല്ലാ ശബ്ദങ്ങളും ഞാൻ കേട്ടിട്ടുണ്ട്. ഇതെന്റെ കഥയാണ്.'

ജോൺ തങ്കത്തിനു നേരെ ചൂണ്ടാണിവിരൽ ചൂണ്ടി, പിന്നെ അതു മാറ്റി, അഞ്ചു വിരലുകളാക്കി, അതും മാറ്റി പത്തു വിരലുകളാക്കി ഒരു സിനിമാക്കാരന്റെ രീതിയിൽത്തന്നെ പിടിച്ചു. ഒരു ദൃശ്യം പകർത്താനുള്ള ഫ്രെയിം എന്നപോലെ, വിരിഞ്ഞു നിന്ന രണ്ടു കൈപ്പത്തികൾ. അതിനപ്പുറത്ത് അവന്റെ മുഖം. മുഖത്തെ ക്രോധം. അതിലുമധികം പുച്ഛം. ആ മുഖവും എന്നെ അത്ഭുതപ്പെടുത്തി.

ജോൺ തങ്കത്തിനോട് പറഞ്ഞു: 'നിന്റെ കരച്ചിലും കേട്ടിട്ടുണ്ട്.'

ഞാൻ തങ്കത്തിനെ നോക്കി. അവളുടെ ഉണ്ടക്കണ്ണുകൾ വേഗം വേഗം നനയാൻ തുടങ്ങുന്നതും അതിലും വേഗം കണ്ണീർകൊണ്ടു നിറയുന്നതും, അതിലും വേഗം നിറഞ്ഞൊഴുകുന്നതും കണ്ടു. എന്നാൽ, അതിലുമധികം നനവോടെ അവൾ ജോണിനെ നോക്കി തുപ്പി.

ഇത് ഞങ്ങൾ പ്രതീക്ഷിച്ചില്ല.

ജോണും.

പെട്ടെന്ന്, കണ്ട കാഴ്ചയിൽനിന്ന് വേർപെട്ടതും, ഞാൻ തങ്കത്തിന്റെ അരികിലേക്ക് ചെന്നു. അതേ വേഗതയിൽ 'തൊടരുത്' എന്ന് അവൾ അലറി, പിറകോട്ടു നീങ്ങിനിന്നു.

തുപ്പൽ വീണ വസ്ത്രത്തോടെ, അല്ലെങ്കിൽ ശരീരത്തോടെ, ആരോടും ഒന്നും പറയാതെ ജോൺ, അവന്റെ പിറകെ മറ്റുള്ളവരും പോയി. അതിനും മുൻപ്, ജോൺ തങ്കത്തിനെ നോക്കി. ഒരൊറ്റനിമിഷംകൊണ്ട് അഴകിയ ശരീരത്തോടെ.

കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ തങ്കത്തിനോട്ട് ഇങ്ങനെയൊക്കെ ഉണ്ടായതിൽ വിഷമമില്ലേ എന്നു ചോദിച്ചു' ജോൺ നമ്മുടെ സുഹൃത്തല്ല?'

'എനിക്കറിയില്ല', തങ്കം പറഞ്ഞു; 'പക്ഷേ, ഒന്നു പറയാം, ഇന്നു മുതൽ, ഞാൻ കരയുന്നത് കേട്ടിട്ടുണ്ടെന്ന് ജോൺ പറഞ്ഞതുമുതൽ എനിക്ക് ഭ്രാന്തായിരിക്കുന്നു.'

ഞാൻ പേടിച്ചു.

'ഭ്രാന്ത്?

'അതെ.'

ഞാൻ തങ്കത്തിന്റെ കൈകളിൽ പിടിച്ച് അവളെ എന്റെ അരികിലിരുത്തി. അവൾക്കു ഭയങ്കരമായി പനിക്കുന്നുണ്ടായിരുന്നു. അത് വെറുംപനിയല്ല എന്നും ഭ്രാന്തായതിന്റെ പനിയാണെന്നും അവൾ പറഞ്ഞു.

ആയിരിക്കും. അത്രയും ചൂടുണ്ടായിരുന്നു അവൾക്ക്.

കുറച്ചുസമയം കഴിഞ്ഞപ്പോൾ ഭ്രാന്തായതുകൊണ്ടാകാം, അവൾ ഒരു പാട്ടു മൂളാൻ തുടങ്ങി. ഒരു പഴയ ചലച്ചിത്രഗാനമായിരുന്നു അത്.

പാട്ടു കേൾക്കേ, നുണ വേണ്ടാതെ, അല്ലെങ്കിലും ഭ്രാന്തിലെത്താൻ പറ്റൂ എന്നു തോന്നി.

പത്തൊൻപത്

അത്ഭുതങ്ങൾ കഴിഞ്ഞിരുന്നു, ഭാഗ്യങ്ങൾ തേടാൻ തുടങ്ങിയിരുന്നു. കാറ്റ് ഒരു പരവതാനിയാണെന്നും അതിന്റെ പുറത്തിരുന്നാൽ സന്തോഷകരങ്ങളായ പാതകൾ കാണാമെന്നും ഞാൻ സ്വപ്നം കാണുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നുണ്ടായിരുന്നു. അതിനാൽ അക്കാലത്തെ കാറ്റുകളോരോന്നും ഞാനിപ്പോഴും വേറിട്ട് ഓർമ്മിച്ചു; കഥകളിൽ ഉള്ളവ, സ്വപ്നങ്ങളിൽ ഉള്ളവ, ജീവിതത്തിൽ ഉള്ളവ എന്ന്.

ഞങ്ങൾ താമസിച്ചിരുന്ന വാടകവീട് ഉപേക്ഷിക്കാൻ സമയമായിരുന്നു. വാടകയ്ക്കുള്ള പൈസ തികയ്ക്കാൻ ഞാൻ ബുദ്ധിമുട്ടാൻ തുടങ്ങുകയായിരുന്നു. തങ്കം ഏറെയും അവളുടെ രോഗത്തിൽത്തന്നെ കഴിഞ്ഞു. മുറ്റത്തു ചെന്നു നില്ക്കാനും പിന്നെ വീട്ടിലേക്ക് കയറാതിരിക്കാനും അവൾ കൂടുതൽ ശ്രദ്ധകാണിച്ചു. കിണറ്റിൻകരയിൽ പോയി കിണറ്റിലേക്കു നോക്കി മുഖം ഭംഗിയാക്കി. എന്റെ ശ്രദ്ധ അവളുടെ കൂടെയായതിനാൽ അദ്ധ്യാപനം ഉപേക്ഷിച്ചു. ആ സമയം കവിതകളും ലേഖനങ്ങളും എഴുതി മാസികകളിലേക്ക് അയച്ചു. ദാരിദ്യത്തേക്കാൾ അത് എനിക്ക് ദുഃഖം തന്നു. അവ അച്ചടിച്ചു വന്നിരുന്നുവോ എന്ന് അറിയുന്നതിനേക്കാൾ അവയ്ക്ക് കിട്ടുന്ന ചെറിയ പത്രിഫലത്തിനു ഞാൻ കാത്തിരുന്നു. മാത്രമല്ല, അക്കാലത്തെ സ്വപ്നങ്ങൾക്കുള്ള ആശ്ചര്യകരങ്ങളായ കഴിവുകൾ കവിതയിൽ പ്രകടിപ്പിക്കാൻ ഞാൻ ശ്രമിച്ചിരുന്നു. അങ്ങനെ ജീവിതം ഓർമ്മിക്കുകയും ചെയ്തിരുന്നു.

ആൽബേർ കാമ്യു കാറപകടത്തിൽ മരിച്ചത് ഓർക്കുന്ന കാക്കയെയും കഴുതയെയും പറ്റിയുള്ള കവിത ഞാനെഴുതിയത് ആ കാലത്താണ്. ഇങ്ങനെയാകും ആ വരികൾ എന്നു തോന്നുന്നു. ഓർമ്മ എന്റെ കവിതയെ പഴയതാക്കുന്നില്ലെങ്കിലും എഴുത്തിന്റെ ലോകം മായാൻ തുടങ്ങിയിരിക്കുന്നു, കണ്ണുകളുടെ കാഴ്ച പതുക്കെ നഷ്ടപ്പെടാൻ തുടങ്ങിയതുപോലെ.

‘ആൽബേർ കാമ്യു കാറപകടത്തിൽ
മരിക്കുകയായിരുന്നു’-
കാക്ക കഴുതയോടു പറഞ്ഞു.
രണ്ടു മിത്രങ്ങൾ.
രണ്ടാംലോകമഹായുദ്ധകാലത്തുനിന്നും
വന്ന പുണ്യാത്മാക്കൾ
ഇപ്പോഴും പിടികൊടുക്കാത്ത ഉറക്കത്തിൽ
കണ്ടുമുട്ടിയവർ.
‘എന്നിട്ടും, കാക്ക കഴുതയുടെ ചെവിയിൽ
പറഞ്ഞു;
‘അറുപതുകളും എഴുപതുകളും ഉണ്ടായി.
സമരങ്ങൾ ഉണ്ടായി

വിപ്ലവങ്ങൾ ഉണ്ടായി
വെള്ളപ്പൊക്കങ്ങൾ പോലും ഉണ്ടായി.'
കഴുത കാക്കയെ ഓർമ്മിപ്പിച്ചു;
പക്ഷേ, നീ പ്രധാനപ്പെട്ട കാര്യം മറന്നു.'
'മി. കാമ്യ എങ്ങനെ മരിച്ചു?'
'ആരുടെ തെറ്റുകൊണ്ട്'?
കാക്ക ഓർക്കാൻ ശ്രമിച്ചു.
കഴുത, കൂട്ടത്തിൽ ബുദ്ധിയുള്ള ആൾ,
ഉറക്കത്തിലേക്കും പോയി;
വെട്ടവും വെടിവെപ്പുമുള്ള ഒരു ചലച്ചിത്രം,
മുമ്പേ കണ്ടത്, സ്വപ്നം കണ്ടു.
കാക്ക, അവൾ എല്ലാം ഓർത്തുപറഞ്ഞുമിരുന്നു.
വിശുദ്ധ ചെവിയിൽ
എല്ലാ ആത്മകഥകളെയുംപോലെ
നിറുത്താതെ,
സങ്കടപ്പെട്ടും സന്തോഷിച്ചും...

'ആധുനികതയുടെ ഓളങ്ങൾ നില്ക്കാൻ തുടങ്ങിയിരുന്നതുകൊണ്ടാകണം ഞാനും മറ്റു പലരെയുംപോലെ കാമ്യവിനെയും കാഫ്കയെയും ഓർത്തത്. വാസ്തവത്തിൽ, ഇപ്പോൾ ഓർക്കുമ്പോൾ കവിതയിലെ ആ രണ്ടു ജീവികളുടെയും ഉത്ഭവകഥകൾകൂടി ഓർമ്മവരുന്നു;

കാക്ക വീട്ടുവളപ്പിലെ മരക്കൊമ്പിലെവിടെയോ പാർക്കുകയായിരുന്നു. മരണത്തിനു മീതെ, കടലിനു മീതെ എന്നപോലെ, പറക്കുന്ന പക്ഷിയെപ്പറ്റി ഒരു സാരോപദേശകഥ പറയാൻ പറ്റും. കഴുത, പക്ഷേ, ആ ജീവി മാത്രം അതിന്റെ രണ്ടു ഉത്ഭവകഥകൾ പറയും. ഒന്നാമത്തെ കഥയിൽ ജീവിച്ചിരുന്നിട്ടില്ലാത്ത ഒരു സങ്കല്പകഥാപാത്രത്തെ ജീവിക്കുന്നു എന്നു കാണിച്ചു. ജോണിന്റെ സിനിമയിലെന്നപോലെ. രണ്ടാമത്തെ കഴുതയായിരുന്നു കവിതയിലെ കഥാപാതം. രണ്ടു ആത്മാക്കൾ ഒരു അറയിൽ കൊണ്ടുനടക്കുന്ന മൃഗം. ഉണർന്നിരിക്കുമ്പോൾ എന്നു കണ്ടുവോ, അതുതന്നെ ഉറക്കത്തിൽ സ്വപ്നമായി കാണുന്ന ആൾ.

ഞങ്ങളുടെ ആധുനികതയെപ്പറ്റി ഒരു ഓർമ്മക്കുറിപ്പും ഞാനെഴുതി; യക്ഷികൾ ആധുനികതയെപ്പറ്റി സംസാരിക്കുന്നു. എഴുതിക്കൊണ്ടിരുന്നപ്പോൾത്തന്നെ അത് എവിടെയോ നഷ്ടപ്പെട്ടു. ഓർമ്മിക്കാൻ വയ്യാത്ത ദൂരംവരെ വന്ന് നമ്മളെ നോക്കുന്ന ചില രൂപങ്ങൾ പോലെ, പക്ഷേ, ആ വരികൾ ചിലപ്പോൾ ഓർമ്മിക്കും. അപ്പോൾ ഹതാശമായ ഒരു ചിരിയിൽ ഞാൻ മടങ്ങിവരും: ആധുനികത യക്ഷികളുടെകൂടി കഥയായിരുന്നു. ജീവിതം അതിലും വലിയ യക്ഷിക്കഥയും.

മകളെ, ഷീലയെ, മുംബൈയിലെ ഒരു സുഹൃത്തിന്റെ അരികിലേക്ക് പഠിക്കാനും തുടർന്നുള്ള കാലം ജീവിക്കാനും പറഞ്ഞയച്ചു. അവൾക്ക് പതിമൂന്നു വയസ്സുള്ളപ്പോൾ. സുഹൃത്ത്, തങ്കത്തിന്റെ ഒരു ബന്ധുവായിരുന്നതുകൊണ്ട് മനസ്സും വേഗം സമ്മതിച്ചു. 'അവളെ എനിക്ക് തരൂ,' 'അവളെ ഞാൻ നോക്കിക്കോളാം,' 'അവൾ സന്തോഷത്തോടെ എന്റെ കൂടെ ഉണ്ടാകും'—മൂന്നും എനിക്ക് സന്തോഷകരങ്ങളായ വാചകങ്ങളായിരുന്നുവെങ്കിലും സങ്കടവും തന്നു.

തങ്കത്തിനോട്ട് അവളുടെ ബന്ധു പറഞ്ഞു: 'ഷീല എന്റെകൂടി മകളാണ്.'

തങ്കം മുറ്റത്തുനിന്ന് മടങ്ങി വീട്ടിൽ, അടുക്കളയിൽ, ശാന്തയായി പണികൾ ചെയ്യാൻ തുടങ്ങി. ഞാൻ അവളുടെ പിറകെ ചെന്നു.

'തങ്കം അതല്ലേ നല്ലത്?' ഞാൻ പറഞ്ഞു; 'ഇവിടെ നിന്നാൽ അവൾക്ക് നല്ല ഭക്ഷണം, നല്ല വിദ്യാഭ്യാസം ഇതിനൊക്കെ ബുദ്ധിമുട്ടേണ്ടിവന്നെങ്കിലോ?'

തങ്കം എന്നെ നോക്കുക മാത്രം ചെയ്തു.

അടുക്കളയിൽ ഞങ്ങൾ കുറച്ചുനേരംകൂടി തനിച്ചായി, നിശ്ശബ്ദതയിൽ.

ആ രാത്രി ഞാനൊരു സ്വപ്നം കണ്ടു: ഒരു പുഴ, പുഴയുടെ വക്കിൽ ഒരു വീട്. രാത്രിയാണ്. പുഴയുടെ മീതെ ആദ്യം ഒരു വിരി ഇടുന്നതുപോലെ നിലാവു വീണു, ഒരു ശബ്ദത്തോടെത്തന്നെ. അഥവാ, ഒരു പിയാനോവിന്റെ കട്ടകൾക്കുമീതെ മനോഹരമായ വരികൾ എഴുതിയ ഒരു കടലാസു വീണാൽ ഉണ്ടാകുന്ന ഒട്ടും നിശ്ചയമില്ലാത്ത ശബ്ദം.

വെള്ളത്തിൽ ഓളങ്ങൾ കണ്ടു. അവിടെത്തന്നെ, പതുക്കെ, ഒരു സൈക്കിൾ പൊന്തിവന്നു... പിന്നെ, സൈക്കിൾ വലിയ ഒരു പക്ഷിപോലെ ശബ്ദമുണ്ടാക്കി ചിറകടിച്ച് പുഴയ്ക്കു മീതെ ഉയർന്ന് അപ്രത്യക്ഷമായി...

പുഴയ്ക്കും ആകാശത്തിനും ഇടയിൽ നിലാവിലെ ആ കാഴ്ച ഒരു വാഹനത്തിന്റെ ഭംഗിയും മനുഷ്യൻ നിർമ്മിച്ച എന്തിന്റെയോ നിസ്സഹായമായ കണ്ടെടുപ്പുപോലെയും എനിക്കു തോന്നി...

ഞാൻ സ്വപ്നം നോട്ടുപുസ്തകത്തിൽ കുറിച്ചിട്ടു. കഥയിലേക്കോ കവിതയിലേക്കോ പടരാവുന്ന സ്വപ്നമായും ഒരുപക്ഷേ, 'സർറിയലിസത്തെപ്പറ്റി ഞാൻ എഴുതുമായിരുന്ന പ്രബന്ധത്തിൽ എനിക്കു മുൻപേ ആരെങ്കിലും കാണുകയോ വരയ്ക്കുകയോ ചെയ്ത ചിത്രമായും ആ കുറിപ്പ് സൂക്ഷിച്ചു. എന്നാൽ, പിന്നൊരിക്കൽ, ചിലപ്പോൾ, രണ്ടോ മൂന്നോ മണിക്കൂറുകൾക്കു ശേഷമാകും ആ സ്വപ്നത്തിൽ ഞാൻ കാണാതിരുന്ന, എന്നാൽ സ്വപ്നത്തിന് അനുബന്ധമായി രണ്ടുമൂന്നു വരികൾകൂടി എഴുതിച്ചേർത്തു:

'പിന്നെ, ഞാൻ നോക്കിനില്ക്കെ ഒരു ചെറുപ്പക്കാരൻ പൊന്തിവന്നു, നനഞ്ഞ വസ്ത്രങ്ങളിൽ അവൻ പുഴക്കരയിലേക്കു നീന്തി, കരയിലെത്തി. കൈകൾ കൊണ്ട് മുഖവും തലയും തുടച്ച്, ശ്രദ്ധയോടെ ചൂളംവിളിക്കാൻ തുടങ്ങി. ഒരു പക്ഷേ, ആ സ്വപ്നത്തിന് മുൻപും സ്വപ്നത്തിനുശേഷവും ഉണ്ടായിരുന്ന സംഗീതവും അതായിരുന്നു.'

ദുഃഖങ്ങൾ എന്നാൽ എന്താകണം: ഇലകളിൽ വീഴുന്ന മഞ്ഞുതുള്ളികളെപ്പറ്റി ഓർത്തുപറയുക, ഇലകളും മഞ്ഞുതുള്ളികളും ഒരിക്കലും ഇല്ലാതിരിക്കുമ്പോഴും. മരിച്ചവരെപ്പറ്റി ഓർമ്മവരുക. അവരോട് കരുതിക്കൂട്ടി പറയാതിരുന്ന കാര്യങ്ങൾ വീണ്ടും ഓർമ്മ വരുമെങ്കിലും പറയാതിരിക്കുക.

മകളെ മുംബൈയിലേക്ക് പറഞ്ഞയച്ചതിന്റെ മൂന്നാംനാൾ ഒരു ഉച്ചയ്ക്ക് തങ്കം ആത്മഹത്യ ചെയ്തു. തൊടിയിൽ പക്ഷികൾ പാർത്തിരുന്ന മരത്തിനു താഴെ വലതുകൈപ്പത്തിക്കു തൊട്ടുതാഴെ ഞരമ്പുകൾ മുറിച്ചതിനാൽ, അതിന് അവൾ ഉപയോഗിച്ചിരുന്ന ആയുധം അവളുടെ തുന്നൽകത്രികയായിരുന്നു. ഉച്ചയായതിനാൽ, അവൾ കിടന്നിടത്ത് മണ്ണിൽ ചോര പടർന്നിരുന്നു. ഞാൻ അവളെ അന്വേഷിച്ച് എത്തുമ്പോൾ എന്നെ കാണാതിരിക്കാൻ കണ്ണുകളടച്ചിരുന്നു. കരഞ്ഞിട്ടുണ്ടായിരുന്നു.

ആദ്യമാദ്യം ഇതെല്ലാം ഓർക്കുകതന്നെ പ്രയാസമായിരുന്നു എനിക്ക്. പിന്നെ, ഒരു ചലച്ചിത്രത്തിലെന്നപോലെ, ഒരു ആത്മഹത്യക്കുള്ള കാരണങ്ങൾ, ആത്മഹത്യയുടെ വിശദാംശങ്ങൾ ഓർമ്മവരുകയായിരുന്നു.

മരിച്ചവരെ, പക്ഷേ, ഞാനും ഭയപ്പെട്ടു; നമ്മെ അവർ ഭയങ്കരമായ കാത്തിരിപ്പിലേക്ക് വിടുമെന്നതിനാൽ.

തങ്കത്തെ, നിശ്ചയമായും, ഞാൻ ഭയപ്പെട്ടു.

ദൈവത്തിലേക്കുതന്നെ ഞാൻ തിരിച്ചുപോകുന്നു.

ഇരുപത്

ജോൺ മരിച്ചതിനുശേഷം, കൃത്യമായും മുപ്പത്തിനാല്യ ദിവസങ്ങൾക്കു ശേഷമാണ് തങ്കം ആത്മഹത്യ ചെയ്യുന്നത്. ഒരു വലിയ കെട്ടിടത്തിന്റെ ടെറസ്സിൽനിന്ന് കാൽതെറ്റി താഴെ നിലത്തേക്ക് വീഴുകയായിരുന്നു ജോൺ. തങ്കം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അവളെ വിവരമറിയിക്കാൻ ഞാൻ ആശുപത്രിയിലെത്തി.

ആശുപത്രിയുടെ മുറ്റത്ത് ഡോക്ടർ അസീസിനോടൊപ്പം തങ്കം നില്ക്കുന്നത് കണ്ടു. ഡോക്ടർ അവളോട്ട് ജോണിന്റെ മരണത്തെപ്പറ്റി പറഞ്ഞിരുന്നു. എന്നെ കണ്ടതും, അതിനും മുൻപ് അവൾ കരയുകയായിരുന്നുവെന്ന് ഡോക്ടർ പറഞ്ഞു. തങ്കം അരികിലേക്ക് വന്നു. 'എങ്ങനെയാണ് ജോൺ മരിച്ചത്' എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു: 'അപകടമായിരുന്നു. കാൽ തെറ്റി ടെറസ്സിൽനിന്ന് താഴേക്ക് വീണു.' തങ്കം ചോദിച്ചു; 'ആരും കൂടെ ഉണ്ടായിരുന്നില്ലേ?' ഞാൻ പറഞ്ഞു; 'എല്ലാവരും ഉണ്ടായിരുന്നു.'

കുറച്ചുനേരം അവൾ നിശ്ശബ്ദയായി. സങ്കടത്തിന്റെ ഈ വേനൽ ഇപ്പോഴെങ്കിലും കരച്ചിലിലേക്ക് മാറിയെങ്കിലെന്ന്, അതിവേഗം വറ്റുന്ന ഞങ്ങളുടെ ശരീരങ്ങൾ ആഗ്രഹിച്ചിരുന്നിരിക്കണം. ഒച്ച ശരിയാക്കാൻ ഞാൻ ഇടയ്ക്കൊക്കെ തൊണ്ട ശരിയാക്കി. ആ സമയം, ആശുപത്രിമുറ്റത്ത് എവിടെനിന്നോ ഒരു കാക്കയും വന്നിറങ്ങി. അത്ഭുതകരങ്ങളായ വിചാരങ്ങളിലേക്കായിരുന്നു ചിലപ്പോഴെങ്കിലും ദുഃഖത്തിന്റെ കൂടുകളെങ്കിൽ കാക്ക പറന്നുവന്നത് അങ്ങനെയൊരു കൂട്ടിൽ നിന്നാവുമെന്ന് തോന്നുന്നു. തങ്കം കാക്കയെ തെല്ലിട നോക്കിനിന്നു. കൈകൾ കൂപ്പി ആശുപത്രിമുറ്റത്തുനിന്ന് മുറിയിലേക്കു മടങ്ങി. അവളുടെ പിറകെ ഞങ്ങളും. എന്നാൽ, അതേസമയം ആശുപത്രിവളപ്പിൽത്തന്നെ പ്രത്യക്ഷപ്പെട്ട സൈക്കിളിലെ പത്രവില്പനക്കാരൻ കുട്ടിയെ കണ്ടതും അവൾ നിന്നു.

ഞാൻ വിചാരിച്ചത് ജോണിന്റെ മരണവാർത്ത അച്ചടിച്ചുവന്നിരിക്കുമോ എന്നറിയാനാകും എന്നായിരുന്നു. പകരം ഡോക്ടറോട്ട് തങ്കം അവളുടെ ആഗ്രഹം പ്രകടിപ്പിച്ചു.

'സർ, തങ്കം പറഞ്ഞു: 'ആ സൈക്കിളിൽ എനിക്ക് ഈ ആശുപത്രിവളപ്പിൽ ഒരുതവണ ചുറ്റണം... സമ്മതിക്കുമോ?'

'തീർച്ചയായും,' ഡോക്ടർ പറഞ്ഞു. പത്രക്കാരൻ കുട്ടിയെ അരികിലേക്കു വിളിച്ചു. ഡോക്ടർ തങ്കത്തിന്റെ ആഗ്രഹം അവനോട്ട് പറഞ്ഞു.

ചന്തു എന്നായിരുന്നു അവന്റെ പേർ. ഡോക്ടർ അവനെ 'ന്യൂസ്പേപ്പർ ബോയ് എന്ന് സിനിമാരീതിയിലാണ് പരിചയപ്പെടുത്തിയത്.

ചന്തു സൈക്കിളിൽനിന്നിറങ്ങി തങ്കത്തിനു സൈക്കിൾ കൊടുത്തു. തങ്കം അവനെ ഒരുവേള അതിയായ ഇഷ്ടത്തോടെ നോക്കി, സൈക്കിളിൽ കയറിയിരുന്നു.

'ഞാനാദ്യമായാണ് സൈക്കിൾ ചവിട്ടുന്നത്, അവൾ പറഞ്ഞു: 'ചന്തു എന്റെ കൂടെ വരണേ.

സങ്കടത്തിന്റെ വൃത്തം തന്നെയായിരുന്നു അവൾ തിരഞ്ഞെടുത്തതെന്ന് എനിക്കറിയാമായിരുന്നു, ഓർമ്മയുടെ വലയംതന്നെ.

പിന്നീടും ആ ആശുപത്രി വളപ്പ് എനിക്കോർമ്മ വന്നു. പക്ഷേ, അന്നത്തെ ദുഃഖഭാരമില്ലാതെയാണ് പിന്നെ ഞാനതോർത്തത്; പത്തോ അതിൽ കൂടുതലോ ചന്തുവും തങ്കവും ആശുപത്രിമുറ്റത്ത് സൈക്കിളിൽ വൃത്തങ്ങൾ തീർത്തു. ചിലപ്പോൾ അവൾ വീഴാൻ പോയി. അപ്പോഴൊക്കെ ചന്തു അവളെ രക്ഷിച്ചു. ചിലപ്പോൾ അവർ ആശുപത്രി കെട്ടിടത്തെതന്നെ വലംവെച്ചു. ഒരു സമയം, അവളെ പിറകിലിരുത്തി ചന്തു സൈക്കിൾ ചവിട്ടി. അവൻ ബെല്ലടിക്കുമ്പോൾ തങ്കം പൊട്ടിച്ചിരിക്കുന്നതു കേട്ടു. ചിലപ്പോൾ, പിറകിലിരിക്കുമ്പോൾ, ചന്തുവിന്റെ കണ്ണുകൾ പൊത്തുന്നത് കണ്ടു. ആ സമയം അവൻ, 'അയ്യോ, വീഴുമേ' എന്നു കളിയായി കരഞ്ഞു.

ആശുപത്രി മുറ്റത്തെത്തിയ വെയിൽ, മരങ്ങളിൽനിന്ന് വീശിയ കാറ്റ് ആ സൈക്കിൾസഞ്ചാരികളെ മൂടുമ്പോൾ ഓർമ്മയ്ക്കുള്ളിൽ വഴിതെറ്റുന്ന ആളുകളെപ്പറ്റി ഞാനോർത്തു. തങ്കം എന്നെ നോക്കി കൈ ഉയർത്തി വീശുമ്പോൾപ്പോലും.

മറവിയെ യാത്രയാക്കിയ ഒരു സ്ത്രീ, ഓർമ്മയെ സ്വന്തം ശരീരത്തിനു ചുറ്റുമുള്ള ഒരു വലയമാക്കിയ ആൾ, തങ്കത്തിനു നേരെ കൈ ഉയർത്തി വീശുമ്പോൾ ഞാൻ പാലിച്ച ദൂരം എന്നെ വേദനിപ്പിച്ചു. അതേ ദൂരത്തിലായിരുന്നു, ഭാവനയിലെങ്കിലും, ഞങ്ങൾ പണിത പുഴക്കരയിലെ വീടും...

സൈക്കിളിൽനിന്ന് ഇറങ്ങി തങ്കം എന്റെ അരികിലേക്കു വന്നു. ചന്തുവിനെ അവൾ രണ്ടു പേരുകൾകൊണ്ടു വിശേഷിപ്പിച്ചു; 'ന്യൂസ്പേപ്പർ ബോയ്, ബൈസിക്കിൾ തീഫ്.' ഞാൻ പറഞ്ഞു; 'രണ്ടും സിനിമാപേരുകൾതന്നെ, പ്രസിദ്ധമായ സിനിമകളും.'

തങ്കം എന്നെ നോക്കി ചിരിക്കുക മാത്രം ചെയ്തു.

എന്നാൽ, ഒരിക്കൽ, തങ്കത്തിന്റെ മരണത്തിനുശേഷം യാദൃച്ഛികമായി എനിക്കൊരു കടലാസുകഷണം കിട്ടി, അവളുടെ ഹാൻഡ്ബാഗിൽനിന്ന്. ആശുപത്രിയിൽ കിടക്കുമ്പോഴും ഹാൻഡ്ബാഗ് അവളുടെ കട്ടിലിനടിയിൽ സൂക്ഷിച്ചുവെച്ചിരുന്നു. തന്റെ അഴകിന്റെ ചെറിയ ചെറിയ പണിയായുധങ്ങളാണ് അതിലെന്ന് തങ്കം പറയും: ചീപ്പ്, സേഫ്റ്റിപിന്നുകൾ, മുഖത്തു തേയ്ക്കുന്ന ഒരു ആയുർവേദ ക്രീം, തുടങ്ങി കൈയിൽ കെട്ടാതെ എങ്കിലും എപ്പോഴും കൊണ്ടു നടന്ന ഒരു പഴയ വാച്ച്, സ്കൂൾ ഫൈനൽ പരീക്ഷയ്ക്ക് ഒരിക്കൽ അവളുടെ അച്ഛൻ വാങ്ങിച്ചുകൊടുത്തതായിരുന്നു അത്. പിന്നെ ഒരു നോട്ടുപുസ്തകം. നോട്ടുപുസ്തകത്തിൽ പക്ഷേ, എഴുതുക വളരെ ചുരുക്കം: ചില പാചകക്കുറിപ്പുകൾ, ചില മഹദ്വചനങ്ങൾ, അവ പറയുമ്പോൾ അവൾ സ്വന്തം പേരും ചേർത്താണ് ആദ്യമാദ്യം പറഞ്ഞിരുന്നത്, മകൾക്കുവേണ്ടി ഓർമ്മിച്ചുവെച്ച ചില നാടോടിക്കഥകൾ... അതൊക്കെയായിരുന്നു ആ നോട്ടുപുസ്തകത്തിൽ. ആ പുസ്തകത്തിൽ മടക്കിവെച്ച ഒരു കടലാസുകഷണത്തിൽ അവൾ രണ്ടു സിനിമകളുടെയും പേർ എഴുതിവെച്ചിരുന്നു. ബൈസിക്കിൾ തീഫ്, 'ന്യൂസ് പേപ്പർ ബോയ്'— അതേ കടലാസിന്റെ മറുപുറത്ത്, 'ഇന്നു മുതൽ ഭ്രാന്ത്' എന്നും എഴുതിയിരുന്നു.

തീർച്ചയായും അത് സിനിമയുടെ പേരായിരുന്നില്ല. ഒരുപക്ഷേ, ജീവിതത്തിനിട്ട പേരാകും. എന്നാൽ, ആ വാചകം ജീവിതത്തെപ്പറ്റിയാണെങ്കിൽ ആ ജീവി

തം അമ്പരപ്പിക്കുന്നവിധം ഒരാളുടെ തീരുമാനമായിരുന്നു എന്നു വിചാരിക്കുമ്പോഴൊക്കെ ഞാൻ വിറച്ചു. ഭ്രാന്താവുന്ന ആളും ഭ്രാന്താവാൻ തീരുമാനിക്കുന്ന ആളും രണ്ടുപേരാണ്. ആദ്യത്തെ ആൾ രോഗിയാണെങ്കിൽ രണ്ടാമത്തെ ആൾ രോഗിയല്ലാത്ത ആൾ എന്നതുകൊണ്ടായിരുന്നില്ല; രണ്ടാമത്തെ ആൾ ഒരു സ്വേച്ഛാധികാരിയെപ്പോലെയാണ്. തന്റെ ഇഷ്ടം താൻതന്നെ ജീവിക്കുന്നതോടൊപ്പം അതേ ഇഷ്ടത്തിലേക്ക് തുക്കിക്കൊണ്ടുവരുന്ന മറ്റ് ഇഷ്ടങ്ങൾ കൊണ്ടാണ് ആ ഭ്രാന്ത് പ്രസിദ്ധമാകുന്നത്. തങ്കം, രോഗിയാണെന്നുതന്നെ ഞാൻ വിശ്വസിച്ചു. അതിനാൽ അവളുടെ ഹാൻഡ്ബാഗിൽനിന്ന് കിട്ടിയ ചെറിയ കടലാസിലെ വാക്കുകളെയും വിശ്വസിച്ചു.

'ന്യൂസ്പേപ്പർ ബോയ്' മലയാളത്തിലെ പ്രസിദ്ധമായ ചലച്ചിത്രമായിരുന്നു. 'നിയോ റിയലിസത്തിന്റെ വഴിയിലെ ആദ്യത്തെ സിനിമ; ആ സിനിമ ഞങ്ങൾ കണ്ടിട്ടുണ്ട്. ജീവിതം ഒഴുകിയെത്തുകയും ഒഴുകിപ്പോകുകയും ചെയ്യുന്ന ഒന്നാണെന്ന് ആ സിനിമയും തോന്നിപ്പിച്ചു. എന്നാൽ, 'ബൈസിക്കിൾ തീഫ്' ഡിസീക്കയുടെ മഹത്തായ സിനിമ മാത്രമായിരുന്നില്ല, ഞങ്ങളുടെ ജീവിതത്തിലെ ഒരു രൂപകംതന്നെയായിരുന്നു.

ആദ്യമായി തന്റെ പതിമൂന്നാമത്തെ സിനിമയുടെ കഥ ജോൺ, എന്നോടും തങ്കത്തിനോടും പറയുമ്പോൾ, ഒരു രാത്രി, തങ്കത്തിന്റെ മടിയിൽ ഷീല കിടക്കുന്നുണ്ടായിരുന്നു. ജോൺ വീട്ടുമുറ്റത്ത് ഒരു ഗോസായിയെപ്പോലെ ഇരുന്ന് കഥ പറയുകയായിരുന്നു. കഥയിൽ പലതവണ വന്ന സൈക്കിൾയാത്രക്കാരൻ ഒരു രൂപകം പോലെ എന്ന് ഞാൻ പറഞ്ഞു.

'രൂപകം?' ജോൺ ചോദിച്ചു.

'സിനിമയുടെ പെട്ടിയുമായി സൈക്കിളിൽ വരുന്ന ചെറുപ്പക്കാരൻ പുഴയിലേക്ക് കുതിക്കുന്ന സൈക്കിൾയാത്രക്കാരനുമാണല്ലോ,' ഞാൻ പറഞ്ഞു; 'എനിക്ക് എന്റെ സാഹിത്യം മണക്കുന്നു.'

തങ്കം ഞങ്ങളെ തിരുത്തി, 'അവൻ കള്ളനുമാണ്, ചിലപ്പോഴെങ്കിലും ഒരു ജാരനുമാണ്.'

ജോൺ തങ്കത്തിനെ നോക്കി, കണ്ണുകൾ ചെറുതാക്കി, അവന്റെ കണ്ണുകൾക്കുചുറ്റുമുള്ള വലയങ്ങൾ, രാത്രികളും പകലുകളും മുദ്രയാക്കിയവ എന്ന് അവൻതന്നെ ആ വലയങ്ങളെ വിശേഷിപ്പിച്ചു, ആ ചെറിയ വെളിച്ചത്തിലും കണ്ടു.

'ബൈസിക്കിൾ തീഫ്' ജോൺ അത്ഭുതപ്പെട്ടു.

'അതെ,' തങ്കം പറഞ്ഞു; 'സൈക്കിളിൽ വരുകയും പോവുകയും ചെയ്യുന്ന കള്ളൻ, ഇങ്ങനെയാണ് അതിന്റെ പരിഭാഷ.'

ജോൺ അവളെ തിരുത്തി; 'ദ ബൈസിക്കിൾ തീഫ് എന്നുവേണം ഇംഗ്ലീഷിൽ പറയാൻ.'

തങ്കം പറഞ്ഞു; 'ബൈസിക്കിൾ തീഫ്, ദ ഇല്ല,'

അവന്റെ കഥയിൽ പുഴയിലേക്ക് കുതിക്കുകയും പുഴയിലേക്ക് കെട്ടിമറിഞ്ഞു വീഴുകയും ചെയ്യുന്ന സൈക്കിൾയാത്രക്കാരൻ, ആ വീഴ്ച ഉണ്ടാക്കുന്ന ശബ്ദം, ഒരു തവണ അങ്ങനെ പറയുമ്പോൾ, ജോൺ കാതോർത്തു കേട്ടു.

പുഴയിൽ വെള്ളം ചിതറിപ്പിച്ച് സൈക്കിൾമണി മുഴക്കി, ഇരുചക്രവാഹനം ആകാശത്തുനിന്നെന്നപോലെ വെള്ളത്തിൽ പരക്കുകയായിരുന്നു.

എങ്കിൽ, യഹോവ, താഴെ ഭൂമിയിലേക്കെറിഞ്ഞ ആദ്യത്തെ യന്ത്രം എന്ന് ജോൺ ആ സൈക്കിളിനെ വിശേഷിപ്പിച്ചു.

'ആകാശത്ത് കൈകൾ വിടർത്തി യഹോവ നിന്നു. ഭൂമിയിൽ മനുഷ്യാ നിനക്കി നി സൈക്കിൾകൂടി ഉണ്ടാവട്ടെ എന്നു പറഞ്ഞു. ആ കൈകളിൽ അപ്പോൾ സൈക്കി ൾ പ്രത്യക്ഷപ്പെട്ടു. കാരുണ്യവാനായ ദൈവം അങ്ങനെ ഭൂമിയിലെ അവന്റെ അടിമ യ്ക്ക് ഒരു നൂലിൽ കെട്ടി സൈക്കിൾ പതുക്കെ താഴേക്ക് ഇറക്കിക്കൊടുത്തു.'

ഓർമ്മയിലും വസ്തുക്കൾ ചിലപ്പോൾ രൂപകങ്ങളാവുന്നു. സൈക്കിളിനു വേണ്ടി ആകാശത്തേക്കു നോക്കി കൈകൾ വിടർത്തിനിന്ന ജോണിനെപ്പോലെ, ആഴ്ച പത്രിമുറ്റത്ത് സൈക്കിൾ ചവിട്ടുന്ന തങ്കത്തിനെപ്പോലെ, പഴയ വാടകവീടിന്റെ മു ന്നിലെ ആട്ടിൻതൊഴുത്തിനോടു ചേർത്തുവെച്ച, തലേന്ന് ആരുമറിയാതെ കട യിൽനിന്ന് കൊണ്ടുവന്ന സൈക്കിൾപോലെ—ഇപ്പോൾ ജോൺ രാത്രിയിലേക്കു നോക്കി നക്ഷത്രതങ്ങളെ കണ്ട് തന്റെ പതിമൂന്നാമത്തെ കഥ പറഞ്ഞപ്പോഴും അങ്ങ നെയൊരു സന്ദർഭം വന്നു.

കെട്ടിടത്തിന്റെ ടെറസ്സിൽ ഞങ്ങൾ ബാക്കി അഞ്ചുപേരുമായി തന്റെ സിനിമാ ക്കഥയുടെ അവസാന ഭാഗങ്ങൾ ജോൺ പറയുകയായിരുന്നു. പുഴയിലേക്ക് സി നിമാക്കൊട്ടകയിൽനിന്നും സൈക്കിളിൽ കുതിക്കുന്ന ചെറുപ്പക്കാരനായി അഭിനയി ക്കാൻ ഒരാളെ കണ്ടെത്തിയിട്ടുണ്ടെന്ന് ജോൺ പറഞ്ഞു;

'അവൻ ഈ റോൾ തീർച്ചയായും നന്നാക്കും. കാരണം, അവസാന ഭാഗത്ത് സൈക്കിൾ പുഴയിലേക്ക് വീഴുമ്പോൾ അവൻ എന്നെ തിരിഞ്ഞുനോക്കും... രണ്ടു കാ രണങ്ങൾകൊണ്ട്.'

ജോൺ വലതുകൈ ഉയർത്തി, ചൂണ്ടാണിവിരൽ ആകാശത്തേക്ക് കൂർപ്പിച്ചു പിടിച്ചു;

'ഒന്ന്, ആദ്യത്തെ കാരണം, പുഴയിൽ തന്നെ കാത്തുനില്ക്കുന്ന നടി, മന്ത്രവാദി യുടെ ഭാര്യ, ഉണ്ടാകുമല്ലോ എന്ന് ചോദിക്കാതെ ചോദിക്കാൻ.'

ജോൺ രണ്ടാമത്തെ വിരൽ പൊന്തിച്ചു: 'രണ്ടാമത്തെ കാരണം, ഞാനിതൊ ക്കെ ഷൂട്ട് ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ.'

ഈ രണ്ടു കാരണങ്ങൾകൊണ്ടും അവൻ തന്റെ കഥാപാത്രമല്ലാതാവും എന്ന് ജോൺ വിശ്വസിച്ചു. പുഴയ്ക്കും പുഴയിലെ നടിക്കും വേണ്ടി അവൻ അപകടകരമായി കൊതിക്കുമെന്നും ജോൺ വിശ്വസിച്ചു. അതുകൊണ്ടു തന്നെ സൈക്കിളിൽ ബാല ൻസ് തെറ്റി പുഴയിലേക്ക് വീഴുന്ന അവനെ മനോഹരമായി സിനിമയിലേക്ക് പകർ ത്തുമെന്നും ജോൺ വിശ്വസിച്ചു.

ഇതുതന്നെയായിരുന്നുവോ, ഇങ്ങനെയായിരുന്നുവോ ജോൺ പറഞ്ഞത് എന്ന് എനിക്കിപ്പോൾ ഓർമ്മയില്ല. ഇങ്ങനെത്തന്നെയാകാം: അടുത്ത നിമിഷം ഞാൻ, ബാക്കി നാലുപേരും, ഒരു നിലവിളിയോടെ എഴുന്നേറ്റു നിന്നു...

ജോൺ, അത്രയും ഉയരത്തിൽനിന്ന്, വാക്കിന്റെ മുനമ്പിൽ അതുവരെയും നി ന്നിടത്തുനിന്ന്, ടെറസ്സിൽനിന്ന് പിറകോട്ടു വീണിരുന്നു...

ആ നിലവിളിയിലും ഒപ്പം വന്ന വീഴ്ചയുടെ ഭീതി തന്ന ഓർമ്മയിലും, താഴെ ജോ ൺ ചെന്നുവീണിടത്ത്, ഒരു പുഴ ഉണ്ടാകുമെന്നുതന്നെ ഞാൻ വിശ്വസിച്ചു. പുഴയ്ക്കുവേ ണ്ടിയും ഞാൻ നിലവിളിച്ചു; 'ആരെങ്കിലും ഒരാൾ താഴെ ഒരു പുഴ...'

അതോടെ എന്റെ ഒച്ച അടഞ്ഞു. കണ്ണുകൾ ഇരുട്ടിലേക്ക് കൂമ്പുകയും ചെയ്തു.

ഇരുപത്തിയൊന്ന്

മുംബൈയിലെ മഴ വർഷങ്ങൾക്കുശേഷം ഞാൻ കണ്ടു. ആകാശം ഇരുളുന്നതും അത്രയും ഇരുട്ട് പിന്നെ വെള്ളമായി നഗരത്തിലേക്ക് ഒഴുകുന്നതും കണ്ടു. ഗതാഗതം മുടങ്ങുന്നതും നഗരം നിരാകാരമാവുന്നതും കണ്ടു.

റെയിൽവേസ്റ്റേഷനിൽനിന്ന് ഷീല പാർത്തിരുന്ന ഫ്ളാറ്റ് ഊഹംവെച്ച് ഞാൻ നടന്നു.

വഴിയിലെ ഗട്ടറുകൾ ശ്രദ്ധിക്കാൻ യാത്രക്കാർ പരസ്പരം പറയുന്നുണ്ടായിരുന്നു. അഴുക്കുകളുടെ മഹാപ്രളയം, കാൽമുട്ടുകൾക്കും മീതെയായിരുന്ന വെള്ളം. നീന്തുന്നതുപോലെ ഞാൻ നടന്നു, അടുത്ത മഴയ്ക്കു മുൻപേ വീട്ടിലെത്താനുള്ള ധിറുതിയില്ലാതെ. എങ്കിലും തൊട്ടുമുൻപേ അവസാനിപ്പിച്ച തീവണ്ടിയാത്ര, അഴുക്കുകളുടെ മഹാപ്രളയത്തിനൊപ്പം, എനിക്കു പിന്നെ വേറൊരു ഓളമായി തുടരുന്നുമുണ്ടായിരുന്നു. അതിനും പിറകെ എന്റെ വാർദ്ധക്യം, ആ നിമിഷം വേറൊന്നുകൂടിയായി പിളർന്ന് നീന്താൻ തുടങ്ങിയിരുന്നു.

അതുവരെയും വാർദ്ധക്യം ഏകാന്തതയുടെ ഒരു സഞ്ചാരസ്ഥലമായിരുന്നെങ്കിൽ ഇപ്പോൾ അത് അഴുക്കുവെള്ളത്തിലൂടെയുള്ള ഒരു യാത്രയായിരിക്കുന്നു. തീരാത്ത ഒരു പാതയിൽ കൊളുത്തിയിട്ടതുപോലെ.

ഞാൻ തിരിഞ്ഞുനോക്കി; ഭയപ്പെടുത്തുന്നവിധം എനിക്കു പിറകെ വഴിയാത്രക്കാർ ആരുമില്ലാതെ, ചളിവെള്ളത്തിന്റെ ഓളങ്ങൾ മാത്രമായി, നഗരത്തിലെ ഒരു ചെറുസ്ഥലം ആരോ എനിക്കുവേണ്ടി കരുതിയിരുന്നു.

ഞാൻ അതുവരെ നടന്നതൊക്കെ വീണ്ടും ഓർക്കാൻ തുടങ്ങി.

മാഹിമിലേക്കുള്ള യാത്രയിൽ ടിക്കറ്റെടുക്കാതെ ഞാൻ ജോൺ എബ്രഹാമെന്ന യുവപുരോഹിതനോടൊപ്പം എന്റെ മകളുടെ ജീവിതത്തിനുവേണ്ടി യാത്രചെയ്യുകയായിരുന്നു. സെമിനാരി വിട്ട് മകളോടൊപ്പം, അവളെ വിവാഹം ചെയ്ത്, അവളോടൊപ്പം ജീവിച്ച് അവളെ മധ്യവയസ്സിലേക്കും പിന്നെ വാർദ്ധക്യത്തിലേക്കും സ്നേഹത്തോടെയും ദയയോടെയും സന്തോഷത്തോടെയും കൊണ്ടുപോകാൻ ആഗ്രഹിച്ച അയാളോടൊപ്പമുള്ള യാത്ര, പക്ഷേ, ആ ദിവസം മുതൽ എനിക്കറിയാത്ത വഴിയിലായിക്കഴിഞ്ഞിരുന്നു.

ഞാൻ ആ യുവാവിനോടു പറഞ്ഞു; 'എന്റെ പ്രിയപ്പെട്ട ചെറുപ്പക്കാരാ, ഇത്രയും കുപിതനാകാൻ, എന്നോട് മിണ്ടാതിരിക്കാൻ, നീ ഇത്രയുംകാലം സ്നേഹിച്ച യുവതിയെ ഉപേക്ഷിച്ചുപോവാൻ അവൾ ചെയ്ത തെറ്റ് ഒന്നുമാത്രമാണ്, അവൾ പന്നികളെ പ്രസവിക്കും എന്നു പറഞ്ഞു. അത് ഒരിക്കലും സംഭവിക്കാത്തതുകൊണ്ട് അവൾ പറഞ്ഞത് തമാശയായി മാത്രം കണ്ട് എന്നോടൊപ്പം, എന്റെ പ്രിയപ്പെട്ട ചെറുപ്പക്കാരാ തിരിച്ചുവരണം. അവൾ നിന്നെ അത്രയധികം സ്നേഹിക്കുന്നു.'

മുംബൈയിലെ അസാധാരണമായൊരു യാത്രയായിരുന്നു അത് എനിക്ക്. ആൾത്തിരക്കിൽ പരസ്പരം ഉരസുന്ന ശരീരങ്ങളും ശ്വാസോച്ഛ്വാസങ്ങളും കൊണ്ട് ഒരൊറ്റ ജീവിയെപ്പോലെയായിരുന്നു ആൾക്കൂട്ടം. ഞാനും യുവ പുരോഹിതനും സഞ്ചരിച്ചിരുന്ന കമ്പാർട്ട്മെന്റ് , ആ വണ്ടിയിലെ മറ്റു കമ്പാർട്ടുകളെപ്പോലെയല്ല, ഒറ്റയ്ക്ക് അതിന്റെ അന്ത്യത്തിലേക്ക് ഓടുകയാണെന്ന് തോന്നിയിരുന്നു. വാതില്ക്കലായിരുന്നു ഞങ്ങൾ നിന്നത്.

അവൻ എന്നോട് ചിലത് പറയുന്നുണ്ടായിരുന്നു. ഞാൻ അവനോടും ചിലത് പറയുന്നുണ്ടായിരുന്നു.

'തീർച്ചയായും അവൾ പന്നികളെത്തന്നെ പ്രസവിക്കും, ദൈവഹിതം അങ്ങനെയാകും.'

'നീ ദൈവഭയംകൊണ്ട് വിചാരിക്കുന്നതാണ്. അതു ശരിയല്ല, ഒരു മനുഷ്യസ്ത്രീയും ഇന്നുവരെ പന്നിയെ പ്രസവിച്ചിട്ടില്ല. പന്നിയെ പ്രസവിക്കുക പന്നികളാണ്.'

'അവൾ പ്രസവിക്കും.'

'നീ ദൈവഭയംകൊണ്ട് വിചാരിക്കുന്നതാണ്. സാരമില്ല. അപ്പോൾ നീ സെമിനാരി വിടുകയാണെന്നു പറഞ്ഞതു് ശരിയാണോ?

അവൻ ഒന്നും മിണ്ടിയില്ല. 'ബൈബിളിൽ യേശു പറഞ്ഞ ഒരു സന്ദർഭം നീ എന്തിനാണ് ഈ സന്ദർഭത്തിലേക്കെടുത്തത്?

അവൻ നോക്കുക മാത്രം ചെയ്തു.

'എന്നോട്ട് നീ സംസാരിക്കു.'

'എനിക്കൊന്നും പറയാനില്ല.'

'നീ സെമിനാരി വിടുമോ?'

'ഞാൻ സെമിനാരി വിടുന്നില്ല.'

'പക്ഷേ, നീ അവളെ സ്നേഹിക്കുന്നു.'

'സ്നേഹിക്കുന്നില്ല.'

'ഉപേക്ഷിച്ചു?'

'ഉപേക്ഷിച്ചു.'

എപ്പോൾ?'

'അപ്പോൾ.'

'അപ്പോൾ എന്നു പറഞ്ഞാൽ?'

'പന്നികളെ പ്രസവിക്കാൻ അവൾ തീരുമാനിച്ചതുമുതൽ.'

'അതു തമാശയല്ല?

'അല്ല'

'എങ്ങനെ അറിയാം?'

'അവളുടെ വയർ ഒരു നിമിഷം കുത്തിമറിയുന്നതു ഞാൻ കണ്ടു.'

'വയറ്റിൽ പന്നികളാണെന്നാണോ?'

'അതെ.'

'നീ അവളോടൊപ്പം കിടന്നിട്ടുണ്ടോ?'

'ഉണ്ട്.'

'എത്ര തവണ?'

'ഒമ്പതു തവണ.'

'ഒമ്പത് ഒരു ചീത്ത അക്കമാണ്.'

'എട്ടു തവണ.'

'പത്തു തവണ.'

'എട്ടു തവണ.'

'ഉറകൾ ഉപയോഗിച്ചിരുന്നില്ലേ?'

'ഉം'

'പിന്നെയും പന്നികൾ എങ്ങനെ പ്രസവിക്കും?'

'എനിക്ക് നിങ്ങളോട്ട് സംസാരിക്കണമെന്നില്ല.'

'പക്ഷേ, ഞാൻ സംസാരിക്കുന്നു.'

'നിങ്ങൾ എന്നെ പിന്തുടരരുത്. '

'എന്തുകൊണ്ട്?

'ഞാൻ നിങ്ങളെ ഭയപ്പെടുന്നു.'

'ഞാൻ നിന്നെയും ഭയക്കുന്നു.'

'നിങ്ങൾ എന്നെ പിന്തുടരരുത്. ഉപദ്രവിക്കരുത്. '

'ഒരാളെ ഒരാൾ സ്നേഹിക്കുന്നു എന്ന്, അതായത് അവൾ നിന്നെയും നീ അവളെയും സ്നേഹിക്കുന്നു എന്നതുകൊണ്ട്, ഞാൻ അവളുടെ അച്ഛനായതുകൊണ്ട്, എനിക്ക് അവൾ പന്നിയല്ലാത്തതുകൊണ്ട്, അവൾ അമ്മയില്ലാത്ത കുട്ടിയായതുകൊണ്ട്, അവൾ ഞാൻ മരിച്ചാലും അനാഥയാകാൻ പാടില്ലാത്തതുകൊണ്ട്, ഇതൊക്കെ നിന്നോടു പറയണമെന്നും നീ തിരിച്ച് അവളുടെ അടുത്തേക്ക് വരണമെന്നും ഉള്ളതുകൊണ്ട് ഞാൻ നിന്നോടൊപ്പം യാത്ര ചെയ്യുകയാണ്.'

'ദയവായി നിങ്ങൾ മടങ്ങിപ്പോകണം.'

'നീ അവളെ സ്നേഹിക്കുന്നില്ലേ?'

'നിറുത്തി.'

'പിന്നെ?'

'അത് സാത്താന്റെ പ്രലോഭനംപോലെയായിരുന്നു. ഞാൻ ദൈവത്തിലേക്കു തന്നെ തിരിച്ചുപോകുന്നു. എന്റെ സ്വസ്ഥതയാണത്.'

'അന്തിമ തീരുമാനം?'

'അതെ.'

'പക്ഷേ, ഇത് നീ എന്റെ മകളോട് പറഞ്ഞിട്ടില്ല.'

'പറയേണ്ടതില്ല.'

'എന്തുകൊണ്ട്?

'ഞാൻ സ്നേഹിക്കുന്നില്ല എന്നതുകൊണ്ട്.'

'ശരിക്കും?'

'ശരിക്കും.'

'അന്തിമ തീരുമാനം?'

'അതെ.'

ഞാൻ നിശ്ശബ്ദനായി. ഇനി വാക്കുകൾ കൂട്ടേണ്ടതില്ല. മാത്രമല്ല, എന്റെ വാർദ്ധക്യം കുറ്റകരമായ ഒരു വഴി ആ നിമിഷം തിരഞ്ഞെടുക്കുകയും ചെയ്തു.

ഞാൻ യുവാവിനോട് ചേർന്നുനിന്നു. അവന്റെ ശ്വാസം, ഒരു പഴയ തണുപ്പോടെ എന്റെ മുഖത്തു തട്ടി. ഞാൻ അവന്റെ കവിളിൽ ചുംബിച്ചു. അത്ഭുതത്തോടും അതിലുമധികം ഭയത്തോടും അവൻ എന്നെ തിരിഞ്ഞുനോക്കി. അതേനിമിഷംതന്നെ, ഓടുന്ന വണ്ടിയിൽനിന്ന് അവന്റെ കൈകൾ പിടിച്ചിടത്തുനിന്ന് ഞാൻ വിടുവിച്ചു. അവനെ താഴെ ചക്രങ്ങളുടെ അടിയിലേക്ക് തള്ളിയിട്ടു...

എന്നിട്ട് 'അയ്യോ' എന്ന് മറ്റു യാത്രക്കാർക്കുവേണ്ടി ഉറക്കെ നിലവിളിച്ചു. അപകടമരണമാക്കി. അടുത്ത സ്റ്റേഷനിലിറങ്ങാൻ ഒരുങ്ങി. ആരോ ചങ്ങലവലിച്ച് വണ്ടി നിറുത്തി. ഞാൻ വണ്ടിയിൽനിന്ന് പുറത്തുചാടി, റെയിൽവേപ്പാളത്തിലൂടെ ഓടി, പുറത്തുകടന്നു, ഓട്ടോയിൽ മകളുടെ ഫ്ളാറ്റിലേക്കു മടങ്ങി.

ഇപ്പോൾ ഓട്ടോയിൽ ഇരിക്കുമ്പോൾ ഞാൻ വിറച്ചു. ഒരു തണുത്ത മറവി എന്നെ സമാധാനിപ്പിക്കുമെന്ന് കരുതി. മഴ നിറഞ്ഞ ആകാശം എനിക്ക് കാണാമായിരുന്നു; നഗരം കുത്തിയൊലിക്കുന്നതും.

മകൾ താമസിച്ചിരുന്ന ഏഴാമത്തെ നിലയിലെ ഫ്ളാറ്റിലേക്ക് ലിഫ്റ്റ് ഉപയോഗിക്കാതെ ഞാൻ പടികൾ കയറി. എന്റെ വാർദ്ധക്യത്തിന്റെ ഉയരംകൂടിയായിരുന്നു അത്. ഞാൻ എത്തുന്ന മുനമ്പ്.

എന്നാൽ, അതിനുംമുൻപ് മറ്റൊന്നുകൂടി സംഭവിച്ചു. വഴിയിൽ, സൈക്കിളിൽ വന്ന യായതക്കാരൻ, ഇടയ്ക്കെപ്പോഴോ ഓട്ടോയിൽനിന്നിറങ്ങി നടക്കാൻ തുടങ്ങിയിരുന്ന എന്നെ, അയാളുടെ സൈക്കിളിൽ ഇരുത്തി. മഴവെള്ളത്തിൽ ഒരു തവണ അയാൾ എന്നെ ചുറ്റി, എന്റെ മുഖത്തേക്കു നോക്കി, അയാളുടെ മുഖം ഒരു കുട്ടിയുടേതുപോലെ തിളങ്ങി, അയാളുടെ സൈക്കിളിൽ എന്നെ മുന്നിലിരുത്തി അടുത്ത മഴയ്ക്കുമുൻപേ എന്നെ വീടിനു മുന്നിൽ ഇറക്കി.

ആ ചെറിയ യാത്രയിൽ തണുപ്പുള്ള ഒരു ചൂളംവിളി എന്റെ കഴുത്തിനു ചുറ്റും പാറിനടന്നു...

കാമറ അവൻ കഥയിലെ മന്ത്രവാദിയെ ഏല്പിച്ചു.

ഇരുപത്തിരണ്ട്

ഒരുപക്ഷേ, ഒരു സൈക്കിളും ആ സൈക്കിളിൽ യാത്ര ചെയ്യുന്ന പല യാത്രക്കാരുമുണ്ടാകാം, പലപ്പോഴും ആതുരരെ സേവിക്കാനെത്തുന്നത്. അങ്ങനെയൊരാഗ്രഹവും തന്റെ കഥയിലെ സൈക്കിളിന് ജോൺ നല്കുമായിരുന്നു; പുഴയുടെ കരയിലെ മരച്ചോട്ടിൽ, നിഴലിൽ, സൈക്കിൾ, ഒരു സന്ധ്യക്ക്, ആരുടെയെങ്കിലും ഒപ്പം കാണുന്നുവെങ്കിൽ അത് അങ്ങനെയൊരു പ്രത്യക്ഷപ്പെടലാകുമായിരുന്നു.

ഒരു സന്ദർഭത്തിൽ പ്രസവവേദനകൊണ്ട് കരയുന്ന ഒരു യുവതിയെ തന്റെ സൈക്കിളിന്റെ പിറകിൽവെച്ച് ആശുപ്രതിയിലേക്ക് ഒരു രാത്രിയിൽ കുതിക്കുന്ന കൌമാരപ്രായക്കാരനെ സങ്കല്പിച്ചു;

'ചേച്ചി എന്തിനാ കരയുന്നത്?

'ഞാൻ പെറാൻ പോകുകയാണ്.'

'ഈ രാത്രിയിലോ?'

'എടാ നായേ, നീ വേഗം ആശുപത്രിയിലേക്കെന്നെ എത്തിക്ക്.'

'ചേച്ചി കരയുമ്പോൾ എന്റെ സൈക്കിളാണ് പേടിക്കുന്നത്, പ്ലീസ്...'

'പ്ലീസോ?'

'അതെ, പ്ലീസ്.'

'എന്നുവെച്ചാൽ?'

'ഇംഗ്ലീഷാണ്, 'ദയവായി' എന്നർഥം.'

'നിനക്ക് ഇംഗ്ലീഷ് അറിയുമോ?'

'അറിയും.'

എങ്കിൽ ഇംഗ്ലീഷിൽ എന്തെങ്കിലും വേഗം വേഗം പറയ്, എന്റെ വേദന അറിയാതിരിക്കാനാണ്.'

'അതിനിപ്പോ ഒന്നും തോന്നുന്നില്ല.'

'പ്ലീസ്...'

ആൺകുട്ടി സൈക്കിളിലെ യുവതിയെ തിരിഞ്ഞുനോക്കി ചിരിച്ചു. അവൾ അവനെ നോക്കി ചുണ്ടുകോട്ടി...

'ബൈസിക്കിൾ തീഫ്' എന്നാണ് ജോണിന്റെ കഥയ്ക്ക് തങ്കം കണ്ടുവെച്ചരുന്ന പേര്. ജോൺ അത് നിരാകരിച്ചു. മോഷണം ആരോപിക്കപ്പെടുമെന്നു ഭയന്നു. എന്നാൽ, അവന്റെ കഥയിൽ സൈക്കിൾ പ്രത്യക്ഷപ്പെട്ട സന്ദർഭങ്ങളിലൊക്കെ മോഷണം, അല്ലെങ്കിൽ കൃത്യമായി പറയാത്ത എന്തോ ഒന്ന് പശ്ചാത്തലമായി വന്നു. നാട്ടിൻപുറത്തെ സിനിമാടാക്കീസ്, വശീകരണശക്തിയുള്ള ഒരു മന്ത്രവാദം പോലെയായിരുന്നു ജോണിന്: കഥകൾകൊണ്ടും വാക്കുകൾ കൊണ്ടും ഭാഷ നടത്തുന്ന മന്ത്രവാദം നേരിൽ കാണുക എന്നാണ്, തന്റെ കഥയിലെ സിനിമാടാക്കീസെന്ന് ജോൺ വിശ്വസിച്ചു. അതിനാൽ എഴുതിയതോ എഴുതാത്തതോ ആയ കഥ



എപ്പോഴും തിരുത്തി. ഓർമ്മകളുടെ ലോകവും തന്റേതന്നെ ഭാവനയുടെ ലോകവും ഒടുവിലൊടുവിൽ ജോണിന് ഒരൊറ്റ അനുഭവംപോലുമായി:; കഥയിലെ മന്ത്രവാദിക്കു പിറകെ അയാൾ അറിയാതെ ജോൺ സഞ്ചരിക്കാൻ തുടങ്ങി...

'എന്നിട്ടോ, ഷീല പറഞ്ഞു; ' ആ കഥയും സിനിമയായില്ല.'

'ഇല്ല,' ഞാൻ പറഞ്ഞും; 'പതിമൂന്ന് ചീത്ത അക്കമായതുകൊണ്ട്.'

'ഒന്നുമുതൽ പന്ത്രണ്ടുവരെ ഒന്നും പറയാനില്ലാതിരിക്കുമ്പോഴും, അല്ലേ?'' ഷീല ചോദിച്ചു.

'അതെ,' ഞാൻ പറഞ്ഞു; 'പതിമൂന്ന് ചീത്ത അക്കമായതുകൊണ്ട്.'

ആ രാത്രിതന്നെ കഥയുടെ അന്ത്യം എന്നപോലെ ഞാനെന്റെ ഓർമ്മയുടെ അവസാന പുറത്തും എത്തി.

മകൾ തൊട്ടുമുമ്പ് എനിക്കൊരു ഫോട്ടോയും പുസ്തകവും കാണിച്ചുതന്നു. ഫോ

ട്ടോ എനിക്ക് ഓർമ്മയുണ്ടായിരുന്നു. നോട്ടുപുസ്തകം, പക്ഷേ, ഞാൻ മറന്നിരുന്നു. അത് തങ്കത്തിന്റെ ഡയറിയാണെന്ന് മകൾ പറഞ്ഞു.

'അച്ഛൻ ഓർക്കുന്നുണ്ടാവില്ല. ഞാൻ മുംബൈയിലേക്ക് പഠിക്കാൻ വരുമ്പോൾ എന്റെ പെട്ടിയിൽ ഞാനറിയാതെ, ഒരുപക്ഷേ, അച്ഛനും അറിയാതെ, അമ്മ ആ നോട്ടുപുസ്തകം ഒളിപ്പിച്ചുവെച്ചു.'

ഒരു നിമിഷം ഞാൻ പേടിച്ചു, എന്റെ വാർധക്യത്തെ കണ്ടുമുട്ടുന്ന ഒരു കാലം, അത്രയും കാലം പെട്ടിയിൽ അടച്ചുവെച്ചിരുന്നു. അടുത്ത നിമിഷം ഞാൻ ആ പേടിയിൽനിന്ന് മുക്തനായി. വണ്ടിയിലെ തിരക്കുള്ള കമ്പാർട്ടമെന്റിൽനിന്ന് ഒരു യുവാവിനെ വണ്ടിക്കടിയിലേക്ക് തള്ളിയത് പകരം ഓർമ്മിച്ചു; ചിലത് നമ്മൾ ചെയ്യും, നമുക്കു വേണ്ടിയല്ലെങ്കിലും നമുക്കുവേണ്ടിത്തന്നെ. വേറെ ഒരാളുടെ കൈകൾ കഴുത്തിൽ പിടിമുറുകുന്നതിനു മുൻപ് പലതവണ നമ്മൾതന്നെ നമ്മുടെ കഴുത്തിൽ പിടിമുറുക്കി പരിശീലിക്കുന്നു. അതിനാൽ, ആ ഡയറിയിൽ എന്താണ് എഴുതിയതെന്ന് ഞാൻ ചോദിച്ചില്ല. ഷീല പറഞ്ഞതുമില്ല.

ഫോട്ടോ: തങ്കവും ഞാനും ജോണും മകളും നില്ക്കുന്ന ഒരു പഴയ ഫോട്ടോ. ഞങ്ങൾ മൂന്നു പേർക്കുമിടയിൽ ഷീല ഒരു കളിത്തോക്കുമായി നില്ക്കുന്നു.

'അച്ഛൻ ഈ ഫോട്ടോ എടുക്കാൻ പോയത് ഓർക്കുന്നുണ്ടോ?'

ഓർമ്മ ഉണ്ടായിരുന്നില്ലെങ്കിലും ഞാൻ ഓർമ്മിക്കുന്നതുപോലെ നടിച്ചു.

'കോഴിക്കോടുവെച്ച് എടുത്ത ഫോട്ടോ ആണ്, നിനക്ക് അപ്പോൾ എത്ര വയസ്സാണ്...'

'അല്ല,' മകൾ പറഞ്ഞു; 'കോട്ടയത്തുവെച്ച്.'

'ആവില്ല,' ഞാൻ പറഞ്ഞു.

'കോട്ടയത്തുവെച്ചുതന്നെ, മകൾ പറഞ്ഞു: 'ഇതാ, അമ്മ ഈ നോട്ടുപുസ്തകത്തിൽ എഴുതിയിട്ടുണ്ട്.'

ഞാനാ പുസ്തകം പേടിച്ചു, അതിലുമധികം വെറുത്തു.

അവൾ, അഥവാ ആ ഭാഗം വായിക്കുന്നത് കേൾക്കാതിരിക്കാൻ കാതുകൾ പൊത്തണമെന്നുണ്ടായിരുന്നു. പകരം കണ്ണുകൾ അടച്ചു.

'എന്റെ കൈയിലെ തോക്കില്ലേ, അത് ജോൺ അങ്കിൾ വാങ്ങിച്ചതന്നതാണ്.'

ആ വൈകുന്നേരം ഞാൻ യാത്ര ചെയ്ത മഴയുടെ ഒച്ചയാണ് എന്റെ കൂടെ ഇപ്പോൾ. മഴയിലൂടെ മാത്രം യാത്ര, എനിക്ക് ഓരോ നിമിഷവും അപരിചിതമാകുന്ന ഒച്ച, അതിൽ ഇതിനകം മനുഷ്യരായി പിറന്ന എല്ലാവരും ഉച്ചരിക്കുന്ന ശബ്ദങ്ങൾകൂടിയുണ്ടായിരുന്നു.

കൊലപാതകം ഒച്ചയുടെ പ്രവൃത്തികൂടിയാണ്, നിശ്ശബ്ദമായി ചെയ്യുമ്പോഴും.

ഞാൻ കൈ നീട്ടി മകളുടെ വായ പൊത്തി. എന്റെ ചെവിയിൽ നോക്കാൻ പറഞ്ഞു.

'നീ എന്താണ് കാണുന്നത്?'

അവൾ എന്റെ ചെവിക്കുള്ളിലേക്ക് ഒരു വൈദ്യനെപ്പോലെ നോക്കി.

'എന്തു കേൾക്കുന്നു?' ഞാൻ ചോദിച്ചു.

'ഒരു ഗുഹ മാത്രം കാണുന്നു,' മകൾ പറഞ്ഞു.

'ഗുഹ? ശരിയാണ്, എന്തിന്റെ എന്നറിയാമോ?'

'അറിയാം,' മകൾ പറഞ്ഞു: 'വാക്കുകളുടെ ഗുഹ, നുണകളുടെ ഗുഹ.'

'ശരിയാണ്,' ഞാൻ പറഞ്ഞു; 'നീ കണ്ടുപിടിച്ചിരിക്കുന്നു.'

ഞാനെന്റെ ചെവികൾ രണ്ടും പൊത്തിപ്പിടിച്ചു. ഇനി ഒന്നും കേൾക്കില്ല, ഞാൻ പറയുന്നതുപോലും. അതുകൊണ്ടുതന്നെ എന്റെ ചുണ്ടുകളുടെ അനക്കം എനിക്ക് സത്യംപോലെയായി; 'ഞാൻ അവനെ കൊലപ്പെടുത്തി' എന്നു പറഞ്ഞ് മകളെ നോക്കി, വാർധക്യത്തിനു മാത്രം കിട്ടുന്ന ശ്രദ്ധയോടെ.

പക്ഷേ, എന്നെ തെറ്റിച്ചു, ചെവിക്കുള്ളിൽ മുഴങ്ങുന്ന മണിയൊച്ച. എനിക്കറിയാം, ഇത്തവണയും അത് സൈക്കിളിന്റെ മണിയൊച്ചതന്നെ—'ബൈസിക്കിൾ തീഫ്,' തങ്കം എന്റെ ചെവിക്കുള്ളിലിരുന്ന് മന്ത്രിച്ചു: 'രാമൂ, 'ബൈസിക്കിൾ തീഫ്'എന്ന കഥ വാസ്തവത്തിൽ ആർ എഴുതി എന്നു നീ പറഞ്ഞു?'

'ജോൺ,' ചെവിക്കുള്ളിലിരിക്കുന്ന തങ്കത്തിനോട് ഞാൻ പറഞ്ഞു; 'നീ ഒരു

വണ്ടായി, അല്ലെങ്കിൽ തിരിയുന്ന ഒരു സൈക്കിൾച്ചക്രമായി എന്റെ ചെവിക്കുള്ളിൽ എന്തിനിരിക്കുന്നു?'

'മരിച്ചതുകൊണ്ട്, തങ്കം പറഞ്ഞു: 'അതുകൊണ്ടുമാത്രം.'

'പ്ലീസ്'' ഞാൻ കൈകൾ എടുത്തു, വായ പൊളിച്ച ഷീലയെ നോക്കി. ഒരു നിമിഷം, അവൾ എന്നെ കണ്ണിമകൾ വെട്ടാതെ നോക്കി; 'എനിക്ക് അച്ഛനെ നോക്കി ഇരുന്നപ്പോൾ ജോൺ അങ്കിളിനെ ഓർമ്മവന്നു.'

'അവൻ എന്റെ പ്രിയ സുഹൃത്തായിരുന്നു,' ഞാൻ പറഞ്ഞു; 'ഒരുപക്ഷേ, മരിച്ചവരുടെ ഛായ വരും നമ്മൾ അവരെ ഓർക്കുമ്പോൾ.'

ഷീല എന്നെ നോക്കി ചിരിച്ചു, എന്റെ അരികിലേക്ക് നീങ്ങി ഇരുന്നു, അവളുടെ അമ്മയെ ഓർക്കാൻ പറഞ്ഞു...

ഞാൻ ശമിച്ചില്ല.

ഇരുപത്തിമൂന്ന്

ഒരു ഉച്ചയ്ക്ക് ആരുമറിയാതെ മന്ത്രവാദിയുടെ വീട്ടിൽനിന്ന് ഒളിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്ന സിനിമാനടി, വീട്ടുവളപ്പിനു പുറത്തുകടന്ന് ഇടവഴിയിലൂടെ ഓടാൻ തുടങ്ങുമ്പോൾ, അവൾ കാണെ, മുന്നിലുള്ള വഴി അടഞ്ഞടഞ്ഞ് വന്നു. നടി ഭയത്തോടെ പിന്തിരിഞ്ഞതും അവളുടെ തൊട്ടുപിറകിൽ മന്ത്രവാദി ഒരു കാമറയുമായി നില്ക്കുന്നതു കണ്ടു—ഈ സന്ദർഭം ആദ്യം ജോൺ രാത്രിയിലായിരുന്നു സങ്കല്പിച്ചത്. എന്നാൽ, കാമറ ഉച്ചയുടെതന്നെ ഒരായുധം പോലെ എന്ന് അവൻ തിരുത്തിയെഴുതി.

ആകാലത്ത് അവനെപ്പോഴും ഒരു കാമറ കൈയിൽ കരുതി. അവൻ കണ്ട ലോകം പകർത്തുക മാത്രമായിരുന്നില്ല, ലോകത്തുള്ള എല്ലാ ആളുകളും തങ്ങളുടെ ഓർമ്മകൾ സൂക്ഷിക്കുന്നത് ഫോട്ടോകളിലൂടെയാണെന്ന് അവൻ വിശ്വസിച്ചു. ജോൺ കാമറയെ വിശ്വസിച്ചു, ഫോട്ടോകളെ സ്നേഹിച്ചു. രണ്ടും ഓർമ്മകളുടെ ശേഖരങ്ങളുമായി. അതുകൊണ്ടുതന്നെയാകണം, തന്റെ കൈയിലെ കാമറ അവൻ കഥയിലെ മന്ത്രവാദിയെ ഏല്പിച്ചത്.

അങ്ങനെയാണത്: വിശുദ്ധങ്ങളായ വചനങ്ങളിൽ, അവയുടെ സമരോത്സുകമായ നിലപാടുകളിൽ ജോൺ തന്റെ ആഗ്രഹങ്ങൾക്ക് അതിശയകരങ്ങളായ കഴിവുകളും ഏല്പിക്കുമായിരുന്നു. അത്രയും അവൻ ഒരു ദൈവവിശ്വാസിയെപ്പോലെയും ആയിരുന്നു. അതുകൊണ്ട് കാമറയിലേക്ക് തിരിഞ്ഞു നിന്ന അഭിനേത്രിയുടെ മുഖം മന്ത്രവാദി കാണുമ്പോൾ പലതവണ പല ഭാവങ്ങളിൽ മിന്നിമായുന്നത് അവൻ സങ്കൽപിച്ചു; ഇന്ത്യക്കാരായ എല്ലാ സിനിമക്കാരും ഒരു നടിയിൽ ഒരു 'ദേവി'യെയും സങ്കല്പിച്ചു; ജോണും. അഴിച്ചിട്ട മുടിയും ഉരുണ്ട് ഉയർന്നുനില്ക്കുന്ന മുലകളും മുറുകിയ അരക്കെട്ടും ഒക്കെയായി, തീർച്ചയായും, സുന്ദരികളായിരുന്നു ദേവിമാർ.

ഞാൻ ജോണിനോട് തർക്കിച്ചു. ഭാവനയുടെതന്നെ മുഷിഞ്ഞ മുഖം എന്നു പറഞ്ഞു. 'ഇതെന്റെ സിനിമയാണ്, എന്റെ സങ്കല്പമാണ് എന്ന് ജോൺ തർക്കം അവസാനിപ്പിച്ചു.

പതിവുപോലെ അങ്ങനെയൊരു കലഹം അവസാനിക്കുക അവന്റെ തിരോധാനത്തോടെയാണെങ്കിൽ, ഈ പ്രാവശ്യം, അവൻ രാവിലെ ഒൻപതു മണിക്കുതന്നെ ഉറങ്ങാൻ നിശ്ചയിച്ചു. ഉറങ്ങുകയും ചെയ്തു.

തൃശ്ശൂരിലെ ഒരു ലോഡ്ജിലെ മുറിയായിരുന്നു അത്. ആ മുറി അക്കാലത്ത് നിഷേധികളായ ചെറുപ്പക്കാരെയും അവരുടെ ഭാവിയെ ആശംസിക്കാനെത്തുന്ന മധ്യവയസ്കരെയുംകൊണ്ട് ആർഭാടമായ ഒരാഹ്ലാദം അക്കാലത്തെ കലാപസങ്കല്പങ്ങൾക്കും നല്കിയിരുന്നു.

ഉദാഹരണത്തിന്, സിവിക് ചന്ദ്രൻ, സുബ്രഹ്മണ്യദാസ്, ജോയ് തുടങ്ങിയ കലാപകാരികളെ കാണാൻ കെ. വേണു വരുന്നത് അവിടെയാണ്. രഹസ്യമായ കൂടിക്കാഴ്ചകൾതന്നെ. ഇത്തരം ആഹ്ലാദങ്ങളില്ലാതെ ആ നിമിഷം മുതൽ ഉറങ്ങാൻ

തീരുമാനമെടുത്ത ജോൺ അവൻ തൊട്ടുമുൻപു പറഞ്ഞ ദൃശ്യത്തേക്കാൾ എന്നെ മടുപ്പിച്ചു. ഞാൻ വീട്ടിലേക്കു മടങ്ങി. എന്നാൽ, ബസ്സിൽവെച്ച് വായിക്കാനെടുത്ത ഒരു 'സമാന്തര മാസിക'യിൽ ജോൺ എഴുതിയ ഒരു ചെറുകഥ എന്നെ വളരെയധികം സന്തോഷിപ്പിച്ചു.

'കാമറ എന്നായിരുന്നു അതിന്റെ പേര്.

വിചിത്രമായ വരികളിൽ അസംഭാവ്യമെന്നു കരുതേണ്ടുന്ന ഒരു പ്രവൃത്തിപോലെയായിരുന്നു അത്. ഇപ്പോൾ മുഴുവനായും ആ വരികൾ ഓർമ്മമയില്ലെങ്കിലും വരികൾ ഭാഷയെ എങ്ങനെയൊക്കെ അടുക്കിവെക്കുന്നു എന്നു പറയുമ്പോൾ ആ കഥയുടെ അനുഭവം, തീർച്ചയായും ഓർമ്മവരും.

കഥ, ഏതാണ്ട്, ഇങ്ങനെയാണ്;

ഒരിടത്ത് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു. അവർ പ്രണയബദ്ധരായിരുന്നു. എന്നാൽ, അവരുടെ കൌമാരകൗതുകങ്ങൾ യുവത്വത്തിലേക്ക്

കടക്കുന്നതിനു മുൻപ് പെൺകുട്ടി അവളുടെ വീട്ടുവളപ്പിലെ കുളത്തിൽ മുങ്ങിമരിക്കുന്നു. വാസ്തവത്തിൽ അവളുടെ കാലുകൾ ആരോ താഴെനിന്ന് പിടിച്ചുവലിക്കുകയായിരുന്നു. അഥവാ, ആ കുളത്തിനടിയിൽ ആരോ ഒളിഞ്ഞു കിടപ്പുണ്ടെന്ന് എല്ലാവരും വിശ്വസിച്ചു. ആൺകുട്ടി യുവാവായി, മറവിയുടെ മാത്രം അനുഗ്രഹംകൊണ്ട് വിവാഹിതനായി, സുന്ദരിയായ ഒരു ഭാര്യ തുണയായി, കുഞ്ഞുങ്ങൾ ഉണ്ടായി, അവർ വലുതായി, അയാൾ വൃദ്ധനായി... അങ്ങനെയിരിക്കെ, അയാളുടെ മകൻ വിദേശത്തുനിന്ന് വന്നപ്പോൾ ഒരു കാമറകൊണ്ടുവന്നു. ഒരു ദിവസം ആ കാമറയുമായി വൃദ്ധൻ ആരുമറിയാതെ ആ നാടുവിട്ടു. തന്റെ പഴയ നാട്ടിൻപുറത്ത് പെൺകുട്ടി മുങ്ങിമരിച്ച കുളത്തിനടുത്തെത്തി. വർഷങ്ങൾ കുറെ കഴിഞ്ഞിരുന്നെങ്കിലും കുളം അതുപോലെ ഉണ്ടായിരുന്നു. ഉച്ചസമയം, സൂര്യന്റെ വെളിച്ചമുള്ള നിഴലുകൾ വീണ കുളത്തിൽ, ഒരുപക്ഷേ, തന്റെ പ്രണയിനിയുടെ ഫോട്ടോ എടുക്കാനാവണം, വൃദ്ധൻ കാമറയുമായി താണുതാണു പോയി... പിന്നെയും കുളത്തിലെ വെള്ളത്തിനെപ്പറ്റി, സൂര്യനെപ്പറ്റി ചില വരികൾകൂടി ഉണ്ടായിരുന്നു, ഓർമ്മയില്ല.

ജോണിന്റെ കഥ ഞാൻ തങ്കത്തിന് കാണിച്ചുകൊടുത്തു. കഥ വായിച്ച് അവൾ പൊട്ടിച്ചിരിച്ചു. അവൾ പറഞ്ഞത്, ഇത് അവൾ കണ്ട ഒരു സ്വപ്നമാണെന്നും ഒരിക്കൽ ജോണിനോട് പറഞ്ഞിട്ടുണ്ടെന്നും അവൻ ഇത് കഥയാക്കി മോഷണം നടത്തിയിരിക്കുന്നു എന്നുമായിരുന്നു.

'കാമറയുമായി മടങ്ങിയെത്തുന്നത് ഞാനാണ്, തങ്കം പറഞ്ഞു; 'വൃദ്ധയായിട്ട്. കുളത്തിൽ വീണുപോയത് എന്റെ ആദ്യത്തെ കൂട്ടുകാരിയും.'

'പക്ഷേ, സ്വപ്നത്തേക്കാൾ കഥ നന്നായിട്ടുണ്ട്, ഇല്ലേ?' ഞാൻ ചോദിച്ചു.

'അതെ,' തങ്കം പറഞ്ഞു; 'ജോണിന്റെ മൂശയിൽ ആരുടെ സ്വപ്നവും കഥയാകും, ജീവിതമാവില്ലെങ്കിലും.'

നോക്കൂ, ഇത്രകാലം കഴിഞ്ഞിട്ടും ഞാനാ വരികൾ, തങ്കം പറഞ്ഞത്, ഓർത്തിരിക്കുന്നു. മറന്നിട്ടില്ല. ഓർത്തതോ ഇപ്പോൾ മാത്രവും.

ആ കഥയുടെ ആഗ്രഹം പ്രണയമാണോ എന്ന് തീർച്ചയില്ല, ചില ബന്ധങ്ങൾ ചില വസ്തുക്കൾ പോലെ കളയാൻ വിസമ്മതിക്കുന്നു എന്നു പറഞ്ഞതാണോ എന്നറിയില്ല, പിന്നെയും കുറച്ചുനാൾ എന്റെ കൂടെ ഉണ്ടായിരുന്നു.

പിന്നീട് ഒരു ദിവസം ജോൺ വീട്ടിൽ വന്നപ്പോൾ ഈ കഥയെപ്പറ്റി പറഞ്ഞു, തന്റെ സ്വപ്നം മോഷണം ചെയ്തതിനെപ്പറ്റി പറഞ്ഞ് തങ്കം ജോണിനെ കളിയാക്കിക്കൊണ്ടിരുന്നു. ഒടുവിൽ അതിനൊരു പശ്ചാത്താപം ജോൺ കണ്ടെത്തി; 'നമ്മൾ നാലു പേരുടെയും ഒരു ഫോട്ടോ എന്റെ ചെലവിൽ ഇപ്പോൾത്തന്നെ ഒരു സ്റ്റുഡിയോയിൽ പോയി എടുക്കുന്നു...' അന്നുതന്നെ ടൗണിലെ ഒരേയൊരു സ്റ്റുഡിയോയിൽ ഞങ്ങൾ എത്തി: 'കൃഷ്ണൻനായർ സ്റ്റുഡിയോ' എന്നായിരുന്നു അതിന്റെ പേർ. അവളുടെ പേർ അതല്ലാതിരുന്നിട്ടും 'രാധേ, കൃഷ്ണൻനായർ അകത്തുണ്ടോ' എന്ന് ജോൺ ചോദിച്ചു. 'അദ്ദേഹംതന്നെ ഞങ്ങളുടെ ഫോട്ടോ എടുക്കണം' എന്നു പറഞ്ഞു.

ജോണിന്റെ കഥയിൽ മന്ത്രവാദി എടുക്കുന്ന അഭിനേത്രിയുടെ ഫോട്ടോ അയാളുടെ കാമറയിൽ പതിയുന്നതേയില്ല. ജോൺ മന്ത്രവാദിയെപ്പറ്റി പിന്നെ പറയുന്നുമുണ്ട്. അയാൾ ഫോട്ടോകൾ കഴുകാൻ കൊണ്ടുപോകുന്നത് ദൂരെ ഒരു ടൗണിലാണ്. സ്റ്റുഡിയോയിലെ യുവതി, 'സാർ ഈ ഫിലിംറോളിൽ ഫോട്ടോകൾ ഒന്നും ഇല്ലല്ലോ'

എന്നു പറയുമ്പോൾ തന്റെ സാങ്കേതികജ്ഞാനത്തെപ്പറ്റി മന്ത്രവാദി അവളോട് വിശദീകരിക്കുന്നുണ്ട്.

'ആശ്ചര്യംതന്നെ, ഞാൻ എത്രയോ വർഷങ്ങളായി ഫോട്ടോകൾ എടുത്തു ശീലിച്ച ഒരാളായിട്ടും... ഇത് ആരോ ചതിച്ചതാണ്.'

'ആവാൻ വഴിയില്ല സാർ,' യുവതി പറഞ്ഞു; 'എന്തോ, താങ്കൾക്ക് അബദ്ധം പറ്റിയതാണ്.'

മന്ത്രവാദി അവളെ രൂക്ഷമായി നോക്കി തന്റെ കാമറയുമായി പുറത്തിറങ്ങി.

പിന്നെ, ജോൺ അയാളെ ഒരു ബസ്സ്റ്റോപ്പിൽ നില്ക്കുന്നതാണ് കാണിക്കുന്നത്. കാമറ തന്റെ ബാഗിൽ വെച്ച് ഒരു ബസ്സിലും കയറാതെ ആലോചനയിലാണ്ടുനില്ക്കുന്ന ആൾ. എന്നാൽ, അയാളെ കൂടുതൽ പരിശ്രമത്തിലേക്ക് എത്തിക്കുന്നത് ആ സമയം അയാൾക്ക് പരിചയമുള്ള നാട്ടിൻപുറത്തെ ചെറുപ്പക്കാരനാണ്. അവൻ തന്റെ സൈക്കിളിൽ മുന്നിലൂടെ കടന്നുപോകുമ്പോൾ മന്ത്രവാദിയെ നോക്കി ചിരിച്ചു.

അടുത്തുവരുന്ന ബസ്സിൽ കയറി അവിടെനിന്ന് മാറാൻ നിശ്ചയിക്കുന്ന മന്ത്രവാദി പക്ഷേ, രണ്ടു കാഴ്ചകളിലേക്ക് വീണ്ടും വന്നുപെട്ടു;

ബസ്സിലേക്ക് കയറുന്ന അയാൾ വീണ്ടും ആ ചെറുപ്പക്കാരനെ കാണുന്നു.

ഒരു സമയം, സൈക്കിൾ ബസ്സിന്റെ മുന്നിൽ വന്നു, പിന്നെ വശത്തോട്ട് തിരിഞ്ഞുപോയി, സൈക്കിളിനു പിറകിലിരിക്കുന്ന ആൾ, ഒരു സ്ത്രീ, മന്ത്രവാദിയുടെ സ്വൈരംകെടുത്തി.

തനിക്ക് പരിചയമുള്ള രണ്ടു സ്ത്രീകൾ ഒരു ഉടലിൽ കയറിക്കൂടി ഇരിക്കുന്നതുപോലെയാണ് അയാൾക്കു തോന്നിയത്. അത് ഒന്നുകിൽ, സിനിമാനടിയാണ് അല്ലെങ്കിൽ തന്റെ ഭാര്യ. മന്ത്രവാദി ഓടിക്കൊണ്ടിരുന്ന ബസ്സിൽ കലങ്ങിയ കണ്ണുകളോടെ ആ പട്ടണത്തെത്തന്നെ കാണാൻ വിസമ്മതിച്ച് ഇരുന്നു.

'അച്ഛാ', ഷീല തങ്കത്തിന്റെ നോട്ടുപുസ്തകത്തിലെ ഒരു പേജ് എടുത്ത് എനിക്ക് കാണിച്ചുതന്നു; 'അമ്മ കഥകൾ എഴുതുമായിരുന്നുവെന്ന് അച്ഛൻ അറിയാമായിരുന്നോ?'

എനിക്ക് അറിയില്ല എന്നു പറയാൻ മടിച്ചതുകൊണ്ടുമാത്രം 'അറിയാം' എന്ന് ഞാൻ തലകലുക്കി. ഷീല പറഞ്ഞു; 'ഇല്ല, അച്ഛന് അറിയില്ല...'

അവൾ എന്റെ മടിയിൽ നോട്ടുപുസ്തകം മലർത്തിവെച്ചു. വർഷങ്ങൾക്കു ശേഷം കാണുന്ന ആ കൈപ്പട ആദ്യം എന്റെ കൺമുന്നിൽ അവയുടെ കണ്ണുകൾ ചിമ്മിത്തുറന്നതുപോലെ, ആ നിമിഷം, നിറത്തോടെ തെളിഞ്ഞു...

എന്റെ കണ്ണുകൾ നിറഞ്ഞു. എനിക്കൊന്നും വായിക്കാനായില്ല.

ഷീല, പകരം, ആ കഥ എനിക്ക് വായിച്ചുതന്നു.

ഒരു തുന്നൽക്കാരി പെൺകുട്ടിയുടെ കഥയായിരുന്നു അത്. തങ്കത്തിന്റെ ആത്മാംശങ്ങൾ പലയിടത്തുമുണ്ടായിരുന്നു. ലളിതമായൊരു കഥ. അതിലെ നാടോടിപ്പഴമ പക്ഷേ, ആഹ്ലാദം തരുമായിരുന്നു.

എന്നും രാത്രി ഒരു ആന, ആനപ്പുറത്ത് ഒരു ആൺകുട്ടി, ആനയുടെ പാപ്പാൻ, അവളുടെ തുന്നൽക്കടയിൽ എത്തുന്നത് അവൻ സ്വപ്നം കാണുന്നു. 'എന്തുകൊണ്ട് പകൽ വരുന്നില്ല' എന്നു ചോദിക്കുമ്പോൾ, പാപ്പാനായ ആൺകുട്ടി പറയും, പകൽ ഞങ്ങൾക്കുള്ളതല്ല, രാത്രി മാത്രം' എന്ന്. 'എന്തിനാ എപ്പോഴും ആനപ്പുറത്തു വരുന്നത്' എന്ന് അവൾ ചോദിക്കും. 'ഈ ആനയ്ക്കും നിന്നെ ഇഷ്ടമാണ്' എന്ന് അവൻ പറയും. പെൺകുട്ടി ചിരിച്ചു.

ഒരു ദിവസം പകൽ ആന മാത്രം അവളുടെ തുന്നൽക്കടയുടെ മുന്നിൽ വന്നു. ആന തുമ്പിക്കൈ അവളുടെ നേരെ നീട്ടിയതും അവൾ സൂചികൊണ്ട് ഒരു കുത്തുകൊടുത്തു. ആന വേദനിച്ച്, ആളുകൾ കരയുന്ന ഒച്ചയിൽ കരഞ്ഞു.

ആ രാത്രി സ്വപ്നത്തിൽ ആന വന്നില്ല.

എന്നാൽ, പിന്നീടൊരു ദിവസം ആൺകുട്ടി മാത്രം വന്നു. അവൻ വന്നത് ഒരു സൈക്കിളിലാണ്. അവളോട് അവൻ അപ്പോൾത്തന്നെ തന്റെ കൂടെ വരാൻ പറഞ്ഞു. തുന്നിക്കൊണ്ടിരുന്ന ഉടുപ്പ് താഴെയിട്ട്, തുന്നൽക്കടയും വീടുമൊക്കെ ഉപേക്ഷിച്ച് പെൺകുട്ടി അവന്റെ കൂടെ സൈക്കിളിൽ നാടുവിട്ടു.

യാത്രയിൽ അവൾ ചോദിക്കും: 'നമ്മൾ എവിടേക്കാണ് പോകുന്നത്?'

അവൻ പറഞ്ഞു; 'മുംബൈയിലേക്ക്.'

അവൾ ചോദിച്ചു; സൈക്കിളിലോ?'



അവൻ പറഞ്ഞു: 'അതെ.'

പക്ഷേ, ആ യാത്രയിൽത്തന്നെ സൈക്കിൾ ഒരു ആനയാവുകയും ആൺകുട്ടിയെ കാണാതാവുകയും ചെയ്തു. പിന്നെ ഒരു കാർട്ടൂൺചിത്രത്തിലെന്നപോലെ പറയുന്നത്, ഒരു തീവണ്ടിയുടെ കമ്പാർട്ട്മെന്റിൽ കുടുങ്ങിനില്ക്കുന്ന ആനയെപ്പറ്റിയാണ്. അതിന്റെ പാപ്പാനായി ഒരു പെൺകുട്ടിയും. റെയിൽവേ സ്റ്റേഷനിൽ ആന വന്നിറങ്ങുന്നതു കാണാൻ കുറെ ആളുകൾ നിന്നിരുന്നു. അവരുടെ കൂട്ടത്തിൽ ആ ആനക്കാരൻ ആൺകുട്ടിയും...

'ഈ കഥ അമ്മ എനിക്ക് പറഞ്ഞുതരാൻവേണ്ടി എഴുതിയതാണ്,' ഷീല പറഞ്ഞു; 'പക്ഷേ, എന്നോട് പറഞ്ഞിട്ടില്ല.'

'അവൾ പറഞ്ഞിട്ടുണ്ടാകും,' ഞാൻ പറഞ്ഞു; 'നിനക്ക് ഓർമ്മയില്ലാഞ്ഞിട്ടാകും.'

'എനിക്ക് ഓർമ്മയുണ്ട് അച്ഛാ,' ഷീല പറഞ്ഞു; 'പക്ഷേ, ഈ കഥയല്ല. വേറൊരു കഥ. പേടിപ്പെടുത്തുന്ന കഥ...'

ഞാൻ അവളെ നോക്കി ചിരിച്ചു. എത്രയോ കാലത്തിനുശേഷമാണ് ഞാനെന്റെ മകളെ അത്രയും അടുത്തിരുന്ന് കാണുന്നത്. അവൾ സുന്ദരിയായ യുവതിയായി

രിക്കുന്നു. തങ്കത്തിന്റെ ഛായ, ഞാൻ എന്റെ മുഖത്തെ എന്തെങ്കിലും അടയാളങ്ങൾ, ഛായ, ഒരു നിമിഷം തിരഞ്ഞു.

'നിനക്ക് അമ്മയുടെ ഛായയാണ്.'

ഷീല പുഞ്ചിരിച്ചു.

എന്നിട്ട് ഇപ്പോഴും ഓർക്കാൻ പേടി തോന്നുന്ന കഥ, അമ്മ അവൾക്ക് പറഞ്ഞു കൊടുത്ത കഥ പറഞ്ഞു; തന്റെ ഗർഭത്തിൽ ഒരു പന്നിയാണ് വളരുന്നത് എന്ന് ആദ്യം തോന്നുകയും പിന്നെ വിശ്വസിക്കുകയും ചെയ്യുന്ന ഒരു അമ്മയുടെ കഥയായിരുന്നു അത്—കഥ പറഞ്ഞുതുടങ്ങിയതും ഞാൻ ഷീലയെ തടഞ്ഞു. അവൾ എന്റെ ചുമലിൽ തലവെച്ച് കരയാൻ തുടങ്ങി... തന്റെ ഗർഭത്തിലെ കുഞ്ഞ് പന്നിയാണോ എന്ന് സംശയിക്കുകയും പിന്നീട് പന്നിയാണെന്ന് വിശ്വസിക്കുകയും ഒടുവിൽ തന്റെ വയറിനു പുറത്ത്, ഈരിലെവിടെയോ ആണ് തന്റെ കുഞ്ഞ് വളരുന്നത് എന്ന് വിലപിക്കുകയും ചെയ്യുന്ന അമ്മ, തങ്കത്തിന്, തങ്കം തന്നെയായിരുന്നു.

ഷീല കുറച്ചുനേരംകൂടി എന്റെ അരികിലിരുന്നു. 'ഇനി ഈ നോട്ടുപുസ്തകം എനിക്കു വേണ്ട' എന്നു പറഞ്ഞ് അത് ഇരിപ്പുമുറിയിലെ ഒരു മൂലയിലേക്കെറിഞ്ഞു.

'ഇനി മുതൽ ഒരു നുണയും എനിക്ക് ജീവിക്കേണ്ടതില്ല, ആരുടെയും.'

എന്റെ കവിളിൽ ഉമ്മവെച്ച് ഷീല അവളുടെ മുറിയിലേക്കു പോയി.

ഞാനോ?

ബസ്സിലെ, കലങ്ങിയ കണ്ണുകളോടെ ഇരിക്കുന്ന മന്ത്രവാദിയെ ആ നിമിഷം തന്നെ എനിക്ക് ഓർമ്മവന്നു. കഥയിലും നമ്മൾ നമ്മുടെ ജീവിതത്തെ ചിലപ്പോൾ കണ്ടുമുട്ടുന്നു. അത് വിഡ്ഢികളുടെ നിമിഷങ്ങളും നമുക്ക് തരുന്നു. അതിനാൽ ധീരനാവാൻ ഞാൻ ഷീലയുടെ ഫ്ളാറ്റിന്റെ ബാൽക്കണിയിൽ വന്നുനിന്നു. മുംബൈയുടെ രാതി, കണ്ണിനു മുന്നിലേക്കും കണ്ണിനു പിറകിലേക്കും ഒരേസമയം എനിക്കുള്ള വഴി വെട്ടി...

നീ സ്നേഹിച്ചിരുന്ന, നിന്നെ സ്നേഹിച്ചിരുന്നു എന്ന് നടിച്ച അവൻ.

ഇരുപത്തിനാല്

ആ രാത്രി പകൽ നടന്നതു മുഴുവൻ ഒന്നുകൂടി കണ്ടു. ഷീലയുടെ പ്രതിശ്രുതവരനെ ഞാനിപ്പോൾ ഓർത്തത് കഠിനമായ വെറുപ്പോടെയാണ്. കഥകളിലെ പന്നികളെ ഭയപ്പെട്ട് സ്നേഹം ഉപേക്ഷിച്ചുപോയ അവൻ ദൈവത്തെ ഒരു പൊലീസുകാരനെപ്പോലെ തന്നോടുനിറുത്തി. അതു ഞാൻ സമ്മതിച്ചില്ല. സ്നേഹമല്ല, നീതി നടപ്പാക്കാൻ ഒരു കൂട്ടായിരിക്കണം ദൈവം എന്ന് ഞാൻ വാദിച്ചു.

അതുകൊണ്ട് വണ്ടിയിൽനിന്ന് അവനെ തള്ളി താഴെയിടാൻ ഒരു കാരണവും ഞാൻ വേറെ അന്വേഷിച്ചില്ല.

'പന്നികളെ ഭയപ്പെട്ടതുകൊണ്ട്?'

'ആരായിരുന്നു പന്നി?'

രാത്രി വളരെ വൈകി ഞാൻ ഉറങ്ങാൻ കിടന്നു. വേറൊരു വിചാരത്തിൽ അവൻ വീണ്ടും വന്നു. അത് വണ്ടിക്കടിയിലേക്ക് അവൻ വീഴുന്നതു മുതലുള്ള കഥ പോലെയായിരുന്നു... പെട്ടെന്ന് വണ്ടിച്ചക്രങ്ങൾ നിശ്ചലമായി. അഥവാ, ചക്രങ്ങൾ ഒക്കെയും, അതേ നിമിഷം, ഒരുമിച്ച്, അവന്റെ ശരീരത്തിനു മുകളിലേക്കുയർന്നു, ആരോ വണ്ടി ഒരു കൊളുത്തിട്ടു മേല്പോട്ടുയർത്തിയതുപോലെ... അവൻ ചക്രങ്ങൾക്കടിയിൽനിന്ന്, നാലു കാലിൽ, റെയിൽ അതിവേഗം ഓടി മുറിച്ചുകടന്നു.

ആ സമയത്തുതന്നെ, എന്നെ ഉണർത്തിക്കൊണ്ട് വാതിലിൽ ഷീല മുട്ടുന്നതു കേട്ട് ഞാൻ എഴുന്നേറ്റുചെന്നു. വിവർണമായ, ഭയപ്പെട്ട അവളുടെ മുഖം ഞാൻ മുൻകൂട്ടി കണ്ടു.

'എന്താ മകളേ' എന്നു ചോദിക്കുന്നതിനുമുൻപ് അവൾ വാതിൽ തുറന്ന് ഇരിപ്പുമുറിയിൽ ഇരിക്കുന്ന അവളുടെ സുഹൃത്തിനെ ചൂണ്ടിക്കാണിച്ചു;

'അച്ഛാ, ജോൺ വന്നിട്ടുണ്ട്. ഈ രാത്രിയിൽത്തന്നെ അവനോടൊപ്പം ഞാൻ ചെല്ലണമെന്ന് പറയുന്നു.'

എന്റെ കൈകാലുകൾ കഴഞ്ഞു. മരിച്ചവരെ ഞാനാദ്യമായി നേരിടുകാണുകയായിരുന്നു. എനിക്ക് ശ്വാസംമുട്ടുന്നതുപോലെ തോന്നി. ഞാൻ വീഴാൻ പോവുകയായിരുന്നോ, അറിയില്ല. മകൾ എന്നെ പിടിച്ച് പതുക്കെ പുറത്തേക്കു നടത്തി, അവനെതിരെ ഇരുത്തി. ഞാൻ അവന്റെ മുഖത്തു നോക്കാൻ ഭയപ്പെട്ടു.

ഷീലയുടെ അച്ഛൻ എന്നോട് ക്ഷമിക്കണം. ഷീലയെ ഞാൻ കൊണ്ടുപോകുന്നു.'

മരിച്ചവർ സംസാരിക്കുന്നതും ഞാൻ ആദ്യമായി കേൾക്കുകയായിരുന്നു. തീർച്ചയായും കൊളുത്തിട്ട് മുകളിലേക്ക് ഉയർത്തിയ വണ്ടിക്കടിയിൽനിന്ന് രക്ഷപ്പെട്ട നാലുകാലിൽ നടന്ന് ഇവിടെ എത്തുകയായിരുന്നു അവൻ. മരിച്ചവരെ മരിച്ചവരായതുകൊണ്ടുതന്നെ വിശ്വസിക്കരുത് എന്ന് എനിക്ക് തീർച്ചയായി.

'അച്ഛാ, ഞാൻ ജോണിനോടൊപ്പം പോകുന്നു.'



ഞാൻ ഷീലയെ എന്റെ അരികിലേക്ക് വിളിച്ചു. അവളുടെ ചെവിയിൽ അടക്കം പറഞ്ഞു;

'എന്റെ മകളേ, ഇത് അവനല്ല, പ്രേതമാണ്. അവൻ, നീ സ്നേഹിച്ചിരുന്ന, നിന്നെ സ്നേഹിച്ചിരുന്ന എന്ന് നടിച്ച അവൻ മരിച്ചതാണ്. വാസ്തവത്തിൽ ഞാൻ അവനെ കൊന്നതാണ്. വണ്ടിക്കടിയിലേക്ക് തള്ളിയിടുകയായിരുന്നു. കാരണം, അവൻ പന്നികളെ ഭയപ്പെടുകയും അതുകൊണ്ടുതന്നെ അതേ കാരണത്താൽ നിന്നെ കൊല്ലുകയും ചെയ്യും എന്നതിനാൽ. അതിനാൽ, അവൻ പ്രേതമായി ഇവിടെ എത്തിയിരിക്കുകയാണ്. നിന്നെ ചതിക്കാൻ വന്നിരിക്കുകയാണ്. അല്ലെങ്കിൽ ഈ രാത്രി മരിച്ചവർക്കല്ലാതെ, പ്രേതങ്ങൾക്കല്ലാതെ ഇങ്ങനെ സഞ്ചരിക്കാനാവില്ല.'

ചതിയനും നുണയനുമായ ഇവനെ വിശ്വസിക്കരുത്. നമുക്ക് നാട്ടിലേക്കു പോകണം. പുഴയുടെ കരയിലെ വീട്ടിൽ അമ്മ നിന്നെ കാത്തിരിക്കുന്നുണ്ട്. അമ്മയ്ക്കു വലിയ സന്തോഷമാവും നിന്നെ കാണുമ്പോൾ. വലിയ യുവതിയായ, കവിയായ, ഷീല വരുന്നു എന്ന് ഞാൻ അവളോട് പറഞ്ഞിരുന്നു. അതുകൊണ്ട് നീ ഇപ്പോൾ പ്രേതത്തെ വിശ്വസിക്കരുത്. പ്രേതം ദൈവത്തെപ്പോലെയല്ല. നമ്മെ, ജീവിച്ചിരിക്കുന്ന മനുഷ്യരെ സദാസമയവും പ്രേതം നിരീക്ഷിച്ചു കൊണ്ടിരിക്കും. കുളിമുറിയിൽപ്പോലും നമ്മളോടൊപ്പം കയറും. സ്വൈരം ഉണ്ടാവില്ല. സ്വകാര്യത ഉണ്ടാവില്ല.

ജീവിതം എപ്പോഴും നിരീക്ഷിക്കപ്പെടും. പ്രേതങ്ങൾ ഓർമ്മകളെ ഓർമ്മകളല്ലാതാക്കി നമ്മെ ജീവിതമെന്നു വിശ്വസിപ്പിക്കുകയും നമ്മെ അവരുടെ നുണകളാക്കുകയും ചെയ്യും. നുണകൾ ജീവിക്കേണ്ടതില്ല. അതിനാൽ, ഷീലേ, എന്റെ മകളേ, നീ എന്നോടൊപ്പം നമ്മുടെ നാട്ടിലേക്കു മടങ്ങണം. അമ്മയും അതാണ് ആഗ്രഹിക്കുന്നത്. ഞാനും അവൾക്ക് വാക്കുകൊടുത്തതാണ്. അതിനാൽ, നമ്മുടെ നാട്ടിലേക്കു പോകാം. അതിനാൽ, പ്രേതത്തെ വിശ്വസിക്കരുത്...'

അവളുടെ കാതിൽനിന്ന് ആ അകലത്തിൽ അത്രയും സമയം വിറയ്ക്കുകയും വിതുമ്പുകയും ചെയ്ത എന്റെ ചുണ്ടുകൾ ഞാനറിയാതെതന്നെ നിശ്ചലമായി. അഥവാ, എന്റെ വാക്കുകൾ, ഒരുപക്ഷേ, എന്റെ ഭാഷയുടെ പ്രയോഗം ഞാൻ വാക്കുകൾകൊണ്ട് ആചരിക്കുന്ന ലോകം അതോടെ അവസാനിച്ചു. ഞാൻ ഷീലയെ മറുപടിക്കായി നോക്കി.

അവൾ എന്റെ മുഖം ചേർത്തുപിടിച്ച് എന്റെ വലതുകാതിൽ അവളുടെ ചുണ്ടു ചേർത്ത് സ്വകാര്യമായി പറഞ്ഞു;

'അച്ഛാ, പ്രേതങ്ങൾ ഇല്ലാത്തതിനാൽ ഞാൻ പ്രേതങ്ങളിൽ വിശ്വസിക്കുന്നില്ല. അതിനാൽ ഈ ഇരിക്കുന്ന ജോൺ എബ്രഹാം എന്ന സുഹൃത്ത് സെമിനാരിയിൽനിന്ന് ഇന്നലെ രാത്രിയോടെ ചാടിപ്പോന്ന ആൾ, പകൽ മുഴുവൻ യേശുവുമായി തർക്കിച്ച്, രാത്രിയോടെ എന്നെ കാണാൻവന്ന ആൾ, ഇയാളെയും ഞാൻ വിശ്വസിക്കുന്നില്ല. ഒരുതവണ നമ്മൾ ഉപേക്ഷിക്കുന്ന ആൾ ദൈവമാണെങ്കിലും പ്രേതമാണെങ്കിലും ജോൺ എബ്രഹാമാണെങ്കിലും നമ്മൾ ഉപേക്ഷിച്ച ആളാണ്. അതുകൊണ്ട് ഈ ഇരിക്കുന്ന ആൾ ജീവിച്ചിരിക്കുന്ന ആളോ മരിച്ചുപോയ ആളോ എന്ന് എനിക്ക് നിശ്ചയമില്ല. എങ്കിലും അയാൾക്ക് എങ്ങനെ വേണമെങ്കിലും ജീവിക്കാം, മരിച്ചുകൊണ്ടോ ജീവിച്ചുകൊണ്ടോ. അച്ഛാ, അതിന്റെ കാരണമെന്തെന്ന് അറിയുമോ? അച്ഛനുമാത്രം മനസ്സിലാകുന്ന ഒരു കാരണമാണത്. നമ്മൾ മറ്റു പലരുടെയും ഓർമ്മയാണ് എന്നതുതന്നെ കാരണം. ആ കാരണംകൊണ്ടുതന്നെ അയാളുടെ ഓർമ്മ ഞാൻ ജീവിക്കുന്നു എന്നുമാത്രം. പക്ഷേ, എന്റെ ഓർമ്മയോ? എന്റെ ഓർമ്മയും ഞാൻ ജീവിക്കുന്നു. അച്ഛന് ഓർമ്മയുണ്ടോ, അച്ഛനും അമ്മയ്ക്കുമൊപ്പം അച്ഛന്റെയും അമ്മയുടെയും സുഹൃത്ത് ജോൺ അങ്കിളുമായി കോഴിക്കോട്ടെ ഒരു സ്റ്റുഡിയോവിൽ പോയി ഫോട്ടോ എടുത്തത്. അന്ന് എനിക്ക് മൂന്നര വയസ്സാണ്. കൃത്യമായും പറഞ്ഞാൽ മൂന്നു വയസ്സ്, ആറു മാസം, പതിമൂന്നു ദിവസം. എന്റെ അപ്പുറത്തും ഇപ്പുറത്തും അച്ഛനും അമ്മയും, ഞാൻ ഒരു കസേരയിൽ ഇരിക്കുന്നു. ജോൺ അങ്കിൾ എനിക്കൊപ്പം നിലത്തിരിക്കുന്നു, എന്റെ വലുപ്പത്തിൽ. ആ ദിവസം തന്നെ അമ്മയും അച്ഛനും മാത്രമായി വേറൊരു ഫോട്ടോ എടുക്കുമ്പോൾ, ആ ഫോട്ടോ പിന്നെ ഞാൻ കണ്ടിട്ടേയില്ല, ഒരുപക്ഷേ, അങ്ങനെയൊരു ഫോട്ടോ എടുത്തിട്ടേയില്ല എന്നാകും. ആ സമയം ജോൺ അങ്കിൾ എന്റെ കൈപിടിച്ച് സ്റ്റുഡിയോവിനു പുറത്തുവന്നു. സ്റ്റുഡിയോവിന് പുറത്ത് ഒരു സൈക്കിൾ ഉണ്ടായിരുന്നു. ജോൺ അങ്കിൾ എന്നെ സൈക്കിളിൽ ഇരുത്തി സ്റ്റുഡിയോയുടെ മുറ്റത്ത് വട്ടംചുറ്റി. ജോൺ അങ്കിൾ ചോദിച്ചു, 'മോൾക്ക് എന്നെ ഇഷ്ടമാണോ?' എന്ന്. എനിക്ക് ജോൺ അങ്കിളിനെ പേടിയായിരുന്നെങ്കിലും ഇഷ്ടമാണ് എന്നു പറഞ്ഞു. 'മോൾക്ക് മോളുടെ അമ്മയെയാണോ അച്ഛനെയാണോ അധികം ഇഷ്ടമെന്ന് ചോദിച്ചു. ഞാൻ പേടിച്ചു. എനിക്ക് ആരെയാണ് കൂടുതൽ ഇഷ്ടമെന്ന് അറിഞ്ഞുകൂടായിരുന്നു. ജോ

ൺ അങ്കിൾ സൈക്കിൾ ചവിട്ടുന്നതിന്റെ വേഗത കൂട്ടി. ഞാൻ കരയാൻ ഭാവിച്ചു. ജോൺ അങ്കിൾ 'കരയാൻ പാടില്ല' എന്ന് ആംഗ്യം കാണിച്ചു. ഞാൻ അച്ഛനെയും അമ്മയെയും കാണണമെന്നു പറഞ്ഞു. അച്ഛനെയും അമ്മയെയും സ്റ്റഡിയോക്കാരൻ കൊന്നുകളഞ്ഞു എന്ന് ജോൺ അങ്കിൾ പറഞ്ഞു. ഞാൻ പേടിച്ച് നിലവിളിച്ചതും ജോൺ അങ്കിൾ സൈക്കിൾ നിറുത്തി എന്നെ മാറോടു ചേർത്തുപിടിച്ചു. 'മോൾക്ക് ഞാനുണ്ടല്ലോ' എന്നു പറഞ്ഞു. എന്റെ കരച്ചിൽ കേട്ട് ആദ്യം അമ്മയും പിന്നെ അച്ഛനും ഓടിവന്നു. ചിലപ്പോൾ അമ്മയും അച്ഛനും ഓടിവന്നത് സൈക്കിൾ വീഴുന്ന ശബ്ദം കേട്ടുമായിരിക്കും. അമ്മ എന്നെ ജോൺ അങ്കിളിന്റെ കൈയിൽ നിന്ന് വാങ്ങാൻ ഒരുമ്പെട്ടപ്പോൾ ജോൺ അങ്കിൾ ഒരു നിമിഷം എന്നെ മുറുകെ പിടിച്ചു. അമ്മ എന്നെ, 'കുട്ടിയെ എനിക്കു തരൂ' എന്ന് ബലമായി പിടിച്ചുവാങ്ങിച്ചു. ജോൺ അങ്കിൾ അപ്പോൾത്തന്നെ അവിടെനിന്നു പോയി... അന്നു രാത്രി ഞാൻ അച്ഛനും അമ്മയും ഉറങ്ങിക്കിടക്കുമ്പോൾ നിങ്ങളറിയാതെ നിങ്ങളുടെ രണ്ടുപേരുടെയും ദേഹത്ത് വെടിയുണ്ടകളുടെ പാടുകളോ മുറിവുകളോ ഉണ്ടോ എന്ന് പരിശോധിക്കുമെന്ന് തീരുമാനിച്ചു...'

ഷീല പെട്ടെന്ന് എന്റെ ഷർട്ടിന്റെ കുടുക്കുകൾ അഴിച്ചു. എന്റെ നെഞ്ചിലും വയറിലും വെടിയുണ്ടയുടെ പാടുകളോ മുറിവുകളോ തേടി. ഞാൻ അവളെ, അവൾ പറഞ്ഞ ഓർമ്മയിലെ കുട്ടിയെപ്പോലെ, അതൊക്കെ അനുവദിച്ചു. ഒടുവിൽ എന്റെ നെഞ്ചിനും വയറിനുമിടയിൽ, ഷീല, അതുവരെയും ഒളിപ്പിച്ചുവെച്ചിരുന്ന ഒരു തോക്കെടുത്ത് അമർത്തി, 'ഠോ' എന്നു കൂട്ടികളുണ്ടാക്കുന്ന ശബ്ദമുണ്ടാക്കി... ഞാൻ വേദന കൊണ്ട് പുളഞ്ഞു, സിനിമയിലെന്നപോലെ, സ്ലോമോഷനിൽ പിറകോട്ടു വീണു...

ആ സമയംതന്നെ, ആ ഉയരത്തിൽ ഏഴാംനിലയിലെ ഇരിപ്പുമുറിയിലിരിക്കുമ്പോഴും താഴെ, ഏഴു നിലകളും തീരുന്നിടത്ത് മുറ്റത്ത് ഒരു സൈക്കിൾ ഒച്ചയോടെ വീഴുന്ന ശബ്ദം, അതും സിനിമയിലെന്നപോലെ നീണ്ടുപോയത്, കൃത്യമായും കേട്ടു...

ഞാൻ കണ്ണുകൾ തുറിച്ചു. ജനലിനടുത്തേക്ക്, അല്ലെങ്കിൽ ബാൽക്കണിയിൽ ചെന്ന്, താഴേക്കു നോക്കണമെന്നുണ്ടായിരുന്നു. കഴിഞ്ഞില്ല. നെഞ്ചിനും വയറിനുമിടയ്ക്ക് അതിനുംമുൻപേ ഒരു കറുത്ത ഗുഹ, നീരാവിയിൽ തുരന്നത്, എന്നെ പിടിച്ചുവെച്ചിരുന്നു. എങ്കിലും എനിക്ക് ഒച്ചയുണ്ടായിരുന്നു. വാസ്തവത്തിൽ, ഒച്ചയുണ്ടോ എന്നു പരിശോധിക്കുകയായിരുന്നു ഞാൻ. ഞാൻ 'ഹാ' എന്ന് ശബ്ദിച്ചു. ആ ശബ്ദത്തിനുശേഷം ഇനിയും വാക്കുകൾ വല്ലതും പറയാനാകുമോ എന്നു ശ്രമിച്ചു. ഞാൻ വിജയിച്ചു: 'ഒരു സൈക്കിൾ വീഴുന്ന ശബ്ദം കേട്ടുവോ' എന്ന് മകളോട്ട് ചോദിച്ചു.

മകൾ പറഞ്ഞു: 'ഞാനും കേട്ടു.'

'ആരുടെ സൈക്കിൾ ആണത്?' ഞാൻ വീണ്ടും ജയിച്ചു.

മകൾ പറഞ്ഞു: 'ബൈസിക്കിൾ തീഫ്, അയാളുടെ...'

'ബൈസിക്കിൾ തീ? ആരാ അത്?'

'ജോൺ.'

'ജോൺ?'

'ആ ഇരിക്കുന്ന ആൾ.'

എനിക്ക് ചിരിക്കണമെന്നു തോന്നി. നെഞ്ചിനും വയറിനും ഇടയ്ക്കുള്ള കറുത്ത ഗുഹ, ഇപ്പോൾ എന്നെ താഴേക്കു വലിച്ചുകൊണ്ടുപോയിരുന്നു. ഒരു വീഴ്ചയായിരുന്നു അതും. കഥ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പിറകോട്ട് കാൽവെച്ച് കാൽവെച്ച് ടെറ

സ്സിൽനിന്ന് വീഴാൻ തീരുമാനിച്ച വേറൊരു മരണം ഓർമ്മിച്ചുകൊണ്ടുള്ള വേറൊരു വീഴ്ച.

'സാരമില്ല,' ഷീല പറഞ്ഞു; 'കണ്ണടച്ചോളൂ.'

'കണ്ണടയ്ക്കണം അല്ലേ?'' ഞാൻ ചോദിച്ചു.

കണ്ണുകളടച്ചാൽ ഉറങ്ങാൻ പറ്റും. മരിക്കുന്നതുതന്നെ ഉറങ്ങുകയല്ല,' മകൾ പറഞ്ഞു.

'ശരിയാണ്,' ഞാൻ കണ്ണുകളടച്ചു.

നെഞ്ചിനും വയറിനും ഇടയ്ക്കുള്ള കറുത്ത ഗുഹ. ഒരുപക്ഷേ, ഒരു പലകകൊണ്ട് മൂടിയിട്ടുണ്ടാകും. ഞാനൊന്നും പിന്നെ കണ്ടതേ ഇല്ല. ഞാൻ പക്ഷേ, അടുത്ത ശ്രമത്തിൽ വേറൊരു വാക്ക് പറയാൻ ഓർമ്മിച്ചു. 'എന്തെന്നാൽ' എന്നായിരുന്നു ആ വാക്ക്. 'ആധുനികത'യുടെ മനോഹരമായ ഒരു പദമായിരുന്നു അത്. മരിക്കുമ്പോൾ തീർച്ചയായും ആ വാക്ക് ഉച്ചരിക്കുകതന്നെ ചെയ്യുമെന്നും ഉറപ്പിച്ചു.

പക്ഷേ, തീർച്ചയില്ലായിരുന്നു, മരിക്കുകയാണെന്നോ ഉറങ്ങുകയാണെന്നോ. 'ഠോ' എന്ന ശബ്ദം ചിലപ്പോൾ 'എന്തെന്നാൽ' എന്ന വാക്കിനേക്കാൾ ഭാരമുള്ളതും കഠിനമായ ആഗ്രഹമുള്ളതുമാകാം. എങ്കിലും മരിക്കുകയാണെന്ന് ഉറപ്പായാൽ, 'എന്തെന്നാൽ ' എന്നു ഞാൻ പറയുകതന്നെ ചെയ്യും. അതു കേൾക്കുമ്പോൾ എന്തായാലും ഷീല ചിരിക്കും. അതോർത്തപ്പോൾ എനിക്ക് അവളുടെ മുഖം കാണണമെന്നും തോന്നി. ഞാൻ തങ്കത്തിനെ ഓർത്തു. സിനിമാക്കാരനെ ഓർത്തു. അവന്റെ സിനിമാക്കഥ ഓർത്തു. സിനിമാനടിയെ ഓർത്തു. മന്ത്രവാദിയെ ഓർത്തു. അയാളുടെ ഭാര്യയെ ഓർത്തു. ഞങ്ങളുടെ ആധുനികതയെ ഓർത്തു. 'എന്തെന്നാൽ എന്ന വാക്കുമോർത്തു. ആ വാക്ക്, പക്ഷേ, ഉച്ചരിക്കുനതിനു മുൻപ്, കാതിൽ തീരുന്ന ഒച്ചയ്ക്ക്, സൈക്കിൾ വീഴുന്ന ഒച്ചതന്നെ, ഞാൻ കാത്തുകിടന്നു...

എനിക്കറിയാം, അല്ലെങ്കിൽ എനിക്കുമാത്രം അറിയാം, സൈക്കിളിൽനിന്ന് ഒരാൾ എങ്ങനെ വീഴുന്നുവെന്ന്...

കഥ, അന്ത്യം, എന്റെ കൂട്ടിച്ചേർക്കൽ

അപ്പോൾ അച്ഛനെ ആ ഫോട്ടോ കാണിച്ചില്ലായിരുന്നെങ്കിൽ ആ കളിത്തോക്ക് എനിക്ക് ഓർമ്മവരില്ലായിരുന്നു. അങ്ങനെയൊരു ഓർമ്മകൊണ്ട് ചെന്നുപെടുന്ന എന്റെ രണ്ടാമത്തെ ഉദ്യമമായിരുന്നു അത്. ആദ്യത്തേത് അമ്മ മരിച്ചതിന്റെ പിറ്റേന്ന് ഞാനീ കളിത്തോക്കുമായി എന്നെ കണ്ടതാണ്. കളിമുറിയിൽ. കണ്ണാടിയിൽ. കണ്ണാടിയിൽ നോക്കി കൃത്യമായും ഞാനെന്റെ ചങ്കിൽ തോക്കുവെച്ചു. എന്റെ സങ്കടം കണ്ട് കണ്ണാടിയിലെ ഞാൻ എന്നെ നോക്കി കരയാൻ തുടങ്ങിയപ്പോൾ അമ്മ എനിക്കു പറഞ്ഞുതന്ന കഥയിലെ ആന വന്ന് എന്റെ കൈയിൽനിന്ന് തോക്ക് തട്ടിത്തെറിപ്പിച്ചു. ഇപ്പോൾ അച്ഛനെ അതേ കളിത്തോക്കുകൊണ്ട് വെടിവെച്ച് കൊന്നതിനുശേഷവും ഞാൻ കുളിമുറിയിൽ വന്ന കണ്ണാടിയിൽ നോക്കി. ഞങ്ങൾ, ഞാനും കണ്ണാടിയിലെ ഞാനും, കരഞ്ഞില്ല. പേടിച്ചില്ല. അച്ഛൻ പറഞ്ഞത് ഷീലയുടെ കഥയായിരുന്നു. എന്റെ പേർ ഉമ എന്നും. വിറ്റോറിയോ ഡീ സീക്കയുടെ സിനിമയുടെ പേർ LADRI DI BICICLETTE എന്നും. ഇനി ഞാൻ ആരുടെ കഥയും ജീവിക്കുന്നില്ല. തോക്ക് വലിച്ചെറിയുന്നു. ഇനി എനിക്ക് തോക്കു വേണ്ട. ഈ ബാൽക്കണിയിൽനിന്ന് സൂര്യൻ ഉദിക്കുന്നതു കാണും... കിളികൾ ഉണരുന്നതു കേൾക്കും. ആദ്യത്തെ കാറ്റുകൊള്ളും...

ആ സമയം, രാത്രിയുടെ അവസാനത്തെ കാറ്റ് വീശി. എനിക്ക് കുളിരു തോന്നി. ഞാൻ കൈകൾ മാറിൽ പിണച്ചുവെച്ചു. ഞാൻ സുന്ദരിയാണെന്ന് അച്ഛൻ പറഞ്ഞത് ഓർമ്മവന്നു; എനിക്ക് അമ്മയുടെ ഛായയാണെന്നും. രണ്ടും ശരിയായിരുന്നു. എന്റെ അമ്മ അതീവ സുന്ദരിയായിരുന്നു. കഥയിൽ പറയുന്ന പോലെ. ഇത്രയ്ക്ക്. എന്നെ നോക്കൂ. ഇതുപോലെ...

എനിക്ക് ചിരി വന്നു.

ഞാൻ ഷീലയെ ചേർത്തുപിടിച്ചു, നെറുകിൽ ഉമ്മവെച്ചു. അവൾ എന്നെ ഒളികണ്ണിട്ടു നോക്കുന്നുണ്ടായിരുന്നു...

അനുബന്ധം

ആത്മഗതങ്ങൾ, ഒരിക്കലും ആരും കേൾക്കുന്നില്ല എന്നു വിശ്വസിച്ചവ.

ഷീല (ഉമ) പെട്ടിക്കു മുകളിരുന്നുകൊണ്ട്, ഒരു രാത്രി, പത്തു വയസ്സുള്ളപ്പോൾ.

എനിക്ക് ആരും വേണ്ട. അച്ഛനോ അമ്മയോ സ്കൂളോ പുസ്തകമോ ഒന്നും. എനിക്ക് ഇവിടെ ഇരുന്നാൽ മതി. അച്ഛനും അമ്മയും സ്കൂളിലെ മാഷും കുട്ടികളും ഈശ്വരനും വേണമെങ്കിൽ എന്നെ തപ്പിനോക്കട്ടെ. കാണാതിരുന്നാൽ മതി. എല്ലാവരും എന്നെ കാണാതെ, അവൾ ചത്തുപോയിട്ടുണ്ടാവും എന്ന് കരുതി, മടങ്ങിപ്പോകട്ടെ. ഈശ്വരനും മടങ്ങിപ്പോകട്ടെ. ഞാനീ പെട്ടിക്കു മുകളിൽ ഇരിക്കും. എനിക്ക് ആരെയും കാണുകയോ കേൾക്കുകയോ വേണ്ട. എവിടെനിന്നോ വന്ന് എന്റെ വലത്തെ കൈത്തണ്ടയിൽ ഇരിക്കുന്ന ഈ ചെറിയ ഉറുമ്പിനെ ഞാൻ, പക്ഷേ, എന്ത് ചെയ്യും? ഞാൻ പറയുന്നത് ഒക്കെ കേൾക്കാൻ, ഞാൻ കരയുന്നതും കേൾക്കാൻ, വന്നിരിക്കുന്ന ഈ ഉറുമ്പിനെ... അതും പറയുകയാവും: എനിക്ക് ഇവിടെ ഇരുന്നാൽ മതി. അച്ഛനും അമ്മയും സ്കൂളിലെ മാഷും കുട്ടികളും ഈശ്വരനും വേണമെങ്കിൽ എന്നെ തപ്പിനോക്കട്ടെ. കാണാതിരുന്നാൽ മതി. എല്ലാവരും എന്നെ കാണാതെ അവൾ ചത്തു പോയിട്ടുണ്ടാവും എന്ന് കരുതി മടങ്ങിപ്പോകട്ടെ. ഈശ്വരനും മടങ്ങിപ്പോകട്ടെ... ശരി ഞങ്ങൾ രണ്ടുപേരും മതി. ഞാനും ഉറുമ്പും. എനിക്ക് ആരും വേണ്ട. ആരും ഞങ്ങളെ കാണാതിരുന്നാൽ മതി.

വേണുവിന്റെ ഭാര്യ രശ്മി രാമുവിനൊപ്പം തങ്കം ആശുപത്രിക്കു പോകുന്നത് കണ്ടതിനുശേഷാ നെറുകിൽ വലതുകൈപ്പടം അമർത്തിക്കൊണ്ട്.

അവൾക്കു ഭ്രാന്ത് തലയിൽ ഒരു കുഴിയുണ്ടാക്കി അതിലൂടെ ഇട്ടുകൊടുത്തതാണ്. ആ രണ്ടു നായ്ക്കൾ. അവൾ മണ്ടിയാണ്. എന്തിനാണ് എല്ലാവരെയും ഇഷ്ട്ടപ്പെടുന്നത്? ഭ്രാന്തിയാകാനോ. ചിലരെ നമ്മൾ വെറുക്കണം, അവരോടൊപ്പം ജീവിക്കുമ്പോഴും. അവളെ കൊല്ലാൻ കൊണ്ടുപോകുകയാണ്. ഒരുകണക്കിനു നന്നായി. ഭ്രാന്തിയായല്ലോ. ശരിക്കുള്ള ഒന്നും അല്ലല്ലോ ആ സമയം ഓർക്കുക. ചിലപ്പോൾ സന്തോഷമുള്ള കാര്യങ്ങൾതന്നെയാകും, രാമു പറഞ്ഞു: അവൾക്കു കണ്ണാടി വീട്ടിലെ കിണർ ആണെന്ന്. എനിക്കും തോന്നുന്നു നിറഞ്ഞുനില്ക്കുന്ന കിണർ കണ്ണാടിയാണ്. നമ്മൾ നേരേ നിന്നല്ലല്ലോ നോക്കുന്നത്, മുകളിൽനിന്നും താഴേക്ക് നോക്കുന്നു. അതാവും ശരി. അവൾക്ക് ഒന്നും വരുത്തരുതേ എന്റെ ഈശ്വരീ...

തങ്കം കൈത്തണ്ട മുറിച്ചു മരിക്കാൻ കാത്തുകിടക്കുമ്പോൾ

ഒന്നുമില്ല ഇനി കാണാൻ. ഈ ആകാശം മാത്രം. ഒരുപക്ഷേ, പക്ഷികളോ മരമോ എന്തെങ്കിലും ശബ്ദം ഉണ്ടാക്കിയാൽ, രാമുവോ ഷീലയോ ഓടിവന്നാൽ, എന്നെ കണ്ടാൽ ഒരുപക്ഷേ, അപ്പോൾ മാദ്രം എന്നെ കാണും. എനിക്ക് അറിയാം കുറച്ചു കഴിയുമ്പോൾ ഞാൻ ഒന്നും കാണുകയില്ല എന്ന്. ഭ്രാന്തിയാകാൻ തീരുമാനിച്ചപോലെ മരിക്കാനും തീരുമാനിക്കുന്നു. ഒരാളുടെയും കൂട്ടില്ലാതെ മരിക്കാൻ. എനിക്ക് ഷീലയെ കാണാൻ തോന്നുന്നു. മകളേ എന്ന് ഞാൻ നീട്ടിവിളിച്ചാൽ ഒരുപക്ഷേ, രാമുവും കേൾക്കും. ഒരുപക്ഷേ, അവനും ഓടിവരും. അവനെയും എനിക്ക് കാണാൻ തോന്നുന്നു. ഓ എന്റെ പാവം ജോൺ! മരിച്ചുപോയിട്ടില്ലെങ്കിൽ അവനും ഓടിവരും. ഒരുപക്ഷേ, ഇവിടെ ഈ തൊടിയിൽ.

ഏതെങ്കിലും മരത്തിനു മുകളിൽ കയറിയിരുന്ന് എന്നെ കാണുന്നുണ്ടാകും. കൈപ്പത്തികൾ വിടർത്തി ഒരു ഫ്രെയിം ഉണ്ടാക്കി എന്റെ ഈ കിടപ്പ് സിനിമയിലേക്ക് പകർത്തുകയാവും. എത്ര ചെറിയ ശബ്ദമാണ് ഈ കേൾക്കുന്ന കാലടികൾക്ക് ഇപ്പോൾ. ഷീലയാകുമോ. ഒന്നുമില്ല ഇനി കാണാൻ. ഈ ആകാശം മാത്രം. ഒരുപക്ഷേ, പക്ഷികളോ മരമോ എന്തെങ്കിലും ശബ്ദം ഉണ്ടാക്കിയാൽ, രാമുവോ ഷീലയോ ഓടിവന്നാൽ, എന്നെ കണ്ടാൽ ഒരുപക്ഷേ, അപ്പോൾ മാത്രം എന്നെ കാണും... ഒന്നും കേൾക്കുന്നില്ലല്ലോ... ഞാൻ മാത്രമേ ഉള്ളൂ. മരിക്കുമ്പോഴും...

യക്ഷികൾ ആധുനികതയെപറ്റി സംസാരിക്കുന്നു, രാമു തന്റെ പ്രബന്ധം പിന്നിട്ട് ഓർത്തപ്പോൾ

ആധുനികത ഞങ്ങളുടെ തലമുറയ്ക്ക് ഒരു റോഡ് ഷോ പോലെയായിരുന്നു. ഒരു കാളവണ്ടി അതിനു പിറകെ കുത്തിനിറച്ച കുറെ വസ്തുക്കളുമായി, (വലതു കൈപ്പടം ഉയർത്തി ഒരു ബ്രാക്കറ്റ് ഇട്ടുകൊണ്ടു അതിൽ പലതും ഉണ്ടായിരുന്നു, ഒരു വൈകുന്നേരം കണ്ടുന്നിൽനിന്നും മായുന്നു... ഒരു വെള്ളിയാഴ്ച ആയിരുന്നിരിക്കും, അത്. ഒരു ഉച്ച ആയിരുന്നിരിക്കും അത്. ആ സമയം റോഡിൽ ഇറങ്ങി പരമ്പരാഗതമായി കിട്ടിയ അറിവുവെച്ച് ഒരു യക്ഷി പൊട്ടിച്ചിരിച്ചു; മുത്തുമണികൾ പൊഴിയുന്നു എന്നല്ല ഞങ്ങൾ അതിനെപ്പറ്റി പറയുക, ഓർമ്മകൾ ചിതറിത്തെറിച്ചു എന്നാകും. തന്റെതന്നെ ഉണ്മ, being എന്ന് ഇംഗ്ലീഷിൽ, ആ മുത്തുമണിക്കൊഴിച്ചിലിൽ ഉണ്ട് എന്ന് പ്രകടിപ്പിക്കുമ്പോഴും അവൾ തന്റെ യക്ഷിക്കഥ ഓർത്തുകൊണ്ടിരിക്കും. ഉണ്മ, being എന്ന് ഇംഗ്ലീഷിൽ, എന്നാൽ നാം പറയുന്നതും, പറയാത്തതും, ഓർമ്മിക്കുന്നതുമാണ്. എന്തുകൊണ്ടെന്നാൽ, ഒരു യക്ഷിയും മരിച്ചവളോ പിന്നിട്ട് ജനിച്ചവളോ അല്ല. യക്ഷി സംഭാഷണംകൊണ്ട് അവളെ നിർമ്മിക്കുകയായിരുന്നു, അവളെത്തന്നെ ഓർക്കുകയായിരുന്നു. ആധുനികത, ഞങ്ങളുടെ ആധുനികത വിശേഷിച്ചും, ഞങ്ങൾ നിർമ്മിച്ചതായിരുന്നു. ഒരുപക്ഷേ, ഞങ്ങൾക്കു മാത്രം പാർക്കാൻ. കഥയിലെ യഷികളെപ്പോലെ, ഞങ്ങളും ഞങ്ങളെപ്പറ്റി ഒരു കഥയുണ്ടാക്കി. ആധുനികത യക്ഷിയുടെ സംഭാഷണംപോലെ ആയിരുന്നു. നിശ്ചലമായ ലോകത്തെ ഇലകൾ കാറ്റിനെപ്പറ്റി പറഞ്ഞപോലെ...

ജോണിനു നേരെ തങ്കം വെട്ടുകത്തി ചുഴറ്റി എറിഞ്ഞപ്പോൾ ജോൺ

തീർച്ചയായും ആ വരുന്ന ആയുധം എന്റെ കഴുത്ത് മുറിക്കും. എന്റെ തലയിൽ നിന്നും പൊട്ടി എന്റെ ഉടൽ ഇവിടെ കിടക്കും... ഒരുപക്ഷേ, എന്റെ തല ഇവിടെ നിന്നും

പറക്കും... എന്നോടൊപ്പം എന്നു പറയാൻപറ്റുമോ കർത്താവേ... ഇപ്പോൾ ഞാൻ രക്ഷപെട്ടാലും എവിടെപ്പോയി ഒളിച്ചാലും ആ ആയുധം എന്റെ കഴുത്ത് തേടി വരും. ഞാൻ കൊല്ലപ്പെടുകതന്നെ ചെയും (കണ്ണുകൾ അടച്ചുകൊണ്ട് ഒരുപക്ഷേ, ഇപ്പോൾത്തന്നെ...

തലയിൽ തുണിയിട്ടു മൂടിനില്ക്കുന്ന ചെടികൾ, തങ്കം ഓർത്ത വരികൾ.

ഒരു വൈകുന്നേരം അവ, ചെമ്പരത്തിയും ജമന്തിയും മുല്ലയും ചീരയും ഒക്കെ വർത്തമാനം പറയാൻ തുടങ്ങി. മുന്നു മനുഷ്യരുടെ വസ്ത്രങ്ങൾകൊണ്ട് അവ തലകൾ മൂടിയിരുന്നു, ഒരു പകൽ. എല്ലാ ചെടികളും അവയുടെ ഓർമ്മ പറഞ്ഞു: ജീവചരിത്രങ്ങളോ ആത്മകഥകളോ ആയി. കൊമ്പിലും ഇലയിലും അവ എഴുതിയിട്ടത്. അല്ലെങ്കിൽ കൊമ്പിലും ഇലയിലും ഓർത്തുവെച്ചത്. തുണികൾക്കു മീതെ, ചെടികളുടെ ഓർമ്മകേൾക്കാൻ തുമ്പികൾ ഇരുന്നു. പൂമ്പാറ്റകൾ ഇരുന്നു. ഒരു പഞ്ചവർണക്കിളിയും. ഞാൻ എന്റെ വീട്ടുകോലയിലും. കവിതകൾ എനിക്ക് വശമില്ലായിരുന്നു. കഥകൾ പറഞ്ഞിട്ടുണ്ടായിരുന്നില്ല. എങ്കിലും മുറ്റത്തെ ചെടികളുടെ ഓർമ്മ എന്റെയും എന്ന് തോന്നി. ഞാൻ ഒരു ചെടിയും. കൈകൾ ആകാശത്തേക്കു പൊക്കി, പത്തു വിരലുകളും വിടർത്തി, വേരുകൾ എന്ന് വിചാരിച്ചു. തലകീഴായി നിന്നു, ആദ്യമായി ശ്വസിക്കാൻ തുടങ്ങി, ഒരു പെൺചെടിയെപ്പോലെ.

ബസ്സിൽ കലങ്ങിയ കണ്ണുകളോടെ ഇരിക്കുന്ന തന്റെ കഥാപാത്രത്തെ (മന്ത്രവാദിയെപ്പറ്റി) ജോൺ

ഈ കഥയിൽ അവസാനമായി ഞാൻ ആ മനുഷ്യനെ കാണുകയാണ്. എന്താണ് അയാൾക്ക് നഷ്ടപ്പെട്ടതെന്ന് ഓർക്കുന്നതിനേക്കാൾ, കഥയിൽ പറയുന്നതിനേക്കാൾ, ഞാൻ അയാളുടെ ആ ഇരിപ്പ് മാത്രം കണ്ടു: ഭൂമിയിൽ മറ്റൊരു സ്ഥലത്ത് സ്നേഹം, ഒരു പുഴപോലെ ഒഴുകുന്നുണ്ടെന്നും താൻ അത് കാണുക മാത്രമാണ് എന്നും അയാൾ ആലോചിക്കുന്നു. അഭിനയം കഴിഞ്ഞ നടൻ. അല്ലെങ്കിൽ തന്റെ ജീവിതത്തിൽ തന്നെത്തന്നെ മറന്നുവെച്ച ഒരാൾ. പക്ഷേ, അതിനേക്കാൾ ആ ഇരിപ്പ് ഞാൻ ശ്രദ്ധിച്ചു. ഞാനും അങ്ങനെ ഇരുന്നിട്ടുണ്ട്, ഒരു നടനെപ്പോലെ പല വേഷങ്ങളും ആലോചിച്ച്. കഥയിൽ അവസാനമായി ഞാൻ ആ മനുഷ്യനെ കാണുകയാണ്. ചിലപ്പോൾ അയാൾ ഓർക്കുന്നതുതന്നെ എന്നെപ്പറ്റിയാകും. നടൻ എന്നാൽ നമ്മൾ പറയുന്നത് എന്തോ അതാകാൻ ശ്രമിക്കൽ എന്നാണ്.

ബ്ലാക്ക് ബോക്സ്, ചെന്നൈയിൽ നിന്നും വാങ്ങിയ ആ പെട്ടി ഒഴിക്കാൻ തീരുമാനിച്ചു.

രാത്രി അത്താഴത്തിനുശേഷം ആ ബ്ലാക്ക് ബോക്സ് ഒഴിക്കാൻ ഞാനും ഷീലയും തീരുമാനിച്ചു. പുസ്തകങ്ങൾ അലമാരിയിലേക്കും വസ്ത്രങ്ങൾ മറ്റൊരു പെട്ടിയിലേക്കും.

പെട്ടി തുറന്നപ്പോൾ തങ്കത്തിന്റെ മണം ചെടികളുടെ മീതെ ഇട്ട വസ്ത്രങ്ങളോടൊപ്പം വന്നു.

ആ പെട്ടി ഞങ്ങൾ മദിരാശിയിൽനിന്നും വാങ്ങിയതായിരുന്നു. ചെന്നൈ എന്ന് എന്റെ നാവിൽ വരില്ല. സ്ഥലങ്ങൾ പഴയ പേരുകൾ ഉപേക്ഷിക്കുന്നതും ജനിച്ച മതം ഉപേക്ഷിക്കുന്നതും ഒരുപോലെയാണ്. പലരും പഴയ ഓർമ്മ വിളിച്ചുപറയും.

ഇപ്പോൾ ഞാൻ അത് കൂടെ കൊണ്ടുപോന്നു, അതിലെ പഴയ സൂക്ഷിപ്പുകൾക്കും ഒപ്പം.

എഴുതിയ കടലാസുകൾ, പഴയ ചില കത്തുകൾ , ഷീല ഒരു ഫയലിലേക്ക് മാറ്റി. അവ പ്രധാനമല്ലെന്ന് എനിക്കു തോന്നി. എഴുത്തും ഓർമ്മയുടെ ലോകമാകുന്നു, നമ്മൾതന്നെ സൂക്ഷിച്ചുവെച്ച നമ്മുടെതന്നെ ആയുസ്സുപോലെ. മുഷിയും.

സന്തോഷമുള്ള മുഹൂർത്തങ്ങളെപ്പറ്റി അവ ഓർമ്മിപ്പിക്കുമ്പോഴും. മാസികകൾ അലമാരിയിലേക്ക് മാറ്റുമ്പോൾ ഷീല അവയുടെ പേരുകൾ വിളിച്ചുപറഞ്ഞു. യെനാൻ, ഞാൻ മാവോ എന്ന് തിരിച്ചു പറഞ്ഞു. ഷീല രണ്ടാമത്തെ പേരു പറഞ്ഞു: പ്രസക്തി.' ഞാൻ 'ബംഗാൾ' എന്ന് തിരിച്ചു പറഞ്ഞു. ഷീല മൂന്നാമത്തെ മാസികയുടെ പേരു പറയുമ്പോൾ അത് വേഗത്തിൽ അവൾ അത് മറിച്ചുനോക്കി. 'പ്രേരണ.'

ഞാൻ പറഞ്ഞു ഗ്രാമങ്ങൾ നഗരങ്ങളെ വളയുന്നു.

ആ സമയം ഞങ്ങൾ വളയപ്പെട്ടു എന്ന് എനിക്കു തോന്നി: ഒരുപക്ഷേ, ആകാശത്തുവെച്ച്. അല്ലെങ്കിൽ ഒരു മരച്ചോട്ടിൽ. തല കീഴായി നിന്ന് ശ്വസിക്കുന്ന ചെടി എന്ന് തങ്കം അവളെപ്പറ്റി പറയാറുള്ളതും എന്തുകൊണ്ടോ ഞാൻ അപ്പോൾ ഓർത്തു.

ഇവ എവിടെ വെക്കണം?

എത്താത്തിടത്ത്.

ഞാൻ അലമാരിയിലെ അവളുടെ പുസ്തകങ്ങൾ പരിചയപ്പെടാൻ എഴുന്നേറ്റു. പെട്ടിക്കുള്ളിലെ ഗന്ധം, ചെടികൾക്കു മീതെ ഇട്ട വസ്തുങ്ങളുടെ മണം, എന്നെ മൂടി. മഴക്കാലം തുടരുകതന്നെയായിരുന്നു. എനിക്ക് ഒരു പനി വരാനുമുണ്ട്. ഞാൻ അവിടെ ഒരു കസേരയിൽ ഇരുന്നു. 'മോളേ, നിന്റെ പുസ്തകങ്ങളുടെ പേരുകൾ പറയുമോ?'' 'അവ എനിക്ക് പരിചയപ്പെടാനാണ്.' 'തീർച്ചയായും, ഷീല പറഞ്ഞു, ഓരോന്നായി:

How to draw anything, അവൾ ചിത്രകാരിയാകും എന്ന് ഞാൻ വിചാരിച്ചിട്ടില്ല. 'നീ എന്തുകൊണ്ട് ചിത്രകാരിയായി', ഞാൻ അവളോടു ചോദിച്ചു. അവൾ ഒന്നും പറഞ്ഞില്ല. പകരം വലതുകരം ഉയർത്തി ഒരു മൂകയെപ്പോലെ എന്തോ അഭിനയിച്ചു. എനിക്കു മനസ്സിലായില്ല. ഞാൻ ചിരിച്ചു. അവളുടെ ചിത്രങ്ങളിൽ മനുഷ്യരോടൊപ്പം അവരുടെ കെട്ടിടങ്ങളും വാഹനങ്ങളും വന്നു. Painted words, അത് ഇന്ത്യയിലെ ദളിതുകളുടെ കലയും ജീവിതവും പറയുന്നു എന്ന് ഷീല പറഞ്ഞു. Notes from the Underground-the double റഷ്യൻസാഹിത്യം നിങ്ങളെ മനുഷ്യരിലേക്ക് കൊണ്ടുപോകുന്നു എന്ന് ആ സമയവും ഞാൻ ഓർത്തു. സോവിയറ്റ് യൂണിയന്റെ തകർച്ചയും. The Black Book. ഒരു തുർക്കി നോവലിസ്റ്റിന്റെ പേർ ഷീല പറഞ്ഞു. ഞാൻ ഇല്ലാസ് ഗ്രനെയുടെയോൾ എന്ന ചലച്ചിത്രം ഓർത്തു. The Curtain. അത് എഴുതിയ ആളെ അവൾക്കും ഇഷ്ടമാണെന്ന് പറഞ്ഞു. ഞാൻ അയാളുടെ പേരു പറയാൻ പറഞ്ഞു. മിലൻ കുന്ദേര, അവൾ പറഞ്ഞു. അയാളുടെ വേറെ ഒരു പുസ്തകംകൂടി അവൾ പരിചയപ്പെടുത്തി. Art of Novel. എനിക്ക് ഓർമ്മ വന്നു. ഞാൻ അത് വായിച്ചിട്ടുണ്ട്. അടുത്ത പുസ്തകം എനിക്കും ഇഷ്ടമായിരുന്നു—Waiting for Godot. ഞാൻ അത് തരാൻ പറഞ്ഞു. അതേ മണംതന്നെ. തിരിച്ചു കൊടുക്കുമ്പോൾ, അതിലെ ലക്കി എന്ന കഥാപാത്രത്തെപ്പോലെ നിർത്താതെ എന്റെയും ഓർമ്മകൾ വിളിച്ചുപറയാൻ തോന്നി എന്ന് പറഞ്ഞു. അച്ഛൻ പറഞ്ഞു. Of many Heroes:

An Indian Essay in Literary Historiography. ആ മറാത്തി എഴുത്തുകാരൻ? ഉം Memories of My Melancholy Whores. മാർക്വേസിനെ എനിക്കും ഇഷ്ടമാണ്. മാജിക്കൽ റിയലിസം എൺപതുകളിൽ ഞങ്ങളും ചർച്ചചെയ്തു. എനിക്ക് കഥകൾ ഇഷ്ടമാകുന്നത് അവ ജീവിതത്തിന് പകരം ആവുമ്പോഴല്ല എന്ന് അറിയാമായിരുന്നു. പകരം ആവുന്നത് എന്തും റിയലിസം ആണ്. One hundred years of solitude ഞാൻ വായിക്കുമ്പോൾ തങ്കം, അതിലെ ഉർസുല എന്ന കഥാപാത്രം അവൾക്ക് ഇഷ്ടമുള്ള പേരാണ് എന്ന് പറയും. ഒരു ദിവസം ഞാൻ അവളെ ഈർസുലാ എന്ന് നീട്ടി വിളിച്ചു. അവൾക്കു ചിരിപൊട്ടി. The Leopard.

മിത്തും യാഥാർഥ്യവും. ഓ നമ്മുടെ കൊസാംബി. പെഡ്രോ പരോമ. ക്ലാസിക്. എത്ര തവണ വായിച്ചു ഞാൻ അത്. ജോൺ പറയും എനിക്കത് സിനിമയാക്കണം. വെടിയേറ്റ് വീഴുന്ന പ്രഭു അപ്പോൾ അവനായിരുന്നു. ശ്രീമഹാഭാരതം, ഞാൻ കണ്ണുകൾ അടച്ചു. കുതിരകൾ ഓടുന്നത് കണ്ടു. ഒരു രഥം മറിയുന്നതും. Arabian Nights. എനിക്ക് ഞാൻ ഉമ്മവെച്ച ആദ്യത്തെ സ്ത്രീയെ ഓർമ്മ വന്നു. ചിരിച്ചു. Against Interpretation. സൂസൻ സോൻഡാക്.

English Malayalam Dictionary. ഖസാക്കിന്റെ ഇതിഹാസം. വിജയൻ. ഞാൻ വീണ്ടും കണ്ണുകൾ അടച്ചു. ഇഴഞ്ഞിറങ്ങുന്ന ഒരു പാമ്പിനെ കണ്ടു. മഴ പെയ്യുന്നത് കേട്ടു. The Collected Essays of A.K. Ramanujan. കേരളത്തിലെ ചിത്രകലയുടെ വർത്തമാനം. ആറ്റൂർ രവിവർമ്മയുടെ കവിതകൾ. ഞാൻ പറഞ്ഞു: ചില്ലകൾകൊണ്ട് ഞാൻ തപ്പുന്നു. 'പിറവി' ഷീല പറഞ്ഞു. What is Literature. സാർത്രിനെ അവൾ വേല the classiest എന്നു പറഞ്ഞത് എനിക്കു മനസ്സിലായില്ല. പക്ഷേ, അപ്പോൾ തർക്കിക്കാൻ തോന്നിയതുമില്ല. ലന്തൻ ബത്തേരിയിലെ ലുത്തിനിതിയകൾ. ഓ, എൻ.എസ്. മാധവൻ. ഞാൻ അയാളുടെ കഥകൾ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. The mysterious frames of Queen Leona. ഞാൻ ഇതുവരെ വായിക്കാത്ത എഴുത്തുകാരന്റെ പുസ്തകമായിരുന്നു. ഉബെർടോ എക്കോ. ഇപ്പോൾ എക്കോ എന്ന് ഷീല മാറ്റൊലിപോലെ പറഞ്ഞു, എന്റെ ചെവിയിൽ. ഞാൻ അവളുടെ ചെവിപിടിച്ചു തിരുമ്മി. Literary Theory. ടെറി ഇഗില്ട്റെൻ. ഞങ്ങളെ മാർക്സിസ്റ്റ് കലാവിമർശകർ ആക്കാൻ അയാൾ എഴുതിയ പുസ്തകം ആയിരുന്നു അത്. Difference and Repetition. ഷീല തത്ത്വചിന്തയും വായിച്ചു, അവൾക്ക് അത് ഇഷ്ടപ്പെട്ട വിഷയവും. ഞാൻ പക്ഷേ, ഓർമ്മയുടെ കലയിലും. എന്റെ ലോകം വാക്കുകളുടെ ശബ്ദത്തിൽ മുഴങ്ങി. ഞാൻ കേൾക്കാതിരിക്കുമ്പോഴും. ഷീല അടുത്ത പുസ് തകം അച്ഛന് ഇഷ്ടമാവും എന്ന് പറഞ്ഞു. 'ഡ്രെഹ്തിന്റെ കല.'

ആ പുസ്തകം, ബ്രെഹ്തിന്റെ കല, എനിക്ക് ഓർമ്മ വന്നു. ഒരുപക്ഷേ, ആ എഴുത്തുകാരനെ. ഞാൻ അത് തരാൻ പറഞ്ഞു. പുസ്തകച്ചട്ടയിലെ ജർമ്മൻ മുഖം, വീണ്ടും ഒരു മദ്ദളവിദ്വാനെപ്പോലെ ഓർമ്മിപ്പിച്ചു. മൂക്ക് വയലിനിസ്റ്റിന്റേതും. ആ സമയംതന്നെ പണ്ട് ജോൺ എഴുതിയ ഒരു കത്ത് എനിക്ക് ഓർമ്മ വന്നു. ബ്രെഹ്തിന്റേത് എന്നു പറഞ്ഞ രണ്ട് ഉദ്ധരണികൾ അതിൽ ഉണ്ടായിരുന്നു. ഒന്ന് ഞാൻ ഓർത്തു... ഞാൻ അത് ഷീലയ്ക്കുവേണ്ടി ഇപ്പോൾ പറഞ്ഞു:

റിയലിസം കേവലം രൂപപരമായ ചോദ്യമല്ല. പഴയ റിയലിസ്റ്റുകളുടെ രീതികൾ പകർത്തിയാൽ നാം സ്വയം റിയലിസ്റ്റുകൾ അല്ലാതായിത്തീരും. കാരണം കാലം ഒഴുകിക്കൊണ്ടേയിരിക്കുന്നു.

'ഓഹോ, ഷീല അദ്ഭുതം അഭിനയിച്ചു. അച്ഛന് ഇയാളെ ഇഷ്ടമാണെന്നോ?'

'ആണല്ലോ.'

ഞാൻ ആ പുസ്തകവുമായി ഇരിപ്പുമുറിയിൽ വന്നു. അയാളുടെ കവിതകൾ എനിക്ക് എല്ലാ കാലത്തും ഇഷ്ടമായിരുന്നു. സത്ചിയുടെ വിവർത്തനം ആയിരുന്നു അത്. ഞാൻ കുറെ വർഷങ്ങൾക്കുശേഷം ആ കവിതകൾ പതുക്കെ വായിക്കാൻ തുടങ്ങി...

ജോണ് അനുസ്മരണ പ്രസംഗം 2008, മാട്ടുംഗ, മുംബൈ ഉമ ഇ.പി (ചിത്രകാരി, ശാസ്ത്രജ്ഞ, BARC, Mumbai)

ചലച്ചിത്രങ്ങളിൽ നമുക്ക് എന്തുമാത്രം വിശ്വാസം ഉണ്ടായിരുന്നുവോ അത്രയും നമ്മൾ ജോൺ എബ്രഹാം എന്ന ചലച്ചിത്രകാരനെയും ഓർക്കുന്നു: ജീവിതത്തെപ്പറ്റി, കലയെപ്പറ്റി, ജീവിതത്തിന്റെയും കലയുടെയും വിശ്വാസ്യതയെപ്പറ്റി.

ഒരുപക്ഷേ, പക്ക്സ് ഈ മുംബൈനഗരം ജോൺ ഏബ്രഹാമിനെപ്പറ്റി ഓർത്തുകൊള്ളണം എന്നില്ല. കാരണം, ഈ നഗരത്തിന്റെ ചലച്ചിത്രസംസ്കാരം മറ്റൊന്നാണ്. ഇവിടത്തെ തുറമുഖത്തെത്തിയ കപ്പലുകളുടെയും ഇവിടത്തെ തുണിമില്ലുകളുടെയും ആകാശം വേറെ നക്ഷത്രങ്ങളുടെതായിരുന്നു. എങ്കിലും, ഇവിടേക്കു വന്ന എഴുപതുകളിലെയും എൺപതുകളിലെയും മലയാളി യുവാക്കൾ അവർ ഉത്പതിഷ്ണുക്കളും ഇടതുപക്ഷതീവ്രവാദികളും ആയിരുന്നെങ്കിൽ തീർച്ചയായും ജോൺ അബ്രഹാം എന്ന ചലച്ചിത്രകാരനെയും ഓർക്കുന്നുണ്ടാകും. അയാൾ ഇവിടെയും അലഞ്ഞുതിരിഞ്ഞു, അപ്പോൾ ഇവിടെ ഇരിക്കുന്ന നിങ്ങൾ ആരെങ്കിലും അയാൾക്ക് തുണ പോയിരിക്കും: തുണ പോവുക എന്നാൽ ആദർശങ്ങളെ പുകഴ്ത്തുക എന്നാണ്.

എന്റെ അച്ഛന്റെയും അമ്മയുടെയും ഒരുപക്ഷേ, എന്റെയും സുഹൃത്ത് ആയിരുന്നു ഈ ചലച്ചിതകാരൻ. 'ഒരു പക്ഷേ, എന്റെയും' എന്നാണ് ഞാൻ പറഞ്ഞത്. കാരണം, അത് എന്റെ ബാല്യത്തിന്റെ ഓർമ്മകൂടിയാണ്. സന്തോഷകരമല്ലാത്ത ഓർമ്മ, അതുകൊണ്ട് എന്റെ സന്തോഷകരമല്ലാത്ത ഓർമ്മ ഇടയ്ക്കൊക്കെ സന്ദർശിക്കുന്ന ഒരാൾ എന്നാണ് ജോൺ അബ്രഹാമിനെക്കുറിച്ചുള്ള എന്റെ ഓർമ്മ. അതിവിടെ പങ്കുവെക്കുന്നില്ല. കാരണം, ചില ഓർമ്മകൾ വ്യക്തിപരമാവുന്നത് ഖേദങ്ങൾകൊണ്ടുകൂടിയാണ്. ഖേദങ്ങൾ എന്നാൽ ഒരു കൂട്ടിയെ സംബന്ധിച്ച് വളരാനുള്ള ഇടങ്ങൾ എന്നതിനേക്കാൾ കണ്ടുമുട്ടാനുള്ള ഇടങ്ങളാണ്. ചിലപ്പോൾ അവളെത്തന്നെ ഒളിപ്പിച്ചുവെച്ചത്. ജോൺ എബ്രഹാം എന്ന ചലച്ചിത്രകാരനെ ഞാൻ മനസ്സിലാക്കുന്നത് അതുകൊണ്ടുതന്നെ അയാളുടെ ചലച്ചിത്രങ്ങളിൽക്കൂടിയും കെട്ടുകഥപോലെ പലരും, എന്റെ അച്ഛനും അമ്മയും ഉണ്ട് ഈ കൂട്ടത്തിൽ, പലരും കൂട്ടിച്ചേർത്ത അയാളുടെ ജീവിതത്തിലൂടെയും ആണ്. അതേ, ജീവിതത്തിൽ അയാൾ തനിക്ക് വല്ലതും സ്വന്തമായുണ്ടോ എന്ന് അന്വേഷിക്കുന്നതും ആണ്. ഇതോടൊപ്പം തീർച്ചയായും പിന്നീട് അയാളുടെ അപകടമരണവും ഉണ്ട്. ഒരു കഥ ദുരന്തപര്യവസായി ആകുമ്പോൾ നമ്മൾ കൂടുതൽ ആ കഥയുടെ ആ വാങ്മയലോകത്തും സഞ്ചരിക്കുന്നു. കേട്ട വാക്കുകളിലേക്ക് ഓർമ്മ സഞ്ചരിക്കുന്നു.

എന്റെ അച്ഛന്റെയും അമ്മയുടെയും മരിച്ചുപോയ സുഹൃത്ത് എന്നതിനെക്കാളൊക്കെ മരിച്ചുപോയ എന്റെ അമ്മയുടെയും മരിച്ചുപോയ എന്റെ അച്ഛന്റെയും ഓർമ്മ ഈ ചലച്ചിത്രകരനെക്കുറിച്ചുള്ള എന്റെ ഓർമ്മയിൽ ഇപ്പോഴും ഉണ്ടെന്ന് എനിക്ക് തോന്നുന്നു. ഒരുപക്ഷേ, അതുകൊണ്ടുകൂടിയാകാം ഈ അനുസ്മരണ പ്രഭാഷ

ണത്തിന് ഇതിന്റെ സംഘാടകർ എന്നെ തിരഞ്ഞെടുത്തതും. ഓർമ്മ നമ്മളെ ഒറ്റയ്ക്കു നിർത്തുന്നു.

ജോൺ എബ്രഹാം മരിച്ചത് ഒരു അപകടത്തിലായിരുന്നു. അപ്പോഴും ഒരു സിനിമാക്കഥ പറയുകയായിരുന്നുവത്രേ.

എന്റെ അമ്മ അതിനും കുറച്ചു നാളുകൾക്കുശേഷം മരിച്ചു, കൈത്തണ്ട മുറിച്ചു ചോര വാർന്ന്. ഒരു മരത്തിന്റെ ചുവട്ടിൽ അമ്മ മരിച്ചുകിടന്നു. ഞാൻ അപ്പോൾ ഇവിടെ, മുംബൈയിലാണ്. അമ്മയുടെ മരണത്തേക്കാൾ ആ കിടപ്പ് ഓർമ്മയിൽ വരും: പൂച്ചകൾ മരിക്കാൻ സ്വയം സ്ഥലം കണ്ടെത്തുന്നു. അത് അവയുടെ territory ആണ്. അമ്മയുടെ territory ഒരു മരച്ചുവട് എന്നതിനേക്കാൾ ഒരു കഥയ്ക്കുള്ളിൽ തനിക്കുവേണ്ടി ഉണ്ടാക്കിയ territory ആയിരുന്നു.

ഞാൻ അമ്മയെ ഓർക്കുമ്പോൾ അച്ഛനെയും ഓർക്കും. അച്ഛനും അതുപോലെ മരിച്ചു. ഒരുപക്ഷേ, അച്ഛന്റെ territory-യിൽ. ഒരിക്കൽ മുംബൈ നഗരത്തിൽ വന്ന് എന്റെ കൂടെ താമസിക്കുമ്പോൾ ഒരു രാവിലെ വണ്ടിയിലെ യാത്രയ്ക്കിടയിൽ വണ്ടിയിൽനിന്നും കാൽതെറ്റി വീണുമരിച്ചു. അപകടമോ ആത്മഹത്യയോ എന്ന് അറിയില്ല. പക്ഷേ, അതും വൈകി അറിയിക്കുന്ന ഒരു അറിയിപ്പായിരുന്നു എനിക്ക്. അഥവാ, ഈ മൂന്നു മരണങ്ങളുടെയും സാക്ഷിയല്ല ഞാൻ, പകരം അവയുടെ ഓർമ്മയാണ്, രക്തബന്ധമാണ് എനിക്കുള്ളത്. മരണത്തോടുള്ള ഓർമ്മയുടെ രക്തബന്ധം.

ചലച്ചിത്രം മനുഷ്യരുടെ സ്വപ്നത്തേക്കാൾ ആശകൾ പറയാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ, മറ്റെല്ലാ കലാരൂപങ്ങളും അവയുടെ individuality-യെപ്പറ്റി കൂടുതൽ തെളിവുകൾ തേടിയപ്പോൾ ചലച്ചിത്രം അതിന്റെ ആശയിൽനിന്നും വേർപെടാൻ മടിച്ചുനിന്നു. എന്റെ അച്ഛനും അമ്മയും ജോൺ അങ്കിളിന്റെ, ഞാൻ അങ്ങനെയാണ് വിളിച്ചിരുന്നത്, ഒരു ചലച്ചിത്രത്തെപ്പറ്റി എപ്പോഴും പറഞ്ഞിരുന്നു. അല്ലെങ്കിൽ ഒരു ആശയെപ്പറ്റി. ഒരിക്കൽ അച്ഛൻ എന്നോട് ആ ചലച്ചിത്രത്തിന്റെ കഥ പറഞ്ഞു; ചലച്ചിത്രവും ജീവിതവും പ്രമേയമാകുന്ന ഒരു ചലച്ചിത്രകഥ. എന്നാൽ, പിന്നീട് അതിന്റെ ഓർമ്മയുള്ള ഒരു നോട്ടുപുസ്തകം എനിക്ക് ഞങ്ങളുടെ നാട്ടിലെ വാടകവീട്ടിൽനിന്നും കിട്ടി. ഒരുപക്ഷേ, ഒരു നോവൽതന്നെ എഴുതാനുള്ള അച്ഛന്റെ ഇഷ്ടം അതിലുണ്ടായിരുന്നു. മറ്റൊന്നുകൂടി അതിലുണ്ടായിരുന്നു. അത് മലയാളത്തിലെ ആധുനികതയുടെ കാലത്തെ മാസ്മരികമായ അവതരണങ്ങളായിരുന്നു. Bicycle thief എന്നായിരുന്നു ആ കഥ പറഞ്ഞപ്പോൾ അച്ഛൻ ഇട്ടിരുന്ന പേര്. നോട്ടുപുസ്തകത്തിൽ ഇല്ലായിരുന്നെങ്കിലും. ഒരുപക്ഷേ, ജോൺ അങ്കിൾ ആ സിനിമ ചെയ്തിരുന്നെങ്കിൽ ഇതേ പേരുതന്നെയാകും ഇട്ടിരിക്കുക.

അച്ഛന്റെ മരണശേഷം മൂന്നു മാസങ്ങൾ കഴിഞ്ഞു ഞാൻ നാട്ടിലെത്തിയതാണ്. ഒരുപക്ഷേ, ഇങ്ങനെ പറയാം, മധ്യവയസ്സിലേക്കുള്ള നമ്മുടെ യാത്ര ഓർമ്മയുടെ ഭാരംകൊണ്ട് പതുക്കെ ആകുന്ന സമയത്ത്. അന്ന് അച്ഛനും അമ്മയും കുറെക്കാലവും, ഞാൻ കുറച്ചുകാലവും താമസിച്ച ആ വീട്ടിൽനിന്നും മടങ്ങുമ്പോൾ, മൂന്നു കാര്യങ്ങൾ ഞാൻ ശ്രദ്ധിച്ചു;

ഒന്ന്, മരങ്ങൾ ആ തൊടിയിൽ ഇപ്പോഴും ഉണ്ട്. ഒരുപക്ഷേ, അങ്ങനെത്തന്നെ ഇരുട്ടിൽ. രണ്ട്, മുറ്റത്തെ ചെടികൾക്കു മീതെ തുണികൾ അപ്പോഴും തോരാൻ ഇട്ടിട്ടുണ്ട്. ഒരുപക്ഷേ, അമ്മ അവസാനമായി തോരാൻ ഇടതും അച്ഛൻ പിന്നീട് ഒരിക്ക

ൽപ്പോലും എടുക്കാതിരുന്നതും. വസ്തുങ്ങളുടെ ആയുസ്സ് അവയുടെ ഉപയോഗമാണ് നിശ്ചയിക്കുക എങ്കിൽ അവ കുറെക്കാലം ഇനിയും അവിടെ ഉണ്ടാകും. മൂന്ന്, ആ വലിയ മരങ്ങളിൽ നിഴലുകൾ വേണ്ടുവോളം ഉണ്ടായിരുന്നിട്ടും പക്ഷികൾ ഉണ്ടായിരുന്നില്ല. അവയും ആ വീട്ടുവളപ്പ് ഉപേക്ഷിച്ചിരുന്നു.

ആധുനികത, മലയാളികളുടെ എന്തായാലും, അവതരണങ്ങളിൽ വിശ്വസിച്ചു; ഒപ്പം തിരോധാനങ്ങളിലും. അവതരണം എന്നത് കാഴ്ചയുടെ കലയാണെങ്കിൽ തിരോധാനം ഓർമ്മയുടെ കലയാകുന്നു. അതുകൊണ്ടുതന്നെ ആധുനികത നമുക്കും nostalgic ആയി. ജോൺ എബ്രഹാം തിരോധാനങ്ങളുടെ നായകനായിരുന്നു. എന്റെ അച്ഛന്റെ കഥയിൽ വിശേഷിച്ചും.

നന്ദി, ഈ അനുസ്മരണദിനത്തിലേക്ക് എന്നെ ക്ഷണിച്ചതിന്. ഞാൻ ആചലചിത്രകാരനെക്കുറിച്ച് അധികമൊന്നും സംസാരിച്ചില്ല എന്ന് എനിക്കറിയാം. ഓർമ്മകൾ അങ്ങനെയാണ്. നമ്മുടെ വഴിമുടക്കും. ചിലപ്പോൾ തിരിച്ചു നടത്തും. പക്ഷേ, നമ്മുക്കറിയാം ആ നടത്തവും മറ്റൊന്നാകുന്നു എന്ന്.

ഒരു വൈകുന്നേരം ആയിരുന്നു ഞാൻ ആ പഴയ വാടകവീട് സന്ദർശിച്ചത്. ഇരുട്ടുന്നതിനു മുൻപേ മടങ്ങി. എപ്പോഴോ ഒരു സൈക്കിൾബെൽ കേട്ടതുപോലെയും തോന്നി. ഞാനും ഒരു കഥയിൽ ആയിരുന്നിരിക്കണം. തീർച്ചയായും ഞാൻ ഇഷ്ടത്തിലായിരുന്നു എന്റെ അമ്മയോട്, എന്റെ അച്ഛനോട്, ജോൺ അങ്കിളിനോട്, ആ കാലത്തോടു തീർച്ചയായും. കാരണം, ഞാൻ ഓർമ്മയെ ആശകളിൽ നിന്നും മോചിപ്പിച്ചവരുടെ തലമുറയിലെത്തിയിരുന്നു. ചിലപ്പോൾ മറ്റൊരു territory.

കരുണാകരൻ

കഥാകൃത്ത്, കവി, നോവലിസ്റ്റ്, നാടകകൃത്ത്.

ചിത്രീകരണം: വി. പി. സുനിൽകുമാർ

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.